നോവൽ

# ഗുരുപാദുകം

രമേഷ് ശ്രീലകം

narthitha Publications

Narthitha Publications
Published by:
Narthitha publications
T/C No : 12/2642,
Thiruvananthapuram.43
Whats App No : 8330002900,
Mob: 7025892900
WebSite : www.narthithapublications.com
Email : narthithapublications@gmail.com
Malayalam
Gurupadukam
(Novel)
By
**Ramesh Sreelakam**
First publish : 2017 August
Second Edition : 2018 December
ISBN : 978-8193-8646-09
Cover Design : Prajeesh Chirathazha
Type set : Narthitha DTP
Printed at: Archana Printers, Tcr
0487 2427662

© Copyright Reserved to The Publisher

No part of this work may be reproduced or utilized in any form or any means without the prior wriien permission of the publisher

**ഗുരുപാദുകം**

രമേഷ് ശ്രീലകം

1971 ജൂൺ 18–ാം തിയതി തിരുവനന്തപുരം ജില്ലയിൽ ജനിച്ചു.
പിതാവ് രാമചന്ദ്രൻ. മാതാവ് കമലം.
ഗണിതശാസ്ത്രത്തിൽ ബിരുദവും കമ്പ്യൂട്ടർ
ആപ്ലിക്കേഷനിൽ ബിരുദാനന്തര ഡിപ്ലോമയും നേടി.
1997–ൽ കേരള സർക്കാർ സർവീസിൽ പ്രവേശിച്ചു.
ആത്മീയവിഷയങ്ങളിലും ഗൂഢശാസ്ത്രങ്ങളിലും
ഗവേഷണ താൽപര്യം.

ഭാര്യ: സൗമ്യ, മക്കൾ: ഗായത്രി, ശ്രീപ്രിയ.

മേൽവിലാസം: "ചന്ദ്രം", ചൂഴംപാല, മുക്കോല, പി.ഒ.,
തിരുവനന്തപുരം–695043. മൊബൈൽ നമ്പർ: 9495846158

**മറ്റ് കൃതികൾ :**

തന്ത്രബോധിനി : (തന്ത്രശാസ്ത്ര പഠനസഹായി)

മനസ്സിനുമപ്പുറം : (ബോധമനസ്സിന്റെ ഭാരതീയദർശനം, ഉപബോധമനസ്സിന്റെ പ്രായോഗിക സമീപനം)

## സമർപ്പണം

"പരാ"ശക്തി സ്വരൂപമായ ഗുരുവിനും
ആചാര്യമഹത്തുക്കൾക്കും

# അവതാരിക

അനാദികാലം മുതൽ മനുഷ്യർ ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യമാണ് ഞാൻ ആര്? എവിടെനിന്ന് വന്നു? എവിടേക്ക് പോകുന്നു?

കാലാകാലങ്ങളായി ഓരോ ആചാര്യന്മാരും വ്യത്യസ്ത തലത്തിലുള്ള ഉത്തരം നൽകിക്കൊണ്ടിരുന്നു. സംതൃപ്തമായ ഒരു ഉത്തരം ഇതുവരെ ലഭ്യമായിട്ടുണ്ടോ? ഇല്ല എന്നുതന്നെയാണ് സത്യം. എങ്കിലും ഓരോതരത്തിൽ മനുഷ്യർ സ്വയം ആശ്വാസം കണ്ടെത്തുന്നു. ആശ്വാസം എന്നത് ആപേക്ഷികമാണ്. മരണം വരെ ജീവിച്ചു തീർക്കുക എന്നതാണ് വർത്തമാനകാലത്തിന്റെ ഏറ്റവും വലിയ ദുരിതം. അത്രയേറെ സങ്കടകരമായ ഒരു കാലത്തിലൂടെയാണ് മനുഷ്യലോകത്തിന്റെ സഞ്ചാരം.

ആത്മീയതയിലഭയം തേടുക എന്നതാണ് ഈ ദുഃഖക്കടൽ കടക്കാനുള്ള ഏകമാർഗം ചിലർക്ക്. എന്താണ് ആത്മീയത എന്നതും ആരിലാണ് അഭയം തേടേണ്ടത് എന്നതും മനുഷ്യനെ കുഴക്കുന്ന കാലം. വിധിയിലും ഗുരുവിലും വിശ്വസിച്ച് മുന്നേറുക, നന്മയിലധിഷ്ഠിതമായി ജീവിക്കുക, കണ്ടെത്തേണ്ടതെല്ലാം കണ്ടെത്തി എന്ന് സ്വയം സമാധാനിക്കുക – ഇത്രയുമായാൽ ജീവിതമാകുമോ? എന്തുകൊണ്ടാണ് ഇത്രയേറെ ആകുലതയോടെ ഞാനിവിടെ ഇരിക്കുന്നത് എന്ന ചോദ്യത്തിനുത്തരമാണ് രമേഷിന്റെ ഗുരുപാദുകം എന്ന ഗ്രന്ഥം.

ഈശ്വരൻ ഗുരുവാണോ? അതോ അവനവൻ തന്നെയാണോ സ്വന്തം ഗുരു? ഏത് വഴിയിലൂടെ ചരിച്ചാലാണ് മനുഷ്യജന്മം സാർത്ഥകമാകുക? ആരെയാണ് പൂജിക്കേണ്ടത്? ഏതാണ് ഒരു മനുഷ്യന്റെ കർമ്മം? കർമ്മഫലം? കർമ്മഗതി? ജനിക്കുന്നത് വ്യക്തിയറിയാതെ, ജീവൻ

കർമ്മഗതിയാൽ ചലിക്കുന്നു. വിധി അവനെ നയിക്കുകയാണോ അതോ അവനാൽ വിധി നയിക്കപ്പെടുകയാണോ? സങ്കടങ്ങൾക്ക് പ്രതിവിധിയെന്ത്? അതിനിന്ദ്യമീനരത്വം' എന്ന് കുമാരനാശാൻ എഴുതിയത് മറ്റൊരു ദാർശനികതലം. സത്യം, ഒന്നുമറിയില്ല എന്നതാണ് പരമമായ സത്യം. നയിക്കുന്നിടത്ത് എത്തിച്ചേരുക. ഉൾവിളിയിൽ നിന്നുയരുന്നതിനനുസരിച്ച് (അതില്ലാത്തവർ എന്തുചെയ്യും?) ജീവിക്കുക - അവിടെ അമ്മ, അച്ഛൻ, ഭാര്യ എന്നിവരുടെയെല്ലാം സാന്നിധ്യാസാന്നിധ്യങ്ങളോടെ കഴിഞ്ഞുകൂടുക - അതിലൂടെ ഗുരുവിനെ കണ്ടെത്താനുള്ള യാത്ര - എന്നിട്ടും സംതൃപ്തമാവുമോ - മനുഷ്യമനസ്സ്? അവനവൻ തന്നെയാണ് ഗുരുവും ഈശ്വരനും എന്ന കണ്ടെത്തലാണ് ഗുരുപാദുകത്തിന്റെ സത്ത. അതിൽനിന്നാണ് ഉള്ളിൽ പ്രകാശം പരക്കുന്നത്. സാധകന്റെ പരമമായ മാർഗവും ലക്ഷ്യവും തീരുമാനവും അതു തന്നെയായാൽ - കണ്ടെത്തിക്കഴിഞ്ഞാൽ മോക്ഷം ലഭ്യം.

ഒറ്റയിരിപ്പിൽ വായിച്ചുപോകാവുന്നതല്ല ഈ ഗ്രന്ഥം. ഗൗരവമായി സമീപിക്കേണ്ട രചന. വീണ്ടും വീണ്ടും വായിച്ചുകൊണ്ടിരുന്നാൽ ആശ്വാസം. ഈശ്വരസാക്ഷാത്കാരവും വിധിയും മോക്ഷവും അറിയാൻ ആഗ്രഹിക്കുന്ന, ആത്മീയതയുടെ പരംപൊരുളിന്റെ പരമകാഷ്ഠയിൽ ഒരു വ്യക്തിയെ എത്തിക്കുന്ന അപൂർവ്വരചന. ആത്മീയതലത്തിന്റെ വികാരധാരകളിലേക്ക് ആത്മഹർഷത്തിന്റെ ഔന്നത്യത്തിലേക്ക് വായനക്കാരെ ഈ മഹത് ഗ്രന്ഥം എത്തിക്കട്ടെ. ഭാരതീയസാഹിത്യത്തിലേക്ക് രമേഷ് ശ്രീലകത്തിന്റെ തൂലികയിൽനിന്നും എഴുത്തിന്റെ നവപ്രമാണങ്ങൾ അനർഗളം പ്രവഹിക്കട്ടെ.

**ഡോ. വി. ശോഭ**

‘നിഷ്പ്രപഞ്ചേന ധാമ്നാ
കേന ചിദീശ്വരഃ
കരോതി ഗുരുരൂപേണ
പശുപാശ വിമോചനം.”

(ഈശ്വരൻ ഗുരുരൂപത്തിൽ നിഷ്പ്രപഞ്ച തേജസ്സോ
ടുകൂടി ഭവിച്ച് ശിഷ്യനെ മുക്തനാക്കുന്നു എന്ന
കുലാർണ്ണവതന്ത്രശ്ലോകത്തിന്റെ വിപുലീകരണമാണ്
‘ഗുരുപാദുക’ത്തിന്റെ അന്തസ്സത്ത)

## അന്വേഷണത്തിന്റെ ആരംഭം

അദ്ദേഹത്തിന്റെ കണ്ണുകൾ എന്നിൽ ആത്മീയചിന്ത ഉണർത്തുന്നു. ദൂരെ തുറന്നിട്ട വാതിലിലൂടെ ആൽമരച്ചുവട്ടിൽ അദ്ദേഹത്തെ ഞാൻ തിരഞ്ഞു. താണ്ഡവമാടുന്ന മഴയും ഇടിയും മിന്നലും, മിന്നലിന്റെ വെളിച്ചത്തിൽ എനിക്ക് അദ്ദേഹത്തെ കാണാം. നിശ്ചലനായി അദ്ദേഹം അവിടെ ഇരിക്കുന്നു. ദിവസങ്ങളായി തുടരുന്ന പ്രകൃതിയുടെ രൗദ്രത. അമ്പലക്കുളം കരകവിഞ്ഞിരിക്കുന്നു. ഇത്രയും കാലം ഇങ്ങനെയൊരവസ്ഥയുണ്ടായിട്ടില്ലെന്ന് പഴമക്കാർ പറയുന്നു. എന്നാൽ പ്രകൃതിയുടെ ഈ താണ്ഡവം അദ്ദേഹത്തെ തെല്ലും സ്പർശിച്ചിട്ടില്ല. ആൽമരത്തിന്റെ മാറോട് ചേർന്ന് അദ്ദേഹം എപ്പോഴും അവിടെ ഇരിക്കുന്നത് കാണാം.

അദ്ദേഹം ആരാണെന്ന് ആർക്കുമറിയില്ല. ആരോടും സംസാരിക്കാതെ എപ്പോഴുമുണ്ട് ആ ആൽമരച്ചുവട്ടിൽ. ഭിക്ഷയ്ക്കായി ആരുടെ മുന്നിലും കൈ നീട്ടാറില്ല. കുറച്ചു ദിവസമായി അദ്ദേഹം അനന്തതയിൽ ദൃഷ്ടി പതിപ്പിച്ച് എപ്പോഴും ഇരിപ്പാണ്. ക്ഷേത്രത്തിൽനിന്നും വീട്ടിലേക്ക് നടന്നകലുമ്പോൾ വീടിന്റെ പടിയോളം അദ്ദേഹത്തിന്റെ ദൃഷ്ടികൾ എന്നെ പിന്തുടരും. അദ്ദേഹം ആരെയും നോക്കുന്നതായി കണ്ടിട്ടില്ല. എന്നാൽ എന്നിൽ അദ്ദേഹത്തിന് പ്രത്യേക താത്പര്യം ഉണ്ടെന്ന് മുഖചലനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അത് ഭക്തിയാണോ വിഭക്തിയാണോ എന്നറിയില്ല. ഈശ്വരഭജനങ്ങളാൽ ക്ഷേത്രപരിസരം മുഖരിതമാകുമ്പോൾ തിരഞ്ഞതിനെ കണ്ടെത്തിയ ഭാവം തെളിയും.

ഞാൻ, ഈ ഗ്രാമത്തിൽ അദ്ദേഹത്തെ കണ്ടതുമുതൽ കാലവർഷം ശക്തി പ്രാപിച്ചു. അദ്ദേഹത്തിന്റെ അസ്വാഭാവിക ചലനങ്ങളും ജീവിതരീതികളും ഞാൻ ശ്രദ്ധിച്ചു. ഘോരമായ മഴയിലും ജലസ്പർശം ഏൽക്കാതെ അദ്ദേഹത്തെ കാത്തുസൂക്ഷിക്കാൻ ആൽമരം പരിശ്രമിക്കുന്നതായി എനിക്കു തോന്നി. പൊള്ളയായ ആൽമരത്തിന്റെ മാറിൽ അദ്ദേഹം ചേർന്നിരിക്കുമ്പോൾ ഒരു ബിംബം കൊത്തിവെച്ചിരിക്കുന്ന പ്രതീതി. അത് ക്ഷേത്രത്തിലെ വിഗ്രഹത്തെ ഓർമ്മിപ്പിക്കുന്നു. ആൽമര

ച്ചുവട്ടിൽ വെള്ളം തളംകെട്ടി. ഞാൻ നിരീക്ഷിക്കാൻ തുടങ്ങി. അദ്ദേഹത്തോട് സംസാരിക്കാൻ പലരും ശ്രമിച്ചെങ്കിലും ഫലം പരാജയം മാത്രമായിരുന്നു. എന്നാൽ ഏത് ധ്യാനാവസ്ഥയിലാണെങ്കിലും എന്റെ സാമീപ്യം അദ്ദേഹം തിരിച്ചറിയുന്നതായി തോന്നി. ആ കണ്ണുകൾ എന്നെ പിൻതുടരുന്നതും അതിൽ സ്നേഹത്തിന്റെ ലാളനയും അനുഭവിച്ചു. അദ്ദേഹത്തെ പലപ്പോഴും വീട്ടിലേക്ക് ക്ഷണിക്കാൻ ആഗ്രഹിച്ചു. പക്ഷേ, എന്റെ അച്ഛന്റെ പ്രതികരണം അദ്ദേഹത്തെ വേദനിപ്പിക്കുമോ? ഞാൻ ഭയപ്പെട്ടു. വിദ്യാർത്ഥിയായ എനിക്ക് അനുസരിപ്പിക്കാൻ അധികാരമില്ല. അനുസരിക്കാനേ കഴിയൂ. അദ്ദേഹത്തിന്റെ ശാന്തത എന്നിലും പ്രസരിക്കാൻ തുടങ്ങി. പെട്ടെന്ന് ക്ഷോഭിക്കുന്ന എന്റെ പ്രകൃതം വിട്ടുമാറിയതുപോലെ. മഴയെ സ്നേഹിച്ചുതുടങ്ങി. മഴയിൽ ഓടി ഒളിക്കുന്ന പ്രകൃതം വിട്ട് പ്രകൃതിയെ സ്നേഹിക്കാൻ വെമ്പൽ കൊള്ളുന്നതുപോലെ....

ക്ഷേത്രത്തിലെ തൂണിൻചുവട്ടിൽ ഞാൻ വളരെ വൈകുവോളം ഒറ്റയ്ക്ക് ഇരിക്കും. ആൽമരച്ചുവട്ടിലിരുന്ന് അദ്ദേഹം എന്നെ നോക്കുന്നുണ്ടാകും. പുതിയ പ്രകൃതിപാഠങ്ങൾ അദ്ദേഹത്തിൽനിന്നും ഞാൻ പഠിച്ചു. നിശ്ശബ്ദതയിലെ ദൈവികത്വം അദ്ദേഹത്തിലൂടെ ഞാൻ മനസ്സിലാക്കി. ഏകാന്തതയുടെ ആത്മീയ ചൈതന്യം ഞാൻ അനുഭവിച്ചു. ഏകാന്തതയിൽ എന്നിലെ മനസ്സിനോട് സംവദിക്കാൻ തുടങ്ങി. എന്റെ മാനസിക സ്പന്ദനങ്ങൾ ആത്മശക്തി സ്വീകരിക്കുന്നതും ബാഹ്യ പ്രകൃതിയെ കൂട്ടുചേർത്ത് അത് നടപ്പിലാക്കുന്നതും ഞാൻ അനുഭവിച്ചു. ഭാവനയിലൂടെയുള്ള പ്രേരണയാൽ ആത്മശക്തി നടപ്പിൽ വരുത്തുന്ന ഫലപ്രാപ്തിയിലുള്ള വിശ്വാസം എന്നിൽ കൂടുതൽ വർധിച്ചു. ഒരു പ്രകൃതിചികിത്സകൻ പ്രചരിപ്പിച്ച ആശയം ഇന്നും ഞാൻ ഉൾക്കൊള്ളുന്നു.

“പ്രപഞ്ചശക്തിയെ ആത്മശക്തിയിൽനിന്നും ഭിന്നമാക്കി നിർത്തുന്നത് നമ്മുടെ മനസ്സാണ്. അതിനായി മനസ്സ് ആശ്രയിക്കുന്ന ആയുധം ‘യുക്തി’യാണ്. എപ്പോൾ നമ്മൾ യുക്തിയെ നിരാകരിക്കുന്നുവോ അപ്പോൾ മനസ്സ് നിരായുധനാകും. യുക്തിയില്ലാത്ത നിരർത്ഥക മനസ്സിന്റെ നിശ്ശബ്ദതയിൽ ‘ശക്തി’ എന്ന ഉപബോധം പ്രവർത്തനക്ഷമമാകുന്നു. ബുദ്ധിക്ക് പ്രാപിക്കാൻ കഴിയാത്തിടങ്ങളിൽ നമ്മൾ വിഹരിക്കും. അദ്ഭുതകരമായ അവസ്ഥകളിൽ നമ്മൾ എത്തിപ്പെടും.”

കാലത്തിന്റെ ഏതോ ഘട്ടത്തിൽ ഒരു അവധൂതനെ കാണും എന്ന് ഞാൻ ഉപബോധമനസ്സിനോട് സംവദിക്കുമ്പോൾ പറയുമായിരുന്നു. അത് സംവാദമായിരുന്നില്ല. ഉത്തമവിശ്വാസം തന്നെയായിരുന്നു. ഇന്ന് ഒരു അവധൂതൻ ആൽമരച്ചുവട്ടിൽ എനിക്കായി എത്തിയിരിക്കുന്നു.

മനസ്സിനെ നിരാകരിച്ച് ആത്മശക്തിയുമായി സംവദിക്കുന്ന വ്യക്തിയാണ് അദ്ദേഹവും എന്ന് തോന്നി. അല്ലെങ്കിൽ പ്രകൃതിയുടെ ഭാഗമായി ഇത്രയുംനാൾ അദ്ദേഹത്തിന് കഴിച്ചുകൂട്ടാൻ കഴിയില്ല. ഞാനറിയാതെ അദ്ദേഹം എന്റെ ആചാര്യനാകുകയായിരുന്നു.

ഇന്നത്തെ രാത്രി എന്തുകൊണ്ട് എനിക്ക് ഉറങ്ങാൻ കഴിയുന്നില്ല? അദ്ദേഹത്തിന്റെ ചിന്തകൾ കൂടുതൽ കടന്നുവരുന്നു. ഞാൻ വീണ്ടും വാതിൽപടിയോളം എത്തി. വിദൂരതയിൽ അദ്ദേഹത്തെ തെരഞ്ഞു. ഒരു ശിലാബിംബം പോലെ അദ്ദേഹം അവിടെ ഇരിക്കുകയാണ്. അക്ഷരാർത്ഥത്തിൽ പ്രപഞ്ചാവസാനത്തെ ഓർമ്മിപ്പിക്കുന്ന കാലവർഷം തന്നെയായിരുന്നു അന്നുണ്ടായത്. മഴയുടെ തീവ്രതയിൽ അദ്ദേഹത്തിന്റെ അവസ്ഥ ഞാൻ സങ്കല്പിച്ചു. കാറ്റിൽ ആൽമരത്തിന്റെ തലയിളക്കം അദ്ദേഹത്തിന്റെ അപകടാവസ്ഥയെ ഓർമ്മിപ്പിച്ചു. രാത്രി വളരെ വൈകിയിരിക്കുന്നു. പ്രകൃതിയെ ഭയന്ന് മണ്ഡൂകം പോലും ശബ്ദിക്കുന്നില്ല. ഭയപ്പെടുത്തുന്ന ഇരുട്ടിന് കനം നൽകി അതിശക്തമായി കാറ്റ് ആഞ്ഞടിക്കുന്നു. ഇടിനാദം സർവനാശത്തെ ഓർമ്മിപ്പിച്ചു. ഏതോ നിമിഷത്തിൽ തീവ്രജ്വാല പരത്തി ആൽമരച്ചുവട്ടിൽ മിന്നൽ പടരുന്നതു കണ്ടു. ആ മിന്നൽ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യം എനിക്ക് കാണാൻ കഴിഞ്ഞില്ല. തൊട്ടുമുമ്പ് വരെ ഞാൻ ദർശിച്ച ശില്പസമാനമായ ശരീരത്തിന് എന്തു സംഭവിച്ചു?

പെട്ടെന്നുള്ള പ്രകൃതിയുടെ ശാന്തത എന്നെ അദ്ഭുതപ്പെടുത്തി. ആരുടെയോ ആജ്ഞ അനുസരിച്ചതുപോലെ പ്രകൃതി ശാന്തമായി. ലോകം ആ ശാന്തതയിൽ ഉറങ്ങി. അദ്ദേഹത്തെ കുറിച്ചുള്ള ചിന്തയുടെ ഏതോ അവസ്ഥയിൽ ഞാനും ഉറങ്ങി.

പ്രഭാതത്തിന്റെ ഊഷ്മളതയിൽ ഞാൻ ഉണർന്നു. ഉറക്കച്ചടവാർന്ന കണ്ണുകളാൽ ആൽമരച്ചുവട്ടിൽ ഞാൻ അദ്ദേഹത്തെ തിരഞ്ഞു. പ്രകൃതി തികച്ചും ശാന്തം. ആൽമരച്ചുവട്ടിൽ അദ്ദേഹമില്ല. അദ്ദേഹത്തിന് എന്തു സംഭവിച്ചു?

ഒരുപക്ഷേ എനിക്ക് അദ്ദേഹത്തെ രക്ഷിക്കാമായിരുന്നു. താണ്ഡവമാടിയ മഴയിൽ നിന്നും അദ്ദേഹത്തിന് സംരക്ഷണം നൽകാമായിരുന്നു.

ധൃതിയിൽ ഞാൻ ആൽമരച്ചുവട്ടിൽ എത്തി. അദ്ദേഹത്തിന്റെ സാന്നിധ്യമില്ലാത്ത ആൽമരം ശോകമൂകമായി അനുഭവപ്പെട്ടു. അന്തരീക്ഷത്തിൽ ആ മൂകത പ്രതിബിംബിച്ചതുപോലെ. അദ്ദേഹത്തിന്റെ അസാന്നിധ്യം ആരും അന്വേഷിച്ചില്ല. തന്റേതല്ലാത്ത ആരോ - പിന്നെന്തിന് അവർ അന്വേഷിക്കണം? ദുഃഖിക്കണം?

അദ്ദേഹത്തിന്റെ ഓർമ്മകൾ എന്റെ മനസ്സിൽ മുറുകെ പിടിച്ചിരിക്കുന്നു. അകലാൻ കഴിയാത്ത ഒരു ബന്ധം എന്ന് ഇപ്പോഴാണ് ഞാൻ തിരിച്ചറിയുന്നത്. എന്റെ മ്ലാനത കണ്ട ഗ്രാമത്തിലെ ആത്മീയാചാര്യൻ

കുറുസ്വാമി പ്രതികരിച്ചു. കുറുസ്വാമി കുറച്ചുനേരം അദ്ദേഹമിരുന്ന ആൽമരച്ചുവട്ടിൽ നോക്കിനിന്ന ശേഷം എന്നോടായി പറഞ്ഞു... “ചിലർ ഇങ്ങനെയാണ്, സ്വയം സ്വരൂപിച്ച ശക്തി മറ്റുള്ളവരിലൂടെ ലോകത്തി നായി നൽകും.”

എന്റെ മനസ്സ് സംവാദത്തിനായി ഉണർന്നു.

“പ്രകൃതിയും നിനക്ക് ആചാര്യൻ തന്നെ, ഇവിടെയുള്ള സർവവും നിനക്ക് ആചാര്യർ തന്നെ. നിന്റെ ശത്രുപോലും നിന്നിൽ ജാഗ്രതാ ബോധം പഠിപ്പിച്ചില്ലേ?

ഞാൻ കീഴടങ്ങി. സംശയത്തിന്റെ ദൃഷ്ടി ഇനി അദ്ദേഹത്തിലേക്കില്ല. അദ്ദേഹം എന്റെ ആചാര്യൻ തന്നെ. പക്ഷേ, ഇപ്പോൾ നമ്മൾ അദ്ദേഹ ത്തിനുവേണ്ടി എന്തിന് സംവദിക്കണം?

ഒരു ഓർമ്മപ്പെടുത്തൽപോലെ മനസ്സ് പ്രതികരിച്ചു.

“നീ പലപ്പോഴും അദ്ദേഹത്തെ സ്നേഹപുരസ്സരം നോക്കിയില്ലേ? അദ്ദേഹത്തിന്റെ ചിന്തകൾ നിനക്ക് പലപ്പോഴും അനുഭവപ്പെട്ടില്ലേ? നിങ്ങളുടെ കണ്ണുകൾ പലപ്പോഴും കാന്തികമായി ഒത്തുചേർന്നില്ലേ? ഒരു നിയോഗം നിന്നിലൂടെ അദ്ദേഹം കണ്ടിരുന്നു, അല്ലെങ്കിൽ അദ്ദേഹം എന്നും നിനക്ക് അപരൻ തന്നെയാകുമായിരുന്നു... പക്ഷേ, അദ്ദേഹത്തെ ഒരിക്കലും ഒരു അപരനായി നീ കണ്ടില്ല, അതിനു നിനക്ക് കഴിയുക യുമില്ല...”

എന്റെ ആചാര്യൻ ഇരുന്ന ഇരിപ്പിടം ഞാൻ ക്ഷമയോടെ നോക്കി. “ഈ പരുക്കൻ കൽക്കൂട്ടത്തിലല്ലേ ഇത്രയും ദിവസം അദ്ദേഹം ശയിച്ചത്, അതോർത്തപ്പോൾ എന്റെ ശരീരം വേദനിച്ചു - ‘മനോമാലിന്യം നശിച്ച വർക്ക് എന്ത് ശയ്യാബോധം?” ഞാൻ ആശ്വസിച്ചു.

“ആചാര്യനെ ഒരിക്കൽപോലും സ്പർശിക്കാൻ കഴിയാത്ത, അദ്ദേഹ ത്തോട് സംസാരിച്ചിട്ടില്ലാത്ത ശിഷ്യൻ...” ചോദ്യങ്ങളുമായി എന്റെ മനസ്സ് വീണ്ടും ഉണർന്നു.

ഉത്തരം നൽകാൻ എന്നിലെ ആരോ ധൃതി കാണിച്ചു.

“സ്വരൂപം വെറും ബോധമാണെന്ന് അനുഭവിച്ച ആളാണ് നിന്റെ ആചാര്യൻ. സ്പർശനത്തേക്കാളും എത്രയോ അടുത്തായിരുന്നു നീ ആചാര്യനുമായി. നീ അദ്ദേഹത്തിന്റെ തന്നെയായിരുന്നു എന്ന് നീ അറി ഞ്ഞില്ല...” മനസ്സിലാക്കാൻ കഴിയാത്ത ദുരൂഹത ഈ വാക്കുകളിൽ ഞാൻ കേട്ടു. വിധി എപ്പോൾ അതിന്റെ നേർവഴിയിലാണോ അതിനെ തടസ്സ പ്പെടുത്താൻ ഒരു ശക്തിക്കും സാധ്യമല്ല, പലപ്പോഴും അങ്ങനെയാണ്. വിധിക്കനുസരിച്ചുള്ള കർമ്മത്തിൽ മനസ്സ് നിശ്ശബ്ദമാകും. കർമ്മം പ്രസക്തമാകും. അതാണ് വിധിയുടെ പ്രായോഗികതലം.

പുതിയ പ്രഭാതങ്ങൾ പലതും കൊഴിഞ്ഞു പുതിയ ചിന്തകൾ എന്നിൽ കൂട്ടിച്ചേർത്ത് പ്രായത്തിന്റെ ഏതോ ഘട്ടത്തിൽ ഉത്തരവാദിത്വം എന്റെയും ഭാഗമായി അപ്പോഴും ആചാര്യസങ്കല്പം എന്റെ മനസ്സിന്റെ ആഴങ്ങളിൽ സ്പർശിച്ചിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കി. അതിൽ എനിക്ക് അഭിമാനവും തോന്നി.

അദ്ദേഹം എന്നിൽനിന്നും അകന്നതിനുശേഷമുള്ള ദിവസങ്ങളിൽ പ്രകടമായ വ്യത്യാസങ്ങൾ എന്നിൽ ഞാൻ തിരിച്ചറിഞ്ഞു.

ഒരു ചോദ്യം അവശേഷിച്ചു.

"അദ്ദേഹം ആരാണ്?" തെളിവുകൾ അവശേഷിച്ചിട്ടില്ലാത്ത ഒരു ചരിത്രത്തിന്റെ കണ്ടെത്തൽ. അദ്ദേഹത്തിന്റെ ജന്മസാഹചര്യങ്ങളെക്കുറിച്ചും ജന്മനിയോഗത്തെക്കുറിച്ചും ഞാൻ സങ്കല്പിക്കാൻ തുടങ്ങി. ആൽമരചുവട്ടിൽ അദ്ദേഹത്തെ അനുകരിച്ച് വളരെ വൈകുവോളം ഇരുന്നു. ജീവിതതാളം തെറ്റുന്നു. മഴയുടെ കുത്തൊഴുക്കിൽ അദ്ദേഹം എവിടെയോ സുരക്ഷിതനായിരിക്കാം. എന്റെയും ആഗ്രഹം അതുതന്നെ. അദ്ദേഹത്തെ, ശരീരസ്വരൂപത്തെ ഒരിക്കൽകൂടി കാണാൻ കഴിയുമെന്ന് മനസ്സിന്റെ നിശ്ശബ്ദതയിൽ സൂചന ധ്വനിക്കുന്നില്ല. അദ്ദേഹത്തിന്റെ ഓർമ്മയിൽ ജീവിക്കാൻ ഞാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഓർമ്മകൾ കൂടുതൽ മനോധൈര്യം പകരുന്നതായി തിരിച്ചറിഞ്ഞു. വൈകുന്നേരങ്ങളിൽ ആൽമരചുവട്ടിൽ ചെന്നിരിക്കുന്നത് ഒരു ശീലമായി. ഏകാന്തത ഞാനും ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. കാലം മുന്നോട്ടുപോയി. എന്നാൽ അദ്ദേഹത്തിന്റെ ഓർമ്മകൾ തീക്ഷ്ണമായി.

അദ്ദേഹത്തിന്റെ അദൃശ്യസാന്നിധ്യം എന്റെ ജീവിതത്തിന്റെ ഭാഗമായി. എന്റെ നിശ്ശബ്ദമനസ്സിന്റെ കേന്ദ്രബിന്ദുവിൽ ആ സാന്നിധ്യത്തെ കുടിയിരുത്തി. അതിലെ സചേതനത്വം അനുഭവിച്ചു. അദ്ദേഹത്തോടായി സംസാരിച്ചു. കലഹിച്ചു. പരിഭവിച്ചു. ശാഠ്യം പിടിച്ചു. അതിനെല്ലാം സ്നേഹത്തിന്റെ ഭാഷയിൽ എന്നോട് പ്രതികരിച്ചു. കാലത്തിന്റെ ഏതോ ഘട്ടത്തിൽ ഞാൻ അദ്ദേഹത്തോട് സ്നേഹത്തിന്റെ ഭാഷയിൽ മാത്രം പ്രതികരിച്ചുതുടങ്ങി. അദ്ദേഹം എന്റെ ജീവിതവിജയത്തിലെ വഴികാട്ടിയെന്ന് തിരിച്ചറിഞ്ഞു. എന്നെ അറിയുന്ന, എന്റെ ബലഹീനതകൾ അറിയുന്ന അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിവുള്ള പുതിയ ആത്മീയമണ്ഡലം എന്നിൽ രൂപീകൃതമാകുകയായിരുന്നു. ഈ ആത്മീയമണ്ഡലം എന്റെ സ്വകാര്യ രഹസ്യമായി, സാഹചര്യങ്ങളിൽ പ്രതിഫലിക്കുന്ന ഉൾക്കരുത്തായി എന്നിൽ പ്രവർത്തിക്കുന്നത് അറിയാൻ കഴിഞ്ഞു. കാലങ്ങൾക്കു മുമ്പ് ഞാൻ നിക്ഷേപിച്ച ചോദ്യത്തിന് ഉത്തരം തേടുന്നതിനായി മനസ്സ് വീണ്ടും ഉണർന്നു. "അദ്ദേഹം ആരാണ്?"

വർഷങ്ങൾക്കുമുമ്പ് അദ്ദേഹത്തെകുറിച്ച് മനസ്സിൽ കുറിച്ചിട്ട സൂത്ര വാക്യം ഇപ്പോഴും ഓർക്കുന്നു.

“സ്വരൂപം വെറും ബോധമാണെന്ന് അനുഭവിച്ചറിഞ്ഞയാളാണ് നിന്റെ ആചാര്യൻ, സ്പർശനത്തേക്കാളും എത്രയോ അടുത്തായിരുന്നു നീ അദ്ദേഹവുമായി, നീ അദ്ദേഹത്തിൽ തന്നെയായിരുന്നു.”

അദ്ദേഹത്തിന്റെ അസ്തിത്വം തേടിയുള്ള ചിന്ത പണ്ടേ തുടങ്ങിയ താണ്, ഇപ്പോൾ അത് മൂർദ്ധന്യത്തിലേക്കെത്തിയിരിക്കുന്നു. എന്റെ നിയോഗം അദ്ദേഹത്തിന്റെ ചരിത്രാന്വേഷണമാണെന്ന് തിരിച്ചറിയുന്നു. എവിടെന്നു തുടങ്ങണം, എങ്ങനെ കണ്ടെത്തണം? തെളിവുകൾ അവശേഷിച്ചിട്ടില്ലാത്തിടത്തുനിന്നാണ് അന്വേഷണം തുടങ്ങുന്നത് എന്ന് എനിക്കറിയാം. പക്ഷേ, അത് ഞാൻ കണ്ടെത്തും. പ്രകൃതി എനിക്കായി സാഹചര്യങ്ങൾ ഒരുക്കും. തെളിവുകൾ നിരത്തും. പ്രകൃതിയുടെ കളമൊരുക്കലിൽ നിന്നും എനിക്ക് ആവശ്യമുള്ളത് തെരഞ്ഞെടു ക്കാനുള്ള ബൗദ്ധികപക്വത മാത്രമേ ഞാൻ ശ്രമകരമായി സ്വരൂപി ക്കേണ്ടതുള്ളൂ. ഒരിക്കൽ ആ കഴിവ് നേടിയാൽ പിന്നെ എല്ലാം സുതാര്യ മായ വിജയങ്ങൾ മാത്രമായിരിക്കും.

ആൽമരച്ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ തീർത്തും ആചാര്യനാ ണെന്ന് തോന്നി. എന്നിലെ ഭാവവ്യത്യാസം പലരും ശ്രദ്ധിച്ചു. ആൽമരചുവട്ടിലിരുന്ന് സമീപത്തുള്ള ക്ഷേത്രത്തിലേക്ക് നിർന്നിമേഷ നായി നോക്കിയിരുന്നു. ജാതിമതചിന്തയില്ലാതെ എല്ലാവർക്കും വേണ്ടി തുറന്നിട്ടിരിക്കുന്ന ഈ ക്ഷേത്രത്തിന്റെ വാതിൽ എനിക്ക് അഭിമാനമായി രുന്നു. കുട്ടിക്കാലത്ത് അമ്പലക്കുളത്തിൽ കുളിച്ചതും കുളത്തിന്റെ ആഴങ്ങളിൽ മറഞ്ഞതും രവിയേട്ടൻ എന്നെ രക്ഷിച്ചതും രക്ഷപ്പെട്ട് കരയ്ക്ക് കയറിയപ്പോൾ അടഞ്ഞുകിടന്ന അമ്പലവാതിലിനുള്ളിൽ നിന്നും എന്നെ നോക്കി ചിരിച്ചുകൊണ്ടുനിന്ന ഒരു വൃദ്ധമുഖം ഇന്നും ഓർമ്മ യുണ്ട്. അന്നുമുതൽ ഈ ദേവസന്നിധിയിൽ തൊഴുതുനിൽക്കുമ്പോൾ പുഞ്ചിരിച്ചുനിന്ന ആ വൃദ്ധന്റെ മുഖമാണ് എന്റെ മനസ്സിൽ. യുക്തികൊണ്ട് ആർക്കുവേണമെങ്കിലും ഇതിനെ എതിർക്കാം. പക്ഷേ, ഇത് എന്റെ വിശ്വാസം. ഈ ജന്മം ഇത് ഇങ്ങനെതന്നെ നിലകൊള്ളും. ഒമ്പതോ പത്തോ വയസ്സിലെ സംഭവം വളരെ ആഴങ്ങളിൽ എന്നിൽ പതിഞ്ഞിരി ക്കുന്നു. വെള്ളത്തിനടിയിൽ പ്രാണനുവേണ്ടിയുള്ള പിടച്ചിൽ അമ്പല ക്കുളം കാണുമ്പോൾ ഇപ്പോഴും അനുഭവപ്പെടും. പുഞ്ചിരിക്കുന്ന വൃദ്ധമുഖത്തിന്റെ സ്മരണ മതി എല്ലാം ശാന്തമാകാൻ. അതിനുശേഷം അമ്പലക്കുളത്തിൽ ഇറങ്ങിയിട്ടില്ല. ഒരു വല്ലാത്ത ഭയം ഇപ്പോഴും പിന്തുടരുന്നു. എന്തായാലും എന്റെ അഭിമാനവും പുനർജന്മവും കേളിഗൃഹവുമായിരുന്നു ക്ഷേത്രവും ആൽമരവും അമ്പലക്കുളവും. വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. പുതുതായി കെട്ടിയൊരുക്കിയ അമ്പലക്കുള

ത്തിൽ ഞാൻ ഒന്നു നോക്കി. ആ ഭയം ഇപ്പോഴും മാറിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ആ പിടച്ചിൽ അമ്പലക്കുളം കാണുമ്പോൾ ഇപ്പോഴുമുണ്ട്.

അമ്പലത്തിൽ കണ്ട പുഞ്ചിരിക്കുന്ന വൃദ്ധമുഖവും ആൽമരച്ചുവട്ടിൽ ഞാൻ കണ്ട അവധൂതനും തമ്മിൽ ചില സമാനതകൾ ഞാൻ കല്പി ച്ചെടുത്തു. സമാനതകൾ മാത്രം പക്ഷേ, അത് ഒന്നാകുന്നില്ല.

പലതിലും സ്പന്ദിക്കുന്നത് 'ഒന്നാണ്' എന്ന സത്യം മനസ്സിലാക്കാ ത്തതുകൊണ്ടാകാം "അഹിന്ദുക്കൾക്ക് പ്രവേശനമില്ല" എന്ന പരസ്യ വാചകം പല മഹാക്ഷേത്രങ്ങളിലും തൂക്കിയിട്ടിരിക്കുന്നത്. ക്ഷേത്രമുഖ ത്തിന് ഇത് അഭംഗിയാണെന്ന് ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്. കാലം അവരെ തിരിച്ചറിവിൽ എത്തിക്കട്ടെ, അല്ലെങ്കിൽ എന്നെ തിരുത്തട്ടെ, ഞാൻ സ്വയം ആശ്വസിച്ചു.

ആൽമരച്ചുവട്ടിൽ നിന്നും 'അദ്ദേഹം' ഒരിക്കലും ക്ഷേത്രത്തിൽ പ്രവേശിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ചരിത്രവുമായി കൂട്ടിയോജിപ്പിക്കാനുള്ള എന്തോ ഒന്ന് അതിൽ മുഴച്ചുനിൽക്കുന്നതായി തോന്നി. ഒത്തുകിട്ടിയ കഥാതന്തുവിന് കൂട്ടുചേർത്ത് അദ്ദേഹത്തെകുറിച്ചുള്ള കാല്പനികത നിറഞ്ഞ ചരിത്രം ഭാവന ചെയ്തു. പക്ഷേ, എങ്ങും എത്തിയില്ല. എന്തോ ഉണ്ട് എന്ന് എനിക്കറിയാം.

അദ്ദേഹം ഒരു ബ്രഹ്മജ്ഞാനി എന്നു വിലയിരുത്താം. അദ്ദേഹത്തിന്റെ ജ്ഞാനതലത്തെക്കുറിച്ച് അങ്ങനെ ചിന്തിക്കാനേ എനിക്ക് കഴിയുന്നു ള്ളൂ. ജന്മംകൊണ്ട് ഭവിച്ച ചാതുർവർണ്ണ്യത്തെക്കുറിച്ച് ജ്ഞാനികൾ പരി തപിക്കാറില്ല. ജന്മംകൊണ്ട് ചാതുർവർണ്ണ്യത്തിന്റെ ഏത് തലത്തിലാണെ ങ്കിലും എന്റെ ആചാര്യനിൽ പ്രകടമായ പ്രകൃതം പരമമായ തലത്തെ വെളിവാക്കുന്നു. അദ്ദേഹത്തെ കുറിച്ചുള്ള ചിന്ത ദിനം പ്രതി കൂടുതൽ തത്ത്വബോധത്തെ ഓർമ്മപ്പെടുത്തുന്നു.

തിരസ്ക്കരിക്കാനോ സ്വീകരിക്കാനോ അല്ല, ആൽമരച്ചുവട്ടിലെ ആചാ ര്യനായി മാറാൻ എന്റെ മനസ്സ് വെമ്പൽകൊണ്ടു. എന്നിലൂടെ ആചാ ര്യന്റെ ജീവചരിത്രം പ്രകടീകൃതമാകും. ഭാവനാതലത്തിലൂടെ ആചാര്യ നുവേണ്ടി ഞാൻ സംസാരിക്കും. എന്റെ ജനനത്തിനും മുമ്പേയുള്ള ആചാര്യ ചരിതം ലോകർക്കായി അദ്ധേഹം എന്നിലൂടെ കുറിക്കും. എന്റെ ആചാര്യന്റെ ജീവിതവും ചിന്തയും ലിഖിതങ്ങളായി എന്നിലൂടെ പുന രാവിഷ്കരിക്കപ്പെടും, തെളിവുകൾ അവശേഷിച്ചിട്ടില്ലാത്ത അദ്ദേഹ ത്തിന്റെ ജീവചരിത്രത്തിന്റെ തെളിവിനായുള്ള ഉത്കണ്ഠ എന്നിൽ സചേ തനമായി.

തെളിവിന്റെ ലഭ്യതക്കായി എന്റെ ചിന്തകൾ പൂർണ്ണമായി തളയ്ക്ക പ്പെട്ടിരിക്കുന്നു. പിന്നോട്ടൊരു വിചിന്തനത്തിന് സാധ്യതയില്ലാതെ ലക്ഷ്യ

ത്തിൽ അവ്യക്തമായി എന്റെ വികാരവിചാരങ്ങൾ നിലകൊള്ളുന്നത് ഞാൻ അറിയുന്നു.

പ്രാർത്ഥനയിൽ നാളത്തേക്ക് ഒന്നും ആവശ്യപ്പെടാറില്ല. ഇപ്പോൾ അത് എന്നിൽ ഉണ്ട് എന്ന് ഉറപ്പിക്കലാണ് എന്റെ പ്രാർത്ഥന. ആചാര്യന്റെ ഏറ്റവും പ്രിയപ്പെട്ടവനായ ഞാൻ അത് ഉറപ്പിച്ചുകഴിഞ്ഞു. ആചാര്യന്റെ ചരിത്രം അതിൽ തെളിഞ്ഞു. അതിലെ വ്യക്തതയ്ക്കുള്ള ശ്രമമാണ് ഇപ്പോൾ ചെയ്യുന്നത്. എന്റെ ഭാവനയിൽ കേന്ദ്രീകരിക്കപ്പെട്ട് ആത്മശക്തി അഥവാ ഉപബോധം ചലനാത്മകമായാൽ പ്രപഞ്ചശക്തിക്ക് വഴങ്ങേണ്ടി വരും. ആത്മശക്തിയുടെ അത്യുത്കണ്ഠമായ ഇംഗിതം പ്രായോഗിക തലത്തിൽ പ്രപഞ്ചശക്തി സ്വരൂപിച്ച് നൽകും. അതുകൊണ്ടാണ് ഞാൻ ഉറപ്പിച്ചത്, ആചാര്യന്റെ ചരിത്രം എനിക്കറിയാം, വ്യക്തമായി വ്യാഖ്യാനിക്കാൻ ഞാൻ പ്രാപ്തനാകുന്നില്ല. ഏതോ നിമിഷത്തിൽ വ്യക്തത എന്നിൽ നിറയും. അതിനായുള്ള കാത്തിരിപ്പല്ല, ശ്രമമാണ് ഞാൻ ഇപ്പോൾ തുടരുന്നത്. പ്രകൃതി തന്നെ എനിക്ക് അടയാളങ്ങൾ തരും. സസൂക്ഷ്മം അതിനായുള്ള നിരീക്ഷണത്തിലായിരുന്നു ഞാൻ.

എന്റെ നിരീക്ഷണത്തിന്റെ പ്രധാന അടയാളം കിട്ടിയത് തെയ്യത്തിന്റെ നാടായ വടക്കൻ കേരളത്തിലെ ഒരു ആശ്രമത്തിൽനിന്നാണ്. ആത്മീയത കണ്ടെത്താനുള്ള യാത്രയിൽ ഒരു നിയോഗംപോലെയാണ് ഈ ആശ്രമാന്തരീക്ഷത്തിൽ എത്തപ്പെട്ടത്. പല മതസ്ഥർ ശാന്തതയ്ക്കും ആത്മീയതയുടെ ഭാഗമായും അവിടെ എത്തുന്നതു കണ്ടു. ആത്മീയത യുടെ, പഴമയുടെ ചരിത്രസ്മാരകങ്ങൾ നോക്കിക്കാണാനും പഠിക്കാനും എത്തുന്ന അന്വേഷണകുതുകികളെ ഞാൻ പരിചയപ്പെട്ടു. ഭാരതത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും എത്തുന്ന സന്ന്യാസികളെ എനിക്കു കാണാൻ കഴിഞ്ഞു. ഇന്നത്തെ ആധുനികവൽക്കരിക്കപ്പെട്ട ആശ്രമ ങ്ങളിൽ നിന്നും വ്യത്യസ്തമായി പഴമയെ അതേപടി നിലനിർത്താൻ ശ്രമിച്ചിരിക്കുന്നു. ആശ്രമം എന്നെ വളരെ ആകർഷിച്ചു. മതം, ദേശം, ഭാഷ എന്നിവയുടെ ഏകീകരണം ഒരു കുടക്കീഴിൽ എന്നപോലെ കൊച്ചു കേരളത്തിൽ സംഭവിക്കുന്നത് കാണാൻ കഴിഞ്ഞു. കൂട്ടത്തിൽ എന്നോട് ഇങ്ങോട്ടു വന്നു പരിചയപ്പെട്ട 'ബംഗാളിൽനിന്ന് വരുന്നു' എന്ന മുഖ വുരയോടെ സംഭാഷണം തുടങ്ങിയ, പൂർണവാർധക്യത്തിന്റെ ലക്ഷണ ങ്ങൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അതിനു കീഴടങ്ങാതെ മനോധൈര്യം കൊണ്ട് ശരീരത്തെ പാകപ്പെടുത്തിയ ആ വൃദ്ധസന്ന്യാസി എന്നെ വളരെ ആകർഷിച്ചു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ മനസ്സ് നിശ്ശബ്ദ മാകുന്നതും ഒരു മാസ്മരിക ഊർജ്ജം അദ്ദേഹത്തിന്റെ വാക്കുകളിൽ സ്പന്ദിക്കുന്നതും അത് എന്നെ നിശ്ശബ്ദനാക്കുന്നതും പ്രായത്തെ അധികരിച്ച അദ്ദേഹത്തിന്റെ ശബ്ദത്തിലെ ദൃഢതയും എന്നെ അദ്ഭുത പ്പെടുത്തി. അദ്ദേഹത്തിനു മുമ്പിൽ മറുചോദ്യം ചോദിക്കാത്ത, അഭിപ്രായം

പങ്കുവെക്കാൻ കഴിയാത്ത വെറുമൊരു കേൾവിക്കാരനായി ഞാൻ മാറുക യായിരുന്നു.

അദ്ദേഹത്തിന് നേരിട്ട് അനുഭവമുള്ള ഒരു അവധൂതന്റെ ചരിത്രം എന്നോടു പറയുമ്പോൾ, ആൽമരച്ചുവട്ടിലെ ആചാര്യന്റെ സാന്നിധ്യം ഞാൻ വീണ്ടും അനുഭവിക്കുകയായിരുന്നു. കൽക്കട്ടയിലെ 'ഗരിയ' ഗ്രാമത്തിൽ നിന്നും ഇന്ത്യാ വിഭജന കാലഘട്ടത്തെ ഓർമ്മിപ്പിച്ചു കൊണ്ടുള്ള ആത്മീയ യാത്രാചരിത്രം അദ്ദേഹം അവ്യക്തമായി, പരസ്പര ബന്ധമില്ലാതെ അലക്ഷ്യമായി പറഞ്ഞു. അദ്ദേഹം എന്നിൽനിന്നും നടന്നകലുമ്പോൾ മാസ്മരികതയുടെ ഏതോ ലോകത്ത് ഞാൻ തളയ്ക്കപ്പെട്ടിരുന്നു. പ്രതികരിക്കാൻ പ്രാപ്തനായപ്പോൾ അനന്തതയിൽ അദ്ദേഹം നടന്നകലുകയായിരന്നു. 'ആരൊക്കെയോ ഇവിടെ വരുന്നു. ആസ്തികരും നാസ്തികരും സാത്വികരും. അതിൽ ആരോ ഒരാൾ' എന്ന് വൃദ്ധസന്ന്യാസിയെക്കുറിച്ച് ആശ്രമസുഹൃത്ത് വിധിയെഴുതിയ പ്പോൾ നിശ്ശബ്ദമായി ലക്ഷ്യപ്രാപ്തിയുടെ സുഖം അനുഭവിക്കുക യായിരുന്നു.

എന്റെ ആചാര്യജീവചരിത്രത്തിന്റെ കഥാബീജം എന്നിൽ നിക്ഷേപിച്ചാണ് അദ്ദേഹം മറഞ്ഞത്. കൂട്ടിയോജിപ്പിക്കുമ്പോൾ സ്വയം ഉരുത്തിരിയാവുന്ന മർമ്മഭാഗങ്ങൾ എന്റെ കാല്പനിക ബോധതലത്തിൽ തുടിക്കുന്നത് ഞാൻ അനുഭവിച്ചു. മുളപൊട്ടാൻ വെമ്പുന്ന വിത്തിന്റെ മർമ്മരം മനസ്സിനെ അസ്വസ്ഥനാക്കി. അദ്ദേഹം എന്റെ ആചാര്യന്റെ പുനരവതാരമാണെന്ന് വാദിക്കുന്നില്ല, ഇപ്പോൾ നടന്നകന്ന വൃദ്ധ സന്ന്യാസി അദ്ദേഹത്തിന്റെ നിയോഗം, ഏതിന്റേയോ പ്രേരണയാൽ നിർവഹിച്ചിരിക്കുന്നു. പിന്നീടുള്ള ദിവസങ്ങളിൽ ഞാൻ അസ്വസ്ഥനായി രുന്നു. എഴുതാനുള്ള ഭാഷാവൈദഗ്ധ്യം ഇല്ലെങ്കിലും മനസ്സ് എന്നെ എഴുത്തിലേക്ക് പിഴുതെറിയുന്നു. കഥയും കഥാപാത്രങ്ങളും ആശയ ങ്ങളും ഉറക്കത്തിലും അലോസരപ്പെടുത്തുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദം അതിനായി നിർബന്ധിക്കുകയായിരുന്നു. എനിക്ക് എഴുതാ തിരിക്കാൻ കഴിയില്ല. നിയോഗം എന്നതിലുപരി ഇപ്പോഴത്തെ മാനസികാവസ്ഥയെ മറികടക്കാൻ എനിക്ക് മറ്റൊരു വഴിയുമില്ല.

ആചാര്യചരിതം എന്നിലൂടെ ലിഖിതങ്ങളായി പുനരാവിഷ്കരിക്കാൻ തുടങ്ങുന്നതിലേക്കുള്ള മാനസിക പിരിമുറുക്കം ഞാൻ അനുഭവിക്കു ന്നു എന്റെ സ്വപ്നങ്ങളിലും ചിന്തകളിലും ആചാര്യന്റെ ജീവിത സാഹ ചര്യങ്ങളും ഗരിയ ഗ്രാമവും സുവ്യക്തം. 'ഞാൻ' എന്ന എന്റെ ബോധ തലത്തിൽ ആചാര്യൻ സന്നിവേശിച്ചിരിക്കുന്നത് ഞാൻ അനുഭവിക്കു ന്നു. എന്റെ സംഭാഷണങ്ങളിൽ ആത്മീയതയുടെ പരമതത്ത്വങ്ങൾ പ്രതി ധ്വനിക്കുന്നതായി എല്ലാവരും പറയുന്നു. ഞാൻ വായിച്ചിട്ടില്ലാത്ത, അനു ഭവിച്ചിട്ടില്ലാത്ത പലതും എന്റെ വാക്ധാരണിയായി പ്രകടമാകുന്നു,

ആചാര്യൻ എന്നിലൂടെ സംസാരിക്കുന്നു. എന്റെ വാക്കുകളിലെ അർത്ഥ നിഗൂഢത പ്രിയപ്പെട്ടവരെയും അത്ഭുതപ്പെടുത്തുന്നു. പലപ്പോഴും ഞാൻ ഞാനല്ലാതാവുകയും അപ്പോൾ ജന്യമാകുന്ന ചിന്തയും ഭാവനയും അതുല്ല്യവും എനിക്ക് പരിചിതമില്ലാത്തതുമാണെന്ന് ഉറപ്പാണ്.

എന്നിൽ വ്യതിയാനം സംഭവിച്ചതുമുതൽ ആൽമരചുവട്ടിൽ ഇരിക്കുന്നത് ശീലമായി. നേർത്ത മഴത്തുള്ളികളേറ്റ് ആൽമരചുവട്ടിലിരിക്കുമ്പോൾ സ്വർഗ്ഗീയ അനുഭൂതി അനുഭവപ്പെട്ടു. എന്റെ ചിന്തകളുടെ നിയന്ത്രണം എന്നിലല്ല എന്നെനിക്ക് ബോദ്ധ്യപ്പെട്ടു. ഞാൻ എന്നോടായി സംസാരിക്കുന്നത് കണ്ടവരുണ്ട്. വീട്ടിലെത്തിയാൽ എന്റെ മുറിക്കുള്ളിൽ മാത്രം ഒതുങ്ങാൻ ഞാൻ ആഗ്രഹിച്ചു. എന്തൊക്കെയോ എഴുതി, അവയെല്ലാം  എനിക്ക് അറിയാത്ത ദർശനങ്ങളും വ്യക്തിസ്ഥലനാമങ്ങളും.

എന്നിലൂടെ ആചാര്യൻ പ്രവർത്തിക്കുന്നു, എന്തൊക്കെയോ പറയുന്നു, അത് എഴുത്തിലൂടെ പ്രകടമാക്കാനും ശ്രമിക്കുന്നു. ഇതിനെ മനോരോഗമാണെന്ന് വിലയിരുത്തുന്നവരും ഉണ്ടാകാം, എന്നാൽ എന്റെ അനുഭവത്തിൽ ഇതാണ് സത്യം. എന്റെ അനുഭവത്തെ അസത്യമെന്ന് വധിയെഴുതുവാൻ എനിക്ക് കഴിയില്ല.

എന്നിലൂടെ ആചാര്യൻ അദ്ദേഹത്തിന്റെ ജീവിതം എഴുതാൻ തുടങ്ങിയത് എന്നാണെന്ന് ഓർമ്മയില്ല. എപ്പോഴോ അതിനായുള്ള ആദ്യ വാചകം കുറിച്ചു, പ്രസ്തുത വാചകം ഇങ്ങനെയായിരുന്നു.

'നിന്നിലൂടെ ഞാൻ കുറിക്കുന്ന എന്റെ ആത്മകഥ ബോധിരമനിൽ എത്തപ്പെടും'

തുടർന്നുള്ള ദിനങ്ങൾ നിശബ്ദമായിരുന്നു, എന്നിലൊരു ഭാവവ്യത്യാസവുമില്ല. ആചാര്യന്റെ അടുത്ത പ്രതിബോധനം സംഭവിച്ചത്, സായാഹ്നത്തിൽ മുറിയിൽ ഏകനായി ഇരിക്കുമ്പോഴായിരുന്നു. അന്ന് കുറിച്ച വരികളുടെ തുടക്കം ഇങ്ങനെയായിരുന്നു.

"പ്രപഞ്ചത്തിന്റെ അനാദിയായ പ്രാപഞ്ചികത്വം അനുപമമായ ഉണർവ്വിന്റെ അഭൗമതാളം, നിന്നിലൂടെ ഞാൻ പുനരാവിഷികരിക്കുന്നത് ഞാൻ പിന്നിട്ട ജീവിതയജ്ഞത്തിലെ സ്മൃതികൾ"

തുടർന്നുള്ള ദിനങ്ങളിൽ എന്നിൽ ധൃതിയായിരുന്നു, അനർഗ്ഗളമായി ആചാര്യൻ എന്നിലൂടെ പ്രവൃത്തിച്ചു.

'ബോധിരമൻ' എന്ന വഴികാട്ടിയുടെ അരികിൽ എത്തപ്പെടുന്ന ജീവിത സന്ദർഭം മുതൽ എന്നിലൂടെ ആചാര്യൻ അദ്ദേഹത്തിന്റെ ആത്മകഥ പറഞ്ഞുതുടങ്ങി.

ഇനിയങ്ങോട്ട് വിവരിക്കുന്ന ജീവിതവും ചിന്തയും, ആൽമരചുവട്ടിൽ കണ്ട ആചാര്യന്റെ ലിഖിതങ്ങളാണ്. 'ഞാൻ' എന്ന സംബോധന ആചാര്യൻ എന്ന് വിവക്ഷിക്കുന്നു.

# ആത്മകഥയുടെ ആരംഭം

## ഒന്ന്

പ്രപഞ്ചതാളത്തിന്റെ അനാദിയായ പ്രാപഞ്ചികത്വം, അനുപമ മായ ഉണർവ്വിന്റെ അഭൗമതാളം, നിന്നിലൂടെ ഞാൻ പുനരാവിഷ്കരി ക്കുന്നത് ഞാൻ പിന്നിട്ട ജീവിതയജ്ഞത്തിലെ സ്മൃതികൾ

ഇന്ദ്രിയങ്ങൾ കർമ്മവാസനയാൽ എന്നെയും നയിക്കുന്നു. തിര ക്കേറിയ നാഗരികതയിൽ മറ്റൊന്നിലേക്കും ആകർഷിക്കപ്പെടാതെ അന്ന് ഞാൻ ബോധിരമന്റെ മമ്പിൽ എത്തിപ്പെട്ടു, ഭൗതികതയിലെ കുരുക്കു കളിൽ നിന്നുള്ള ശാന്തത അനുഭവിച്ചു.

വിധിയുടെ പാതയിൽ അത് കൃത്യമായ നിമിത്തമായിരുന്നു. ഇതു വരെ കണ്ടിട്ടുള്ളവരിൽ നിന്നും എന്തോ വ്യത്യസ്തത ബോധിരമനിൽ എനിക്ക് കാണാൻ കഴിഞ്ഞു. മുഷിഞ്ഞ വസ്ത്രത്തിലെ ജീർണ്ണതയും വാർദ്ധക്യവും ശരീരത്തിൽ പടർന്നിരുന്നില്ല. ആ കണ്ണുകളിൽ ഒരു മാസ്മരികതയും, അദ്ധേഹത്തിന്റെ സ്പർശനത്താൽ ഒരു ഊർജ്ജപ്ര വാഹവും എനിക്കനുഭവപ്പെട്ടു. സുരക്ഷിതത്തിന്റെ അനുഭൂതി അദ്ദേഹ ത്തിന്റെ സാമീപ്യത്തിൽ അനുഭവിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വാക്കുകൾ എന്തോ അറിയാനുള്ള ഒരു തൃഷ്ണയുണ്ടാക്കി.

“കാലം നിനക്കായി എന്നെ ഇവിടെ എത്തിച്ചു. എല്ലാവർക്കും ദിശാ സൂചന നൽകാൻ ആരെങ്കിലും തീർച്ചയായും ഉണ്ടാകും. തന്റെ വഴി കാട്ടിയെ തിരിച്ചറിയാനും വിശ്വാസത്തിലെടുക്കാനുമുള്ള ഉൾപ്രേരണ നമ്മൾ സ്വയം നേടണം.” ബോധിരമൻ ഇതു പറയുമ്പോൾ ജീവിത ത്തിൽ ഭൗതികമായി പരാജയപ്പെട്ട ഒരാളുടെ ഉപദേശം എന്ന് മുദ്ര കുത്താൻ കഴിഞ്ഞില്ല. ജടപിടിച്ച തലമുടിക്കെട്ട് അദ്ദേഹം വാരി ഒതുക്കി കൈകൾകൊണ്ട് ശരീരം താങ്ങി പിന്നോട്ട് നീങ്ങി കൽപടവിൽ എനിക്ക് ഇരിക്കാൻ സ്ഥലം തരപ്പെടുത്തി. എന്ത് ചെയ്യണമെന്നറിയാതെ ഞാൻ ശങ്കിച്ചുനിന്നു. ഒരു യാചകനോ? അതോ തത്ത്വജ്ഞാനിയോ? പ്രതിക

രിക്കാൻ അമാന്തിച്ച എന്റെ മാനസികാവസ്ഥ മനസ്സിലാക്കിയതുപോലെ അദ്ദേഹം പ്രതികരിച്ചു.

“വഞ്ചിക്കപ്പെടും എന്ന് ഭയപ്പെടുന്നവന്റെ മുമ്പിൽ എത്തുന്നവൻ വഞ്ചകൻ ആയിരിക്കും.”

പെട്ടെന്ന് ഞാൻ എന്റെ മനസ്സിനെ തിരുത്തി. ഇദ്ദേഹം എന്റെ രക്ഷകൻ. ദൂരം പാലിച്ചിരുന്ന എന്റെ അരുകിലേക്ക് അദ്ദേഹം നീങ്ങിയിരുന്നു. എന്റെ കൈകൾ അദ്ദേഹത്തിന്റെ നെഞ്ചിനോടു ചേർത്തു പിടിച്ചു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നും ധാരയായി കണ്ണുനീർ ഒഴുകി. എന്തു സംഭവിക്കുന്നു എന്ന് എനിക്കറിയില്ല. എന്റെ കണ്ണുകളും നിറഞ്ഞുപോയി.

“പ്രിയപ്പെട്ടവനേ, ഈ മഹാപ്രകൃതിയുടെ വിദൂരതയിൽ ഏതോ ദിക്കിൽ നീ ജനിച്ചു. നീ വളരാൻ നിശ്ചയിക്കപ്പെട്ടത് ഈ ഗ്രാമത്തിൽ. നിന്റെ ജന്മരഹസ്യം സ്ഥൂലമായും സൂക്ഷ്മമായും നീ അറിയുന്നില്ല. ജന്മം നൽകിയ മാതാവിനെയും പിതാവിനെയും അവരിലെ ശരിയേയും നീ അറിയുന്നില്ല. ഓർമ്മപ്പെടുത്തുവാൻ ഞാൻ ഒരു കാരണമാകുന്നു. ഓർമ്മപ്പെടുത്തിയതിന്റെ ലക്ഷ്യപ്രാപ്തിയിലാണ് നിന്റെ പൂർണത.” എനിക്ക് ഒന്നും മനസ്സിലായില്ല. പക്ഷേ, അദ്ദേഹം പറഞ്ഞതിൽ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടു കിടക്കുന്ന സത്യങ്ങൾ ഉണ്ടെന്ന് എനിക്കറിയാം.

ചിലത് ഞാനും കേട്ടിട്ടുണ്ട്. എന്റെ അച്ഛനും അമ്മയ്ക്കും ഞാൻ വളർത്തുപുത്രൻ. അധികാരത്തോടെ എന്നോടൊപ്പമുള്ള പ്രിയ സഹോദരി. അവർ എനിക്ക് അന്യരല്ല, സ്നേഹബന്ധത്തിൽ ഊട്ടിയുറപ്പിച്ച ദൈവികപരിവേഷം... ജന്മം നൽകിയത് ആരുമാകട്ടെ, എന്നെ ഞാൻ അറിയുന്നത് ഇവരിലൂടെ, ഇവർ തന്നെയാണ് എന്റെ ലോകം, എന്റെ സമസ്ത സുഖങ്ങൾക്കും ആധാരം. പക്ഷേ, ശരിയായ വഴികാട്ടി ഇംഗിതത്തിന് വഴങ്ങി വ്യത്യസ്തമായി സംസാരിക്കില്ല. ഭൗതികതയിൽ വ്യക്തിയും ആത്മീയതയിൽ മനസ്സുമാണ് വഴികാട്ടി. ബോധിരമൻ ഇപ്പോൾ എന്റെ വഴികാട്ടി. അദ്ദേഹത്തിന്റെ ഓർമ്മപ്പെടുത്തൽ എന്റെ നിയോഗം ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ എനിക്കായി എന്തിന് കരുതിവെച്ചു? അത് അദ്ദേഹത്തിന്റെ നിയോഗമായിരിക്കാം. ദേവസന്നിധിയിലെ ഭക്തനെപ്പോലെ അവിടെ ഞാൻ വളരെ നേരം ഇരുന്നു. അദ്ദേഹം നിർത്താതെ സംസാരിച്ചു. ഒരു തത്ത്വജ്ഞാനിയുടെ ഗാംഭീര്യം. വിശപ്പ് എനിക്ക് അധികരിക്കുന്നതായി തോന്നി. എന്റെ വികാരം അറിഞ്ഞതുപോലെ തോൾ സഞ്ചിയിൽനിന്നും കുറച്ചു പഴങ്ങൾ എനിക്കു നീട്ടി. ശുചിത്വബോധം എന്നിലുദിച്ചു. പെട്ടെന്ന് കൈകൾ പിന്നോട്ട് വലിച്ച് വസ്ത്രതുമ്പുകൾകൊണ്ട് അദ്ദേഹം പഴങ്ങൾ തുടച്ചു.

“എനിക്ക് ഏതും മതി. നീ ഇപ്പോഴും ഭൗതികതയിൽ തന്നെ. കുറച്ചു കാലം അതു തുടരട്ടെ. പെട്ടെന്നുള്ള വ്യതിയാനം നിന്റെ ശരീരവും

മനസ്സും ഉൾക്കൊള്ളില്ല. കാലം നിന്നെ പാകപ്പെടുത്തും.” സ്വന്തം മനസ്സിനോട് പറയുംപോലെ അദ്ദേഹം അലക്ഷ്യമായി പറഞ്ഞു.

അദ്ദേഹം പറഞ്ഞത് ശരിയാണ്. ഏതൊന്നിനെയും നിരാകരിക്കാത്ത തലത്തിലാണ് അറിവ് പൂർണമാകുന്നത്. ഒന്നിനെ മാറ്റിനിർത്തിയാൽ അറിവിൽ പൂർണതയില്ല. നാസ്തികതയും ആസ്തികതയും ശുദ്ധിയും അശുദ്ധിയും കാര്യവും കാരണവും സ്വീകാര്യതയും അസ്വീകാര്യതയും ശുദ്ധനും നീചനും എല്ലാം അറിവിന്റെ ഭാഗംതന്നെ. പഴങ്ങളിൽ ശുചിത്വമില്ലായ്മ ചിന്തിച്ചതിൽ ഞാൻ മനസ്സിൽ ക്ഷമ പറഞ്ഞു. പഴങ്ങൾ ഭക്ഷിക്കുമ്പോഴും അദ്ദേഹം നിർത്താതെ സംസാരിക്കുകയായിരുന്നു. ഓരോ വാക്കുകളും അർത്ഥഗംഭീരവും, വിശകലനം ആവശ്യമായതുമായിരുന്നു.

സൂര്യൻ മടക്കയാത്രയുടെ ധൃതിയിൽ. രാവിലെ മുതൽ അദ്ദേഹം നിർത്താതെ എന്നോടു സംസാരിക്കുന്നു. ഒരു പരമജ്ഞാനിയുടെ മുന്നിലാണ് ഞാൻ ഇരിക്കുന്നത് എന്നുറപ്പിക്കാൻ എനിക്ക് അധികനേരം വേണ്ടിവന്നില്ല.

“ഞാൻ ആര് എന്നതാകണം ഓരോ വ്യക്തിയുടെയും അന്വേഷണത്വര. അത് സ്വയം വിലയിരുത്താനും തിരുത്താനും തന്നിലേക്ക് നോക്കാനും പഠിപ്പിക്കും. അന്യനെ തിരുത്തൽ, വിലയിരുത്തൽ വൃഥാ വ്യായാമമാകുന്നു. സ്വയം ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ കരങ്ങൾ എന്റെ പാദങ്ങളിലായിരുന്നു. ഞാൻ ഒന്നു ശങ്കിച്ചു. ശിഷ്യനെ വണങ്ങുന്ന ആചാര്യൻ. എന്നിലെ അയോഗ്യതകൾ പെട്ടെന്ന് ഞാൻ ചികഞ്ഞെടുത്തു. എന്റെ പാദങ്ങൾ പിന്നോട്ടു വലിച്ചു. ശിരസ്സ് ഉയർത്തി അദ്ദേഹം എന്റെ കണ്ണുകളിൽ തീവ്രതയോടെ നോക്കി.

“നീ പശ്ചാത്തപിച്ചിരിക്കുന്നു. നീ ശുദ്ധനായി ഭവിച്ചിരിക്കുന്നു. ഇനി ഈ കാലുകൾ പിന്നോട്ടു വലിക്കാനുള്ള അയോഗ്യത കൂട്ടിച്ചേർക്കരുത്.” ദൃഢസ്വരത്തിൽ അദ്ദേഹം എന്നോട് ആജ്ഞാപിച്ചു. മനസ്സിലൊരു ശാന്തത. ഒരു ഭാരം എന്നിൽനിന്നും ഒഴിഞ്ഞതുപോലെ. അദ്ദേഹം എന്റെ മാറിലേക്കു തലചായ്ച്ചു. ഞാൻ കളങ്കരഹിതനായ ഒരു കൊച്ചുകുട്ടിയായതുപോലെ തോന്നി. അദ്ദേഹം എന്റെ നെറുകയിൽ തഴുകി. എന്റെ കാതിൽ മന്ത്രിച്ചു.

“ജന്മം നൽകിയ മാതാവിന്റെ ശരി നീ അറിയും. പ്രകൃതി നിന്നെ അതിലേക്ക് പ്രേരിപ്പിക്കും. എത്ര ഓടിയൊളിച്ചാലും അതിന്റെ ലക്ഷ്യത്തിൽ നിന്നെ എത്തിക്കും. അകലാൻ ശ്രമിച്ചാൽ പരീക്ഷണങ്ങളുടെ ചുറ്റുപാടുകൾ നിന്നിൽ സംജാതമാകും. നിന്റെ മനസ്സിന്റെ പാകപ്പെടുത്തലിനായി പൊരുത്തപ്പെടുത്താൻ കഴിയാത്ത പലതുമായി കാര്യങ്ങൾ കൂട്ടിച്ചേർക്കപ്പെടും. ലക്ഷ്യത്തിന്റെ ശരിയായ പാതയിൽ നിതാന്ത ശാന്തത നീ അനുഭവിക്കും.” അദ്ദേഹത്തിന്റെ സ്വരത്തിലെ ദൃഢത

നേർത്തുവരുന്നത് ഞാൻ അറിഞ്ഞു. വീണ്ടും ശക്തി സംഭരിച്ച് അദ്ദേഹം സംസാരിച്ചു.

“എന്നിൽ കടന്നുകൂടിയ വാസനയെ ക്ഷയിപ്പിക്കാൻ ഇപ്പോഴത്തെ എന്റെ പ്രായം പര്യാപ്തമല്ല. വാസനാക്ഷയത്തിനായി ഞാൻ വീണ്ടും ജനിക്കും. ഞാൻ നൽകിയതും നീ ആർജ്ജിക്കുന്നതുമായ ജ്ഞാനം നീ എനിക്കായി കരുതിവെക്കണം. നിന്റെ ലിഖിതങ്ങൾ യഥാകാലം എന്നിൽ എത്തും.”

അദ്ദേഹത്തിന്റെ സ്വരം നേർത്തില്ലാതാകുന്നത് ഞാൻ അറിഞ്ഞു. ദീർഘമായ നിശ്ശബ്ദത. അപ്പോഴും അദ്ദേഹത്തിന്റെ ശിരസ്സ് എന്റെ തോളുകളിലായിരുന്നു. ഞാൻ ചിന്തയിലും. ഈ ഗ്രാമം എന്നെ വളർത്തി. എന്റെ അച്ഛൻ, എന്റെ അമ്മ ഇവർ തന്നെയാണ് എന്റെ മാതാപിതാക്കൾ. അവൾ എന്റെ കൊച്ചനുജത്തി. ഇവർ തന്നെയാണ് എന്റെ ലോകം. ഇവർക്കുവേണ്ടിയാണെന്റെ ജന്മം. ഞാൻ എങ്ങനെ ഇവരുടെതായി എന്ന് ഒരിക്കലും ആരോടും ചോദിച്ചിട്ടില്ല. അറിയാനും ആഗ്രഹിച്ചിട്ടില്ല. എന്നാൽ സമൂഹം പറയുന്നു ഈ കുടുംബത്തിൽ ഞാൻ അന്യനാണെന്ന്. ഒരിക്കൽ പോലും അന്യതാബോധം ഈ കുടുംബത്തിൽ നിന്നും എനിക്കനുഭവപ്പെട്ടില്ല. പക്ഷേ ഇദ്ദേഹം നിർദ്ദേശിക്കുന്നു എന്റെ ജന്മരഹസ്യം അന്വേഷിക്കാൻ. ഇദ്ദേഹം എന്റെ വഴികാട്ടി. ശരിയായ വഴികാട്ടി. ഇംഗിതത്തിന് വഴങ്ങി വ്യത്യസ്തമായി സംസാരിക്കില്ല.

അദ്ദേഹത്തിന്റെ ശിരസ്സ് അപ്പോഴും എന്റെ തോളുകളിൽ വിശ്രമിക്കുകയായിരുന്നു. എന്തെന്നില്ലാത്ത ഭയം എന്നിൽ കടന്നുകൂടി. സൂക്ഷ്മതയോടെ ശ്വാസചലനങ്ങളെ നിരീക്ഷിച്ചു. അദ്ദേഹം നിശ്ചലനായിരിക്കുന്നു പുതിയ ജന്മത്തിന്റെ തയ്യാറെടുപ്പിനായി. അദ്ദേഹം പറഞ്ഞത് ഞാൻ വീണ്ടും ഓർത്തു.

“മനസ്സിന്റെ സൃഷ്ടികർത്താവ് നീ തന്നെയാണ്. നിന്റെ സൃഷ്ടി തന്നെയാണ് നിന്റെ ശത്രു. യാഥാർത്ഥ്യത്തിലേക്കുള്ള തടസ്സവും.”

## രണ്ട്

നന്മയുടെ പാതയിൽ എന്നും സഞ്ചരിച്ച എന്റെ അച്ഛന്റെ ഇന്നത്തെ അവസ്ഥ! ഇന്നലെ വരെ അന്തിക്കവലയിൽ എന്നോടൊപ്പം മത്സരിച്ചു നടന്നയാൾ നാഴികകൾക്കുള്ളിൽ ശയ്യാവലംബിയായത് കാലത്തിന്റെ വികൃതി. അല്ലെങ്കിൽ തിരക്കഥയുടെ മറ്റൊരു ഘട്ടം. എന്റെ പ്രിയപ്പെട്ട അച്ഛൻ ഒന്നുരിയാടാൻ പോലും കഴിയാതെ, ശരീരംപോലും അനക്കാൻ കഴിയാതെ ദയനീയമായി എന്നെ നോക്കി. കണ്ണുകളിലെ നിസ്സംഗത എന്നെ വല്ലാതെ സ്പർശിച്ചു. ഒരിക്കൽപോലും ചിന്തിക്കാൻ കഴിയാത്ത അദ്ദേഹത്തിന്റെ മരണം – ഞാൻ ഒരു നിമിഷം അദ്ദേഹത്തിന്റെ മരണം ആഗ്രഹിച്ചു. ഞാൻ നൽകിയ അന്നം കഴിക്കാൻ അദ്ദേഹം കാണിക്കുന്ന വ്യഗ്രത എന്നെ സ്പർശിച്ചു. ഈ അവസ്ഥ അദ്ദേഹത്തിനായി സ്വയം ഏറ്റെടുക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ എന്നാശിച്ചുപോയി. ഏതൊരാൾക്കും സംഭവിക്കാവുന്ന പ്രപഞ്ചനാടകത്തിന്റെ യഥാർത്ഥ നടനം.

കടിക്കുന്ന കൊതുകിനെ ഒന്ന് ആട്ടിപ്പായിക്കാൻപോലും കഴിയാതെ കണ്ണീരൊഴുക്കുന്ന അച്ഛന്റെ അവസ്ഥ എന്നെ വല്ലാതെ വേദനിപ്പിച്ചു. ബ്രിട്ടീഷ് ഇന്ത്യയും സ്വതന്ത്ര ഇന്ത്യയും ഇന്ത്യ വിഭജനകാലവും കണ്ട സൈനികക്കരുത്തിന്റെ നിശ്ചലതയിൽ എന്റെ മനസ്സ് തേങ്ങി. സൈന്യത്തിന്റെ വീരകഥകൾ പറഞ്ഞു ഞങ്ങളെയും ഒരു ഗ്രാമത്തെതന്നെയും ത്രസിപ്പിച്ചിരുന്ന അച്ഛന്റെ നിസ്സംഗത കണ്ടപ്പോൾ ഒരു യോദ്ധാവിന്റെ മരണം ഞാൻ അദ്ദേഹത്തിൽ കണ്ടു. ഇന്ത്യാ വിഭജനകാലത്ത് ഇന്ത്യൻ സൈന്യത്തിലെ മുന്നണി പോരാളിയായിരുന്നപ്പോൾ കിട്ടിയ നിധിയാണ് ഞാൻ എന്ന് അദ്ദേഹം പറയുമായിരുന്നു. പിന്നാമ്പുറ കഥ പറയാൻ അച്ഛൻ ആഗ്രഹിച്ചതുമില്ല, ഞാൻ ആവശ്യപ്പെട്ടതുമില്ല.

സൈനികവേഷത്തിലുള്ള സ്വന്തം ഛായാചിത്രത്തിൽ അച്ഛൻ ദയനീയമായി നോക്കി. പഴയകാല വീരസംഭവങ്ങൾ അച്ഛൻ ഓർക്കുന്നുണ്ടാകാം. അച്ഛന്റെ കണ്ണീർധാരയിൽ ധീരതയുടെയും നിശ്ചയദാർഢ്യത്തിന്റെയും ഒഴുക്കുണ്ടെന്നെനിക്കു തോന്നി. എന്നോട് എന്തൊക്കെയോ പറയണമെന്നുണ്ടെന്നും. ആരൊക്കെ അദ്ദേഹത്തിനു ചുറ്റുമുണ്ടായാലും അച്ഛന്റെ നോട്ടം എന്നിൽ മാത്രമായിരിക്കും. അച്ഛന്റെ കണ്ണുകൾ എന്നെ

പിന്തുടരും. എല്ലാവരും പോയിക്കഴിഞ്ഞാൽ അച്ഛന്റെ അരികിൽ ഞാനുണ്ടാകും. ഞാനും അച്ഛനും മാത്രമായ ഒരു ലോകം. എന്നിലൂടെ അച്ഛൻ ജീവിക്കാൻ ശ്രമിക്കുന്നു. അച്ഛന്റെ നിശ്ചലാവസ്ഥയിലെ ശരീര മനസ്സുകളുടെ അസ്വസ്ഥത എനിക്ക് അനുഭവപ്പെടുന്നു. കൂടുവിട്ട് കൂടു മാറ്റം എന്ന പഴമൊഴിപോലെ. അദ്ദേഹത്തിന്റെ ചിന്തകൾക്കനുസരിച്ച് ഞാൻ പ്രവർത്തിക്കാൻ തുടങ്ങി. പറയാതെതന്നെ അച്ഛന്റെ ആവശ്യ ങ്ങൾ അറിയാൻ കഴിയുന്നു. അച്ഛന്റെ വിശപ്പുപോലും എനിക്കറിയാ മെന്നായി. ഉറക്കത്തിന്റെ ഗാഢതയിൽ അച്ഛൻ കണ്ണുതുറന്നാൽ ഞാനും ഉണരും.

അച്ഛന്റെ സൈനിക സുഹൃത്ത് സുഗതേട്ടൻ എന്നും സന്ദർശ നത്തിനായി എത്താറുണ്ടായിരുന്നു. സുഗതേട്ടന്റെ സാന്നിധ്യം അച്ഛന് ആശ്വാസം നൽകുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി. കിടക്കയിൽ അച്ഛന്റെ തലയ്ക്കരികിൽ സുഗതേട്ടൻ ഇരിക്കും. അച്ഛന്റെ നെറ്റിത്തടം പതുക്കെ തടവും. എനിക്കു പുറത്തുപോകേണ്ടിവന്നാൽ സുഗതേട്ടൻ മാത്രമായി രുന്നു സഹായം. സുഹൃത്ബന്ധത്തിൽ ഇത്രത്തോളം ലാളനയും ആഴവും ഉണ്ടെന്ന് ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. വല്ലപ്പോഴും ഓടിയെത്തുന്ന അനുജത്തി. വന്നുകഴിഞ്ഞാൽ പിന്നെ തിരികെ പോകാ നുള്ള ധൃതിയാണ് അവൾക്ക്. അനുജത്തിയെ ഞാൻ കുറ്റപ്പെടുത്തിയില്ല. എനിക്ക് പരിഭവവുമില്ല. ഭർതൃഗൃഹം തന്നെയാണ് അവളുടെ ദേവാലയം. അവൾ ഉത്തമകുടുംബിനിയായതിൽ എനിക്ക് അഭിമാനം തോന്നി. ഇവിടെ അച്ഛന് ഞാൻ ഉണ്ടല്ലോ. മറ്റൊരവസ്ഥ ആയിരുന്നെങ്കിൽ ഒരു പുത്രി യുടെ കടമ അവൾ നിർവഹിക്കുമെന്ന് എനിക്കുറപ്പുണ്ട്.

അമ്മയുടെ മരണശേഷം അച്ഛൻ പൊതുവേ നിശ്ശബ്ദനായിരുന്നു. സുഗതേട്ടൻ മാത്രമായിരുന്നു അച്ഛന്റെ ഒരേയൊരു ആശ്വാസം. ഇപ്പോ ഴത്തെ അവസ്ഥയിലും അങ്ങനെ തന്നെ. സുഗതേട്ടൻ വന്നാൽ പഴയ കഥകൾ പറഞ്ഞുതുടങ്ങും. ഞങ്ങളുടെ സംഭാഷണം അച്ഛൻ മനസ്സിലാ ക്കുന്നുണ്ടെന്ന് മുഖചലനങ്ങളിലെ അസ്വസ്ഥതകളിൽ നിന്നും അറിയാം. അച്ഛന്റെ മനസ്സ് എനിക്കു കാണാൻ കഴിയുന്നുണ്ട്. അച്ഛന് എന്നോട് എന്തോ പറയാനുണ്ടെന്നു ഞാൻ മനസ്സിലാക്കി. പലപ്പോഴും ഇത് സുഗതേട്ടനോടു സൂചിപ്പിച്ചു. അപ്പോഴെല്ലാം വളരെ ദയനീയമായി സുഗതേട്ടനെ നോക്കും. പിന്നെ തോരാത്ത കണ്ണീരായിരിക്കും. ആ മന സ്സിലെ വിങ്ങൽ എനിക്കു വ്യക്തമായി അനുഭവിക്കാൻ കഴിയുന്നു. അന്തരീക്ഷത്തിൽ അതിന്റെ സ്പന്ദനം അലയടിക്കുന്നതായി അറിയാം. അനുജത്തിക്ക് സ്ഥിരമായി വരാൻ കഴിയാത്ത അവസ്ഥ അവളോടു ഞാൻ അങ്ങോട്ടു പറയുകയായിരുന്നു. അനുജത്തിയുടെ മനസ്സ് വായി ക്കാൻ എനിക്കു കഴിഞ്ഞു.

തൈവിളപൂയ്യത്തിന് എന്നെയും അനുജത്തിയെയും തോളിലേറ്റി

അച്ഛൻ മലകയറിയത് ഞാൻ ഇന്നും ഓർക്കുന്നു. എന്തൊരു കരുത്തായിരുന്ന ആ ശരീരത്തിന്. അച്ഛൻ കൂടെ ഉണ്ടെങ്കിൽ ഈ ലോകം എനിക്ക് നിസ്സാരമെന്നു തോന്നിച്ച ബാല്യം. ഇന്നും ഈ അവസ്ഥയിലും അദ്ദേഹത്തോട് ആരാധനയാണ്. വാക്കുകൾകൊണ്ടുപോലും എന്നെ വേദനിപ്പിച്ചിട്ടില്ല. എന്റെ മനസ്സ് വായിച്ചതുപോലെ എന്റെ ഇഷ്ടങ്ങൾക്ക് കൂട്ടുനിന്നു. അമ്മയുടെ മരണസമയത്താണ് അച്ഛൻ ശാരീരികമായും മാനസികമായും തളരുന്നതു ഞാൻ കണ്ടത്. വിങ്ങിനിൽക്കുന്ന നഷ്ടബോധം ആ മുഖത്തെ വികൃതമാക്കി. പിന്നെയുള്ള അച്ഛന്റെ ജീവിതം എല്ലാത്തിൽനിന്നുമുള്ള ഒളിച്ചോട്ടമായിരുന്നു. പുറത്തിറങ്ങുന്നത് കുറഞ്ഞു. ഞാനും അച്ഛനും മാത്രമായുള്ള ഒരു ലോകം ഉരുത്തിരിയുകയായിരുന്നു. അമ്മയുടെ നഷ്ടം എന്നിലൂടെ മറക്കാൻ അദ്ദേഹം ശ്രമിച്ചു. ഞാൻ എപ്പോഴും സമീപത്തുണ്ടാകണം എന്നത് ഒരു ശാഠ്യമായി മാറി. ഞാൻ പുറത്തുപോയാൽ തിരികെ വരുന്നതുവരെ അസ്വസ്ഥനാകും. അശുഭചിന്തകൾ സ്വയം വാരിക്കൂട്ടും. ഞാൻ തിരികെ എത്തിയാൽ ശാസനയാണ്. വാക്കുകളിലൂടെയല്ല നിശ്ശബ്ദമായി പിണങ്ങി മാറി ഇരിക്കും. പിന്നെ കുറെനേരത്തേക്ക് സംസാരമില്ല. ഞാൻ വന്നത് അറിഞ്ഞതായിപോലും നടിക്കാറില്ല. സ്നേഹം കൂടുന്നിടത്തല്ലേ പിണക്കവും പരിഭവവും. ആ മനസ്സ് വേദനിപ്പിക്കാൻ ഞാനും ആഗ്രഹിച്ചില്ല. എന്റെ പുറത്തേക്കുള്ള യാത്രകൾ കുറച്ചു. പറമ്പിലെ കൃഷിയും അതിന്റെ പ്രതീക്ഷകളുമാകും കൂടുതലും ഞങ്ങളുടെ ചർച്ചാവിഷയം.

അമ്മ മരണപ്പെട്ടതിനുശേഷം അച്ഛൻ പറമ്പിൽ കൂടുതൽ ജോലി ചെയ്യാറില്ല. പൊതുവെ ശക്തി ക്ഷയിച്ചതുപോലെ. എല്ലാത്തിനും മേൽനോട്ടവും നിർദ്ദേശവും നൽകി ഒരു തലക്കെട്ടും കെട്ടി എന്റെ കൂടെ ഉണ്ടാകും. അച്ഛന്റെ നിർദ്ദേശവും ശാസനയും അനുസരിക്കാൻ എനിക്ക് അഭിമാനമാണ്. പട്ടാളച്ചിട്ടയിൽ തന്നെയാണ് എന്നെ വളർത്തിയത്. ഒരു സാധനം എടുത്താൽ തിരികെ അതേ സ്ഥലത്തുതന്നെ വയ്ക്കണം. അലക്ഷ്യമായി ഒന്നും ഇടാൻ പാടില്ല. ഒരു ജോലി തുടങ്ങിയാൽ അത് മുഴുമിപ്പിക്കണം. പകുതി നിർത്തി പോകാൻ പാടില്ല. 'കഴിയില്ല' എന്ന വാക്ക് ഉച്ചരിക്കാൻ പാടില്ല. ഇങ്ങനെ പോകുന്നു ശിക്ഷണം. കുട്ടിക്കാലത്ത് എനിക്ക് എതിർപ്പായിരുന്നു. ഇന്നിപ്പോൾ അതിന്റെ മൂല്യം ഞാൻ അനുഭവിക്കുന്നു. ആവശ്യമുള്ള വിദ്യാഭ്യാസവും തന്നു. ഉന്നതജോലിക്കുള്ള യോഗ്യതയുമുണ്ട്. പക്ഷേ, ഈ കൊച്ചു ഗ്രാമത്തെയും അച്ഛനെയും കൃഷിയെയും ഞാൻ വളരെ ഇഷ്ടപ്പെട്ടു. ഇവിടെതന്നെ കൂടാൻ ഞാൻ സ്വയം തീരുമാനിക്കുകയായിരുന്നു. എന്റെ ഇംഗിതം അച്ഛൻ എതിർത്തില്ല. വിശാലമായ ഈ പറമ്പിലെ വരുമാനം മതി കുടുംബത്തിന് സുഭിക്ഷം

ജീവിക്കാൻ. മാതാപിതാക്കളുടെ സ്നേഹത്തിന്റെ ഊഷ്മളതയിൽ വളർന്ന എന്നെപ്പോലെ മറ്റൊരാളില്ല എന്നാണ് എന്റെ വാദം. ഇന്നും ഞാൻ അദ്ദേഹത്തോടൊപ്പം. ശയ്യാവലംബിയായ അവസ്ഥയിലും എന്റെ ശരീരവും മനസ്സും അദ്ദേഹം ഉപയോഗിക്കുന്നു. ഞങ്ങൾ ഒന്നാണ്. ശരീരം വ്യത്യസ്തമായിരിക്കാം. ഈ അവസ്ഥയിലും അച്ഛന്റെ വികാരവും ചിന്തയും എനിക്ക് അറിയാൻ കഴിയുന്നു. അദ്ദേഹം മരണം ആഗ്രഹിക്കുന്നതായി ഞാൻ അറിയുന്നു. അതിലുപരി എന്നോടായി എന്തോ പറയാൻ വെമ്പൽ കൊള്ളുന്നതും. മുഴുമിപ്പിക്കാതെ നിർത്തിയ എന്റെ ജീവിതരഹസ്യം എപ്പോഴെങ്കിലും അത് പൂർത്തിയാക്കാൻ അച്ഛൻ ബാക്കി വെച്ചിരുന്നതായിരിക്കാം. പക്ഷേ, വിധി അദ്ദേഹത്തെ നിശ്ശബ്ദനാക്കി. വിധി ഇങ്ങനെയാണ്, നമ്മുടെ കണക്കുകൂട്ടലുകളെ മാനിക്കാറില്ല.

പലപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്, അച്ഛന്റെ സുഹൃത്ത് സുഗതേട്ടൻ വരുമ്പോൾ അച്ഛൻ അസ്വസ്ഥനാകും. കണ്ണുനീർ ധാരയായി ഒഴുകും. സംസാരിക്കാനുള്ള വ്യഗ്രത അദ്ദേഹത്തിന്റെ ശ്വാസപ്രവാഹത്തിൽ പ്രകടമാകും. സുഗതേട്ടനും അത് മനസ്സിലാക്കിയിരുന്നു. സുഗതേട്ടൻ പോകുമ്പോൾ അച്ഛൻ ദയനീയമായി എന്നെ നോക്കും. വിചാരം പ്രകടിപ്പിക്കാൻ കഴിയാത്ത അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥയിൽ എനിക്കു ദുഃഖം തോന്നി. എന്റെ കണ്ണുകൾ നിറയും. മനസ്സിലെ വേദന കണ്ണുനീരായി പുറത്തേക്കൊഴുകും. സുഗതേട്ടനും വളരെ അസ്വസ്ഥനായിരുന്നു. അച്ഛന്റെ വിചാരവും വികാരവും സുഗതേട്ടൻ വിശകലനം ചെയ്യാൻ തുടങ്ങി.

ഒരു ദിവസം സുഗതേട്ടൻ എന്നോടു ചോദിച്ചു. “നിന്നെക്കുറിച്ച് നിന്റെ അച്ഛൻ എന്താണ് പറഞ്ഞിട്ടുള്ളത്? നീ ഒരിക്കലും അറിയാൻ ആഗ്രഹിക്കാത്തതുകൊണ്ടാകാം നിന്റെ ജന്മരഹസ്യം ഒരുപക്ഷേ നിന്നോട് പറഞ്ഞുകാണില്ല. നിന്റെ അച്ഛൻ ഒരിക്കൽ എന്നോടു സൂചിപ്പിക്കുകയുണ്ടായി. എന്റെ അവസാനം അവൻ അതറിയണം. അതുവരെ അവൻ എന്റേതു മാത്രമായിരിക്കട്ടെ. കാലം എനിക്കുതന്ന നിധിയാണവൻ.”

സുഗതേട്ടൻ തുടർന്നു:

“ഭാരതത്തിന്റെ രണ്ട് ഘട്ടം അറിഞ്ഞവരാണ് ഞങ്ങൾ. ബ്രിട്ടീഷ് ഇന്ത്യയും സ്വതന്ത്ര ഇന്ത്യയും. ഈ രണ്ട് ഘട്ടത്തിനും ഇടയിലെ കറുത്ത ദിനങ്ങളായിരുന്നു ഇന്ത്യാവിഭജനം. മനുഷ്യക്കുരുതിയുടെ മനം മടുപ്പിക്കുന്ന കാഴ്ചകൾ. മൃഗങ്ങളെപോലും ലജ്ജിപ്പിക്കുന്ന ദിനങ്ങൾ. ജീവനുവേണ്ടിയുള്ള ആർത്തനാദങ്ങൾക്കാണ് കൽക്കട്ടയിലെ ഗരിയ ഗ്രാമത്തിൽ ഞങ്ങൾ സാക്ഷിയായത്. സ്വാതന്ത്ര്യസമരത്തിൽ വീരമൃത്യു വരിച്ച നമ്മുടെ ദേശസ്നേഹികളുടെ ആശയങ്ങളെയും സ്വപ്നങ്ങളെയും തിരസ്കരിച്ച കാഴ്ചകൾ ഗരിയ ഗ്രാമത്തിൽ താണ്ഡവമാടി. തലമുറകളെയും സംസ്കാരങ്ങളെയും ഒരു നിമിഷംകൊണ്ട് തച്ചുടയ്ക്കുന്നത് ഞങ്ങൾ

കണ്ടു. മതവികാരത്തെ ഞങ്ങൾ തള്ളിപ്പറഞ്ഞ നിമിഷം. അന്നുമുതൽ ഒരു മതത്തെയും ദർശനങ്ങളെയും ഞാൻ വിശ്വാസത്തിലെടുത്തിട്ടില്ല. ഈശ്വരസങ്കല്പം എന്നന്നേക്കുമായി ഉപേക്ഷിച്ചു. ലോകശാന്തിക്കു വേണ്ടി പ്രലോഭിപ്പിച്ച മതചിന്തകൾ അശാന്തിയിലേക്ക് വഴുതിവീഴുന്നതു ഞങ്ങൾ കണ്ടു. എന്റെ ഈശ്വരൻ – നിന്റെ ഈശ്വരൻ എന്ന സങ്കല്പം എന്നിൽ അന്യമായി. സത്യത്തിൽ ഈശ്വരൻ ഉണ്ടോ എന്നുപോലും ശങ്കിച്ചു. ആ കറുത്ത ദിനങ്ങൾ ഓർക്കുമ്പോൾ ഇപ്പോഴും ഈ ചോദ്യം എന്നിൽ ഉണരും. ഇന്നലെവരെ മതം മറന്ന് സുഖവും ദുഃഖവും പരസ്പരം പങ്കുവെച്ചു സഹകരിച്ചവർ ഏതോ മതഭ്രാന്തന്റെ തിരക്കഥയുടെ ഭാഗമാകുകയായിരുന്നു. ഇന്നലെവരെ അന്നം നൽകിയ കരങ്ങളെ വെട്ടിമാറ്റി പരസ്പരം ചോരയ്ക്കായി ആക്രോശിച്ചു. ആ ഉറക്കമില്ലാത്ത കാളരാത്രിയിൽ മതം എന്തെന്നറിയാത്ത, സ്വന്തം പേരുപോലും അറിയാത്ത, വേദന മാത്രം അറിയുന്ന പിഞ്ചുകുഞ്ഞുങ്ങളെയും അവർ വെറുതെ വിട്ടില്ല.

ഉറഞ്ഞുതുള്ളിയ മതഭ്രാന്ത് ദൈവസങ്കല്പത്തെ നിർജ്ജീവമാക്കി. ദുഃഖം മാത്രം വിശ്വാസികൾക്കു സമ്മാനിച്ച, ഈശ്വരവിശ്വാസത്തിന്റെ ബാക്കിപത്രമായി ഗരിയ ഗ്രാമം അവശേഷിച്ചു. ഇരുട്ടിൽ റോന്ത് ചുറ്റുമ്പോൾ ഞങ്ങൾ കണ്ടത് അടക്കിപ്പിടിച്ച നിശ്വാസങ്ങളുമായി കുടിലുകളിലെ വിളക്കണച്ച്, പ്രിയപ്പെട്ടവരെ മാറോടുചേർത്തുപിടിച്ച് ചെറിയ ശബ്ദത്തെപോലും ഭയപ്പെടുന്ന മനുഷ്യജന്മങ്ങൾ. നാളത്തെ സൂര്യോദയം അവർക്ക് ഉറപ്പില്ല. ചെയ്യാത്ത പ്രവൃത്തിക്ക് ശിക്ഷ വിധിക്കപ്പെട്ടവർ.

എല്ലാം കെട്ടടങ്ങിയ ശാന്തത അല്ലെങ്കിൽ പൊട്ടിത്തെറിക്കാനുള്ള നിശ്ശബ്ദത ഗരിയ ഗ്രാമത്തെ വലയം ചെയ്തിരിക്കുന്നു. ഭയം ജനിപ്പിക്കുന്ന പ്രകൃതി. ഏതു നിമിഷവും ആക്രമിക്കപ്പെടാവുന്ന സൈനികർ. വീണ്ടുമൊരു കുടുംബസംഗമസാധ്യത ഉപേക്ഷിച്ച് ഗരിയ ഗ്രാമത്തിൽ ഞങ്ങൾ റോന്തുചുറ്റി. കത്തിക്കരിഞ്ഞ മൃതശരീരങ്ങൾ ചികഞ്ഞെടുക്കുമ്പോൾ മനസ്സ് മരവിച്ചുപോയി. ഒന്നുമറിയാത്ത പിഞ്ചുകുഞ്ഞുങ്ങളെ അവർ എന്തിന് ഇങ്ങനെ എന്ന് ഞങ്ങൾ ഒരുപോലെ ചിന്തിച്ച നിമിഷങ്ങൾ. വികൃതമായ ശരീരഭാഗങ്ങളുമായി, മതദർശനങ്ങൾക്ക് ചോദ്യചിഹ്നമായി ജീവിക്കുന്ന പലരും ഇന്നുമുണ്ടാകാം ഗരിയ ഗ്രാമത്തിൽ.

ഒരു രാത്രിയിൽ കൈക്കുഞ്ഞുമായി ഭയന്നോടിയെത്തിയ ഒരു അമ്മയെ ഇന്നും ഞാൻ ഓർക്കുന്നു. ഇരുട്ടിൽ മുഖമോ വേഷവിതാനമോ കാണാൻ കഴിഞ്ഞില്ല. പക്ഷേ, അവരുടെ ശബ്ദത്തിൽ ഭയം തളംകെട്ടി നിൽക്കുന്നത് ഞങ്ങൾ അറിഞ്ഞു. ആ മഹതിയെ നീ അറിയേണ്ടവൾ, നിനക്കു ജന്മം നൽകിയ നിന്റെ മാതാവ്.

ചോരയും മൃതശരീരങ്ങളും കലാപക്കെടുതികളും കണ്ടു വിറങ്ങലച്ചു നിന്ന നിന്റെ ഈ അച്ഛന്റെ കൈയിൽ നിന്റെ മാതാവ് നിന്നെ തിരുകി വെച്ചു. എന്തോ കണ്ട് ഭയപ്പെട്ടപോലെ ഉറക്കെ കരയുകയായിരുന്നു നീയപ്പോൾ. ജീവിതത്തിലേക്കോ മരണശയ്യയിലേക്കോ എന്നറിയാതെ ഇരുട്ടിലേക്ക് ഓടി മറയുന്നതിനു മുമ്പ് നിന്റെ മാതാവ്, നിന്റെ ഈ അച്ഛന്റെ മുഖത്തുനോക്കി പറഞ്ഞത് ഇന്നും ഞാൻ ഓർക്കുന്നു. “എല്ലാം നഷ്ട പ്പെട്ടു. നിങ്ങൾ ഏതു മതക്കാരനാണെങ്കിലും സമാധാനസംരക്ഷകനായ ഭടനാണ്. എന്റെ ഈ ജീവന്റെ തുടിപ്പ് നിങ്ങളിലൂടെ ജീവിക്കട്ടെ.” എന്തെങ്കിലും പ്രതികരിക്കാൻ നിന്റെ അച്ഛൻ പ്രാപ്തനാകുന്നതിനു മുമ്പ് ആ മാതാവ് ഇരുട്ടിലേക്ക് അന്തർധാനം ചെയ്തു.

കൽക്കട്ടയിലെ ഗരിയ ഗ്രാമത്തിൽ അന്ന് ഇദ്ദേഹം നിന്റെ അച്ഛനായി. സന്താനമില്ലാതിരുന്ന ഇദ്ദേഹത്തിന്റെ കുടുംബത്തിൽ നീ ഒരു നിധി തന്നെയായിരുന്നു. ഈ കുടുംബത്തിന്റെ വാത്സല്യത്തിടമ്പ്.

ഗരിയ ഗ്രാമത്തിൽ മതഭ്രാന്തിന്റെ കാഹളങ്ങൾ പലപ്പോഴും ഉറഞ്ഞു തുള്ളി. ഗ്രാമത്തിൽ നിന്റെ മാതാവ് ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ എന്ന് ഞങ്ങൾക്ക് അറിയില്ല. സ്വന്തം ജീവന്റെ തുടിപ്പ് സൂക്ഷിക്കാൻ ഏൽപ്പിച്ച ആ മാതാവിന് മരിക്കാൻ കഴിയില്ല എന്നെനിക്കുറപ്പുണ്ട്. അവർ എവിടെയോ കാത്തിരിക്കുന്നുണ്ടാകാം തന്റെ ജീവന്റെ തുടിപ്പ് തൊട്ടറി യാൻ.

എല്ലാവരെയും അദ്ഭുതപ്പെടുത്തി വളരെ പെട്ടെന്നാണ് നിന്റെ അച്ഛ നുമായി നീ പൊരുത്തപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട കരച്ചിൽ ആയിരുന്നില്ല നിനക്ക്. ആഗ്രഹിച്ചത് നേടിയ മന്ദസ്മിതമായിരുന്നു. പട്ടാളക്ക്യാമ്പിൽ എല്ലാവർക്കും പ്രിയപ്പെട്ടവനായി നീ.

ലഹള പെയ്ത് ഒഴിഞ്ഞപ്പോൾ ഞങ്ങൾ വീണ്ടും അന്വേഷിച്ചു. തേങ്ങുന്ന മാതാവിനെ വീണ്ടും തെരഞ്ഞു. ആ അമ്മയ്ക്ക് ശാന്തമാകാൻ കഴിയില്ല. ആ മാതാവിനെ ഓർത്ത് നിന്റെ അച്ഛന്റെ മനസ്സ് വിങ്ങുന്നു ണ്ടായിരുന്നു. ലഹള അവശേഷിപ്പിച്ച ഗരിയ ഗ്രാമത്തിൽ മരണപ്പെട്ട വരുടെയും കുടിയേറി പാർത്തവരുടെയും അതിർത്തി കടന്നുപോയ വരുടെയും കണക്കെടുപ്പ് അസാധ്യമായിരുന്നു. പലരും ഇന്ത്യാവിഭജന ത്തോടെ ബംഗ്ലാദേശിൽ ചേക്കേറിയിരുന്നു. ശേഷിക്കുന്നവർ പുതിയ ഇടം തേടി. സന്തതികൾ നഷ്ടപ്പെട്ട ഗരിയ ഗ്രാമത്തിന്റെ നിശ്ശബ്ദ തേങ്ങലു കൾ മാത്രം എവിടെയും അലയടിച്ചിരുന്നു. നിന്നെയുംകൊണ്ട് നാട്ടിലേക്ക് വണ്ടി കയറുമ്പോൾ നിന്റെ അച്ഛൻ പറഞ്ഞു: “നമ്മൾ തെറ്റൊന്നും ചെയ്യു ന്നില്ല അല്ലേ?” ജീവിതത്തിൽ ഇന്നോളം ഓരോ ദിവസവും അദ്ദേഹം ഈ ചോദ്യം ആവർത്തിച്ചു. ഒരുപക്ഷേ, ഇപ്പോഴും ഈ ചോദ്യത്തിന്റെ മുൾമുന അദ്ദേഹത്തെ വേദനിപ്പിക്കുന്നുണ്ടായിരിക്കാം.” സുഗതേട്ടൻ കണ്ണുകൾ തുടച്ചുകൊണ്ട് നിർത്തി. എനിക്ക് ഒരു ഭാവവ്യത്യാസവും

ഉണ്ടായില്ല. ഞാൻ അച്ഛനെ നോക്കി. അദ്ദേഹത്തിന്റെ കണ്ണുകളിൽ ശിക്ഷ പ്രതീക്ഷിക്കുന്ന ഒരു കുറ്റവാളിയുടെ ദയനീയത.

അച്ഛന്റെ ചുണ്ടുകൾ വരണ്ടിരുന്നു. അമൃതെന്നപോലെ ഞാൻ നൽകിയ മുഴുവൻ ജലവും അദ്ദേഹം ആർത്തിയോടെ കുടിച്ചു. ധാര യായി കണ്ണുനീർ ഒഴുകി. ഗതകാല സ്മരണയിലേക്ക് പറന്നകലുകയാ യിരിക്കാം. മുഖഭാവത്തിൽ വാത്സല്യം നിറയുന്നു. എന്തോ പറയാൻ ആഗ്രഹിക്കുന്നതായി തോന്നി. ആ ശ്രമം പരാജയപ്പെട്ടു. ഒരായിരം ചന്ദ്രകാന്തിയോടെ മുഖകമലത്തിൽ മന്ദസ്മിതം വിടർന്നു. നിശ്ചലമായ ആ ശരീരത്തിൽ അഭൗമമായ ഒരു ചൈതന്യം തുടിച്ചു. ആ ചൈതന്യം അന്തരീക്ഷത്തിൽ ഒരു മാസ്മരികത പകർന്നു. ഞാൻ നൽകിയ അമൃത ജലം ഇരുകവിളുകളിലുമായി വാർന്നൊഴുകി. അച്ഛന്റെ ശരീരം നിശ്ചല മായിരിക്കുന്നു.

## മൂന്ന്

**അ**ച്ഛന്റെ പിതൃകർമ്മങ്ങൾ യഥാവിധി അനുഷ്ഠിച്ചു. എന്റെ ഊർജ്ജം അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി സങ്കല്പിച്ച് സമർപ്പിച്ചു. പ്രിയപ്പെട്ട തെന്ന അവസാനബന്ധം അന്യമായി. അനുജത്തി യാത്രപറഞ്ഞ് ഇറങ്ങിയപ്പോൾ അന്യഥാബോധം മനസ്സിൽ അങ്കുരിച്ചു. ഞാൻ ഏകനായി എന്നത് ഒരു വാസ്തവമായി ഭവിച്ചു. അച്ഛന്റെ വികാരം തളംകെട്ടിയ മുറിക്കുള്ളിൽ നിർവികാരനായി ഇരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം ഇപ്പോഴും നിലനിൽക്കുന്നതായി തോന്നി. മനസ്സ് ആകെ മരവിച്ചുപോയി. ഇനി എന്തിനുവേണ്ടി എന്ന ചോദ്യം അവശേഷിച്ചു. തുറന്നിട്ട വാതിലിലൂടെ പുറത്തേക്കു നോക്കി. അനന്തതയിൽ ലോകം സന്തോഷത്തിലാണ്. കുട്ടികൾ ആർത്തുല്ലസിക്കുന്ന ശബ്ദം കേൾക്കാം. വൈകുന്നേരങ്ങളിൽ അമ്പലത്തിൽ ചെന്നിരിക്കും. എന്തെന്നില്ലാത്ത ശാന്തത മനസ്സ് ആഗ്രഹിക്കുന്നു. ചിന്തകൾ മരവിച്ചതുപോലെ. ശരീരം ചലനമാഗ്രഹിക്കുന്നില്ല. പ്രകൃതി മുഴുവൻ നിശ്ശബ്ദതയിലാണെന്ന തോന്നൽ. ശാന്തത ഒരു ലഹരിയായി. ലോകം ഉറങ്ങുമ്പോഴും ആ ശാന്തതയിൽ ലയിച്ച് ഞാൻ അവിടെ ഇരുന്നു. രാത്രിജീവികളുടെ കർണപുടം ഭേദിക്കുന്ന ശബ്ദം മുഴങ്ങി. അതിലും താളാത്മകത അനുഭവിക്കാൻ കഴിയുന്നു. മുമ്പിൽ ചിന്തയില്ലാത്തവന് സർവം ഏകമാകുന്നു. ഇനി എന്തെന്ന ചോദ്യം ഞാൻ മറന്നു.

അനുജത്തിയുടെ വരവ് കുറഞ്ഞു. കാലചക്രത്തെ തള്ളിനീക്കാൻ അവൾക്ക് സമയം കിട്ടുന്നില്ലായിരിക്കാം. അവൾ അവളുടേതായ ലോകം സൃഷ്ടിച്ചിട്ടുണ്ടായിരിക്കാം. അവളുടെ ലോകത്തിൽ എന്നെക്കുറിച്ചുള്ള ചിന്ത ഒരു ബാധ്യതയായിരിക്കാം. എന്നാലും എന്റെ മനസ്സ് അവൾക്കായി പ്രാർത്ഥിച്ചു. കാലം അവളുടെ മനസ്സിൽ നിന്നും എന്നെ മായ്ക്കുമായിരിക്കാം. അത് പ്രകൃതിനിയമം. തനിക്ക് ഗുണമുള്ളതിനെ മാത്രം ചിന്തിക്കുന്നതാണ് പുതിയ തലമുറ.

എവിടെയോ എന്നെയൊരു രക്തബന്ധം കാത്തിരിക്കുന്നു. സുഗതേട്ടൻ പറഞ്ഞതുപോലെ "സ്വന്തം ജീവന്റെ തുടിപ്പ്. സൂക്ഷിക്കാൻ ഏൽപ്പിച്ച മാതൃത്വത്തിന് ആ തുടിപ്പ് തൊട്ടറിയുവോളം മരിക്കാൻ കഴിയില്ല." എവിടെയായാലും ആ മാതൃത്വത്തിന് എന്റെ പ്രണാമം!

പല രാത്രികളിലും സ്വയം മറന്ന് അമ്പലവളപ്പിൽതന്നെ കിടന്നു

റങ്ങി. ഞാൻ പോലും അറിയാതെ അനാഥനായി മാറുകയായിരുന്നു. അല്ലെങ്കിൽ നിയോഗം എന്നെ അങ്ങനെ ആക്കിത്തീർക്കുകയായിരുന്നു. വീട്ടിലേക്കുള്ള യാത്ര വളരെ വിരളമായി. അമ്പലപരിസരങ്ങളിലും പ്രസാദമണ്ഡപത്തിലും മാത്രമായി ഒതുങ്ങിക്കൂടി. മാനസികനില തെറ്റിയ വനെന്ന് പ്രിയപ്പെട്ടവർപോലും വിധിയെഴുതി. എന്നാലും എനിക്കറിയാം ഞാൻ പൂർണബോധവാനാണ്. നിശ്ശബ്ദത ഒരു ലഹരിയായി ഞാൻ ആസ്വദിക്കുകയായിരുന്നു.

വേഷവിതാനത്തിലെ അസ്വീകാര്യതകൊണ്ടോ, പെട്ടെന്നുണ്ടായ എന്റെ പ്രകൃതത്തിലെ വ്യതിയാനംകൊണ്ടോ നാലമ്പലത്തിലേക്കുള്ള പ്രവേശനം എനിക്ക് നിഷേധിക്കപ്പെട്ടു. ശാന്തിക്കാരൻ നാലമ്പലത്തുനിന്ന് എന്നോട് പുറത്തുപോകാൻ ആജ്ഞാപിച്ചപ്പോൾ ബോധിരമൻ പറഞ്ഞത് ഓർമ്മവന്നു. “ദേഹമാണ് ഞാനെന്നുള്ള ബോധം നിലനിൽക്കെ അതിനേ ക്കാളും ഉറപ്പോടുകൂടി ആത്മാവാണ് ഞാനെന്ന അനുഭവം ഉണ്ടാക്കണം. ഈ ആത്മജ്ഞാനം ഞാൻ ദേഹമാണെന്നുള്ള ബോധത്തെ പുറന്തള്ളും.” ഞാൻ ചിന്തിച്ചു. എന്നിലും ശാന്തിക്കാരനിലും ഉൾക്കൊള്ളുന്നത് വ്യത്യസ്ത ദേഹബോധവും ഏകമായ ആത്മചൈതന്യവുമാണ്. എന്നിട്ടും ശാന്തിക്കാരൻ തിരിച്ചറിയുന്നില്ല.

സുഗതേട്ടൻ ചില ദിവസങ്ങളിൽ വരും. അച്ഛന്റെ ഓർമ്മകൾ അയ വിറക്കും. അച്ഛന്റെ സാന്നിധ്യം ജനിപ്പിച്ച് സുഗതേട്ടൻ പോയി കഴിയു മ്പോൾ ഞാൻ തീർത്തും ഏകനാണെന്ന ചിന്ത അലട്ടും. കണ്ണീരില്ലാത്ത കരച്ചിൽ ആത്മരോദനത്തിന്റെ ഉത്തുംഗാവസ്ഥ തന്നെയാണെന്ന് ഇപ്പോഴാണ് മനസ്സിലാക്കുന്നത്. കൃഷിയിലും അശ്രദ്ധ. എന്റെ അലസത യിൽ അനുജത്തിയുടെ ഭർത്താവ് പറമ്പിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. അതിൽ എനിക്ക് സന്തോഷവും തോന്നി. ഞാൻ എന്തിന് ഇവയെല്ലാം ഓർത്ത് പരിതപിക്കണം? ഇന്ന് സൂര്യോദയം കണ്ടു. അത് മാത്രമാണ് ഇന്നത്തെ സത്യം. വൈകുന്നേരത്തെ അസ്തമയം കാണാൻ ആഗ്രഹി ക്കുന്നുമില്ല. കാണുന്നെങ്കിൽ കാണട്ടെ. എന്റെ ഇച്ഛ അതിനായി പിന്തുട രുന്നില്ല. ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടം എന്നു തോന്നിയേക്കാം. എനിക്ക് ഇങ്ങനെ ചിന്തിക്കാനേ കഴിയുന്നുള്ളൂ. മറ്റൊരവസ്ഥ എന്നെ ചിന്തിപ്പിക്കുന്നില്ല. പുതിയ നിയോഗങ്ങൾക്കായി വ്യത്യസ്തമായ ചിന്ത കൾ. ഈ ചിന്തകളായിരിക്കും എന്റെ പുതിയ വഴികളിലേക്കുള്ള പ്രവേ ശനകവാടം. വിധിയുടെ ഭാഗമല്ലാതെ ഒന്നും സംഭവിക്കുന്നില്ല. എന്റെ ഈ നിർവികാരത്വം പുതിയ ദൗത്യത്തിനായിരിക്കാം.

ആരൊക്കെയോ എന്നെ ഉപദേശിച്ചു. അവർ എന്റെ നല്ലതുമാത്രം ചിന്തിച്ചവർ. അനുജത്തി ഒന്നും പറഞ്ഞില്ല എന്റെ മുന്നിലിരുന്നു വളരെ കരഞ്ഞു. ഞാൻ കണ്ടതായിപോലും നടിച്ചില്ല. അവൾ എന്നെ വെറു ക്കട്ടെ. എനിക്ക് സ്വയം അടർന്നുമാറാൻ ഇതാണൊരു വഴി. സുഗതേട്ടൻ ശാസിച്ചു. അതിനുള്ള അധികാരം അദ്ദേഹത്തിനുണ്ട്. എന്റെ ജന്മ രഹസ്യം എന്നോട് പറഞ്ഞതിൽ അദ്ദേഹം പരിതപിച്ചു. ആരെന്തു പറ ഞ്ഞാലും ഈ ജീവിതമാണെനിക്കിഷ്ടം. ഇന്ന് ഇവിടെ അമ്പലവളപ്പിൽ,

നാളെ ചിലപ്പോൾ വീട്ടിലായിരിക്കും. രാത്രിയിൽ ആൽമരച്ചുവട്ടിൽ പ്രകൃതിയുടെ ഭാഗമായി ജീവിക്കാൻ പ്രത്യേക സുഖംതന്നെ. എന്തൊരു ശാന്തതയാണ്! നിശാജീവികൾ താരാട്ടുപാട്ട് പാടും. പറവകൾ അതിരാവിലെ എന്നെയും ഉണർത്തും. എന്തൊരു കൃത്യതയാണ് അവരുടെ ദിനചര്യ. അവരുടെ കൃത്യതയ്ക്കൊത്ത് ഞാനും ജീവിച്ചുതുടങ്ങിയിരിക്കുന്നു. സൂര്യനുദിച്ചാലും ശയ്യയെ പുണർന്നു കിടക്കുന്ന മനുഷ്യർ ഇതു കണ്ടു പഠിക്കണം.

തുടർച്ചയായി പല ദിവസവും വീട്ടിൽ എന്നെ കാണാതായപ്പോൾ സുഗതേട്ടൻ അമ്പലത്തിലെത്തി. ശകാരത്തിന്റെ വേലിയേറ്റമായിരുന്നു അന്ന്. അച്ഛന്റെ സ്വഭാവമല്ല സുഗതേട്ടന് എന്ന് അന്നാണ് മനസ്സിലായത്. അദ്ദേഹത്തിന് എന്നോടുള്ള സ്നേഹത്തിന്റെ ആഴം തിരിച്ചറിഞ്ഞു. ഒരു തരത്തിൽ ഭ്രാന്തമായ പഴിപറച്ചിൽ. സ്വയം നിയന്ത്രിക്കാൻ അദ്ദേഹം പാടുപെടുന്നതു കാണാമായിരുന്നു. നിശ്ശബ്ദമായി എല്ലാം കേട്ടുനിന്നു. എന്നെ ശാസിക്കാനും ഒരാൾ ഉണ്ട് എന്നതിൽ അഭിമാനം തോന്നി. ഞാൻ വീട്ടിൽ പോയില്ലെങ്കിൽ അദ്ദേഹവും പോകില്ല എന്ന വാശിയായി. നിശ്ശബ്ദനായി അദ്ദേഹവും എനിക്കൊപ്പം ഇരുന്നു. ആ പിണക്കവും വാശിയും അദ്ദേഹത്തെ കൂടുതൽ കരുത്തനാക്കിയതുപോലെ. അദ്ദേഹത്തിന്റെ മടിയിൽ ഒരു കൊച്ചുകുട്ടിയെപോലെ തലവച്ചു ഞാൻ കിടന്നു. ഒരു നിമിഷംകൊണ്ട് അദ്ദേഹത്തിന്റെ ദേഷ്യം പെയ്തൊഴിഞ്ഞു. ഒരു പിതാവിന്റെ വാത്സല്യം അദ്ദേഹത്തിൽ അങ്കുരിച്ചതുപോലെ മുഖം പ്രസന്നമായി. അച്ഛന്റെ മടിത്തട്ടിലെ സുരക്ഷിതത്വവും സ്നേഹവും ഞാൻ അനുഭവിച്ചു.

“എനിക്ക് ഒന്നും സംഭവിച്ചിട്ടില്ല. സംഭവിക്കുകയുമില്ല. പ്രകൃതിയുടെ ഭാഗമായി ഇവിടെ കൂടുതൽ കഴിയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ അച്ഛൻ മരണപ്പെട്ടു എന്നത് ഞാൻ ഉൾക്കൊള്ളുന്നു. എന്റെ ഇന്നത്തെ അവസ്ഥ ഇതുമായി ബന്ധപ്പെട്ടതല്ല. സമൂഹത്തിൽ നിശ്ശബ്ദനാകാൻ ഞാൻ ആഗ്രഹിക്കുന്നു. സുഗതേട്ടൻ എന്നെ മനസ്സിലാക്കണം. എല്ലാവരും ചിന്തിക്കുംപോലെ ഒരു മനോരോഗിയല്ല ഞാൻ. സുഗതേട്ടൻ എന്നെ സ്വതന്ത്രനാക്കണം. എന്റെ വിധിയുടെ വഴിയെ ഞാൻ യാത്രചെയ്യുന്നു. എന്റെ വഴികൾ ഞാൻ തെരഞ്ഞെടുക്കുന്നില്ല. മുന്നിൽ എത്തിപ്പെടുന്നവയെ ഞാൻ സ്വീകരിക്കുന്നു. അത്രതന്നെ.” ഞാൻ പറഞ്ഞതെല്ലാം സുഗതേട്ടൻ നിശ്ശബ്ദനായി കേട്ടു. നഷ്ടപ്പെട്ടത് തിരിച്ചുകിട്ടിയ സന്തോഷം അദ്ദേഹത്തിൽ പ്രതിബിംബിച്ചു. അദ്ദേഹത്തിന്റെ മടിയിൽ കിടക്കുകയായിരുന്ന എന്റെ നെറ്റിത്തടത്തിൽ തലോടി, ചുംബിച്ചു.

“ശരിയ നിന്നെ ആകർഷിക്കുന്നു. അതു തടയാൻ ഞാൻ അശക്തൻ” സുഗതേട്ടൻ ഇതു പറയുമ്പോൾ അനുഭവത്താൽ കരുത്താർജ്ജിച്ച സൈനികന്റെ ആവേശമുണ്ടായിരുന്നു.

എന്റെ ഗ്രാമം എന്നെ അകറ്റാൻ തുടങ്ങി. ചിരിച്ചടുത്തവർ പരിഹസിച്ചകന്നു. പ്രിയപ്പെട്ടവർ അപരിചിതഭാവം പ്രകടിപ്പിച്ചു. എന്റെ ഗ്രാമം എന്നെ തിരസ്കരിച്ചു. ബോധിരമൻ പറഞ്ഞതുപോലെ “എന്നിലെ

ബാഹ്യപ്രകൃതിയുടെ പ്രകടനമാണിത്. എന്തിനോ വേണ്ടിയുള്ള നിയോഗ ത്തിലേക്ക് വഴിതെളിക്കാൻ."

കാലത്തിന്റെ കണക്കുപുസ്തകത്തിൽ കൂട്ടലും കിഴിക്കലും ഉണ്ടാകും. കൂട്ടലിൽ സന്തോഷിച്ചിട്ടോ കിഴിക്കലിൽ പരിഭവിച്ചിട്ടോ കാര്യമില്ല. മുൻവിധിയോടെ എഴുതപ്പെട്ട ഉത്തരത്തിൽ എത്താൻ കാലം ഗണിതക്രിയ നടത്തിക്കൊണ്ടേയിരിക്കും. സൂത്രവാക്യം ഉത്തരത്തിൽ എത്തുവോളം അത് സംഭവിച്ചുകൊണ്ടേയിരിക്കും. എല്ലാവരും എന്നിൽ നിന്നകലുന്നു. എന്നിട്ടും എനിക്ക് അവരിൽനിന്നും അന്യനാകാൻ കഴി ഞ്ഞില്ല. ഞാൻ കൂടുതൽ മൗനിയായി. ഞാൻ എന്നെ നിരീക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളെ ബാഹ്യത്തിൽനിന്നും പിൻവലി ക്കാൻ പഠിച്ചു. അല്ലെങ്കിൽ ആരോ എന്നിൽ അതുണർത്തി. എന്റെ ഗ്രാമം അല്ലെങ്കിൽ എന്റേത് എന്ന ചിന്ത നിശ്ചലമായതുപോലെ. ബോധിരമൻ പറഞ്ഞത് ഞാൻ ഓർത്തു. "ഒരുവൻ വിശ്വാസത്തെ തിരസ്കരിക്കുന്നത് അവന്റേതായതെല്ലാം കൈവിടുമ്പോഴാണ്. ഏതെങ്കിലും ഒരു വസ്തു വിനെ തന്റേതാക്കുമ്പോൾ അവൻ ആ വസ്തുവിനോളം ചുരുങ്ങുന്നു."

ഈ പ്രകൃതി എനിക്ക് അന്യമല്ല. ഞാൻ തന്നെയാകുന്നു. കാലം എന്നെ എന്തൊക്കെയോ പഠിപ്പിക്കുന്നു. മനസ്സ് ഇപ്പോൾ എനിക്കൊപ്പം എത്തപ്പെട്ടിരിക്കുന്നു. ഞാൻ എവിടെയായിരുന്നാലും ഈ ഗ്രാമം എനിക്ക് ലാളിത്യം ചൊരിയുന്ന ഓർമ്മകൾതന്നെ. ഒന്നും ഇവിടെ അവസാനിക്കു ന്നില്ല, എല്ലാം തുടങ്ങുകയാണ്. കാലം എനിക്കായി എന്തോ കരുതി വച്ചിരിക്കുന്നു. പിൻതുടരുക, അതാണെന്റെ നിയോഗം. എന്റെ പ്രിയപ്പെട്ട തെല്ലാം ഇപ്പോൾ ഈ ഗ്രാമത്തിന് അവകാശപ്പെട്ടത്. അത് ഞാൻ ഇവിടെ ഉപേക്ഷിക്കുന്നു. ശേഷിക്കുന്ന ഓർമ്മകൾ എന്റേതുമാത്രം.

അനുജത്തി, എന്റെ വിരൽതുമ്പിൽ പിച്ചവച്ചവൾ. അവൾ എന്നിൽ ഉത്തരവാദിത്വബോധം ജനിപ്പിച്ചു. അച്ഛനും അമ്മയും സ്നേഹത്തിന്റെ മൂല്യം പ്രവൃത്തിയിലൂടെ കാണിച്ചുതന്നു. ഇന്നലെ പെയ്തൊഴിഞ്ഞ മഴ പുതിയ ശാസ്ത്രബോധം ജനിപ്പിച്ചു. മുളയ്ക്കാൻ വെമ്പൽ കൊള്ളുന്ന വൃക്ഷബീജം കർമ്മനിയോഗം കാണിച്ചുതന്നു. സൂര്യതാപം ശിരസ്സിലേറ്റി അഭയാർത്ഥിക്ക് തണൽ നൽകിയ വടവൃക്ഷം സഹനശക്തിക്ക് ഉത്തമ ഉദാഹരണമായി. പാദസ്പർശം ഏറ്റുവാങ്ങാൻ തലകുനിച്ച പുൽക്കൊടി എളിമയുടെ പ്രതീകമായി. എല്ലാം എനിക്ക് ആചാര്യന്മാർ. ഞാൻ എന്തിനു ദുഃഖിക്കണം? എല്ലാവരും എനിക്ക് പ്രിയപ്പെട്ടവർ. ഞാൻ യാത്രയാകുന്നു.

## നാല്

**ഞാ**ൻ എവിടെ എത്തിച്ചേർന്നു എന്നറിയില്ല. അലക്ഷ്യമായ യാത്രയിൽ ഏതോ തണൽമരച്ചുവട്ടിൽ വെച്ച് കണ്ണുതുറന്നു. ചുറ്റും ആൾക്കാർ കൂടി നിൽക്കുന്നു. പരിചിതമല്ലാത്ത വേഷവിതാനം. ഗ്രാമം വിടുമ്പോൾ ഞാൻ ഒന്നും ചിന്തിച്ചില്ല. 'യാത്ര, എന്നെ ഇല്ലാതാക്കാനുള്ള യാത്ര' – അത്ര തന്നെ. എവിടെയോ സഞ്ചരിച്ചു. എവിടെയെല്ലാമോ അന്തിയുറങ്ങി. ആരെല്ലാമോ ഭിക്ഷ തന്നു. പക്ഷേ, എന്തുകൊണ്ട് ഇവിടെ ഞാൻ ബോധ രഹിതനായി? ഈ കൂടിനിൽക്കുന്നവർക്ക് തികച്ചും അപരിചിതൻ. എന്നിട്ടും അവർ എന്റെ അബോധാവസ്ഥയിൽ ദുഃഖിക്കുന്നു. കണ്ണുകൾ തുറന്നു കാണാൻ അവർ ആഗ്രഹിക്കുന്നു. ബന്ധങ്ങൾ അങ്ങനെയാണ്. അദൃശ്യമായ ഒരു കൂട്ടിച്ചേർക്കൽ സകലതിനെയും ബന്ധിപ്പിക്കുന്നു. നാവുവരണ്ട എനിക്ക് ദാഹജലം തന്നു. എന്റെ വിശപ്പ് അവർ തിരിച്ച റിഞ്ഞു. എന്റെ വികാരം മനസ്സിലാക്കുന്നു. എനിക്ക് പുതിയ വസ്ത്രങ്ങൾ തന്നു.

അത് ഒരു ആശ്രമാന്തരീക്ഷമായിരുന്നു. ഞാൻ എങ്ങനെ ഇവിടെ യെത്തി എന്നറിയില്ല. അവർ എന്നെ കാണുന്നത് ഈ മരച്ചുവട്ടിൽ ബോധരഹിതനായ അവസ്ഥയിൽ. അലക്ഷ്യയാത്രയിൽ ഞാൻ വന്നു പെട്ടതായിരിക്കാം. എന്നാലും ഈ മരച്ചുവടും ഇതിലേക്ക് പിന്നിട്ട വഴി കളും എനിക്ക് ഓർമ്മയില്ല. അല്ലെങ്കിൽ അബോധാവസ്ഥയിൽ മറന്ന തായിരിക്കാം. ഒരു നിയോഗം എനിക്കായി ഇവിടെയും ഉണ്ടാകാം. പര സ്പരബന്ധമില്ലാതെ ഈ ലോകത്ത് ഒന്നും സംഭവിക്കില്ല.

എന്തെന്നില്ലാത്ത ഒരു ലയം എനിക്ക് ആശ്രമവാസികളോടും ആ അന്തരീക്ഷത്തോടും തോന്നി. ബോധിരമൻ പറഞ്ഞത് ഞാൻ ഓർത്തു: "ചിന്ത ചെന്നു പറ്റുന്നിടത്ത് തുടരാനുള്ള മോഹമുണ്ടാകുന്നെങ്കിൽ ഉറപ്പിച്ചുകൊൾക. സൂക്ഷ്മരൂപത്തിൽ തന്നിൽ ഉറച്ച വാസന പൊന്തി വരികയാണ്." ബോധിരമൻ പറഞ്ഞത് ശരിയാണ്. തന്നിൽ പ്രതിഷ്ഠി തമായ വാസനയെ ശരിയായ ദിശയിൽ തിരിച്ചുവിടാൻ കഴിഞ്ഞാൽ ജീവിതം വിജയങ്ങളുടേതു മാത്രമായിരിക്കും.

ആ ആശ്രമം എനിക്കു വളരെ ഇഷ്ടപ്പെട്ടു. സ്നേഹിക്കാൻ മാത്രം ശീലിച്ചവർ, അവർ ഒന്നിച്ചു ചിന്തിച്ച് പ്രവർത്തിച്ചു. പ്രവൃത്തിയിലെ

ആനന്ദം അനുഭവിച്ചു. ഞാൻ അവരുടേതായി മാറുകയായിരുന്നു. പ്രത്യേക നായകസ്ഥാനത്തിനായി അവർക്കിടയിൽ ആരുമില്ല. എല്ലാ ചിന്തകളും ഏകീകരിക്കപ്പെടുന്നു. അതിൽ അവർ ജീവിക്കുന്നു. പരദോഷ സൂക്ഷ്മനിരീക്ഷണബുദ്ധി അവർക്കില്ല. അവർക്ക് താത്പര്യം അവന വന്റെ ദോഷങ്ങൾ നോക്കിക്കാണുന്നതിനും തിരുത്തുന്നതിനുമാണ്. 'ഒരേയൊരു ബോധം' സൃഷ്ടിയുടെ ആധാരം. ഇത് അനുഭവത്തിൽ ആവർത്തിച്ചുറപ്പിക്കലാണ് ബോധാഭ്യാസം. ബോധിരമൻ പറഞ്ഞത് എനിക്കു മുമ്പിൽ കാണുന്ന യാഥാർത്ഥ്യവുമായി കൂട്ടിയോജിച്ചപ്പോൾ സത്യമായി തോന്നി. "നമ്മളെല്ലാവരും സകലതിന്റേയും ഉത്തരങ്ങൾ നമുക്കു പുറത്താണ് അന്വേഷിക്കുന്നത്. ഒന്നിനും ശരിയായ ഉത്തരം കിട്ടാത്തതും അതുകൊണ്ടുതന്നെ. ചോദ്യവും ഉത്തരവും നീ തന്നെ യാണ്, അത് കണ്ടെത്തേണ്ടവനും നീ തന്നെയാണ്."

ഭഗനിയമ്മ എന്റെ അരികിൽ വന്ന് എന്നെ തലോടി. മാതൃത്വത്തിന്റെ ആനന്ദം പുനരാവിഷ്കരിക്കപ്പെട്ടതുപോലെ തോന്നി. എന്തൊരു ചൈതന്യമായിരുന്നു ആ മുഖത്ത്! ചിന്തകളാൽ അലയടിച്ച എന്റെ മന സ്സിനെ തിരിച്ചറിഞ്ഞതുപോലെ ഭഗനിയമ്മ പറഞ്ഞു. "അനുഭവിച്ചതിനെ ചേർത്തുവെച്ചാണ് നമ്മൾ നമ്മുടെ പ്രകൃതിയെ സൃഷ്ടിക്കുന്നത്. അനു ഭവിച്ചതെല്ലാം വാസനാപ്രേരിതം മാത്രം. പല വാസനകളാൽ പ്രേരിത മായ മനസ്സ് ലക്ഷ്യത്തിന് തടസ്സമാണ്. ഒരു ലക്ഷ്യത്തിലേക്ക് വാസനയെ പാകപ്പെടുത്തണം. അപ്പോൾ ലക്ഷ്യം പ്രസക്തമാകും. വാസന നാമറി യാതെ നമ്മിൽ നിന്നും അകലുകയും ചെയ്യും. എത്ര ബലവാനായാലും അനേകം ശത്രുക്കളെ സൃഷ്ടിക്കുന്നത് അപകടമാണ്." ഞാൻ പ്രതി കരിച്ചില്ല. എന്നാൽ ശരിയിലേക്കുള്ള സൂചന ഭഗനിയമ്മയുടെ വാക്കു കളിൽ ഞാൻ ദർശിച്ചു.

ഇവിടെ ആശ്രമത്തിൽ നിത്യപ്രാർത്ഥനകളില്ല. ഭക്തിയുടെ പ്രകടന ങ്ങളില്ല. ഗുരുവും ശിഷ്യനുമില്ല. എല്ലാവരും പരസ്പരം ജ്ഞാനസംവാദം ചെയ്യുന്നു. വൈകുന്നേരങ്ങളിൽ എല്ലാവരും ഒന്നിച്ചുകൂടും. പരസ്പരം സംവദിക്കും. ഉത്തരങ്ങൾ കണ്ടെത്തും. പുതിയ ചോദ്യങ്ങൾ സൃഷ്ടിക്കും. വീണ്ടും സ്വകർമ്മത്തിൽ മുഴുകും. ഞാൻ ആശ്രമാന്തരീക്ഷവുമായി ഇഴുകിച്ചേർന്നു. കുറച്ചുദിവസങ്ങളേ ആയുള്ളൂവെങ്കിലും ദീർഘനാളത്തെ സമ്പർക്കമുള്ളതുപോലെ തോന്നി. എന്റെ മനനത്തിനു ഭംഗം വരാൻ തുടങ്ങി. ഭഗനിയമ്മ പറഞ്ഞതുപോലെ പുതിയത് മനസ്സിന്റെ സൂക്ഷ്മ തയിൽ നിന്ന് കേൾക്കാൻ തുടങ്ങി. പുതിയ പ്രകൃതി എന്നിൽ രൂപപ്പെട്ടു. മൗനാലയത്തിൽ അതിരാവിലെ ഞാൻ എത്തും. നിശ്ശബ്ദനായി ഞാൻ എന്നെത്തന്നെ നിരീക്ഷിക്കും. മനസ്സിനെ നിയന്ത്രിക്കാനും ശ്രദ്ധിക്കാനും ശ്രമിച്ചില്ല. അതിനെ അതിന്റെ വഴിക്കു വിട്ടു. അതിനെ പിൻതുടർന്നുമില്ല. ഭഗനിയമ്മ എന്നെ ഉപദേശിച്ചിരുന്നു. മർക്കട ചഞ്ചലമായ മനസ്സ് ബാഹ്യവിഷയങ്ങളിൽ ആകർഷിക്കപ്പെട്ടുകൊണ്ടേയിരിക്കും. നമ്മൾ

ശ്രദ്ധിക്കുംതോറും മനസ്സ് കൂടുതൽ നമ്മെ കബളിപ്പിക്കും. ശ്രദ്ധിക്കാതിരുന്നാൽ മനസ്സ് സ്വയം നിശ്ചലമാകും. ശാന്തിയുടെ പ്രായോഗികതലം ആദ്യമായി ഭഗനിയമ്മ എന്നെ പഠിപ്പിച്ചു. എന്നെ നിരീക്ഷിക്കാൻ എനിക്കു കഴിഞ്ഞു.

പകൽ സമയത്ത് ആശ്രമത്തിൽ എനിക്ക് കഴിയാവുന്ന ജോലികൾ ചെയ്തു. എല്ലാവർക്കും ഇപ്പോൾ ഞാൻ ഒരാശ്വാസമായി. എന്റെ അധ്വാനം വിളവെടുപ്പിന് കൊഴുപ്പേകി. ആശ്രമപ്രവർത്തനങ്ങളിൽനിന്ന് ഞാൻ അകന്നുനിന്നില്ല. പാചകപ്പുരയിൽ എന്റെ പ്രയത്നം രുചികരമായി. പ്രഭാതത്തിൽ എല്ലാവരും ഉണരുന്നതിനുമുമ്പ് ഞാൻ ഉണരും. മൗനാലയത്തിൽ പോകാൻ ധൃതിയാണ്. വൈകുന്നേരത്തെ കൂട്ടായ സംവാദത്തിൽ എന്നെയും ഉൾപ്പെടുത്തി. വിചാരങ്ങൾ ഞങ്ങൾ പങ്കുവച്ചു, വിശകലനം ചെയ്തു. പ്രായോഗികത വിലയിരുത്തി, ജീവിതത്തിൽ പകർത്തി. ഓരോ സംവാദങ്ങളും വെറും ആശയവിനിമയം മാത്രമായിരുന്നില്ല, പുതിയ കണ്ടെത്തലുകൾ ജീവിതത്തിന്റെ ഭാഗമാക്കാവുന്ന പ്രവർത്തനങ്ങളായിരുന്നു.

ഭഗനിയമ്മ എന്നെ നിശ്ശബ്ദനാകാൻ അനുവദിച്ചില്ല. എന്റെ പൂർവ്വചരിത്രം ചോദിച്ചതുമില്ല. എന്റെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. ഒരു തുടക്കക്കാരനോടുള്ള വാത്സല്യം എന്നോട് പ്രകടിപ്പിച്ചു. അല്ലാതെ അഗാധമായ മമതയിൽ അമ്മ ഒന്നിനെയും സമീപിച്ചില്ല. “എല്ലാത്തിനോടും മിതദൂരം” എന്ന് ഭഗനിയമ്മ എപ്പോഴും പറയാറുണ്ട്. സ്വന്തം ശരീരത്തോടുപോലും മിതദൂരം പ്രകടിപ്പിക്കണം. അല്ലെങ്കിൽ മരണഭയം കൂടുതൽ കടന്നുകൂടും. മരണത്തെക്കുറിച്ചുള്ള ഭയപ്പെടുത്തുന്ന ചിന്ത മരണത്തിന് കാരണമാകുന്നു.

ഭഗനിയമ്മ എന്നോട് കൂടുതൽ സംസാരിച്ചു. എന്റെ മനസ്സ് നിയന്ത്രണവിധേയമായിട്ടില്ല എന്ന് അമ്മ മനസ്സിലാക്കി. പിച്ചവയ്ക്കുന്ന കുഞ്ഞിന് അമ്മയുടെ കരങ്ങൾ തന്നെയാണ് തുണ. കുഞ്ഞു പ്രാപ്തനാകുമ്പോൾ അമ്മ കരമൊഴിയും. മൗനാലയത്തിലെ എന്റെ നിശ്ശബ്ദത അമ്മ ശ്രദ്ധിച്ചു. സംവാദങ്ങളിൽ അമ്മ എനിക്ക് ഊർജ്ജമേകി. ആദ്യമെല്ലാം പ്രഭാഷണങ്ങളിൽ നിന്നും ഞാൻ ഓടിയൊളിക്കാൻ ശ്രമിച്ചു. ഭഗനിയമ്മ എനിക്കു പ്രചോദനം നൽകി: “നീ ഉള്ളിൽ നിന്നും സംസാരിക്കൂ. ഉള്ളിലെ സൂക്ഷ്മതയിൽ ശ്രദ്ധിക്കുന്നവന് മഹാഭാഷ്യങ്ങൾ ജനിക്കും. അങ്ങനെയുള്ളവന് ബാഹ്യപ്രകൃതിയിലെ ചലനങ്ങൾ അറിയാൻ കഴിയില്ല. അറിയേണ്ടതുമില്ല. സൂക്ഷ്മതയിൽനിന്നും സ്ഫുരിക്കുന്നതു മാത്രമായിരിക്കും അവന്റെ ശരി. അന്യന്റെ വിലയിരുത്തൽ നീ അറിയേണ്ടതില്ല. അന്യൻ അവന്റെ ഭൗതികതലത്തിൽ ഏതുവിധേനയും വിവക്ഷിച്ചുകൊള്ളട്ടെ.”

ഭഗനിയമ്മയുടെ പ്രചോദനം എനിക്ക് കരുത്തു നൽകി. ഞാൻ ബാഹ്യപ്രതികരണം ശ്രദ്ധിച്ചില്ല. എനിക്കു ചുറ്റുമുള്ളവരുടെ മുഖങ്ങൾ കണ്ടില്ല,

ഞാൻ എന്റെ സൂക്ഷ്മതയിലേക്ക് മുഖംതിരിച്ചു. എന്റെ കാഴ്ചപ്പാടുകൾ സംവാദത്തിനായി മുന്നോട്ടുവച്ചു. എന്നിലെ സഭാകമ്പം ഇല്ലാതായി രിക്കുന്നു. നിർഭയം ആശയസംവാദത്തിനു കഴിയുന്നു. സദസ്സുകളെ അഭിമുഖീകരിക്കുന്നു. ഉറക്കെ സംസാരിക്കുന്നു. എന്നെയും അദ്ഭുത പ്പെടുത്തി തത്ത്വചിന്തകൾ ബഹിർഗമിക്കുന്നു. ഭഗനിയമ്മയുടെ മുഖത്ത് എന്റെ വിജയം ഞാൻ ദർശിച്ചു. ചിന്തകൾ എന്നെ വേട്ടയാടി. അച്ഛനും അമ്മയും അനുജത്തിയും സുഗതേട്ടനും പിന്നെ ഗരിയ ഗ്രാമവും. ഇങ്ങനെ പോകുന്നു എന്റെ അനിയന്ത്രിത മനോവ്യാപാരം. ഒരിക്കൽ ചിന്തയിൽ നിമഗ്നനായി മ്ലാനതയിലായിരുന്ന എന്നെ നോക്കി ഭഗനിയമ്മ പറഞ്ഞു. “ഒരാൾക്ക് മുന്നിൽ ജീവിതം കൊണ്ടു വന്നിടുന്ന കുറെ ചോദ്യ ങ്ങളാണ് ചിന്തകൾ. ഈ ചിന്തകൾക്കിടയിൽ ശരിയായ ഒരിടത്ത് എത്ത പ്പെടുന്നവനാണ് ജീവിതവിജയം.’

പെട്ടെന്നുള്ള കാലാവസ്ഥ വ്യതിയാനങ്ങൾ എന്നെ അദ്ഭുതപ്പെടു ത്തിയില്ല. ബാഹ്യത്തിലേക്കുള്ള നിരീക്ഷണം എന്നിൽ കുറഞ്ഞുവന്നു. രണ്ട് ശ്വാസങ്ങൾക്കിടയിലുള്ള നിശ്ശബ്ദത ദിനം മുഴുവൻ നിരീക്ഷിക്കാൻ ശ്രമിച്ചു, അനുഭവിച്ചു. ബോധിരമൻ പറഞ്ഞതാണ്, “നിന്റെ അസ്തിത്വം രണ്ടു ശ്വാസങ്ങൾക്കിടയിലെ നിഗൂഢതയിൽ തിരയുക. അപ്പോൾ അവിടെ നീ ആര് എന്ന ബോധം ജനിക്കും” അനന്തമാണ് ഈ ലോകം. അതിൽ ഞാൻ ഘടകപദാർത്ഥം തന്നെയാകുന്നു.

പലരും ആശ്രമത്തിൽ വരുന്നുണ്ട്. എല്ലാവരും മുൻപരിചയമുള്ളവർ എന്ന തോന്നൽ. ഭൗതികനേട്ടത്തിനായി ഉപാധി തേടി എത്തുന്നവരാണ് കൂടുതലും. അവർ തനിക്കു താഴെയുള്ളവരുമായി താരതമ്യം ചെയ്യാറില്ല. തനിക്കു മുകളിലുള്ളവരിലാണ് അവരുടെ അസൂയ. അവർക്കൊപ്പം എത്തണം. ഒന്നിലെത്തുമ്പോൾ അടുത്തതിലേക്കുള്ള ആശങ്ക. ഇതാണ് മോഹവലയത്തിന്റെ പ്രഹേളിക. സ്വപ്നത്തിൽ പാമ്പുകടിച്ചാൽ ഉണർന്ന് മരുന്നുവയ്ക്കേണ്ട ആവശ്യമില്ല, അത് സംഭവിച്ചത് സ്വപ്നത്തിലാണ് എന്ന തിരിച്ചറിവാണ്. പ്രപഞ്ചതാളമെല്ലാം സ്വപ്നമായി കാണുന്നവന് ആശങ്കയുടെ ആവശ്യമില്ല. എന്തു കൃത്യമായി, ബോധിരമൻ എന്നെ പറഞ്ഞു ധരിപ്പിച്ചു!

സന്ദർശകർ കൂടുതൽ പേരും ഭഗനിയമ്മയുടെ അടുത്തുകൂടും. അമ്മ യോടു സംസാരിക്കുന്നത് അവർക്ക് ഊർജ്ജം പകരും. പലരും ഇത് സമ്മതിച്ചിട്ടുണ്ട്. ചിലർ അങ്ങനെയാണ്. തന്നിൽ സംഭരിച്ചിരിക്കുന്ന അനുകൂലോർജ്ജം അന്യരിലേക്ക് ഒഴുക്കും. ചിലരെ കണ്ടുമടങ്ങുമ്പോൾ നമുക്ക് ഒരു പ്രത്യേക ഉന്മേഷം അനുഭവപ്പെടും. ഭഗനിയമ്മ എന്നും അതി രാവിലെ മൗനാലയത്തിൽ എത്തും. പ്രപഞ്ചം ഉള്ളിലൊതുക്കി ശാന്തമായി ഇരിക്കും. ചിലപ്പോൾ കണ്ണുനീർ വാർന്നൊഴുകുന്നുണ്ടാകും. ശാന്തതയുടെ താളത്തെ ആസ്വദിക്കുന്നതായിരിക്കാം. മന്ദസ്മിത

ത്തിന്റെ പ്രഭ ആ മുഖത്ത് തളംകെട്ടി നില്ക്കുന്നതു കാണാം. ഭൂമിയെ വേദനിപ്പിക്കാതെയുള്ള ഭഗനിയമ്മയുടെ നടത്തം കണ്ടുനിൽക്കുന്നതു പോലും ആനന്ദമാണ്.

എന്റെ മനസ്സിൽ ഭഗനിയമ്മ ഒരു പ്രതിരൂപമായി, അനുകരിക്കാൻ കഴിയാത്ത വ്യക്തിത്വത്തിന്റെ ഉടമയായി പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞു. ആശ്രമജോലികൾ കഴിഞ്ഞാൽ അമ്മയുടെ അരികിൽ ചെന്നിരിക്കും. ഒരു കൂട്ടം സന്ദർശകർ അമ്മയ്ക്കുചുറ്റും എപ്പോഴും ഉണ്ടാകും. എല്ലാവരും നിശ്ശബ്ദർ. അമ്മയും ഒന്നും സംസാരിക്കാറില്ല. ആരും ഒന്നും ചോദിക്കാറില്ല. എന്നാലും ആ പ്രഭാവലയത്തിനുള്ളിൽ അനുകൂല ഊർജ്ജതരംഗമായിരിക്കും. അവിടം വിടുമ്പോൾ സന്ദർശകർക്ക് ആത്മനിർവൃതിയുടെ അനുഭൂതി ആയിരിക്കും. എന്തെങ്കിലും ആവശ്യ ത്തിനായി സന്ദർശകർക്കിടയിലിരുന്ന് എന്നോട് ആംഗ്യം കാണിക്കും. ആർക്കും ഒന്നും മനസ്സിലാകില്ല. എന്നാൽ അമ്മയുടെ ചിന്തയ്ക്കനുസരിച്ച് ഞാൻ പ്രവർത്തിക്കും. എല്ലാവർക്കും അവരവരുടേതായ ഊർജ്ജതാള മുണ്ട്. പ്രകൃതിക്കും. ആ ഊർജ്ജതാളം നമ്മളിൽ സ്വാധീനിക്കാൻ കഴി ഞ്ഞാൽ, തിരിച്ചറിയാൻ കഴിഞ്ഞാൽ ഭാഷയ്ക്ക് പ്രസക്തിയില്ല.

ആശ്രമത്തിൽ ആകെ ഉയർന്നുകേൾക്കുന്ന ശബ്ദം പ്രഭാതത്തിലും സായാഹ്നത്തിലും മുഴങ്ങുന്ന ശംഖനാദം മാത്രം. കേട്ടുമടുത്ത മണിയൊച്ചകളില്ല. ശരണനാമധ്വനികളില്ല. പ്രണവം ധ്വനിക്കുന്ന ശംഖ നാദം മാത്രം നിത്യവും മുഴങ്ങും. മൂന്നരമാത്രയിൽ ഇടമുറിയാതെ ക്രമേണ കുറഞ്ഞുവരുന്നതായ സ്വരം. ശംഖനാദം മുഴങ്ങുന്നതു കേൾക്കു മ്പോൾ മനസ്സ് അറിയാതെ ത്രസിച്ചുപോകും. പിന്നിട്ട ദിനങ്ങൾ അറി ഞ്ഞില്ല. ഞാൻ ആശ്രമത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ദിനങ്ങൾ വർഷങ്ങളായിരിക്കുന്നു. ഈ ആശ്രമം എന്നെ പലതും പഠിപ്പിച്ചു. പ്രായോഗികതയുടെ വ്യത്യസ്ത മേഖലയിൽ ഞാൻ സഞ്ചരിച്ചു. ആധ്യാ ത്മികതയുടെ പല തലങ്ങൾ അനുഭവിച്ചു. പല മുഖങ്ങൾ കണ്ടു. അവർ എല്ലാം എന്റെ പ്രിയപ്പെട്ടവർ ആയിരുന്നു. മഴയിൽ മുളപൊട്ടിയ കൂണുകൾ വേനലിൽ നശിക്കുകതന്നെ ചെയ്യും. ഇത് പ്രകൃതിനിയമം. എന്റെ ശരീരവും കാലത്തിന്റെ നിയന്ത്രണത്തിലാണ്. ഋതുഭേദങ്ങൾ അതിനെയും ബാധിച്ചിരിക്കുന്നു. എന്നിലെ ആത്മചൈതന്യം വിശപ്പും ദാഹവും ശോകമോഹങ്ങളും ജരാനരകളും കടന്ന് എന്നും നിലനിൽക്കും. ആത്മസ്വരൂപം നിത്യമാണ്. അത് സനാതനമാണ്. അഗ്നിക്ക് അഗ്നിയെ ദഹിപ്പിക്കാൻ കഴിയില്ല. ആത്മാവിന് ആത്മാവിനെ ദഹിപ്പിക്കാനും കഴിയില്ല. ജഡശരീരം ക്ഷയത്തെ ലക്ഷ്യം വയ്ക്കുന്നു. കാലം എന്നിലും പ്രവർത്തിച്ചുതുടങ്ങിയത് ഞാൻ അറിഞ്ഞു. പ്രായം എന്റെ ശരീര ത്തെയും ബാധിച്ചിരിക്കുന്നു. ഇത് പ്രകൃതിനിയമം.

ഭഗനിയമ്മ ഇപ്പോൾ കൂടുതൽ സമയവും മൗനാലയത്തിലാണ്. നട

ക്കാൻ പരസഹായം ആവശ്യമായി വന്നിരിക്കുന്നു. ജനിച്ച് പിച്ചവച്ച് വളർന്നു. പിച്ചവച്ച് അരങ്ങൊഴിയുന്നു. ഞാൻ കൂടുതൽ സമയവും ഭഗനിയമ്മയോടൊപ്പം ഉണ്ടാകും. എന്റെ അച്ഛനെ ശുശ്രൂഷിച്ച പ്രതീതി, ഇതും ഒരു നിയോഗമായിരിക്കാം. ഭഗനിയമ്മയുടെ അസാന്നിധ്യത്തിൽ സംവാദസായാഹ്നങ്ങൾക്ക് ശക്തികുറഞ്ഞു. രാത്രി വൈകുവോളം ഭഗനിയമ്മയുടെ അരികിൽ ഇരിക്കും. അതിരാവിലെ അമ്മയെ മൗനാല യത്തിൽ ഞാൻ എത്തിക്കും.

ഒടുവിൽ അതും സംഭവിച്ചു, മൗനാലയത്തിലെ ആ മന്ദസ്മിതം ഓർമ്മയായി. എന്റെ ചിന്തകൾ വീണ്ടും സടകുടഞ്ഞ് എഴുന്നേറ്റു. അട ങ്ങിയ മനസ്സ് വീണ്ടും സജീവമായി. മൗനം വീണ്ടും എന്നിൽ തലയു ണർത്തി. ആശ്രമം എന്നെ മരവിപ്പിക്കുന്ന ചിന്തകളിലേക്ക് തള്ളിവിട്ടു. ഭഗനിയമ്മ ഇല്ലാത്ത മൗനാലയം എന്നെ വീർപ്പുമുട്ടിച്ചു. ഭഗനിയമ്മയുടെ സാന്നിധ്യം ഞാൻ വളരെ ആഗ്രഹിച്ചു. ഞാനും അവസാനിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ചു. വല്ലാത്ത നിശ്ചലതയായിരുന്നു. എന്റെ ഇവിടത്തെ നിയോഗം അവസാനിച്ചെന്ന് മനസ്സ് മന്ത്രിച്ചു. നിയന്ത്രിക്കപ്പെട്ട മനസ്സ് എപ്പോഴും നല്ല വഴികാട്ടിയാണെന്ന ഭഗനിയമ്മയുടെ വചനം എനിക്കു പുതുജീവൻ നൽകി.

## അഞ്ച്

**കാ**ൽക്കട്ടയിലെ ഗരിയ ഗ്രാമം. കാലത്തിന്റെ കണക്കുകൂട്ടലാവാം എന്നെ ഇവിടെ എത്തിച്ചത്. രക്തബന്ധത്തിന്റെ ആകർഷണത്തിൽ ആരുടെയോ വിധിയുടെ ഭാഗമാകാൻ ഞാനിവിടെ എത്തിപ്പെട്ടു.

തിരക്കു കുറഞ്ഞ ഗ്രാമം. നാഗരികതയുടെ കടന്നുകയറ്റമില്ലാത്ത ജനത. ഹൈന്ദവ, ഇസ്ലാം ആരാധനാലയങ്ങൾ ചരിത്രത്തിന്റെ കഥ പറയുന്നു. പല ചോദ്യങ്ങൾക്ക് ഉത്തരമായും പുതിയ ചോദ്യങ്ങൾ ജനിപ്പിച്ചും നിലകൊള്ളുന്ന തകർക്കപ്പെട്ട ആരാധനാലയങ്ങൾ പലതും ഐക്യബോധത്തെ ഓർമ്മിപ്പിക്കുന്നു. സുഗതേട്ടൻ പറഞ്ഞ ഇന്ത്യാവിഭജനത്തിന്റെ രോദനം ഇപ്പോഴും നിലനിൽക്കുന്നതായി എനിക്കു തോന്നി. മതദർശനങ്ങളും പ്രവാചകരും പരാജയപ്പെട്ട ഗരിയ ഗ്രാമം. പ്രകൃതിഭംഗിയുടെ ഉത്തമമാതൃക. ഹുഗ്ലി നദിയുടെ തായ്‌വഴി ഒഴുകുന്ന ഗ്രാമം. ഈ നദീതടത്തിൽ പച്ചപിടിച്ച സംസ്കാരവും ഇപ്പോഴും പഴമയുടെ കഥ ഞെട്ടലോടെ ഓർക്കുന്ന ജനതയും. ഈ താഴ്‌വരയിൽ എവിടെവച്ചോ ആയിരുന്നു എന്റെ അച്ഛൻ എന്റേതായത്. ഇവിടെ എവിടെയോ വെച്ചാണ് ഒരു മാതൃഹൃദയം പിടഞ്ഞത്. തന്റേതു മാത്രമായ അവകാശത്തെ മറ്റൊരാൾക്കു കൈമാറിയത്. വേദനിക്കുന്ന ആ മാതൃത്വം ഈ ഗ്രാമത്തിൽ ഇപ്പോഴും ഉണ്ടായിരിക്കാം. ഞാൻ ഇവിടെ എത്തി എന്നതു തന്നെയാണ് അതിന്റെ തെളിവ്.

ഇന്ത്യാവിഭജനത്തിന്റെ കറുത്ത രാത്രികളിൽ കുരുതിക്കളമായ ഗരിയ ഗ്രാമം. മനുഷ്യത്വം മറന്ന മനസ്സുകൾ. ഈ പാതയിൽ എന്റെ അച്ഛന്റെ തോക്കിൻമുനയിൽ ആരെങ്കിലും ഹിംസിക്കപ്പെട്ടിട്ടുണ്ടോ എന്തോ? അങ്ങനെ ആകാതിരിക്കട്ടെ. അന്ത്യനാളിലെ അദ്ദേഹത്തിന്റെ അവസ്ഥ എവിടെയോ കർമ്മത്തിൽ പാപക്കറ ഓർമ്മിപ്പിക്കുന്നു.

അന്ധകാരത്തിന്റെ നിശ്ശബ്ദതയിൽ ഗരിയ ഗ്രാമത്തിൽ ആദ്യമായി കാൽവച്ചു. കൽക്കട്ടയെ ലക്ഷ്യംവച്ച് എന്നെയും കൊണ്ട് തീവണ്ടി പായുമ്പോൾ ഞാൻ അറിഞ്ഞുകൊണ്ട് എടുത്ത തീരുമാനമായിരുന്നു ഈ യാത്ര. മൗനാലയം വിട്ട് ഇറങ്ങുമ്പോഴും ഞാൻ ഗരിയയിലേക്ക് എന്ന് തീരുമാനിച്ചിരുന്നില്ല. എന്റെ ഗതിവിഗതികളെ മറ്റേതോ ശക്തി ദൃഢമായി സ്വാധീനിക്കുന്നുണ്ട് എന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. ഒഴു

കട്ടെ, ഇങ്ങനെ ഉത്തരവാദിത്വമില്ലാത്ത ജീവിതയാത്ര. ഈ ലോകത്തിൽ എന്നെ കാത്തിരിക്കാൻ ഇനി ഒരേ ഒരാൾ മാത്രമേയുള്ളൂ എന്ന് ഗരിയ ഗ്രാമത്തിൽ കാൽ കുത്തിയപ്പോൾ മനസ്സ് മന്ത്രിച്ചു. എവിടെനിന്നു തുട ങ്ങണം എന്റെ അന്വേഷണം? എനിക്കു ജന്മം നൽകിയ എന്റെ മാതൃത്വം. അവർക്ക് അവകാശപ്പെട്ടതാണ് ഇനി എന്റെ സാന്നിധ്യം. അവർ എന്നെ അതിയായി ആഗ്രഹിക്കുന്നുണ്ടാകും. അല്ലെങ്കിൽ ഇപ്പോൾ ഞാൻ ഇവിടെ എത്തില്ലായിരുന്നു. മനസ്സിലെ ഒന്നിനുവേണ്ടിയുള്ള അതിയായ മോഹം പൂർത്തീകരണത്തിന് കാരണമാകും.

പൂത്തുപാകമായ പരുത്തിതോട്ടം ഗ്രാമഭംഗിക്ക് പകിട്ടേകി. പരുത്തിതോട്ടത്തിനിടയിലെ ഒറ്റയടിപ്പാതയിലൂടെ ഞാൻ വളരെ ദൂരം നടന്നു. അവസാനിക്കാത്ത ഭൂപ്രദേശംപോലെ പരുത്തിതോട്ടം നീണ്ടു നിവർന്നു കിടക്കുന്നു. അവിടവിടെ നാമമാത്രമായ വൈദ്യുതി വിളക്കു കൾ. രാത്രിയിൽ തങ്ങാൻ ഒരിടംതേടി റാന്തൽവിളക്കിന്റെ വെളിച്ചം കണ്ട ഒരു കുടിലിലേക്ക് ഞാൻ നടന്നടുത്തു. പുതപ്പിച്ച കമ്പിളിക്കുള്ളിൽ നിന്നും ഒരു മുഖം പുറത്തുവന്നു. ഗ്രാമച്ചുവയുള്ള ഭാഷയിൽ എന്തുവേണം എന്നു ചോദിച്ചു. കാര്യം മനസ്സിലാക്കിയ അദ്ദേഹം ഒന്നും പറഞ്ഞില്ല. കുറച്ചു നേരം അലക്ഷ്യമായി ദൂരത്തേക്കു നോക്കി. വെളിച്ചം കുറഞ്ഞ വിളക്കിന്റെ തിരി അല്പംകൂടി ഉയർത്തി. വെളിച്ചം ഇരുട്ടിനെ ഭേദിച്ചു. അന്തരീക്ഷം കൂടുതൽ പ്രകാശമാനമായി. “ഞാൻ വെറും സൂക്ഷിപ്പുകാരൻ. മറ്റൊ രാൾക്കും ഇവിടെ പ്രവേശനമില്ല” എന്നദ്ദേഹം പറയുമ്പോൾ ഞാൻ ആകെ നിരാശനായി. അടുത്ത് ക്ഷേത്രപരിസരം ഉണ്ടോ എന്ന എന്റെ ചോദ്യം കേട്ടപ്പോഴാണ് എന്റെ വേഷവിധാനത്തിൽ അദ്ദേഹം ശ്രദ്ധി ച്ചത്. വർധിച്ച ബഹുമാനത്തോടെ അയാൾ ഇരുന്നിടത്തുനിന്നും എഴുന്നേറ്റു.

“താങ്കൾ ഒരു സന്ന്യാസിയാണെന്നു തോന്നുന്നു. പക്ഷേ, നിങ്ങളെ സൽക്കരിക്കാൻ എനിക്കവകാശമില്ല. ജമീന്ദർ അറിഞ്ഞാൽ എന്നെ ശാസിക്കും. എന്നോട് പരിഭവം തോന്നരുത്. ഇവിടന്ന് കിഴക്കോട്ട് നടന്നാൽ ഈ നടപ്പാത അവസാനിക്കും. അവിടുന്ന് അല്പം മുന്നോട്ടു പോയാൽ ശിവശക്തി മന്ദിർ കാണാം. പക്ഷേ, ഈ രാത്രിയിൽ അങ്ങ് അവിടെ പോയാൽ ആരും കാണില്ല അങ്ങയെ സഹായിക്കാൻ....” ഞാൻ ഒന്നും മിണ്ടിയില്ല. അയാളുടെ നിസ്സഹായാവസ്ഥ എനിക്കു നന്നേ ബോധ്യപ്പെട്ടു. ഞാൻ പോകാനായി തിരിഞ്ഞതും അദ്ദേഹം നിൽക്കാൻ അഭ്യർത്ഥിച്ചു. കുടിലിനകത്ത് പോയി ഒരു കൈവിളക്കും ഒരു പഴയ കിടക്കയും കൊണ്ടുവന്ന് എനിക്കു നീട്ടി.

“ഇവിടെ ഇഴജന്തുക്കൾ ധാരാളമുണ്ട്. ശ്രദ്ധിക്കണം. താങ്കളെ ഈ രാത്രിയിൽ ഒറ്റയ്ക്ക് അയയ്ക്കാൻ മനസ്സനുവദിക്കുന്നില്ല. ഇന്നൊരു ദിവസം ഇവിടെ അന്തിയുറങ്ങിക്കൊള്ളൂ. അതിരാവിലെ സൂര്യോദയ ത്തിനു മുമ്പ് പോകണം. അല്ലെങ്കിൽ ജമീന്ദർ അറിയും. ഒരു

കുടുംബത്തിന്റെ ചോറാണ് ഈ തൊഴിൽ.'' ഞാൻ വിളക്കും കിട ക്കയും വാങ്ങി ഇരുട്ടിന്റെ നിഗൂഢതയിൽ കിടക്കാൻ ഒരു സ്ഥലം തര പ്പെടുത്തി.

പുതുമയാർന്ന അനുഭവം. കാറ്റിന് താളം നൽകി പരുത്തിതോട്ടം ഇളകിമറിയുന്നു. പരുത്തിതോട്ടത്തിലെ സംഗീതം വല്ലാതെ ആകർഷിച്ചു. ആരുമില്ലാത്ത വഴി. ഈ വഴിയെ ഭയക്കുന്ന ജനങ്ങളായിരിക്കും ഗ്രാമ വാസികൾ. പക്ഷേ എനിക്ക് ഈ പ്രകൃതിയെ സ്നേഹിക്കാൻ അതിന്റേ താകാനാണ് തോന്നിയത്. സുഗതേട്ടൻ പറഞ്ഞതുപോലെ ഞാൻ ജനി ച്ചത് ഇവിടെയാണ്. ഇവിടെ വളർന്നിരുന്നെങ്കിൽ ഈ പാതയിൽ ഞാൻ അപരിചിതനാകുമായിരുന്നില്ല.

അതിരാവിലെ എഴുന്നേറ്റു. അന്തിയുറങ്ങാൻ അനുവദിച്ച അപരി ചിതന് ബാധ്യതയാകാൻ പാടില്ല. അദ്ദേഹം നിർദ്ദേശിച്ച ക്ഷേത്രവും തേടി സൂര്യോദയത്തിനു മുമ്പേ നടന്നു. ദൂരത്തുനിന്നുതന്നെ ക്ഷേത്രകവാടം കാണാം. ഒരു വിളക്കു മാത്രം ക്ഷേത്രകവാടത്തിൽ പ്രഭാതസൂര്യനെ നോക്കി ജ്വലിച്ചുനിൽക്കുന്നു. കാറ്റ് നിശ്ശബ്ദമായതുപോലെ. പരിസരം എനിക്കറിയില്ല. ക്ഷേത്രത്തിന്റെ ഭൂമിശാസ്ത്രവും എനിക്കറിയില്ല. നേർമണ്ഡപം എന്നു തോന്നിച്ച ചായ്പിൽ ഞാൻ ഇരുന്നു. എന്റെ പിതൃ മാതൃബന്ധങ്ങൾ നിലനിൽക്കുന്ന ഈ ഗ്രാമം ലഹരിയായി എനിക്കു തോന്നി. ഒരു പുതിയ സാഹചര്യത്തിൽ ഞാൻ എത്തിപ്പെട്ടിരിക്കുന്നു. വളരെ ചെറിയ തുടക്കത്തിൽ നിന്നാണ് മഹത്തായ പലതും ഭവിച്ചി ട്ടുള്ളത്. അതിനേ അസ്തിത്വമുള്ളൂ. എന്റെ തുടക്കവും അങ്ങനെതന്നെ. നിരാലംബനായി എനിക്ക് സ്വന്തം മണ്ണിൽ, രക്തബന്ധങ്ങൾ അരുകിലുള്ള ഈ ഗരിയ ഗ്രാമത്തിൽ പുനർജന്മം ലഭിച്ചിരിക്കുന്നു.

ട്രാക്ടറിന്റെ ഘനഗംഭീരമായ ശബ്ദം കേട്ടാണ് ഞാൻ സ്ഥലകാല ബോധത്തിൽ തിരിച്ചെത്തിയത്. അതിരാവിലെ കർഷകർ തോട്ടത്തി ലേക്കു പോകുന്നു കർമ്മനിരതനാകാൻ. പ്രഭാതം ഉണർന്നു. ഭൂമിയെ സ്നേഹിക്കുന്നവർ കർമ്മനിരതനായി, ദേവനെ സ്നേഹിക്കുന്നവർ ഇനിയും എത്തിയിട്ടില്ല. അമ്പലം ഇപ്പോഴും അടഞ്ഞുതന്നെ കിടക്കുന്നു. ഇന്നലെ സൂക്ഷിപ്പുകാരൻ എന്റെ സന്ന്യാസവേഷത്തെ ബഹുമാനിച്ചു. എന്റെ കാവിവസ്ത്രം കണ്ട് സന്ന്യാസിയെന്ന് മുദ്രകുത്തി. ഈ വേഷം ബഹുമാനമർഹിക്കുന്നു. എന്നാൽ ആത്മീയതയുടെ ഉത്തുംഗത്തിൽ സ്വയം സംജാതമാകേണ്ടതാണ് സന്ന്യാസം. മൗനാലയത്തിൽ നിന്നും എനിക്കു ലഭിച്ചതാണ് ഈ വേഷം. സന്ന്യാസി എന്ന് മുദ്രകുത്തിത്തന്ന തല്ല. ലളിതജീവിതത്തെ ഓർമ്മിപ്പിക്കാൻ തന്നതാണ് ഈ കാവിവസ്ത്രം. ബോധിരമൻ കാഷായവസ്ത്രധാരിയായിരുന്നില്ല. ബോധിരമൻ പറഞ്ഞത് ഇന്നും ഞാൻ ഓർക്കുന്നു.

"ജ്ഞാനം, വാസനാക്ഷയം എന്നീ ഗുണങ്ങളില്ലാത്തവൻ സന്ന്യാസ വേഷമണിഞ്ഞു നടന്നാൽ ഘോരമായ പാപം ചെയ്യുന്നു. അവർ

സന്ന്യാസത്തെ ഹനിക്കുന്ന പാപികളാണ്. എന്നിൽ വാസനക്ഷയം സംഭവിച്ചിട്ടില്ല. അതിനാൽ ഞാൻ സന്ന്യാസിയുമല്ല. എന്നിൽ നിലനിൽക്കുന്ന വാസനയെ ക്ഷയിപ്പിക്കാൻ ഇപ്പോഴത്തെ എന്റെ പ്രായം പര്യാപ്തമല്ല. വാസനാക്ഷയത്തിനായി ഞാൻ വീണ്ടും ജനിക്കും. ഞാൻ നൽകിയതും നീ ആർജ്ജിക്കുന്നതുമായ ജ്ഞാനം നീ എനിക്കായി സമാഹരിക്കണം. നിന്റെ ലിഖിതങ്ങൾ യഥാകാലം എന്നിൽ എത്തും." അതെ, ബോധിരമൻ പറഞ്ഞതുപോലെ അദ്ദേഹം പുനർജനിക്കും. ഏകമായ അദ്ദേഹത്തിന്റെ ആത്മാവ് പല ശരീരരൂപഭാവങ്ങളിലൂടെ പല തായി പുനരാവിഷ്കരിക്കാം. ഈ കുറിപ്പുകൾ ബോധിരമനുള്ള ഗുരു ദക്ഷിണ.

വാസനാക്ഷയം എന്നിൽ സംഭവിച്ചിട്ടില്ല. അതുകൊണ്ടല്ലേ ഇപ്പോൾ ഞാൻ ഇവിടെ, ഈ ഗരിയ ഗ്രാമത്തിൽ എത്തിയത്. ജ്ഞാനത്തിൽ പൂർണനല്ല എന്ന ഉത്തമബോധം എനിക്കുണ്ട്. ഈ കാഷായവേഷം ഞാൻ ഉപേക്ഷിക്കുന്നു. ഈ ഗ്രാമത്തിൽ എന്റെ പ്രിയപ്പെട്ടവർ ഉണ്ട്. രക്തബന്ധങ്ങൾ ഉണ്ട്. എന്റേത് എന്ന അവകാശം പതിവില്ലാതെ ഉണ രുന്നു. ഈ സന്ന്യാസവേഷം എനിക്കു ചേർന്നതല്ല. ഈ വേഷം ഞാൻ ഉപേക്ഷിക്കുന്നു. പക്ഷേ, മറ്റൊരു വസ്ത്രം? ഞാൻ ചുറ്റും കണ്ണോടിച്ചു. നേർമണ്ഡപത്തിന്റെ ഒരുവശത്ത് ക്ഷേത്രത്തിൽ നേർച്ചയായി സമർപ്പിച്ച വസ്ത്രങ്ങൾ അടുക്കിവച്ചിരിക്കുന്നു. പ്രകൃതി എനിക്കായി അതും കരുതിവച്ചു.

പുതിയ പ്രഭാതം ഉണർന്നു. ഉദയസൂര്യന്റെ ഊഷ്മളതയിൽ ഞാൻ എന്റെ ഗരിയ ഗ്രാമത്തെ ആദ്യമായി കണ്ടു. ഒരു രാത്രികൊണ്ട് എല്ലാം മാറിയിരിക്കുന്നു. എന്റെ വേഷവും വികാരവും പുതുമയാർന്നിരിക്കുന്നു. അന്തരീക്ഷം കുളിർമയിൽ. തണുത്ത കാറ്റ് എന്നെയും തഴുകി. നുരഞ്ഞു പൊന്തുന്ന തിരമാലയെ ഓർമ്മിപ്പിച്ച് പൂവിടർത്തിയ പരുത്തിച്ചെടികൾ കാറ്റിൽ തലയിളക്കത്തോടെ അലയടിക്കുന്നു. കഥ പറഞ്ഞു തുടങ്ങുന്ന പറവകൾ. ക്ഷേത്രം ഉണർന്നു, സ്തുതിഗീതങ്ങൾ ഉയർന്നു, മദ്രസയി ലേക്ക് ധൃതിയിൽ നടക്കുന്ന കുട്ടികൾ. താളം തെറ്റാത്ത ജീവിതചര്യ. മതൈക്യത്തിന്റെ ഓർമ്മപ്പെടുത്തൽ. എന്നിട്ടെന്തേ അതു സംഭവിച്ചു? എന്നെ ഈ ഗ്രാമത്തിൽ നിന്നും പിഴുതെറിഞ്ഞു?

പുതുമുഖമായ എന്നെ പലരും നോക്കി, അവരെല്ലാം ആരാണെന്ന് എനിക്കറിയില്ല. എന്നിലെ രക്തബന്ധത്തിന്റെ കൂട്ടിയിണക്കൽ അവരി ലുണ്ടാകുമോ? പതിവില്ലാത്ത ഒരു ധൃതി എന്നിൽ പ്രകടമായി. എന്റെ തായ്‌വേരറിയാൻ ഒരു മോഹം. എല്ലാവരെയും ഞാൻ സൂക്ഷിച്ചുനോക്കി. എന്റെ രൂപത്തിന് സാദൃശ്യമായ ആരെങ്കിലും ഉണ്ടാകുമോ? അങ്ങനെ തോന്നിച്ചവരെ എന്റെ കണ്ണുകൾ പിന്തുടർന്നു. അവർ അകലെ മറഞ്ഞ പ്പോൾ എന്തെന്നില്ലാത്ത നഷ്ടബോധം. വിശപ്പിന്റെ ഉൾവിളി ശരീര ബോധം ജനിപ്പിച്ചു. ദീർഘനാളത്തെ യാത്ര. ശരീരബോധം മറന്നുള്ള യാത്ര. മരണം ഞാൻ ഭയപ്പെട്ടിരുന്നില്ല. പക്ഷേ, ഇപ്പോൾ എനിക്ക് വിശപ്പ്

അറിയുന്നു, നിലനില്പിന്റെ ആവശ്യകത ബോധിപ്പിക്കുന്നു. പള്ളിയിൽനിന്ന് ബാങ്ക് വിളി മുഴങ്ങി. തൽക്ഷണം ക്ഷേത്രത്തിലെ സ്തുതി ഗീതധ്വനികൾ നിശ്ശബ്ദമായി. ബാങ്ക്‌വിളി അവസാനിക്കുവോളം അന്തരീക്ഷം നിശ്ശബ്ദമായിരുന്നു. വർഗീയ ചേരിതിരിവ് നടന്ന ഗ്രാമം എന്നെനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. നഷ്ടബോധത്തിൽ നിന്നും അവർ പുതിയ ബോധം ഉൾക്കൊണ്ടിരിക്കുന്നു. വിശപ്പുണ്ടായിരുന്നു. ഞാൻ സഞ്ചിക്കുള്ളിൽ പരതി. മൗനാലയത്തിൽ നിന്നും ഇറങ്ങുമ്പോൾ ശേഖരിച്ച ധാന്യവും ധനവും ജ്ഞാനവും ഗരിയയിൽ എത്തിയതും നിർജീവമായിരിക്കുന്നു. എല്ലാം പുതുതായി തുടങ്ങണം. വളരെ ശ്രമ ഫലമായി ഞാൻ ശീലിച്ചെടുത്ത അന്തർഇന്ദ്രിയ വീക്ഷണം നിശ്ചലമായിരിക്കുന്നു. ബാഹ്യേന്ദ്രിയങ്ങൾ വർധിച്ച രീതിയിൽ പ്രവർത്തന നിരതമായിരിക്കുന്നു. ഒരു പിറവിയുടെ തുടക്കം. ആത്മീയതലത്തിൽ നിന്നും ഭൗതികതലത്തിലേക്കുള്ള വ്യതിയാനം സംഭവിച്ചിരിക്കുന്നു. വ്യത്യസ്ത രീതിയിലുള്ള എന്റെ വേഷവിതാനം എല്ലാവരും ശ്രദ്ധിക്കാൻ തുടങ്ങി. ഈ ഗ്രാമത്തിൽ ഒരു അപരിചിതൻ എന്ന് അവർ എന്നെ തിരിച്ചറിയുന്നു.

അടുത്തുവന്ന ഒരു വൃദ്ധൻ എന്നെ നോക്കി. ആരെങ്കിലുമായുള്ള പരിചയം ഞാനും ആഗ്രഹിച്ചിരുന്നു. സുഹൃദ്ബന്ധങ്ങളിൽ നിന്നും ഒഴിഞ്ഞുമാറിയിരുന്ന ഞാൻ പുതിയ ബന്ധങ്ങൾ ആഗ്രഹിക്കുന്നു. എന്നിലെ വൈകാരിക വ്യത്യാസം എന്നെയും അദ്ഭുതപ്പെടുത്തി. ഒരു രാത്രികൊണ്ട് ഞാൻ ആകെ മാറിയിരിക്കുന്നു - ഇത്രയേയുള്ളൂ മനുഷ്യൻ. കാലചക്രത്തിന്റെ ചെറിയ വ്യതിയാനം മതി സർവ്വവും മാറി മറിയാൻ. ആഗതനായ വൃദ്ധന്റെ ചോദ്യത്തിനായി ഞാൻ കാത്തുനിന്നില്ല. ഞാൻ പറഞ്ഞു: "വളരെ ദൂരെനിന്നും വരുന്നു, വിശപ്പുണ്ട്. എന്തു തൊഴിൽ ചെയ്യാനും തയ്യാർ" ആഗതൻ കീശയിൽ നിന്നും കുറച്ചു രൂപയെടുത്ത് എനിക്കു നീട്ടി. കർമ്മത്തിന്റെ പ്രതിഫലമല്ല, ഇത് ഞാൻ എങ്ങനെ സ്വീകരിക്കും? എന്റെ മനസ്സ് ശങ്കിച്ചു. എന്റെ ഗ്രാമം, എന്റെ രക്തബന്ധങ്ങൾ. ചിലപ്പോൾ ഇത് ഞാൻ അർഹിക്കുന്നതായിരിക്കും. ബോധിരമൻ പറഞ്ഞതുപോലെ കുലബന്ധത്തിൽ ചെയ്യപ്പെടുന്ന പുണ്യം അടുത്ത തലമുറയ്ക്കെങ്കിലും കിട്ടാതിരിക്കില്ല. എന്റെ രക്തബന്ധത്തിൽ ആരോ ചെയ്ത പുണ്യം ഇന്നെനിക്ക് വിശപ്പകറ്റാൻ കാരണമായിരിക്കുന്നു. ആഗതൻ ഏതിന്റെയോ, എപ്പോഴോ സംഭവിച്ചതിന്റെയോ കണക്കുതീർക്കുകയാണ്. ഒരു അവകാശംപോലെ വച്ചുനീട്ടിയ രൂപ ഞാൻ വാങ്ങി. അന്നത്തെ വിശപ്പിന് അറുതിയായി. എന്നാലും എനിക്കു ജീവിക്കണം. നിയോഗങ്ങൾ വളരെ ഉണ്ടായിരിക്കാം. അല്ലെങ്കിൽ ഞാൻ ഇവിടെ എത്തില്ലായിരുന്നു. പരസ്പരബന്ധമില്ലാതെ ഒന്നും സംഭവിക്കില്ല. കവലയിൽ ചെന്നിരുന്ന് ഗ്രാമത്തെക്കുറിച്ച് അറിയാൻ ശ്രമിച്ചു. മനസ്സിലെ മുറിവുകൾ ഓർക്കാൻ അവർ ആഗ്രഹിക്കുന്നില്ല. വിദ്യാധരി, നദിയുടെ പ്രിയപുത്രി, ജാദവപൂർ ഭൂപ്രദേശം ഗരിയ ഗ്രാമം അവശേഷിക്കുന്ന എന്റെ

രക്തബന്ധം ഇവിടെ എവിടെയോ എന്നെ തേടുന്നുണ്ടായിരിക്കാം. ആഗ്രഹിക്കുന്നുണ്ടായിരിക്കാം. വളരെ പെട്ടെന്നാണ് ഗരിയ ഗ്രാമം എന്റേതായി മാറിയത്. ഒരു സന്ധ്യയിൽ ഗരിയ ശിവശക്തി ക്ഷേത്രത്തിൽ ഞാൻ വന്നണഞ്ഞു. ഇന്ന് ശിവശക്തി ക്ഷേത്രത്തിലെ നേർമണ്ഡപത്തിലെ അന്തേവാസിയായി മാറിയിരിക്കുന്നു. പരുത്തികൃഷിയുടെ ഉദാത്തമായ കരവിരുത് ഗ്രാമഭംഗി വർധിപ്പിച്ചിരിക്കുന്നു. വിശാലമായ പരുത്തിതോട്ടത്തെ ഭേദിച്ച് ചെറുഅരുവികൾ വനഭംഗി പകർന്ന് ഒഴുകി നീങ്ങുന്നു. ശിവശക്തി ക്ഷേത്രത്തിൽ ഞാൻ പരിചിതനായി മാറാൻ തുടങ്ങിയിരിക്കുന്നു. ഞാൻ ആരാണെന്നും എവിടെ നിന്നാണെന്നും ആരും ചോദിച്ചില്ല. എല്ലാവരും എനിക്ക് പ്രിയപ്പെട്ടവരായതുപോലെ. എല്ലാം പുതുതായി തുടങ്ങുന്നു. മരണംപോലും ഒന്നിന്റേയും അവസാനമല്ല. പുതിയ പ്രകൃതിയിലേക്കുള്ള പുനഃക്രമീകരണം.

ഗരിയ ഗ്രാമത്തിൽ എത്തി. എന്നിലുള്ള നിയോഗം ഞാൻ തന്നെ തിരിച്ചറിയണം. ഇവിടെ എനിക്ക് ഒരു നിയോഗമുണ്ട്. എന്റെ ജന്മകാരണമാകാം ഞാനിവിടെ ആകർഷിക്കപ്പെടുന്നു. ഗരിയ ഗ്രാമത്തെ ഞാൻ ഇഷ്ടപ്പെടുന്നു. കാല്പനികഭാവങ്ങളുടെ സ്ഥാനത്ത് യാഥാർത്ഥ്യങ്ങൾ അനുഭവിക്കാനുള്ള ആഗ്രഹം മുന്നിട്ടു നിൽക്കുന്നു. ഞാൻ എനിക്കുവേണ്ടി ജീവിക്കാൻ തുടങ്ങിയതുപോലെ. എന്തോ ലക്ഷ്യത്തിനായി മുന്നോട്ടുള്ള പ്രയാണം വർധിച്ചതുപോലെ. ഇത്രയുംനാൾ ഞാൻ ഒന്നും ആഗ്രഹിച്ചില്ല. അതിനാൽ പരാജയം എനിക്കില്ലായിരുന്നു. ഇപ്പോൾ മുതൽ ഞാൻ എന്തൊക്കെയോ ആഗ്രഹിക്കുന്നു. പലപ്പോഴും പരാജയഭീതി മനസ്സിലുണ്ടാകുന്നു. ഗരിയ ശിവശക്തി ക്ഷേത്രത്തിൽ ഗ്രാമത്തിലെ പലരും ഒത്തുകൂടും. ഭജനഗീതങ്ങൾകൊണ്ട് മുഖരിതമായ ക്ഷേത്രം. അതിന്റെ താളത്തിൽ എന്റെ മനസ്സും ശരീരവും ലയം പ്രാപിച്ചു. ആ ലയത്തിൽ ഞാൻ അറിയാതെ ഉറക്കത്തിലേക്ക് വഴുതിവീഴും. ഉണരുവോളം മനസ്സും ശരീരവും അവസാനം നിക്ഷേപിച്ച താളത്തിൽ അല്ലെങ്കിൽ ചിന്തയിൽ തുടരും.

എന്റെ ജന്മോദ്ദേശ്യത്തിനായി എന്നെത്തന്നെ തയ്യാറാക്കേണ്ടിയിരിക്കുന്നു. എനിക്കു ജന്മം നൽകിയ അമ്മയെ അറിയണം. ആ സ്നേഹം അനുഭവിക്കണം. അതു മാത്രമാണ് ചിന്ത. അതാണെന്റെ ഇപ്പോഴത്തെ ജീവന്റെ താളം. എന്നിലെ അന്തഃരംഗതാളം ബാഹ്യപ്രകൃതി സ്വീകരിക്കും. പ്രാവർത്തികമാക്കും.

## ആറ്

**ക്ഷേ**ത്രത്തിലെ നേർമണ്ഡപത്തിലെ എന്റെ വാസം ഗരിയ ഗ്രാമത്തിൽ പുതിയ സുഹൃത്ബന്ധങ്ങളുണ്ടാക്കി. അജ്മൽ നാസറിനെ കുറിച്ച് ധീരു ദാസാണ് പറഞ്ഞത്. എന്തെങ്കിലും തൊഴിൽ നേടണം എന്നൊരു തോന്നൽ കുറച്ചു ദിവസങ്ങളായി ഉള്ളിലുണ്ട്. എനിക്കുവേണ്ടി പലരും ശ്രമിക്കുകയും ചെയ്തു. പക്ഷേ, പരുത്തിക്കൃഷിയിൽ അധിഷ്ഠിതമായ ഗ്രാമത്തിൽ എനിക്കൊരു തൊഴിൽ അസാധ്യമായിരുന്നു. വ്യത്യസ്തമായ സ്ഥലത്ത് വളർന്ന എനിക്ക് ഇവിടത്തെ കൃഷിരീതിയിലുള്ള പരിചയക്കുറവ് അപാകത തന്നെയായിരുന്നു. ക്ഷേത്രത്തിലെ അന്നംകൊണ്ട് നിത്യജീവിതം പുലർത്തുന്നത് മടിയന്റെ ലക്ഷണമാണ്. അതു തുടരാൻ ഞാൻ ആഗ്രഹിച്ചില്ല. അടുത്ത ദിവസം അജ്മൽ നാസറിന്റെ മുമ്പിൽ ധീരുദാസ് എന്റെ കാര്യം അവതരിപ്പിച്ചു. “ഇവൻ ഒരു പരദേശി. എഴുത്തും വായനയും അറിയാം. നന്നായി കണക്കെഴുതും, വിശ്വസ്തനാണ്. എന്തെങ്കിലും തൊഴിൽ....”

അജ്മൽ നാസർ എന്നെ നോക്കി. ഏങ്കോണിച്ച ഇടത്തേ കണ്ണ് വിദൂരതയിലും വലത്തേ കണ്ണ് എന്റെ മുഖത്തും. ശരീരഭാരം കസേരയിൽനിന്നും മെല്ലെ ഉയർത്തി. ധീരുദാസ് എഴുന്നേൽക്കാൻ സഹായിച്ചു. മേശപ്പുറത്ത് കിടന്ന ദിനപത്രം എടുത്തുകൊണ്ടുവരാൻ ആംഗ്യം കാണിച്ചു. യജമാനന്റെ ആദ്യത്തെ ആജ്ഞ. ഞാൻ അനുസരിച്ചു. പത്രം ഉറക്കെ വായിക്കാൻ പറഞ്ഞു. അതും ഞാൻ അനുസരിച്ചു. എന്റെ തൊഴിലിനായുള്ള ആദ്യത്തെ പരീക്ഷയിൽ വിജയിച്ചു. പരീക്ഷണങ്ങൾ ഇല്ലാത്ത ഒരു ലോകത്തായിരുന്നു ഇതുവരെ ഞാൻ. അന്ന് എനിക്ക് ആഗ്രഹങ്ങൾ ഇല്ലായിരുന്നു. സ്വശരീരത്തിന്റെ നിലനിൽപ്പുപോലും ആഗ്രഹിച്ചിരുന്നില്ല. ഒരു കടലാസും പേനയും എന്റെ നേർക്ക് നീട്ടി. അദ്ദേഹം പറയുന്നതുപോലെ എഴുതാൻ ആവശ്യപ്പെട്ടു. കൂട്ടിച്ചേർത്തതുപോലെ ഒരു കവിതാശകലം അദ്ദേഹം ഉറക്കെ ചൊല്ലി. ഞാൻ അതുകേട്ട് എഴുതി. എഴുതിക്കഴിഞ്ഞതും എഴുതിയ കവിതാശകലം ഉറക്കെ വായിക്കാൻ നിർദ്ദേശിച്ചു. ഞാൻ അനുസരിച്ചു. എഴുത്തും വായനയും അറിയാത്ത ജമീന്ദാർ അജ്മൽ നാസറിന്റെ പരീക്ഷയിലും ഞാൻ വിജയിച്ചു. അദ്ദേഹത്തിന്റെ സഹായിയായി നിയമിക്കപ്പെട്ടു.

പരുത്തി, തടിമില്ല്, പലതരം കൃഷി എന്നിവ ഉൾപ്പെട്ട പരമ്പരാഗത വ്യവസായ ശൃംഖലയുടെ പ്രധാനിയാണ് അജ്മൽ നാസർ. തികഞ്ഞ സാത്വികൻ. എഴുത്തും വായനയും അറിയില്ല. പക്ഷേ, വിശുദ്ധ ഖുർ-ആൻ വചനങ്ങൾ അർത്ഥസഹിതം നല്ല നിശ്ചയം. വർഷങ്ങളായുള്ള ഭക്തിയിൽ സ്വയം ഇഴുകിചേർന്നതാണ് മഹത്ദർശനങ്ങൾ. ഉൾക്കൊണ്ട ദർശനങ്ങൾ ജീവിതത്തിൽ പകർത്തിയിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിലെ വിലയിരുത്തലിൽ നിന്നറിയാം. അദ്ദേഹം പലപ്പോഴും പറയാറുള്ള വിശുദ്ധ ഖുർ-ആനിലെ വചനങ്ങൾ എന്നെ വളരെ ആകർഷിച്ചു. “നിങ്ങളുടെ മുഖം കിഴക്കോട്ടു തിരിച്ചുപിടിക്കുന്നതോ പടിഞ്ഞാറോട്ടു തിരിച്ചുപിടിക്കുന്നതോ അല്ല സദാചാരം. അള്ളാഹുവിലും അന്ത്യവിധിയിലും ആര് വിശ്വസിക്കുന്നുവോ അവർ ദൈവവിശ്വാസിയാകുന്നു. അവരാണ് നന്മ നിറഞ്ഞവൻ.” അദ്ദേഹം പറയുന്നതുപോലെ അന്ത്യവിധിയിലെ വിധിന്യായങ്ങളിൽനിന്നും നമ്മെ നിരാകരിക്കാതിരിക്കാൻ വേണ്ടിയാണ് നമ്മൾ ജീവിക്കേണ്ടത്. ഭാഷയുടെ പാണ്ഡിത്യം അദ്ദേഹത്തിനില്ല. എന്നാൽ അർത്ഥമൂല്യങ്ങളോടെയുള്ള വിശുദ്ധ ഖുർ-ആൻ വചനങ്ങളിലൂടെ അദ്ദേഹം ജീവിക്കുന്നു. അദ്ദേഹം ജീവിച്ചത് വിശുദ്ധ ഖുർ-ആനിലെ ഒരു വചനത്തെ മുറുകെ പിടിച്ചാണ്. “ഉപവാസത്തെക്കാളും ഭിക്ഷാടനത്തെക്കാളും പ്രാർത്ഥനയെക്കാളും മേന്മയേറിയ പ്രവൃത്തി ഞാൻ നിങ്ങളെ അറിയിച്ചിരുന്നില്ലേ? പരസ്പര സമാധാനം ഉളവാക്കുക, ശത്രുതയും തിന്മയും വേരോടെ പിഴുതുകളയുക”ബോധിരമന്റെ അതേ ധിഷണാശക്തി ഞാൻ അദ്ദേഹത്തിൽ ദർശിച്ചു. ഇസ്ലാംമതം തായ്‌വേരായി സ്വീകരിച്ച് സർവതിനെയും സർവമതത്തെയും ഒന്നായി സ്വീകരിക്കാൻ കഴിയുന്ന ദർശനം ഞാൻ കണ്ടു. മതദർശനങ്ങളെ ആത്മീയശാന്തിക്കായി മാത്രം ഉപയോഗപ്പെടുത്തി. തനിക്കു ചുറ്റും എല്ലാവരെയും തന്റെതന്നെ പ്രതിരൂപമായി കണ്ടു. ക്ഷേത്രത്തിലെ അന്തേവാസിയായ എനിക്ക് അദ്ദേഹം വാതിലുകൾ തുറന്നു തന്നു. ആത്മീയതലത്തിൽ എത്രയോ ഉയരത്തിലാണ് ഈ നിരക്ഷരന്റെ ആത്മീയസിംഹാസനം.

തന്റെ പ്രിയപ്പെട്ടവരുടെ തല അറുത്തു മാറ്റിയ സമൂഹത്തെ, അതിനു കാരണമായവരെ അദ്ദേഹം അകറ്റിനിർത്തിയില്ല. സ്നേഹം നൽകി അവരെ പരാജയപ്പെടുത്തുകയായിരുന്നു. ക്ഷേത്രത്തിൽ നേർമണ്ഡപത്തിലാണ് എന്റെ അന്തിയുറക്കം എന്നറിഞ്ഞപ്പോൾ പ്രകൃതിയുടെ ഭാഗമായി അന്തിയുറങ്ങുക അസാധ്യമാണ്. നിനക്ക് അതിനു കഴിയുന്നെങ്കിൽ നിന്നിലെ നന്മ ഞാൻ കാണുന്നു എന്നദ്ദേഹം ആശീർവദിച്ചു.

അദ്ദേഹത്തിന്റെ കണക്കുകളുടെയും വ്യാപാരത്തിന്റെയും ലോകത്ത് ഞാൻ പതുക്കെ പ്രവേശിച്ചു. കണക്കുകളിലെ പൊരുത്തക്കേട് എന്നെ അദ്ഭുതപ്പെടുത്തി. രേഖപ്പെടുത്താത്ത തുകയുടെ വ്യത്യാസത്തെകുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് “എനിക്ക് അവകാശപ്പെട്ടത് രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തതെല്ലാം അന്യർക്കുള്ളത്. ദാനം നൽകിയതിന്

ഞാൻ കണക്ക് സൂക്ഷിക്കാറില്ല. അള്ളാഹുവിന്റെ കണക്ക് പുസ്തകത്തിൽ അതുണ്ടാകും. കൂട്ടലും കിഴിക്കലും രേഖാചിത്രങ്ങളുമായി അന്ത്യവിധിയിൽ അത് പ്രദർശിപ്പിക്കും. അന്ന് വിചാരണ ചെയ്യപ്പെടുന്നത് എന്നെ മാത്രമാകുന്നു. ഇന്നുള്ള പ്രതാപവും ബന്ധുജനങ്ങളും പ്രേരകന്മാരും എന്നോടൊപ്പം ഇല്ലാതെ ഏകനായി വിചാരണ നേരിടുന്ന ദിവസം. ഞാൻ രഹസ്യമാക്കിയവയെല്ലാം അന്ത്യവിധിയിൽ പരസ്യമാക്കപ്പെടും."

അജ്മൽ നാസറിന്റെ മേൽനോട്ടത്തിൽ ഒരു അഗതിമന്ദിരം പ്രവർത്തിക്കുന്നുണ്ടായിരുന്നു. ജാതിമതഭേദമില്ലാതെ നിരാലംബരായ സ്ത്രീജനങ്ങൾക്കായുള്ള അഗതിമന്ദിരം. വാർധക്യം ബാധിച്ച ഏകദേശം നൂറോളം സ്ത്രീജനങ്ങൾ. അവിടെ അദ്ദേഹത്തിന്റെ തണലിൽ ശേഷിക്കുന്ന ജന്മം കഴിച്ചുകൂട്ടുന്നു. ആഴ്ചയിലൊരിക്കൽ അല്ലെങ്കിൽ സമയം കിട്ടുമ്പോഴെല്ലാം അജ്മൽ നാസർ അവരോടൊപ്പം ചിലവഴിച്ചു. വർഗീയകലാപത്തിൽ, രക്തത്തിൽ മതം നോക്കിയ കാളരാത്രിയിൽ അജ്മൽ നാസറിനും നഷ്ടപ്പെട്ടത് പ്രിയപ്പെട്ടവരെയായിരുന്നു. അതു ചെയ്തവരുടെ ചേതോവികാരത്തിലെ വൈരുധ്യം തിരിച്ചറിയാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം. പുനർജന്മത്തിൽ വിശ്വസിക്കുന്ന ഒരു മതം. ഒരിക്കൽ അവരും മതത്തിന്റെ പേരിൽ കഴുത്തറുത്ത് കൊന്നവന്റെ മതത്തിൽ വീണ്ടും ജനിക്കില്ല എന്നാരു കണ്ടു?

ഇപ്പോൾ ഞാനും ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. "എന്റെ ഗ്രാമം, എന്റെ ഗ്രാമം.' ക്ഷേത്രത്തിലെ നേർമണ്ഡപത്തിൽ പറവകളുടെ മധുരഗീതം കേട്ട് ഞാൻ ഉണർന്നു. ഉറക്കത്തിന്റെ മൂർധന്യതയിൽ തകർത്തു പെയ്യുന്ന മഴയുടെ ശീതീകരിച്ച കാറ്റ് എന്നിൽ ആനന്ദം പകർന്നു. എത്ര മനോല്ലാസമാണ് പ്രകൃതിയോടു ചേർന്നുള്ള ഉറക്കം. അജ്മൽ നാസർ പറഞ്ഞതുപോലെ എന്നിൽ എവിടെയോ ഒരു നന്മ അവശേഷിക്കുന്നുണ്ടാകുമോ? ക്ഷേത്രത്തിൽ പ്രഭാതഭജന തുടങ്ങുമ്പോഴേക്കും ഞാൻ കർമ്മനിരതനാകും. ക്ഷേത്രത്തിന്റേതായി എനിക്ക് ചില നിത്യകർമ്മങ്ങൾ ബാക്കിയുണ്ടാകും. ക്ഷേത്രാങ്കണം വൃത്തിയാക്കണം. പ്രഭാതപൂജയ്ക്കായുള്ള പുഷ്പങ്ങൾ കവലയിൽനിന്നും ക്ഷേത്രത്തിൽ എത്തിക്കണം. പതിവായി വരുന്നവരുടെ വിശേഷങ്ങൾ ചോദിക്കണം. പതിവായി കാണുന്നവരെ ഒരു ദിവസം കണ്ടില്ലെങ്കിൽ, ആകെ ഒരു മരവിപ്പാണ്. മനസ്സിൽ ഇവരെല്ലാവരും എനിക്ക് പ്രിയപ്പെട്ടവർ. അവരുടെ സാന്നിധ്യം എന്നെ വളരെ സന്തോഷിപ്പിച്ചു.

സുബോധ മലാകർ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഠിനമായി പരിശ്രമിക്കുന്ന ഗ്രാമീണ വനിത. ക്ഷേത്രത്തിന്റെ പ്രധാന കവാടത്തെ ചൂണ്ടിക്കാണിച്ചാണ് സുബോധ മലാകറിന്റെ ചരിത്രം ധീരുദാസ് പറഞ്ഞുതുടങ്ങിയത്. "ഈ ക്ഷേത്രത്തിന്റെ പ്രധാന കവാടം ഇവളുടെ അച്ഛന്റെ കരവിരുതാണ്." ഇടയ്ക്കു കയറി ഞാൻ സംസാരിച്ചു. "എനിക്കും തോന്നിയിട്ടുണ്ട്, ഈ ക്ഷേത്രത്തിന്റെ ആകർഷണീയത. പ്രധാന കവാടത്തിന്റെ കൊത്തുപണികളിൽ ഏറിനിൽക്കുന്നുവെന്ന്,

തച്ചുശാസ്ത്രത്തിലെ ഒരു പ്രതിഭയുടെ കരസ്പർശം അന്നേ ഞാൻ ദർശിച്ചിരുന്നു.” ധീരുദാസ് എന്റെ പ്രശംസയിൽ അഭിമാനം പ്രകടിപ്പിച്ചു തലയാട്ടി. കൂടുതൽ സംസാരിക്കാൻ കരുത്ത് ലഭിച്ചതുപോലെ അദ്ദേഹം തുടർന്നു.

“ഈ നാട്ടിലെ പല ആരാധനാലയങ്ങളും ഇവളുടെ അച്ഛന്റെ അതുല്യ കരവിരുതിലാണ് ഉണ്ടാക്കിയിട്ടുള്ളത്. സുബോധ മലാകറിന്റെ മാതാവ് മനോഹരമായി മുത്തുമാലകൾ ഉണ്ടാക്കും. അവരുടെ മുത്തുമാല നിർമ്മാണത്തിലെ കാല്പനികത അതുല്യം. അതവരുടെ കുലത്തൊഴിൽ. എന്നാൽപോലും പ്രതിഭാശക്തി ആവാഹിക്കപ്പെട്ടതായിരുന്നു രണ്ടുപേരുടെയും സൃഷ്ടികൾ. കല്ലിലും മരത്തിലും സർഗശക്തി ആവാഹിക്കുന്ന അവളുടെ അച്ഛന്റെ കലാചാതുര്യം ഈ ഗ്രാമത്തിലും പുറത്തും പ്രശസ്തിയും ബഹുമാനവും വർധിപ്പിച്ചു. പ്രതിഫലം ഇച്ഛിക്കാതെ കലയെ ഉപാസിച്ച പ്രതിഭാസമ്പന്നൻ. പക്ഷേ, അത് അദ്ദേഹത്തിന് ദുരന്തമായി. വർഗീയ കലാപത്തിൽ മരണം ഏറ്റുവാങ്ങിയവരിൽ ഈ മഹാപ്രതിഭയും ഉൾപ്പെട്ടു. വർഗീയവാദികളുടെ കണക്കെടുപ്പിൽ ഒരു മതത്തിന്റെ ഭാഗമായി ഈ കുടുംബത്തെയും ചേർത്തു. സുബോധ മലാകറിന്റെ ദുരന്തകഥ ഈ നാട്ടിൽ പുതിയ തലമുറകൾക്കുപോലും അറിയാം. അവളുടെ അച്ഛനെ ലഹളയിൽ അരിഞ്ഞുതള്ളുമ്പോൾ സുബോധ മലാകർ കൈക്കുഞ്ഞായിരുന്നു.” ഒരു നിമിഷം ഞാനുമായി സുബോധ മലാകറിനെ താരതമ്യം ചെയ്തു. ഞങ്ങൾ സമപ്രായക്കാർ. ചരിത്രം കൂടുതൽ അറിയാൻ ആകാംക്ഷയായി. ഞാൻ അന്വേഷിക്കുന്നതിന്റെ ചരിത്രബീജം ഇതിൽ എവിടെയെങ്കിലുമുണ്ടോ എന്നു ഞാൻ സംശയിച്ചു. ധീരുദാസ് തുടർന്നു പറഞ്ഞു.

“അവളുടെ അമ്മയുടെ മുന്നിൽവച്ച് അച്ഛനെ കൊല ചെയ്യുമ്പോൾ അവളുടെ അമ്മ അനുജനെ ഗർഭം ധരിച്ചിരുന്നു. അവളുടെ അമ്മയെ അവർ ചവിട്ടിമെതിച്ചു. ഇരുമ്പുദണ്ഡുകൊണ്ട് തലയ്ക്കടിച്ചു. മരിച്ചു എന്നു കരുതി വഴിയിൽ തള്ളി. മാസം തികയാതെ അവളുടെ അമ്മ അനുജനെ പ്രസവിച്ചു. ബുദ്ധിമാന്ദ്യമുള്ള ഒരു കുട്ടിയായി അവൻ വളർന്നു.

ആ രാത്രിയിൽ ഒന്നുമറിയാതെ ഉറങ്ങിക്കിടന്നതുകൊണ്ട് സുബോധ മലാകർ ഈ ഭൂമിയിൽ അവശേഷിച്ചു. ആ നിമിഷത്തിൽ ഏതെങ്കിലും അവസ്ഥയിൽ അവൾ ഉണർന്നിരുന്നെങ്കിൽ, കരഞ്ഞിരുന്നെങ്കിൽ അവർ അവളെയും കണ്ടെത്തുമായിരുന്നു. അവരുടെ കാട്ടുനീതി, മതം എന്തെന്നുപോലും അറിയാത്ത ആ പിഞ്ചുകുഞ്ഞിലും നടപ്പിലാക്കുമായിരുന്നു. ബുദ്ധിമാന്ദ്യം ബാധിച്ച അനുജനും പരസഹായത്താൽ എഴുന്നേൽക്കാൻ മാത്രം കഴിയുന്ന അമ്മയുമാണ് അവളുടെ ഇപ്പോഴത്തെ സമ്പാദ്യം. അവൾ ഗരിയ ഗ്രാമത്തിന്റെ പുത്രി. ഗരിയ ഗ്രാമത്തിലെ ഓരോ കുടുംബത്തിന്റെയും ലാളനയിൽ അവൾ വളർന്നു. ഞങ്ങൾ ഗ്രാമവാസികൾ അവളെയും ഈ കുടുംബത്തെയും സംരക്ഷിക്കുന്നു. അജ്മൽ

നാസറിന്റെ പിതാവിന് പ്രിയപ്പെട്ടതാണ് ഈ കുടുംബം. അദ്ദേഹത്തിന് അവളുടെ അച്ഛനുമായി അത്രത്തോളം ബന്ധമുണ്ടായിരുന്നു. ഇതെല്ലാം പഴമക്കാർ പറഞ്ഞ അറിവുകൾ മാത്രം. ഞാൻ പുതിയ തലമുറ. ലഹള യ്ക്കുശേഷമുള്ള ജന്മം." ധീരുദാസ് പറഞ്ഞുനിർത്തി.

എന്തെന്നില്ലാത്ത ആരാധന സുബോധമലാകറിനോട് തോന്നി. ഒരു തരത്തിൽ പറഞ്ഞാൽ ഞങ്ങൾ തുല്യദുഃഖിതർ. ലഹളയ്ക്കുശേഷം ഈ ഗ്രാമത്തിൽ ദുരിതവും പേറി ഈ ഗ്രാമത്തിൽ വളർന്നു. ഞാൻ മറ്റൊരു ഭൂപ്രദേശത്ത് സ്നേഹത്തിന്റെ ലാളനയിൽ വളർന്നു. എവിടെയോ ഞങ്ങളെ ബന്ധിപ്പിക്കുന്ന ഘടകങ്ങൾ ഉണ്ട്. സുബോധ മലാകറും അവ ളുടെ അനുജനും. അതിനിടയ്ക്ക് മറ്റൊരു കുഞ്ഞ് ഇല്ല. അപ്പോൾ ഞാൻ ഈ കുടുംബത്തിന്റെ ഭാഗമല്ല. രക്തബന്ധത്തിൽ കൂട്ടിച്ചേർക്കാൻ കാരണം കാണുന്നില്ല. എന്നാലും ഗരിയ ഗ്രാമം ദത്തെടുത്ത പ്രിയപുത്രി. ദുരിതാനുഭവത്തിൽ പാകപ്പെടുത്തിയ മനക്കരുത്ത്.

ഗരിയ ശിവശക്തി ക്ഷേത്രത്തിൽ ചേക്കേറിയ ദിവസം മുതൽ ഞാൻ സുബോധ മലാകറിനെ കാണുന്നു. ക്ഷേത്രത്തിൽ അതിരാവിലെ ധൃതി യിൽ എത്തും. ക്ഷേത്രത്തിലെ എല്ലാ ദിനത്തിലെയും ആദ്യസന്ദർശക. അതുകൊണ്ടായിരിക്കാം ഗരിയ ഗ്രാമത്തിൽ ഞാൻ ആദ്യം കണ്ട യുവതിയും ഇവൾതന്നെയായത്. ക്ഷേത്രനടയിലെ പ്രധാന കവാടത്തിൽ ഒരു പിടി പൂവ് വയ്ക്കും. ക്ഷേത്രം തുറന്നിട്ടു പോലുമുണ്ടാകില്ല. അടഞ്ഞ വാതിലിനോടു ചേർന്നുനിന്ന് എന്തൊക്കെയോ പതുക്കെ പറയും. ചിലപ്പോൾ കരയുന്നതു കാണാം. പതിവുപോലെ തെറ്റാതെ അത് ചെയ്തുപോന്നു. അച്ഛന്റെ പ്രതീകമായാണ് അവൾ ആ ക്ഷേത്ര കവാടത്തെ കാണുന്നത്. അജ്മൽ നാസറിന്റെ അഗതിമന്ദിരത്തിലെ കാര്യ ക്കാരി എന്ന് ധീരുദാസ് പറയുമ്പോൾ ഉള്ളിൽ ചില കണക്കുകൂട്ടലുകൾ.

# ഏഴ്

ഗരിയ ഗ്രാമത്തിൽ രണ്ടു മതങ്ങൾ പരസ്പരം മതത്തിന്റെ പേക്കൂത്തിൽ അഴിഞ്ഞാടിയപ്പോൾ ശേഷിച്ചത് അവരുടേതു മാത്രമായി മാറിയ നിത്യ ദുരിതങ്ങൾ. ഇപ്പോൾ ഈ ഗ്രാമം പശ്ചാത്തപിക്കുന്നു. അതുകൊണ്ട് പരസ്പര വിശ്വാസത്തിൽ മാത്രമായ ഒരു അലിഖിത നീതിശാസ്ത്രം അവരിൽ രൂപപ്പെട്ടു. ഇന്ന് ഹിന്ദുവിനെ സംരക്ഷിക്കുന്ന മുസ്ലീം ജനതയും മുസ്ലീം ജനതയെ സംരക്ഷിക്കുന്ന ഹിന്ദു ജനതയും ഈ പുതിയ പരിവർത്തനത്തിന് അവർ നൽകിയ വില വളരെ വലുതായിരുന്നു. അതിലൊരു ഇരയാണ് ഞാനും എന്ന് എല്ലാവരോടും വിളിച്ചുപറയണമെന്ന് തോന്നിയെങ്കിലും അപ്പോഴെല്ലാം ആരോ എന്നെ തടയുന്നു.

എനിക്ക് ജന്മം നൽകിയ മാതാവ് ഇവിടെ എവിടെയോ ജീവിച്ചിരിപ്പുണ്ട്. ഈ ഗരിയ ഗ്രാമത്തിൽ എന്റെ രക്തബന്ധങ്ങൾ ഇവിടെ എവിടെയോ ഉണ്ട്. ഈ കാലയളവിനുള്ളിൽ അവരിൽ പലരെയും ഞാൻ സ്പർശിച്ചിരിക്കാം. അവരുമായി സംസാരിച്ചിരിക്കാം. എന്റേത് എന്നു തോന്നിച്ച് പ്രത്യേക വാത്സല്യം ജനിപ്പിച്ചവർ അതിൽ ആരെങ്കിലുമായിരിക്കണം. എന്റെ ലക്ഷ്യം മാതാവിനായുള്ള തിരച്ചിൽ. എന്റെ കൈയിൽ തെളിവുകളില്ല. ഗരിയ ഗ്രാമം എന്നതു മാത്രമാണ് അവശേഷിക്കുന്ന തെളിവ്. തകർന്നടിഞ്ഞ വർഗീയതയുടെ കാളരാത്രിയിൽ എന്റെ ചരിത്രം പടർന്നുപന്തലിച്ച വടവൃക്ഷത്തിലെ ഒരു ഇലയ്ക്ക് സമം. എവിടെയോ എന്റെ മാതൃത്വം ഇപ്പോഴും എന്നെ പ്രതീക്ഷിക്കുന്നുണ്ടായിരിക്കും. അല്ലെങ്കിൽ ഇപ്പോൾ ഞാൻ ഇങ്ങനെ ചിന്തിക്കില്ല. വിധിയുടെ ദിശയിൽ ചിന്തയ്ക്ക് കനമേറും.

നാട്ടിലെ കുടുംബബന്ധങ്ങൾ ഗരിയ ഗ്രാമത്തിൽ പുനർജനിച്ചതുപോലെ തോന്നി. സുബോധ മലാകറിനെ ഞാൻ ശ്രദ്ധിച്ചുതുടങ്ങി. ആരുടെയും ആശ്രയമില്ലാതെ സർവദുഃഖവും ഉള്ളിലൊതുക്കി ജീവിതത്തിൽ ഓടിത്തളർന്ന നിസ്സംഗത ആ മുഖത്തുണ്ടായിരുന്നു. ഒന്നിനോടും പരാതിയില്ല. ഒരു നിർവ്വികാരജന്മം. ഒരിക്കലും ചിരിച്ചു കണ്ടിട്ടില്ല. ധീരുദാസിൽ നിന്നും കഥ കേട്ടറിഞ്ഞശേഷം സുബോധ മലാകറുമായി സൗഹൃദം ആഗ്രഹിച്ചു. പലപ്പോഴും സുബോധ മലാകർ ഒരുപിടി പുഷ്പം ക്ഷേത്ര കവാടത്തിൽ വയ്ക്കുന്നതും കദനകഥകൾ പറയുന്നതിനും കരയുന്നതിനും ഞാൻ മാത്രമായിരുന്നു സാക്ഷി. ഗ്രാമം ഉണരുംമുമ്പ് സുബോധ

കർമ്മനിരതയാകും. അഗതിമന്ദിരത്തിലേക്കുള്ള ക്ഷേത്രത്തിനു മുന്നിലൂടെ ഈ പ്രഭാതയാത്ര തുടങ്ങിയിട്ട് വർഷങ്ങളായി. നേർമണ്ഡപത്തിൽ ഞാൻ ഇരിക്കുന്നതും ശ്രദ്ധിക്കുന്നതും അവൾ ഗൗനിക്കാറില്ല. പക്ഷേ, ഗ്രാമത്തിൽ ആദ്യം എന്നെ കണ്ടപ്പോൾ അവൾ ആകെ അമ്പരന്നുപോയതുപോലെ പെരുമാറിയത് ഓർക്കുന്നു. കുറച്ചുനേരം അന്ധാളിച്ച് എന്റെ മുഖത്തുനോക്കി നിന്നതും. എന്റെ വേഷത്തിലെ പൊരുത്തമില്ലായ്മയോ ക്ഷേത്രത്തിൽ അസമയത്ത് അപരിചിതനെ കണ്ട ഭയമോ ആകാം. എന്തായാലും ആ ദിവസത്തെ അവളിലെ സംഭ്രമം എന്റെ മനസ്സിൽ കുറിച്ചിട്ടതാണ്. ഇവൾ എന്റെ ബന്ധുവോ ബന്ധത്തിലെ കണ്ണിയാണോ എന്ന് ഇന്ന് ഞാൻ ശങ്കിക്കുന്നു. അങ്ങനെ ആകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്തായാലും ഇവളിലൂടെ എനിക്ക് എന്തോ നിയോഗമുണ്ട്. പരസ്പരബന്ധമില്ലാതെ ഒന്നും സംഭവിക്കില്ല. ഇതുവരെ എന്റെ അനുഭവം അങ്ങനെതന്നെയായിരുന്നുവല്ലോ.

ഒരിക്കൽ അജ്മൽ നാസർ എന്നോടു ചോദിച്ചു. "നിന്റെ ജീവിതത്തിൽ എന്തെങ്കിലും ലക്ഷ്യമുണ്ടോ?" വിദൂരതയിൽ അലക്ഷ്യചിന്തയിൽ മുഴുകിയിരുന്ന എന്നെ നോക്കി പെട്ടെന്നായിരുന്നു ചോദ്യം. എനിക്ക് ഉത്തരമില്ലായിരുന്നു. പണ്ടെനിക്ക് ലക്ഷ്യമില്ലായിരുന്നു. ഇന്നെനിക്ക് ലക്ഷ്യം ഉണ്ടെന്നു പറയണമെന്നുണ്ടായിരുന്നു. പക്ഷേ, ഞാൻ നിശ്ശബ്ദനായി. അദ്ദേഹം പറഞ്ഞു:

"പരിശ്രമശാലിക്ക് പരാജയം ലക്ഷ്യയാത്രകളിൽ പലപ്പോഴായി സംഭവിക്കും. അത് ലക്ഷ്യത്തിലേക്കുള്ള പാകപ്പെടുത്തലാണ്. നിഷ്ക്രിയന്റെ പരാജയം അന്തിമത്തിലെ പൂർണപതനമാകുന്നു."

അദ്ദേഹം ഒന്നു നിർത്തി.

"പരാജയം ഒരു വലിയ വിജയത്തിലേക്കുള്ള തേരാകുന്നു." അദ്ദേഹം ഇത് വെറുതെ പറഞ്ഞ തത്ത്വശാസ്ത്രമല്ല. ജീവിതത്തിൽ പകർത്തിയ സത്യങ്ങളായിരുന്നു. അദ്ദേഹത്തിന്റെ പിതാവിലൂടെ പകർന്നുകിട്ടിയ വിജയരഹസ്യം. കൃഷിനാശത്തിന്റെ നഷ്ടങ്ങളിൽ അദ്ദേഹം ഒരിക്കലും തളർന്നിരുന്നില്ല. എപ്പോഴും ലക്ഷ്യബോധത്തിൽ സക്രിയനായിരുന്നു. ഒരുകാലത്ത് അദ്ദേഹത്തിന്റെ പിതാവ് പരാജയം അനുഭവിച്ചിരുന്നതായി ഗ്രാമീണർ പറഞ്ഞു. ഞാനും അതു മനസ്സിലാക്കിയിരുന്നു. ഗരിയ ഗ്രാമത്തിലെ പൗരപ്രമാണിമാരാണ് ഇന്ന് ഈ കുടുംബം.

അജ്മൽ നാസർ പറഞ്ഞതനുസരിച്ചാണ് ആദ്യമായി ഞാൻ അഗതിമന്ദിരത്തിൽ പോകുന്നത്. അതും കാലത്തിന്റെ ഒരു കണക്കുകൂട്ടൽ. പ്രകൃതിയുടെ ലീല. സുബോധ മലാകറിനെയും കാണാം. അടുത്ത് ഇടപഴകാം. അവളുടെ ദുഃഖത്തിൽ ആശ്വാസം നൽകാൻ എനിക്കു കഴിയും. പണ്ടേ ഞാൻ ഇങ്ങനെയാണ്. തേങ്ങുന്ന മനസ്സുകളോട് എന്തെന്നില്ലാത്ത സഹതാപം. വീണ്ടും എന്റെ മനസ്സ് മന്ത്രിച്ചു. സുബോധയിൽ എന്റെ ലക്ഷ്യത്തിന്റെ പൂർത്തീകരണമുണ്ട്. പ്രകൃതി എന്നെ അവളിലേക്ക് അടു

പ്പിക്കുന്നു. അതിനായുള്ള സാഹചര്യങ്ങൾ മെനയുന്നു. ഞാൻ അവളുടെ ദുഃഖപൂരിതമായ മനസ്സ് എന്നിലേക്കു സന്നിവേശിപ്പിച്ചു സങ്കല്പിച്ചു. ഞാൻ തളർന്നുപോയി. വീട്ടിൽ കിടപ്പിലായ അമ്മ, ബുദ്ധിമാന്ദ്യം സംഭവിച്ച അനുജൻ. അവർക്കൊരാശ്രയമായി സുബോധ മലാകർ. ഈ ജന്മം അവൾ അവർക്കായി ഹോമിച്ചിരിക്കുന്നു. തനിക്ക് എന്തെങ്കിലും സംഭവിച്ചാൽ അമ്മയുടെയും അനുജന്റെയും അവസ്ഥ അവളിൽ ഭയം ജനിപ്പിക്കുന്നു. അവർ മരിച്ചിട്ടു മതി തന്റെ മരണം എന്നവൾ ആഗ്രഹിക്കുന്നത് ഞാനറിയുന്നു. ഈ അവസ്ഥയിലേക്ക് അവളെ തള്ളിവിട്ട കിരാതമൂർത്തികളെ അവൾ ശപിച്ചില്ലായിരിക്കാം. എന്നാൽ എനിക്ക് ശപിക്കാതിരിക്കാൻ കഴിഞ്ഞില്ല. അവർ എന്തു നേടി ഈ ചെയ്തികളിലൂടെ എന്ന ചോദ്യം എന്നിൽ അവശേഷിപ്പിച്ചു.

അഗതിമന്ദിരത്തിലെ എന്റെ ആദ്യത്തെ കാൽവയ്പ് എന്തെന്നില്ലാത്ത ഊർജമാണ് നൽകിയത്. സുബോധയുടെ ദുഃഖം ഏറ്റുവാങ്ങാൻ ഞാൻ തയ്യാറെടുത്തപോലെ. അനാഥവൃദ്ധർക്കുള്ള അഗതിമന്ദിരം. വർഗീയലഹളയുടെ ഇരകൾ. കലാപങ്ങൾ. മതങ്ങളുടെ ഇരകളായ അനാഥർ. സ്ത്രീജനങ്ങൾക്കു മാത്രമായുള്ള അഗതിമന്ദിരം. അജ്മൽ നാസറിന്റെ പിതാവ് നിർമ്മിച്ച് പരിപാലിച്ചിരുന്ന, അദ്ദേഹം പരിപാവനമായി സംരക്ഷിക്കുന്ന മന്ദിരം. ഹിന്ദുവും മുസ്ലീമും ഉൾപ്പെട്ടവർ അവിടെയുണ്ട്. ആർക്കോവേണ്ടി ഏതോ ദർശനങ്ങൾക്കുവേണ്ടി അവരുടെ പ്രിയപ്പെട്ടവർ തമ്മിൽ തല്ലി. അനാഥരായപ്പോൾ സംരക്ഷിക്കാൻ മതവുമില്ല, വിശ്വസിച്ച ദർശനങ്ങളുമില്ല. ഒരു മനുഷ്യസ്നേഹിയുടെ സംരക്ഷണയിൽ മരണം ആഗ്രഹിച്ച് ജീവിച്ചു പോരുന്നു. ചെയ്ത തെറ്റിനെ ശപിച്ച് അവർ ഒത്തൊരുമയോടെ കഴിയുന്നു. തികച്ചും ശാന്തമായ അന്തരീക്ഷം. വാർധക്യത്തിന്റെ തീരാദുഃഖവുമായി അമ്മമാർ കാഴ്ചയിൽ എല്ലാവരും ഒരുപോലെ തോന്നുന്നവർ.

അജ്മൽ നാസറിന്റെ പിതാവിന്റെ സഹോദരിയും അവിടത്തെ അന്തേവാസിയാണെന്നു ഞാൻ കേട്ടിട്ടുണ്ട്. അവിടെ സാധാരണ പുരുഷന്മാർക്ക് പ്രവേശനം അനുവദിച്ചിട്ടില്ല. സുബോധ മലാകറിനെ തിരഞ്ഞു. പുകച്ചുരുളിന്റെ മറവിൽ ഞാൻ കണ്ടു. മനസ്സിന്റെ പുകച്ചുരുൾ പുറത്തു വ്യാപിച്ചതുപോലെ. എന്നെ കണ്ടതും വളരെ പരിചയഭാവത്തിൽ അടുത്തുവന്നു. ഗരിയ ക്ഷേത്രത്തിലെ ദേവന്റെ പ്രിയതോഴി. ദേവസാന്നിധ്യം അനുഭവപ്പെട്ടതുപോലെ. എന്റെ മുഖത്തുനോക്കി ചിരിക്കാൻ അവൾ കഷ്ടപ്പെടുന്നുണ്ടായിരുന്നു. ഇവിടത്തെ കണക്കുകൾ തിട്ടപ്പെടുത്താൻ അജ്മൽ നാസർ അയച്ചതാണെന്ന് ഞാൻ അറിയിച്ചു. എന്നെ മറ്റൊരു മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. കുഴിഞ്ഞ ചൂരൽ കസേരയ്ക്കുള്ളിൽ നിന്നും ഒരു ഹ്രസ്വരൂപം എഴുന്നേറ്റു.

ചുവരിൽ കൈകൾ താങ്ങി പതുക്കെ പതുക്കെ എന്റെ അടുത്തെത്തി. മരണം ഏതു നിമിഷവും സംഭവിക്കാവുന്ന വാർധക്യം അദ്ദേഹത്തെ ചൂഴ്ന്നുനിൽക്കുന്നു. അദ്ദേഹത്തിന്റെ മുഖം വളരെ പ്രയാസപ്പെട്ട് എന്റെ

മുഖത്തോട് അടുപ്പിച്ചു. വളരെ ശ്രമപ്പെട്ട് എന്റെ മുഖം അദ്ദേഹം തിരിച്ചറിഞ്ഞു. എന്നെ അദ്ഭുതത്തോടെ കുറച്ചുനേരം നോക്കി നിന്നു. മുൻപരിചയമുള്ള മുഖം ആണോ എന്ന് ഉറപ്പുവരുത്തുന്നതുപോലെ മുഖം കുറച്ചുകൂടി എന്റെ മുഖത്തോടടുപ്പിച്ചു. അദ്ദേഹത്തിന്റെ മുഖഭാവങ്ങളിൽ എന്തോ അസ്വാഭാവികത പ്രകടമായതുപോലെ എനിക്കു തോന്നി. അഗതിമന്ദിരത്തിൽ അന്യപുരുഷ സാന്നിധ്യം കണ്ടതിലുള്ള പരിഭവമാണെന്നു വിചാരിച്ചു. കുറച്ചുനേരം നിശ്ശബ്ദനായി ചുമരിൽ ചാരി നിന്നു. 'ഞാൻ അഗതിമന്ദിരത്തിൽ കാര്യസ്ഥൻ' എന്ന് അദ്ദേഹം സ്വയം പരിചയപ്പെടുത്തി. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കാൻ വന്ന പുതുതലമുറ എന്നു കരുതിയോ? അദ്ദേഹത്തിന്റെ അസ്വസ്ഥത അതിനെ സ്ഥിരീകരിക്കുന്നതായിരുന്നു. ആരെയും സ്ഥാനഭ്രഷ്ടനാക്കി എനിക്ക് ഒന്നും നേടണ്ട.

കണക്ക് പുസ്തകങ്ങളുടെയും എഴുത്തുകുത്തുകളുടെയും ശേഖരം അദ്ദേഹം ചൂണ്ടിക്കാണിച്ചു. ആവശ്യമുള്ളതെല്ലാം അതിലുണ്ട് എന്ന് നിർദ്ദേശിച്ച് ചൂരൽ കസേര കുഴിയിലേക്ക് അദ്ദേഹം മടങ്ങി. "എന്താവശ്യത്തിനും എന്നെ വിളിച്ചാൽ മതി. ഞാൻ പാചകപ്പുരയിൽ ഉണ്ടാകും" എന്ന് സുബോധ പറഞ്ഞപ്പോൾ ആ നിർദ്ദേശം ശരിവെച്ച് അദ്ദേഹം എന്നെ നോക്കി തലയാട്ടി.

അഗതിമന്ദിരം ഒന്നുകൂടി വിപുലപ്പെടുത്തണം. അതിനുമുമ്പ് അവിടത്തെ കാര്യങ്ങൾക്ക് ഒരു ക്രമീകരണം വരുത്തണം എന്ന് അജ്മൽ നാസർ എന്നോട് നിർദ്ദേശിച്ചപ്പോൾ ഒരു ദിവസത്തെ കാര്യമേ ഉണ്ടാകൂ എന്നാണ് കരുതിയത്. എന്നാൽ ഭഗീരഥപ്രയത്നം തന്നെയുണ്ടായിരുന്നു. നിത്യകർമങ്ങൾ കൃത്യമായി നടന്നുപോകുന്നു. അന്തേവാസികളുടെ എണ്ണവും കൂടി. എന്നാൽ തുല്യവികസനം നടന്നിട്ടില്ല. സുബോധ കുറവുകളെല്ലാം പരിഹരിച്ച് അഗതിമന്ദിരത്തിലെ പ്രിയപ്പെട്ടവളാകുകയായിരുന്നു. ഉള്ളതുകൊണ്ട് അവൾ എല്ലാവരെയും ഊട്ടി. തന്നാൽ കഴിയും വിധം എല്ലാവരെയും സന്തോഷിപ്പിച്ചു.

അഗതിമന്ദിരത്തിലെ ആദ്യദിവസം പുതുമയുള്ളതായിരുന്നു. വർഗീയ ലഹളകളുടെ, കാളരാത്രികളുടെ കറുത്ത പുക പലരിലും തുടിച്ചുനിന്നു. സുബോധ ഉൾപ്പെടെ കൂടുതൽപേരും സ്നേഹത്തെ പിഴുതെറിഞ്ഞ പ്രത്യയശാസ്ത്രത്തിന്റെ ഇരകൾ. ആരും അറിഞ്ഞില്ല ഞാനും അതിന്റെ ഒരു ഇരയാണെന്ന്. ആ കണ്ണിയിൽ ഞാനും ചേർക്കപ്പെട്ടു എന്ന് സ്വയം പറഞ്ഞു. ദൈവശാസ്ത്രങ്ങൾ ചോദ്യചിഹ്നമായി ഞങ്ങൾ അവിടെ ഒന്നു ചേർക്കപ്പെട്ടു. സ്വന്തം മാതാവിനെ പരിചരിക്കുംപോലെ സുബോധ അവിടെയുള്ള എല്ലാ അമ്മമാരെയും ശുശ്രൂഷിച്ചു. അന്തിയാകുമ്പോൾ അമ്മയ്ക്കും അനുജനും ഭക്ഷണമെടുത്ത് വീട്ടിൽ പോകും. അജ്മൽ നാസർ എന്നെ ഏല്പിച്ച ജോലിയെക്കാളും കൂടുതൽ താത്പര്യം തോന്നിയത് അഗതിമന്ദിരത്തിലെ അമ്മമാരുടെ ശുശ്രൂഷയിൽ വ്യാപൃതനാകാനാണ്. എന്റെ കർമ്മവ്യതിയാനം അജ്മൽ നാസർ മനസ്സിലാക്കി. അദ്ദേ

ഹത്തിന് എന്നോട് കൂടുതൽ താത്പര്യം തോന്നി. "തീർച്ചയായും ഖുർ-ആൻ ഏറ്റവും ശരിയിലേക്ക് വഴികാണിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" എന്ന ഖുർ-ആൻ വചനം ചൊല്ലി അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചു. വചനത്തിൽ 'സത്യ വിശ്വാസി' എന്നു പറഞ്ഞതിൽ അഭിമാനം തോന്നി. പക്ഷേ, 'പ്രതിഫലം നൽകും' എന്നത് ഭൗതികതലത്തിൽ ഞാൻ ആശിക്കുന്നില്ല. സൽകർമ്മ ങ്ങൾ ഞാൻ ചെയ്യും. അത് ചെയ്തുകൊണ്ടേയിരിക്കും. അതെന്റെ സ്വഭാവമാണ്. അത് ഗുണമായി ഞാൻ കാണുന്നില്ല. കാലത്തിന്റെ പ്രഹേളികയിലൂടെ ഞാൻ ഒഴുകുന്നു. കണ്ടുമുട്ടുന്നതിലെ ലാഭവും നഷ്ടവും ഞാൻ അറിയുന്നില്ല. അതിനായി ഞാൻ ആഗ്രഹിക്കുന്നില്ല എന്നതുതന്നെ കാരണം. കർമ്മം ഏറ്റവും മഹത്തായി തീരുന്നത് അതിന് പ്രേരകമായി സ്വാർത്ഥമായ ഉദ്ദേശ്യങ്ങൾ ഇല്ലാതിരിക്കുമ്പോൾ മാത്ര മാണ്.

ഗരിയ ശിവശക്തി ക്ഷേത്രത്തിലെ നേർമണ്ഡപത്തിലെ എന്റെ അന്തി യുറക്കം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചു. അഗതി മന്ദിരത്തിലേക്ക് താമസം മാറ്റിയാൽ കൂടുതൽ സമയം അമ്മമാരെ പരി ചരിക്കാം. മാനവസേവയേക്കാൾ വലുതല്ല ഈശ്വരസേവ എന്നാണെന്റെ വിശ്വാസം. അജ്മൽ നാസർ എനിക്ക് അനുവാദം തന്നു. "അഗതിമന്ദിരം നിനക്കായി ഞാൻ വിട്ടുതരുന്നു. നിന്റെ പ്രവൃത്തികളിൽ അവിടെയുള്ളവർ നിന്റെ ഏറ്റവും പ്രിയപ്പെട്ടവർ" അജ്മൽ നാസർ എന്നെ മാറോട് ചേർത്തുപിടിച്ചു സംസാരം തുടർന്നു: "ദുരന്തകഥയുടെ ബാക്കിപത്രമാണ് അവിടെയുള്ളവർ. നിർവികാരമായ സ്പന്ദനങ്ങൾ മാത്രമാണ് ഇന്നവർ. അവർ ജീവിച്ചിരിക്കുന്നു എന്നത് മാത്രമാണ് അവരവിടെയുണ്ട് എന്ന തിന്റെ തെളിവ്. നിനക്ക് അവരെ സന്തോഷിപ്പിക്കാൻ കഴിയും. നിന്റെ സാന്നിധ്യം എനിക്ക് ഊർജ്ജം പകരുന്നു. അതുതന്നെയാണ് നിന്റെ മഹത്വം."

## എട്ട്

**എ**ന്റെ വാസം അഗതിമന്ദിരത്തിലായി. പകൽ അജ്മൽ നാസറിനോടൊപ്പം കർമ്മനിരതൻ. വൈകുന്നേരം മുതൽ വെളുക്കുവോളം പ്രിയപ്പെട്ട അമ്മമാരോടൊപ്പം. സുബോധ മലാകർ എനിക്ക് പ്രിയപ്പെട്ടവളായിരിക്കുന്നു. എന്റെ സാന്നിധ്യം അവൾക്ക് സാന്ത്വനമേകി. എന്നോട് ആജ്ഞാപിക്കാനും ശാസിക്കാനും തുടങ്ങിയിരിക്കുന്നു. ഞാനത് ആസ്വദിച്ചു. അവളെ ഞാൻ ഭയപ്പെട്ടു തുടങ്ങിയിരിക്കുന്നു. എന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനും ശാസിക്കാനും അവൾക്കു കഴിയുന്നു. സുഗതേട്ടനു ശേഷം എന്നെ ശാസിക്കുന്ന വ്യക്തി സുബോധ മലാകർ. എനിക്കും തെറ്റുകളുണ്ടായിരുന്നു എന്ന് സുബോധയുടെ ഓരോ ശാസനയിലും മനസ്സിലാക്കി. ഞാൻ എന്നെ വിലയിരുത്തിയതിലുള്ള അപാകത അവൾ പരിഹരിച്ചു. സുബോധ പലപ്പോഴും ചിരിക്കുന്നതും ചിന്തിക്കുന്നതും ഞാൻ കണ്ടു. അമ്മമാർക്കും അദ്ഭുതം ജനിച്ചു. അവർ പറഞ്ഞു തുടങ്ങി, "എന്റെ മകൾ മാറിയിരിക്കുന്നു. അവൾ അവളെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു."

ഞാൻ സുബോധയുടെ കഥ അവളോടു ചോദിച്ചില്ല. പക്ഷേ, ഒരു കാര്യം ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. "ദുഃഖങ്ങൾകൊണ്ട് സ്ത്രീരൂപമായി വർത്തിക്കുന്ന നീ എന്തിനാണ് ഗരിയ ക്ഷേത്രദേവനെ ദിവസവും വണങ്ങുന്നത്?" പെട്ടെന്നായിരുന്നു അവളുടെ മറുപടി. വളരെ ദൃഢവും വിശ്വാസത്തിലൂന്നിയതുമായിരുന്നു. വർഗീയ ലഹളയുടെ ദിനങ്ങൾ കേട്ടറിവിൽ അവൾ പറഞ്ഞു: "എന്റെ അച്ഛനെ അവർ കൊന്നുതള്ളി. എന്റെ അമ്മയുടെ തല അവർ തല്ലിത്തകർത്തു. മരിച്ചെന്നു കരുതി വഴിയിൽ ഉപേക്ഷിച്ചു. അവരുടെ മൃഗീയത ജനിച്ചുവീണ എന്റെ അനുജനെയും ബാധിച്ചു. അവൻ ബുദ്ധിമാന്ദ്യം സംഭവിച്ചവൻ. കാര്യങ്ങൾ അവന് ഒരു വിധത്തിൽ തിരിച്ചറിയാം. എന്നാലും പരസഹായമില്ലാതെ ജീവിതം അവന് അസാധ്യം. ഈ ഗ്രാമത്തിൽ എല്ലാവരുടെയും സഹതാപത്തിന്റെ തണലിൽ ഞാൻ വളർന്നു, എന്റെ കുടുംബം നിലനിൽക്കുന്നു. എന്നിൽ മതചിന്തയില്ല. അല്പമാത്രമായ ചലനാവസ്ഥയിൽ എന്റെ അമ്മ ജീവിതത്തിലേക്ക് തിരിച്ചുവന്നു. ഞാൻ ഇവിടെയാകുമ്പോൾ അനുജനാണ്

അമ്മയ്ക്ക് തണൽ. അവനതിനു കഴിയില്ല. എന്നാലും അമ്മയെ സഹായി ക്കാൻ അവൻ പരിശ്രമിക്കുന്നു. വളർച്ചയുടെ ഏതോ ഘട്ടത്തിൽ ആരോ എന്നോടു പറഞ്ഞു എന്റെ അച്ഛന്റെ സർഗ്ഗശക്തി ആവാഹിച്ചതാണ് ഗരിയ ക്ഷേത്രത്തിന്റെ പ്രധാന കവാടം എന്ന്. എപ്പോഴോ എങ്ങനെയോ ക്ഷേത്ര കവാടം എന്റെ അച്ഛന്റെ സാന്നിധ്യമായി സങ്കല്പിച്ചു. അനുഭവിച്ചു. ഇന്നും ക്ഷേത്രകവാടംവരെയുള്ളൂ എന്റെ ഭക്തിയും വിശ്വാസവും. ആ പടി വാതിൽ തൊട്ടാൽ എന്റെ സർവദുഃഖവും ഒഴുകി ഒഴിഞ്ഞതുപോലെ. എത്രയോ കാലമായി ഞാൻ ഇതു തുടരുന്നു. അജ്മൽ നാസറിന്റെ സംര ക്ഷണയിൽ ഇപ്പോൾ ഞാനും എന്റെ കുടുംബവും തളരാതെ മുന്നോട്ടു പോകുന്നു." സുബോധ മലാകറിന്റെ കണ്ണുകൾ നിറഞ്ഞില്ല. കരഞ്ഞൊ ഴിഞ്ഞു കണ്ണുനീർ വറ്റിയിരുന്നു. പക്ഷേ, ആ മുഖത്ത് ജീവിതത്തിലേ ക്കുള്ള ആവേശത്തിന്റെ തിരയിളക്കം.

അന്നെനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. സുബോധ നിർത്തിവെച്ച കണ്ണു നീർ എന്നിൽ നിറഞ്ഞു. എന്തു പിഴച്ചു ഇവൾ? ഇപ്പോഴും ഇവൾ ജീവി തത്തെ സ്നേഹിക്കുന്നു. കഴിഞ്ഞതിനെ ശപിക്കുന്നില്ല. മുന്നിലുള്ളതിനെ തരണം ചെയ്യാൻ പാടുപെടുന്നു. വിജയം ഇവൾക്കാണ്. കരുത്തുള്ള പെണ്ണ്. കാലം പാകപ്പെടുത്തിയ മനസ്സ്. മാതൃകയാക്കേണ്ട പെൺമനസ്സ്.

രാവിലെ സുബോധ മലാകറിനെ കണ്ടു. അവൾ വളരെ സന്തോഷ വതിയായി കാണപ്പെട്ടു. എന്റെ മുന്നിൽ മനസ്സിന്റെ ഭാരം ഇറക്കിവെച്ച സന്തോഷമായിരിക്കാം. ഞാൻ ശങ്കിച്ചു എന്തുകൊണ്ട് ഇവൾ ഇതുവരെ എന്റെ ചരിത്രം ചോദിച്ചില്ല? ഇപ്പോഴും ഈ ഗ്രാമത്തിൽ ഞാൻ അപരി ചിതൻ തന്നെയല്ലേ? അവൾ എന്നോടു ചോദിച്ചിരുന്നെങ്കിൽ എല്ലാം തുറന്നു പറയാമായിരുന്നു. സമാനമായ ജീവിതമാണ് ഞങ്ങൾ രണ്ടു പേരുടേതുമെന്ന് ബോധ്യപ്പെടുത്താമായിരുന്നു. ഗരിയ ഗ്രാമത്തിലെ പെണ്ണ്. നിയോഗത്താൽ എന്റെ ജീവിതത്തിൽ കടന്നുകൂടിയവൾ. എന്ത് ബന്ധമായിരിക്കും ഇവളും ഞാനും തമ്മിൽ? എന്റെ രക്തബന്ധത്തിന്റെ തുടർച്ച സുബോധയിൽ അവകാശപ്പെടാമോ? അവളുടെ അമ്മ, അനുജൻ, സുബോധ ഇതിനിടയിൽ കൈമാറ്റം ചെയ്യപ്പെട്ട ആൺകുട്ടി യുടെ ചിത്രം വരുന്നില്ല. ഞാൻ തീർച്ചയാക്കി, ഞാൻ അന്വേഷിക്കുന്ന എന്റെ മാതൃത്വം ഇവർക്കിടയിൽ ഇല്ല.

സുഗതേട്ടൻ പറഞ്ഞ ഗരിയ ഗ്രാമത്തിൽ ഞാൻ എത്തി. പക്ഷേ എവിടെയാണ് കൂട്ടിയോജിപ്പിക്കാൻ കഴിയാത്ത എന്റെ കഥകളും പ്രതി കഥകളും? അവ അനന്തതയിലേക്ക് എന്നെ നയിക്കുന്നു. ഗരിയ ഗ്രാമ ത്തിൽ എന്നെ എത്തിച്ചത് സുബോധ മലാകറിനെ തിരിച്ചറിയാനാണോ? അവളുടെ ദുഃഖമനസ്സിൽ ഒരു കുളിർമഴയായി അവശേഷിക്കാനാണോ? എന്റെ നിയോഗം ഇവിടെ അവസാനിക്കുകയാണോ? ഞാൻ ഒരു നിമിഷം നിശ്ശബ്ദനായി. ആദ്യം സന്തതികളുടെ കാര്യം ചിന്തിച്ച് പിന്നെ സ്വന്തം കാര്യം ചിന്തിക്കുന്നത് മാതാവിന്റെ ധർമ്മം. ഈ അമ്മ ഈശ്വരത്വത്തിന്റെ

പ്രത്യക്ഷമൂർത്തിയാകുന്നു. എനിക്ക് ജന്മം നൽകിയ മാതാവ് ഇപ്പോഴും എവിടെ എന്ന് മാത്രം ചിന്തിക്കുന്നു. അതുകൊണ്ട് ഞാൻ ഇവിടെയെത്തി.

അഗതിമന്ദിരത്തിലെ പുരുഷപ്രജകൾ ഞാനും ചൂരൽകുഴിയിലെ ഹ്രസ്വരൂപി കാര്യസ്ഥനും മാത്രം. അമ്മമാരുടെ കാര്യങ്ങളിൽ കൂടുതൽ ഇടപെടാൻ അതുകൊണ്ടുതന്നെ നിയന്ത്രണവുമുണ്ട്. ഞാൻ അഗതിമന്ദിരത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ കണക്കുകൂട്ടൽ തുടങ്ങിയതിനാൽ മറ്റു കാര്യങ്ങളിൽ അല്പം പിന്നോക്കം വലിഞ്ഞതുപോലെ. ഞാൻ പിൻതിരിഞ്ഞതല്ല. സമയം അനുവദിക്കാത്തതാണ് കാരണം. അജ്മൽ നാസറിന്റെ വിശ്വസ്തനായതോടുകൂടി ജോലിഭാരം വർധിച്ചു. അദ്ദേഹം എല്ലാമാസവും എനിക്കായി തന്നിരുന്ന തുക ഞാൻ സ്വരൂപിച്ചു വച്ചിരുന്നു. ആർക്കുവേണ്ടി എന്നെനിക്കറിയില്ല. അത് ശരിയായാലും തെറ്റായാലും തുല്യമൂല്യത്തോടെ കാലത്തിൽ പ്രതിഫലിക്കുകതന്നെ ചെയ്യും. ശരിയുടെ തുകയാണ് എന്റെ ഭണ്ഡാരം. തീർച്ചയായും ശരിക്കായിതന്നെ അത് വിനിയോഗിക്കപ്പെടും. ഇത് പ്രകൃതിനിയമം.

സുബോധ മലാകർ ഒരു ദിവസം പതിവു തെറ്റിച്ച് പുതുവസ്ത്രം ധരിച്ച് മനോഹരിയായി വന്നു. ആദ്യമായാണ് അവളെ ഈ വേഷത്തിൽ ഞാൻ കാണുന്നത്. ആ ഗ്രാമീണസൗന്ദര്യം എന്നെ അദ്ഭുതപ്പെടുത്തി. ഒരു താലത്തിൽ കുറച്ചു മധുരപലഹാരങ്ങൾ എന്റെ നേർക്ക് അവൾ നീട്ടി. വശ്യമായ പുഞ്ചിരിയോടെ മുഖത്ത് മിന്നിമറഞ്ഞ നാണം അവളെ കൂടുതൽ സുന്ദരിയാക്കി. എന്തു സംഭവിച്ചു എന്നു ഞാൻ ചോദിച്ചു. “ഇന്നെന്റെ ജന്മദിനം.” അവൾ തുടർന്നു, “ജനിച്ചത് എന്നാണെന്ന് അറിയില്ല, കുട്ടിക്കാലത്ത് കൂട്ടുകാരുടെ ജന്മദിനം അസൂയയോടെ നോക്കി നിന്നിട്ടുണ്ട്. അന്ന് ഞാനും തീരുമാനിച്ചു. എനിക്കും വേണം ഒരു ജന്മദിനം. എന്റെ പരാതികേട്ട ബീബിമാതാ നിശ്ചയിച്ചു, ഇന്ന് എന്റെ ജന്മദിനം. ബീബിമാതായുടെ മകന്റെയും ജന്മദിനം ഇന്നാണ്. അന്നു മുതൽ നാളിതുവരെ ഈ ദിവസം ഞാൻ ആഘോഷിക്കുന്നു. ഓരോ വർഷവും എന്റെ പ്രിയപ്പെട്ട ആർക്കെങ്കിലും ഒരാൾക്ക് ഞാൻ മധുരം നൽകും. ഈ വർഷം അങ്ങാണെന്റെ പ്രിയപ്പെട്ടവൻ. ഈ മധുരപലഹാരം സ്വീകരിക്കണം. അനാഥയ്ക്കും വേണ്ടേ ജനിക്കാൻ ഒരു ദിവസം.” അവളുടെ കണ്ണുകൾ നിറഞ്ഞു. കണ്ണുനീർ ധാരയായി ഒഴുകി. ഓർമ്മകൾ പിറകിലോട്ടു സഞ്ചരിച്ചിരിക്കണം. അവൾ ജീവിക്കാൻ തുടങ്ങിയിരിക്കുന്നു. അവളുടെ മരവിച്ച മനസ്സിൽ വേദനകൾ അരങ്ങൊഴിയുന്നു. ഈ വർഷത്തിലെ അവളുടെ പ്രിയപ്പെട്ടവൻ ഞാനാകുന്നു. എനിക്ക് മറിച്ചൊന്നും പറയാൻ തോന്നിയില്ല. അവൾ കരയട്ടെ. എല്ലാം പെയ്തൊഴിയട്ടെ. അവളും ജീവിക്കട്ടെ. ഞാൻ എന്തിന് അവളെ വേദനിപ്പിക്കണം? എനിക്ക് ഇവൾ പ്രിയപ്പെട്ടവൾ തന്നെ. പക്ഷേ, സുബോധ മലാകറിൽ തളയ്ക്കപ്പെട്ടതല്ല എന്റെ നിയോഗം. ഒരു ലക്ഷ്യം ഇപ്പോൾ എന്നിലുണ്ട്.

ഗരിയ ഗ്രാമം അതിന്റെ പൂർത്തീകരണമാകുന്നു. അവൾ സന്തോഷിക്കട്ടെ.

താലത്തിലെ മുഴുവൻ മധുരപലഹാരവും ഞാൻ സ്വീകരിച്ചു. സ്നേഹത്തിൽ ചാലിച്ച മാധുര്യം അതിൽ വാർന്നൊഴുകുന്നു. ഹൃദയത്തിൽ തൊട്ടുണ്ടാക്കിയ മധുരപലഹാരം. ഇത്രയും മധുരമായ ഒരു വസ്തുവും ഇന്നോളം ഞാൻ കഴിച്ചിട്ടില്ല. എന്റെ കണ്ണുകൾ നിറഞ്ഞു. എന്റെ കൈകളിൽ അവൾ കടന്നുപിടിച്ചു. സ്നേഹസ്പർശനത്തിന്റെ മൃദുലത. “ഇന്നോളം ആരും എന്നെ ഊട്ടിയിട്ടില്ല. അമ്മ എന്നെ ഊട്ടേണ്ട പ്രായത്തിൽ ഞാൻ അമ്മയെ ഊട്ടുകയായിരുന്നു. അമ്മ എന്നെ തലോടേണ്ട പ്രായത്തിൽ ഞാൻ അനുജനെ തലോടുകയായിരുന്നു. ബാല്യത്തിൽ ഞാൻ കൗമാരക്കാരിയായി. കൗമാരത്തിൽ ഞാൻ വൃദ്ധയെ പോലെ പെരുമാറേണ്ടിവന്നു. ഈ ദിവസം ഞാൻ മനസ്സിൽ താലോലിച്ച സ്വപ്നം.” ദുഃഖവായ്പിൽ ചാലിച്ച അവകാശത്തോടെ അവൾ പറഞ്ഞു നിർത്തി. എനിക്ക് അനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. മധുരപലഹാരം ഞാൻ അവളുടെ ചുണ്ടോടടുപ്പിച്ചു. അവൾക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. പൊട്ടിക്കരഞ്ഞ് സ്വർഗം കീഴടക്കിയ ആനന്ദം അവളിൽ ത്രസിച്ചുനിന്നു. അന്ന് വൈകുന്നേരം അവളോടൊപ്പം ഗരിയ ശിവശക്തി ക്ഷേത്രത്തിൽ ചെല്ലാൻ എന്നെ ക്ഷണിച്ചു. വാനോളം ഉയർന്ന സുബോധയുടെ ആനന്ദത്തെ തകർത്തെറിയാൻ ഞാൻ ആഗ്രഹിച്ചില്ല. ഒഴിഞ്ഞുമാറാൻ എനിക്കു കഴിഞ്ഞില്ല.

പൊതിക്കെട്ടിൽ സൂക്ഷിച്ചിരുന്ന മനോഹരമായ പുടവ അവൾ എന്നെ കാണിച്ചു. “ഇത് ഞാൻ തുന്നിയതാണ്. ഈ ഒരു ദിവസത്തിനായി. ഇതെന്റെ ബീബിമാതയ്ക്കുള്ള ജന്മദിന സമ്മാനം. തകർന്ന മനസ്സുമായി എന്റെ ബീബിമാതാ അഗതിമന്ദിരത്തിന്റെ ഒച്ചപ്പാടിൽനിന്നും ഒഴിഞ്ഞ് കോൺമുറിയിൽ ഒറ്റയ്ക്ക് കഴിയുന്നു. നാല്പതു വർഷമായി പുറംലോകം കണ്ടിട്ട്. അനീഭബീബി എന്ന എന്റെ ബീബിമാതാ. പരമ്പരാഗതമായ ഇസ്ലാംവേഷം ഇന്ന് ഒരു ദിവസത്തേക്ക് ബീബിമാതാ മാറ്റും. ഞാൻ തുന്നിയ ഈ പുടവ ബീബിമാതാ ധരിക്കും. എല്ലാമറിയുന്ന എന്റെ ബീബിമാതാ, എന്റെ മനസ്സറിയുന്ന ബീബിമാതാ. എനിക്ക് ജന്മദിനം നിശ്ചയിച്ചനുവദിച്ച ബീബിമാതാ. ബീബിമാതാ ഇന്ന് ഉടുത്തൊരുങ്ങും. ബീബിമാതായുടെ പുത്രന്റെ ജന്മദിനം കൂടിയാണ് ഇന്ന്.” ഇത് പറയുമ്പോൾ സുബോധയിൽ പോയ കാലങ്ങളിൽ തനിക്ക് ആശ്വാസം പകർന്ന ബീബിമാതായോടുള്ള അഗാധസ്നേഹം നിഴലിച്ചു കണ്ടു. ഞാനും കേട്ടിട്ടുണ്ട് അനീഭബീബി, അജ്മൽ നാസറിന്റെ പിതൃസഹോദരി, ഈ അഗതിമന്ദിരത്തിന്റെ കാരണക്കാരി. ലഹളയിൽ സർവ്വവും നഷ്ടപ്പെട്ട അമ്മ, പരിചരിക്കാൻ ആളുകൾ ഉണ്ടായിരുന്നിട്ടും സർവ്വതും ത്യജിച്ച് അഗതിമന്ദിരത്തിലെ കോൺമുറിയിൽ ഒതുങ്ങിക്കഴിയുന്നു. ആരെയും കാണാൻ താത്പര്യം കാണിക്കാറില്ല. അജ്മൽ നാസർ എത്താറുണ്ട്. പിതൃസഹോദരിയുടെ ഇഷ്ടത്തിനപ്പുറം അജ്മൽ നാസറിന് മറ്റൊന്നു

മില്ല. സുബോധ മലാകർ മുഖ്യപരിചാരിക എന്നതിലപ്പുറം സ്വന്തം മകളെ പോലെതന്നെ. ഹൃദയത്തിൽ ബന്ധിപ്പിച്ച മനഃപൊരുത്തം.

അന്നു വൈകുന്നേരം സുബോധ വളരെ സന്തോഷവതിയായിരുന്നു. ഗരിയ ക്ഷേത്രത്തിലേക്കുള്ള ഞങ്ങളുടെ യാത്ര. വഴിയരികിലെ ഓരോന്നിന്റെയും ചരിത്രം അവൾ പറഞ്ഞു, നിർത്താതെ അവൾ സംസാരിക്കുകയായിരുന്നു. ഞാൻ വീണ്ടും അദ്ഭുതപ്പെട്ടു. എന്റെ പൂർവ്വചരിത്രം അവൾ ചോദിക്കുന്നില്ല. എതിരെ വന്ന പരിചയക്കാരി ഞാൻ ആരാണെന്ന് അവളോടു ചോദിച്ചു. എന്നെ നോക്കി നാണിച്ചു തലകുനിച്ചു. പരിചയക്കാരിയുടെ കവിളിൽ മെല്ലെ തലോടുക മാത്രം ചെയ്തു. ഗരിയ ക്ഷേത്രം ഞങ്ങളെയും പ്രതീക്ഷിച്ചു നിൽക്കുന്നതുപോലെ തലയെടുപ്പോടെ വിദൂരതയിൽ കണ്ടുതുടങ്ങി. ഭജനയുടെ സംഗീതം ഉത്സവപ്രതീതി ജനിപ്പിച്ചു. ഒരുവശത്ത് നിൽക്കാൻ എന്നോട് നിർദ്ദേശിച്ച് കവലയിലേക്ക് അവൾ പോയി. ഒരു പൂകൂടം നിറയെ പൂവുമായി തിരിച്ചുവന്നു.

ഗരിയ ക്ഷേത്രത്തിന്റെ പടവുകൾ കയറുമ്പോൾ ഗരിയയിലെ ആദ്യദിനം ഓർമ്മവന്നു. നേർമണ്ഡപത്തെ ചൂണ്ടി അവൾ എന്നെ നോക്കി. വൻമരം തലയാട്ടി പരിചയം പുതുക്കി. നേർമണ്ഡപത്തിൽ അല്പം ഇരിക്കാം എന്നവൾ നിർദ്ദേശിച്ചത് അനുസരണയോടുകൂടി ഞാൻ സമ്മതിച്ചു. ക്ഷേത്രത്തിൽ വലിയ ജനത്തിരക്ക് ഇല്ലായിരുന്നു. ഗരിയ ഗ്രാമത്തിലെ സാധാരണ ക്ഷേത്രം. ഒത്തിരി ചരിത്രം ഉള്ളിലൊതുക്കി നിലകൊള്ളുന്നു. നേർമണ്ഡപത്തിൽ അവൾ എന്നോടു ചേർന്നിരുന്നു. ഞാൻ എന്നോടുതന്നെ ചോദിച്ചു. എന്തിനുള്ള പുറപ്പാടാണ്? ഇവൾ എന്നെ ആഗ്രഹിക്കുന്നു; എന്നെയും ചേർത്ത് പുതിയ ലോകം മെനയാൻ തുടങ്ങിയിരിക്കുന്നു. ഇവളുടെ നിഷ്കളങ്കത കാണുമ്പോൾ പ്രതികരിക്കാൻ കഴിയുന്നില്ല. ഞാൻ ആരാണെന്നുപോലും അറിയാൻ ഇവൾ ആഗ്രഹിക്കുന്നുമില്ല. ഗ്രാമീണതയുടെ നിഷ്കളങ്കതകൾ കബളിപ്പിക്കപ്പെടുന്നത് ഇങ്ങനെയായിരിക്കും.

ക്ഷേത്രത്തിനുള്ളിൽ നിന്നു സുഗന്ധം ഒഴുകിയെത്തുന്നു. അന്തരീക്ഷമാകെ അനുകൂല ഊർജ്ജത്തിന്റെ പ്രതിഫലനം. ഞങ്ങൾ ക്ഷേത്രകവാടത്തിൽ എത്തി. അവൾ എന്നും പൂവ് വെക്കാറുള്ള അച്ഛന്റെ സാന്നിധ്യം സങ്കല്പിക്കുന്ന സുബോധയെ ആദ്യമായി കണ്ട പ്രധാന ക്ഷേത്രകവാടം. പൂക്കൂടയിൽനിന്നും പൂക്കളെടുത്ത് ക്ഷേത്രകവാടം അവൾ അലങ്കരിച്ചു. കാഴ്ചക്കാർക്ക് പുതുമ തോന്നിയില്ല. എത്രയോ നാളായി അവർ ഇതു കാണുന്നു. ഭക്തിയോടെ ക്ഷേത്രകവാടത്തിന്റെ തൂണും ചാരി അവൾ കുറച്ചുനേരം ഇരുന്നു. അച്ഛന്റെ സാന്നിധ്യം അവളുടെ മുഖത്ത് പ്രകടമായതുപോലെ. സ്നേഹവായ്പോടെ അവൾ എന്നെ നോക്കി. ഇത്രയും നേരമായിട്ടും അവളോട് ഞാൻ ഒന്നും പറഞ്ഞിട്ടില്ല. തുറന്ന മനസ്സുമായി അവൾ മാത്രം സംസാരിക്കുന്നു. എന്റെ മനസ്സും അവളോട് പ്രതികരിക്കു

ന്നുണ്ടാകും. അതുകൊണ്ടായിരിക്കും എന്റെ പ്രതികരണം അവൾ പ്രതീക്ഷിക്കാത്തത്. ക്ഷേത്രകവാടം വരെ മാത്രമേയുള്ളൂ അവളുടെ ഭക്തി. അവളുടെ ദേവൻ അവിടെയാണ്. മനോധൈര്യം നൽകി അവളെ സംരക്ഷിച്ച കവാടം. മുന്നോട്ടുള്ള ഊർജ്ജം, മനോബലം നൽകുന്ന ആശയം, പ്രതീകം, സങ്കല്പം. ഏതുമാകട്ടെ അതാണൊരുവന്റെ ഈശ്വരൻ.

വളരെ അപ്രതീക്ഷിതമായി അവൾ എന്റെ കാലുകൾ തൊട്ടു വന്ദിച്ചു. അവളുടെ ആശ്രയം ഞാനായി മാറിയിരിക്കുന്നു. മുട്ടുകുത്തി എന്റെ കാൽപാദങ്ങൾ പുൽകി അവൾ അങ്ങനെതന്നെയിരുന്നു. എഴുന്നേല്പിക്കാനായി അവളെ തൊടാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. ഒരു നവവധുവിനെപോലെ അവൾ എഴുന്നേറ്റു. എന്നോടു ചേർന്നു നിന്നു. ഗരിയ ക്ഷേത്രത്തിൽ മണിനാദം മുഴങ്ങി. ദേവനുഴിഞ്ഞ അഗ്നി അതിനു സാക്ഷിയായി. ഞാൻ അറിയാതെ അവൾ എന്റേതായി മാറുകയായി രുന്നു. അവൾ പറഞ്ഞു, "ഒരു അനാഥയാണ് ഞാനെന്ന് ഇനി പറയില്ല. ശാസിക്കാനും ആഗ്രഹിക്കാനും അങ്ങ് എനിക്കുണ്ട്. എനിക്ക് ഒന്നും വേണ്ട. ഈ ചിന്ത മതി ശിഷ്ടജന്മം പൂർത്തിയാക്കാൻ." മറുപടി പറയണ മെന്നുണ്ടായിരുന്നു. എന്നാൽ മണിയൊച്ചയും ശംഖുനാദവും മുഴങ്ങി കേൾക്കുന്നു. ഉത്സവലഹരി. അവൾ ക്ഷേത്രപടിവാതിലിൽ മുഖം ചേർത്തു. കണ്ണുനീർ ധാരയായി ഒഴുകി. എന്നിൽ നിന്നും ഭിന്നമല്ല ഗരിയ ദേവന്റെ പ്രിയ തോഴി എന്നു ഞാൻ അറിയുന്നു. 'ഞാൻ' എന്ന പദം ഇന്നു മുതൽ എന്നിൽ അന്യമായിരിക്കുന്നു. "ഞങ്ങൾ" എന്ന മനോതലം ഉണർന്നിരിക്കുന്നു. പുതിയ ചിന്തകളുമായി ഗരിയ ക്ഷേത്രത്തിന്റെ പടികൾ ഞങ്ങൾ ഇറങ്ങി.

## ഒൻപത്

**അ**ഗതിമന്ദിരം മുഴുവൻ ഞാൻ അന്ന് നടന്നുകണ്ടു. ചരിത്രസ്മാരക ങ്ങളെ ഓർമ്മിപ്പിക്കുന്ന ശില്പചാരുത. വലിയ തടികൾകൊണ്ട് നിർമ്മിച്ച മേൽക്കൂരകൾ. അവയെ താങ്ങാൻ കരുത്തുള്ള ചുവരുകൾ. വഴികൾ ചുറ്റിക്കുന്ന വാസ്തുപാടവം അഗതിമന്ദിരത്തിൽ മുഴച്ചു നിന്നു. കോൺ മുറി കണ്ടെത്തണം. അതാണ് എന്റെ അന്വേഷണ ഉദ്ദേശ്യം. അനീഭ ബീബി. ഇരുട്ടിന്റെ മാലാഖ. അജ്മൽ നാസറിന്റെ പിതൃസഹോദരി. അഗതിമന്ദിരത്തിന്റെ കാരണക്കാരിയായ മനസ്സിനുടമ. എല്ലാത്തിലുമുപരി സുബോധ മലാകറിന്റെ പ്രത്യക്ഷ ദൈവം. അന്തേവാസികളായ പലരെയും കണ്ടു. ആരോടും ചോദിച്ചില്ല. കോൺമുറി എവിടെയാണെന്ന്. അവസാനം എന്റെ അന്വേഷണം സുബോധ മലാകറിനു മുന്നിൽ ചെന്നവസാനിച്ചു. പഴയ പ്രസരിപ്പ് അവളുടെ മുഖത്തു കാണുന്നില്ല. എന്നെ കണ്ടതും ധൃതിയിൽ എന്റെ അടുത്തുവന്നു. രക്ഷകനെ കണ്ട മുഖഭാവം അവളിൽ.

അവളുടെ അമ്മയുടെ രോഗം മൂർച്ഛിച്ചിരിക്കുന്നു. ഇത്രയുംകാലം മരണത്തിനു വിട്ടുകൊടുക്കാതെ അവൾ സംരക്ഷിച്ചു. അമ്മ അനാഥ യാണ് എന്ന ചിന്തയില്ലാതിരിക്കാൻ അഗതിമന്ദിരത്തിൽ പാർപ്പിച്ചില്ല. ചെറിയ വീട്ടിൽ അമ്മയെ സംരക്ഷിച്ചു. അജ്മൽ നാസർ പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്, അഗതിമന്ദിരത്തിൽ അവളുടെ അമ്മയെകൂടി താമസി പ്പിക്കാൻ. പക്ഷേ, അച്ഛന്റെ ഓർമ്മകൾ ഉറങ്ങുന്ന ആ വീട് അമ്മയ്ക്ക് പ്രിയപ്പെട്ടതാണെന്ന് അവൾക്കറിയാം. അച്ഛന്റെ ഓർമ്മയിലാണ് അമ്മ ഇപ്പോഴും ജീവിക്കുന്നത്. അവിടം ഉപേക്ഷിച്ചാൽ അമ്മ മരണപ്പെടുമോ യെന്ന് അവൾ ഭയപ്പെട്ടു. അനീഭബീബിയുടെ കരുത്ത് സുബോധ മലാ കർ എന്നപോൽ അവളുടെ അമ്മയുടെ ഊർജ്ജം അച്ഛന്റെ കരവിരുതും കലാബോധവും സമ്മേളിച്ച ആ വീടുതന്നെ. എല്ലാവർക്കും ഉണ്ടാകും ഒരു ഊർജ്ജസ്ത്രോതസ്സ്. ചിലർക്ക് ഈശ്വരൻ. ചിലർക്ക് വ്യക്തികൾ. ചിലർക്ക് പ്രത്യേക വസ്തുക്കളും സ്ഥലങ്ങളും. സുബോധ മലാകറിനെ ഗരിയ ക്ഷേത്രത്തിലെ ക്ഷേത്രകവാടം എന്നപോലെ എന്റെ പ്രേരകർ. ബോധിരമൻ, ഭഗനിയമ്മ...

അമ്മയുടെ രോഗകാഠിന്യം അവളുടെ മുഖത്തുനിന്നും വായിച്ചെടുക്കാം. അവൾ പറഞ്ഞു. “എന്നാലും അനീഭബീബിക്കായി ഇന്നും ഞാൻ ഇവിടെ വന്നു.” അനീഭബീബിയെക്കുറിച്ച് അവളോടു ഞാൻ ചോദിച്ചു. “മാനസിക വ്യതിയാനത്തിന്റെ പല തലങ്ങളാണ് അനീഭബീബി. ചിലപ്പോൾ തികഞ്ഞ പക്വതയുള്ള പെരുമാറ്റം. മറ്റു ചിലപ്പോൾ യുക്തിഹീനവും വെറുതെ പുലഭ്യം പറയുന്ന മാനസികവിഭ്രാന്തി പ്രകടിപ്പിക്കുന്ന അവസ്ഥയും. ആൾക്കൂട്ടവും അമിതവെളിച്ചവും ബീബിമാതായുടെ മാനസികാവസ്ഥയെ താളം തെറ്റിക്കും. ഏതവസ്ഥയിലും എന്റെ സാന്നിധ്യം ബീബിമാതയിൽ ശാന്തതയ്ക്ക് കാരണമാകും. ഒരു ദിവസം എന്നെ കണ്ടില്ലെങ്കിൽ മാനസികനില തെറ്റും. വർഗീയലഹളയിലെ ആക്രോശിക്കുന്ന ജനക്കൂട്ടം. അഗ്നി കാർന്നു തിന്നുന്ന ഭർത്താവിന്റെ ശരീരം. അലർച്ചകളുടെ കാതടപ്പിക്കുന്ന ശബ്ദം. മകൻ നഷ്ടപ്പെട്ട മനസ്സിന്റെ വിങ്ങൽ. ലഹളയുടെ ആ ഒരു രാത്രിയിൽ ബീബിമാതായ്ക്ക് തന്റെ മനോനിയന്ത്രണം നഷ്ടപ്പെട്ടു. വർഷങ്ങളോളം ബീബിമാതാ പൂർണമനോരോഗിയായിരുന്നു. എന്റെ ബാല്യത്തെ താലോലിച്ച്, എന്റെ കുസൃതികൾ കണ്ടു ചിരിച്ച്, തെറ്റുകളെ ശാസിച്ച് എന്നിലൂടെ ബീബിമാതാ ജീവിതത്തിലേക്ക് തിരിച്ചുവരുകയായിരുന്നു. നഷ്ടപ്പെട്ട മകനെ എന്നിലൂടെ കണ്ടെത്തുകയായിരുന്നു. ഇപ്പോഴും ചിന്തകളുടെ ഏതോ തലത്തിൽ ബീബിമാതായ്ക്ക് മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെടുന്നു. എന്റെ സാന്നിധ്യം മകന്റെ സാന്നിധ്യമായി ബീബിമാതാ അനുഭവിക്കുന്നു. അതുമതി ബീബിമാതായ്ക്ക് സ്വബോധത്തിൽ തിരിച്ചെത്താൻ. കുഞ്ഞുപ്രായത്തിൽ ബീബിമാതാ എന്നെ ആൺവേഷം കെട്ടിക്കുമായിരുന്നു. ആ വേഷത്തിൽ ബീബിമാതാ എന്നെ വിളിച്ചിരുന്നത് ‘അമീൻ” എന്നായിരുന്നു. പ്രിയപുത്രന്റെ പേര്, ബീബിമാതാ ഏറ്റവും ഇഷ്ടപ്പെട്ട വാക്ക്. ഒരുപക്ഷേ, ജീവിതത്തിലിന്നോളം ആ പേരല്ലാതെ മറ്റൊന്നും ചിന്തിച്ചിട്ടില്ലായിരിക്കാം.” ഇത്രയും പറഞ്ഞ് സുബോധ മലാകർ നിശ്ശബ്ദമായി. കോൺമുറിയുടെ അന്വേഷണത്തിന് എന്നെ പ്രേരിപ്പിച്ച നിമിത്തം, ഇവിടെ എന്തൊക്കെയോ നിയോഗത്തിന്റെ കൂട്ടിച്ചേർക്കൽ. നിഷ്ഫലമായി എന്നു തോന്നിയ അന്വേഷണം സഫലമായത് സുബോധ മലാകറിനു മുമ്പിൽ.

സുബോധ മലാകർ അവളുടെ അമ്മയുടെ മൂർച്ഛിച്ച രോഗാവസ്ഥയെക്കുറിച്ച് അല്പനിമിഷം വിസ്മരിച്ചു. ശാസനയുടെ ഭാവം മുഖത്ത് സംഭരിച്ചു. അവൾ എന്നോടായി പറഞ്ഞു. “ഇവിടെ ഇപ്പോൾ അങ്ങു തേടുന്നത് എന്താണെന്ന് എനിക്കറിയാം. അങ്ങനെ ചെയ്യാതിരിക്കാൻ അങ്ങേക്ക് കഴിയില്ല. ഞാൻ കാണിച്ചുതരാം കോൺമുറി. കുറച്ചു ദിവസത്തെ സാവകാശം തരണം.” ഞാൻ അദ്ഭുതപ്പെട്ടു. ഞാൻ അന്വേഷിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം ത്രികാലജ്ഞാനിയെപ്പോലെ അവൾ പറയുന്നു. എന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം. എന്റെ കണ്ണുകൾ നിറഞ്ഞു. എന്റെ ജന്മരഹസ്യം വെളിപ്പെട്ടിരിക്കുന്നു.

സുബോധ മലാകർ എന്റെ ചിന്തകൾക്കപ്പുറം സഞ്ചരിച്ചിരിക്കുന്നു. ഒരു നിമിഷം ഞാൻ സ്തബ്ധനായി. അഗതിമന്ദിരം തകർന്നുവീഴുന്നതു പോലെ. കരുത്താർജിക്കാൻ ശ്രമിക്കുംതോറും ഞാൻ കൂടുതൽ ദുർബല നാകുന്നതുപോലെ. എന്റെ കണ്ണുകൾ ഏതോ നിഴലിനെ പിൻതുടരുന്നു. സുബോധ മലാകർ നടന്നകലുന്നു.

അന്തർമുഖമായ മനോവ്യാപാരം ബാഹ്യപ്രകൃതിയിലെ സ്പന്ദനം ഈ രണ്ടിന്റെയും സമീകരണം, ഒരു വിജയിയുടെ പ്രായോഗികതലം ഇതിൽ സുബോധ മലാകർ വിജയിച്ചിരിക്കുന്നു. എന്റെ മനോവ്യാപാരത്തെ ബാഹ്യപ്രകൃതിയിലെ സ്പന്ദനവുമായി അവൾ യോജിപ്പിച്ചു. സുഗതേട്ടൻ പറഞ്ഞത് ഞാൻ ഓർത്തു. "നിന്റെ അമ്മയുടെ വിധിയുടെ ഭാഗമാകാൻ ഇനിയും നീ ബാക്കിനിൽക്കുന്നെങ്കിൽ ലോകത്തിന്റെ ഏതു കോണിൽ പോയാലും നീ അമ്മയുടെ അരികിൽ എത്തുകതന്നെ ചെയ്യും."

ചൂരൽ കുഴിയിലെ ഹ്രസ്വരൂപി, അഗതിമന്ദിരത്തിലെ കാര്യസ്ഥൻ രാവിലെ ധൃതിയിൽ എന്നെ വിളിച്ചുണർത്തി ഒറ്റശ്വാസത്തിൽ എന്നോടു പറഞ്ഞു:

"സുബോധ മലാകറിന്റെ അമ്മ മരിച്ചു." പ്രഭാതത്തിലെ ദുഃസ്വപ്നമാകും എന്നാണ് ആദ്യം ഞാൻ കരുതിയത്. പക്ഷേ, അത് സത്യമായിരുന്നു. മരണത്തിന് കൊടുക്കാതെ അവൾ കാത്തുസൂക്ഷിച്ച നിധി കാലത്തിന്റെ ചുഴിയിൽ മറയപ്പെട്ടു. അജ്മൽ നാസറിനോട് അവളുടെ വീട്ടിൽ പോകാൻ അനുവാദം ചോദിച്ചു. ഈ വാർത്തയിൽ അദ്ദേഹം ദുഃഖിതനാണെങ്കിലും അർത്ഥം വച്ച് നോക്കി എന്നോടു പറഞ്ഞു, "നീ പോകണം, നീ മാത്രമേയുള്ളൂ ഇനി അവൾക്ക്."

ആളുകൾ കൂടിയിരിക്കുന്നു. ഇവിടെ എവിടെയോ സുബോധ മലാകർ എന്നെ പ്രതീക്ഷിക്കുന്നുണ്ടായിരിക്കാം. എന്നെ കണ്ടതും അതുവരെ നിയന്ത്രിച്ചിരുന്ന വിങ്ങിപ്പൊട്ടൽ ഒരലർച്ചയായി രൂപം പ്രാപിച്ചു. സഭാബോധം മറന്ന് അവൾ എന്റെ അടുത്തേക്ക് ഓടിവന്നു. എല്ലാവരുടെയും ശ്രദ്ധ എന്നിൽ മാത്രമായി. കൂടിനിന്നവർക്ക് ഞാൻ തികച്ചും പുതുമുഖം. വീടിന്റെ ഒരു കോണിൽ ഇരിക്കുകയായിരുന്ന ഒരു വൃദ്ധമാതാവ് പരിചയഭാവത്തിൽ എന്റെ അടുത്തുവന്നു, എന്റെ മുഖത്ത് സൂക്ഷിച്ചുനോക്കി. ആ വാർധക്യത്തിലും തന്റെ ഓർമ്മകളെ പിറകിലോട്ടു നയിക്കാൻ ആ വൃദ്ധമാതാവ് ശ്രമിക്കുന്നത് കണ്ടു. "നല്ല മുഖപരിചയം." വൃദ്ധമാതാവ് തറപ്പിച്ചു പറഞ്ഞു. "നീ ഹുസൈൻ താപ്പയുടെ ആരാണ്?" എന്ന് വൃദ്ധമാതാവ് ചോദിച്ചപ്പോൾ എനിക്ക് നൽകാൻ മറുപടിയുണ്ടായിരുന്നു. ഹുസൈൻ താപ്പ - അനീഭബീബിയുടെ ഭർത്താവ്, അമീൻ എന്ന എന്റെ പിതാവ്. പക്ഷേ, മറുപടി പറയാൻ മനസ്സനുവദിച്ചില്ല. ഞാൻ സുബോധയെ നോക്കി. വൃദ്ധമാതാവിന്റെ ചോദ്യം അവളും ശ്രദ്ധിച്ചിരിക്കുന്നു. പക്ഷേ, ആ ചോദ്യത്തിനു പുറകെ പോകാൻ ഇപ്പോൾ പ്രാപ്തയല്ല അവൾ. എല്ലാവരും എന്നെ നോക്കുന്നു. ഹുസൈൻ താപ്പയെ എന്നിലൂടെ അവർ

തിരിച്ചറിയുകയാണോ അതോ എന്നെ കണ്ടയുടൻ സുബോധയിൽ ഉണ്ടായ ഭാവവ്യത്യാസം വിലയിരുത്തുകയാണോ? ബുദ്ധിമാന്ദ്യം ബാധിച്ച അവളുടെ അനുജൻ മരിച്ചു കിടക്കുന്ന അമ്മയെ നിർവ്വികാരനായി നോക്കി അടുത്തിരിക്കുന്നു. ജനനവും മരണവും എന്താണെന്ന് ഒരുപക്ഷേ അവനറിയില്ലായിരിക്കാം. സഹോദരിയുടെ അലർച്ചകേട്ട് അവൻ എന്നെ നോക്കി. കഥയുടെ തുടക്കവും ഒടുക്കവും തിരിച്ചറിയാൻ കഴിയാതെ അവൻ പകച്ചു നിൽക്കുന്നു.

മാസശമ്പളത്തിൽനിന്നും ഞാൻ സ്വരൂപിച്ചുവച്ച തുക കാര്യക്കാരെ ഏല്പിച്ചു ഒരു കാരണവരെപ്പോലെ. മരണാനന്തര ചടങ്ങ് കഴിഞ്ഞു. അന്നു രാത്രി എന്റെ അന്തിയുറക്കം അവിടെ തന്നെയായിരുന്നു. ചടങ്ങിൽ എന്റെ നിർദ്ദേശങ്ങൾക്കായി കാര്യക്കാർ വന്നുപോയി. എല്ലാം ശുഭമായി തീർത്തിട്ടു വന്നാൽ മതിയെന്ന് അജ്മൽ നാസർ എനിക്കു നിർദ്ദേശം തന്നിരുന്നു. ചടങ്ങുകൾ രണ്ടു ദിവസം നീണ്ടുനിന്നു. ഗരിയ ഗ്രാമം മുഴുവൻ ആ വീട്ടിൽ അവരുടെ സാന്നിധ്യമറിയിച്ചു. വൃദ്ധമാതാവിന്റെ ചോദ്യം എന്നെ കണ്ട പലരും ആവർത്തിച്ചു. ഒന്നെനിക്ക് ഉറപ്പായി ഞാൻ എന്റെ പിതാവ് ഹുസൈൻ താപ്പയുടെ തനിസ്വരൂപം. എല്ലാവരുടെയും ചോദ്യത്തിൽനിന്നും ഞാൻ ഒഴിഞ്ഞുമാറി. ഉത്തരം പ്രതീക്ഷിച്ചവർ നിരാശരായി.

സുബോധ മലാകർ ബീബിമാതായെക്കുറിച്ച് എന്നോടു ചോദിച്ചു. അജ്മൽ നാസർ ഇപ്പോൾ എപ്പോഴും ബീബിമാതായുടെ കൂടെയാണെന്നു ചൂരൽകുഴിയിലെ ഹ്രസ്വരൂപി അവളെ ബോധിപ്പിച്ചു. എന്നാൽ കഥ അതൊന്നുമല്ല. സുബോധ മലാകറിനെ കാണാത്തതിൽ മാനസിക വിഭ്രാന്തിയുടെ മൂർധന്യതയിലാണ് ബീബിമാതായെന്ന് എനിക്ക് മനസ്സിലായി. ചടങ്ങുകൾ കഴിഞ്ഞ് പോകാൻ ഒരുങ്ങിയ എന്നെ സുബോധ മലാകർ നിരാലംബയെ പോലെ നോക്കി. അവളുടെ അനുജൻ വീടിന്റെ മൂലയിൽ ചുരുണ്ടുകൂടിയിരിക്കുന്നു. അവകാശംപോലെ അവൾ എന്റെ കൈകളിൽ കടന്നുപിടിച്ചു. എന്റെ ചിന്തകളിൽ ചോദ്യങ്ങൾ ഉയർന്നില്ല. ഞാൻ അവളുടെ കൈകൾ മാറ്റാൻ ശ്രമിച്ചില്ല. അവളോടുള്ള കടപ്പാട് എന്നിൽ അവശേഷിക്കുന്നു. അനീഭബീബി, എന്റെ മാതാവാണെന്നു ചൂണ്ടിക്കാണിച്ചുതന്നവൾ. അവളുടെ ജന്മം എനിക്ക് ജന്മം നൽകിയ മാതാവിനായി അടിയറവച്ചവൾ. ഇവളെ ഉപേക്ഷിച്ചാൽ നീതിശാസ്ത്രത്തിലെ ഒരു പ്രമാണവും അതിനെ ന്യായീകരിക്കില്ല.

## പത്ത്

**അ**ജ്മൽ നാസറിന്റെ പൂർണ അനുവാദത്തോടെ സുബോധ മലാകർ അനുജനോടൊപ്പം അഗതിമന്ദിരത്തിലെ പടവുകൾ കയറി. അവൾ എന്റെ കാര്യങ്ങളിൽ ഇടപെടാൻ തുടങ്ങി. ഞാൻ നിരുത്സാഹപ്പെടുത്തിയില്ല. വർഗീയ വിഷസർപ്പങ്ങൾ താണ്ഡവമാടി ബാക്കിവെച്ച അവളുടെ ഗൃഹം അവൾ മറക്കാൻ ശ്രമിക്കുകയായിരുന്നു. എന്റെ സാന്നിധ്യം അവൾക്ക് ഊർജം പകർന്നു. ദുഃഖങ്ങൾ പെയ്തൊഴിഞ്ഞു. സ്വപ്നങ്ങൾ അവളിൽ മുളപൊട്ടുന്നത് ഞാൻ മനസ്സിലാക്കുന്നു. എന്റെ നിത്യനിഷ്ഠകളിൽ അവൾ ഒഴിച്ചുകൂടാൻ കഴിയാത്ത ഭാഗമായി. കോൺമുറിയും അനീഭ ബീബിയും എന്റെ ദിനങ്ങളിൽ ആവേശം വർധിപ്പിച്ചു. ഞാൻ എന്റെ മാതൃരക്തത്തിനരുകിൽ ഒന്ന് ഉറക്കെ വിളിച്ചാൽ കേൾക്കാവുന്ന ദൂരം. പക്ഷേ, അതിലേക്കുള്ള ചൂണ്ടുപലക സുബോധ തന്നെയാകുന്നു. കാരണമില്ലാതെ അവൾ എന്നെ വിലക്കില്ല. എന്റെ ചിന്തയ്ക്കുമപ്പുറം സഞ്ചരിച്ചവൾ. എന്റെ മാതാവ് അനീഭബീബിയാണെന്ന് അറിയാവുന്ന ഈ ലോകത്തിലെ ഒരേയൊരു വ്യക്തി. എന്നിട്ടും അവൾ എന്തേ ഞങ്ങളെ അകറ്റി നിർത്തുന്നു? എന്റെ മനസ്സ് വീണ്ടും സംശയിച്ചു. സർവ്വ വിലക്കുകളെയും ലംഘിച്ച് മാതാവിനരികിൽ ഓടിയെത്താൻ എന്റെ മനസ്സ് വെമ്പൽ കൊണ്ടു. ഞാൻ എന്റെ ലക്ഷ്യത്തിനരികിൽ. സുബോധ മലാകർ, അനീഭബീബിയുടെ ഹൃദയതുടിപ്പ് അറിയുന്നവൾ, എന്നെ തിരിച്ചറിഞ്ഞവൾ, അവളുടെ ദീർഘവീക്ഷണത്തിനു മുമ്പിൽ ഞാൻ നിസ്സാരൻ. അവൾ നിശ്ചയിക്കട്ടെ മാതൃപുത്രസമാഗമം.

ഞാൻ കൂടുതൽ നിശ്ശബ്ദനായി. സുബോധ മലാകർ കൂടുതൽ വാചാലയാകാനും. സുബോധ എന്റെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയതോടെ അജ്മൽ നാസർ സന്തോഷവാനായി. തൊഴിലിൽ ഞാൻ കൃത്യത പുലർത്തുന്നു. ഞാൻ പലപ്പോഴും അജ്മൽ നാസറിനെ നോക്കി. എന്റെ മാതൃസഹോദരപുത്രൻ. മനസ്സിൽ പല പ്പോഴും ജ്യേഷ്ഠനെന്നു വിളിച്ചു. ഞാൻ ഗരിയ ഗ്രാമത്തിൽ വളർന്നിരു ന്നെങ്കിൽ എന്നെ കൈപിടിച്ചു വളർത്തേണ്ട ജ്യേഷ്ഠൻ. എന്നെ ശാസി ക്കാനും ഉപദേശിക്കാനും അധികാരമുള്ള പിതൃതുല്യൻ. ഞങ്ങളുടെ മുഖ സാമ്യവും ശരീരചേഷ്ഠയും തുലനം ചെയ്തു നോക്കി. യോജിപ്പിക്കാൻ

കഴിയാത്ത ഘടനാവൈഭവം. മാതൃകുല പാരമ്പര്യമല്ല എന്നിലെ ശരീര ഘടന. എന്റെ പിതൃപാരമ്പര്യം അറിയാതെയാണെങ്കിലും പലരും സ്ഥാപിച്ചുകഴിഞ്ഞു.

ജോലിയിൽ കൂടുതൽ ഉത്സാഹം പ്രകടിപ്പിച്ചു. കണക്കെഴുത്തിൽ മാത്രം ശ്രദ്ധ ഒതുക്കാൻ ആഗ്രഹിച്ചില്ല. പരുത്തിതോട്ടങ്ങളിലും മറ്റു വ്യവസായ സംരംഭങ്ങളിലും ഞാൻ ശ്രദ്ധിച്ചു. നഷ്ടകാരണങ്ങൾ വില യിരുത്തി ലാഭത്തിനായുള്ള പുതിയ സൂത്രവാക്യങ്ങൾ അജ്മൽ നാസറിനു മുമ്പിൽ അവതരിപ്പിച്ചു. അജ്മൽ നാസർ അദ്ഭുതപ്പെട്ടു. എല്ലാം എന്റേതു കൂടിയാണെന്നുള്ള ചിന്ത. ആത്മീയവീക്ഷണത്തിൽ ഞങ്ങൾ ഒന്നുപോലെയാണെന്ന് അജ്മൽ നാസറിനെ പരിചയപ്പെട്ടപ്പോൾ ഞാൻ കരുതി. സന്ധ്യ മയങ്ങിയാൽ അഗതിമന്ദിരത്തിൽ പോകാൻ അദ്ദേഹം എന്നെ ശാസിച്ചു. അവിടെ എന്റെ സാന്നിധ്യം സുബോധ ഏറെ ആഗ്രഹിക്കുന്നുണ്ടെന്ന് തോന്നി. ഞാൻ വരാൻ വൈകിയാൽ അവൾ പരിഭവം നടിച്ചു. ഞാൻ വിട്ടൊരു ലോകം അവൾക്ക് സങ്കല്പിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് ഞാൻ മനസ്സിലാക്കി. അനീഭബീബിയെക്കുറിച്ചുള്ള ചിന്തകൾ എന്നെ അലട്ടുന്നു എന്നവൾ മനസ്സിലാക്കി.

അന്ന് അവൾ എന്നോടു കൂടുതൽ സംസാരിച്ചു. എന്നെ ചൂഴ്ന്നു നിൽക്കുന്ന ആ സത്യം അവൾ പറഞ്ഞു. "അനീഭബീബി അങ്ങയുടെ മാതാവ് തന്നെ. എനിക്കറിയാം അങ്ങ് ഇവിടെ എത്തുമെന്ന്. അത്രയ്ക്ക് ആഗ്രഹിച്ചിരുന്നു ബീബിമാതാ മകനുവേണ്ടി. മകനെക്കുറിച്ചുള്ള ചിന്ത, ആഗ്രഹം എന്നിവയുടെ മൂർദ്ധന്യത്തിൽ ബീബിമാതാ മനോവിഭ്രാന്തി യുടെ തലത്തിൽ എത്തിച്ചേരും. ഇപ്പോൾ ബീബിമാതാ മനോവിഭ്രാന്തി യുടെ തലത്തിലാണ്. മനസ്സിനെ വിശകലനം ചെയ്യാൻ ആരും ഇതുവരെ പര്യാപ്തരല്ല. ഇപ്പോൾ ബീബിമാതാ അങ്ങയെ കണ്ടാൽ മാനസികാ വസ്ഥയുടെ ഏതുവശത്തേക്കും വഴുതിവീഴാം. പെട്ടെന്നുള്ള ഞെട്ടലിൽ എന്തു സംഭവിക്കും എന്നത് പ്രവചനാതീതം. ഇപ്പോൾ അങ്ങ് ബീബിമാതായെ കാണുന്നത് ഉചിതമല്ല. അങ്ങ് അല്പം സാവകാശം തരണം. ചിന്തകൾ കെട്ടടങ്ങുമ്പോൾ ബീബിമാതാ അങ്ങയെ തിരിച്ച റിയും. ഞാൻ അങ്ങയെ തിരിച്ചറിഞ്ഞതുപോലെ. ബീബിമാതാ ഇപ്പോൾ ഇരുട്ടിന്റെ തടവറയിലാണ്. വെളിച്ചത്തിന്റെ സാന്നിധ്യം ബീബിമാതായിൽ മാനസികപിരിമുറുക്കം കൂട്ടും. ഞാൻ മാത്രമേ കോൺമുറിയിൽ കയറാ റുള്ളൂ. അജ്മൽ നാസറിനുപോലും ഈ അവസ്ഥയിൽ അങ്ങോട്ട് പ്രവേശനമില്ല. അന്യരാരെങ്കിലും കോൺമുറിയിൽ കയറിയാൽ "താപ്പയെ കൊന്നു. ഇനി എന്നെയും അമീനിനെയും കൊല്ലാൻ വരുന്നു എന്ന് ഉച്ചത്തിൽ ബഹളംവയ്ക്കും. ചിലപ്പോൾ ആക്രമിക്കുകയും ചെയ്യും." ഞാൻ അദ്ഭുതപ്പെട്ടു. ഒരു മനഃശാസ്ത്രജ്ഞയുടെ ബുദ്ധിപാടവത്തോടെ അവൾ പ്രശ്നങ്ങളെ സമീപിക്കുന്നു. നടപ്പിലാക്കുന്നു.

അവൾ എന്റെ കൈയിൽ കടന്നുപിടിച്ചു. ഇടനാഴികളിലൂടെ എന്നെയും വലിച്ചുകൊണ്ടു നടന്നു. അഗതിമന്ദിരത്തിലെ നിശ്ശബ്ദമായ ഒരു സ്ഥലത്തു കൊണ്ടുപോയി നിർത്തി. ദൂരത്തുനിന്നുള്ള പ്രകാശത്തിന്റെ ഒരു നേർരേഖ ഇടനാഴിയിൽ ഇഴഞ്ഞുനീങ്ങുന്നു. ആ വെളിച്ചത്തിൽ ഇടനാഴി അവ്യക്തമായി പ്രകാശിച്ചു. ഇടനാഴി അവസാനിക്കുന്നിടത്ത് ഒരു അടഞ്ഞ വാതിൽ ചൂണ്ടിക്കാണിച്ചു. "ഇതാണ് കോൺമുറി. അങ്ങയുടെ മാതൃജീവൻ കഴിഞ്ഞ കുറെ വർഷങ്ങളായി കുടിയിരിക്കുന്നിടം. ഈ മുറിയിൽ നിന്നുള്ള സ്പന്ദനമാണ് ലോകത്തിന്റെ ഏതു കോണിൽ നിന്നുമെന്നറിയില്ല. ഇപ്പോൾ അങ്ങയെ ഇവിടെ എത്തിച്ചു." അവൾ പറഞ്ഞതു ശരിയാണ്. ഞാൻ ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞു. എന്നിലെ ഞാൻ അനുകൂലപ്രകൃതിയിൽ ലയം പ്രാപിച്ചിരിക്കുന്നു. മനസ്സാണ് ഇവിടെ പ്രകൃതി. ബാഹ്യ, അന്തർ സ്പന്ദന ചേർച്ചയാണ് ഇവിടെ അനുകൂലമാക്കപ്പെട്ടത്.

അടഞ്ഞ വാതിലിൽ നിഷ്ക്രിയനായി ഞാൻ നോക്കി. ആ മുഖം ഒരു നോക്കു കാണാൻ വെമ്പൽ കൊണ്ടു. എന്റെ മനസ്സ് മന്ത്രിച്ചു. "ബീബിമാതായുടെ ഏത് മാനസിക വിഭ്രാന്തിയും എന്നെ ഒരു നോക്കു കണ്ടാൽ അസ്തമിക്കാവുന്നതേയുള്ളൂ." എന്നാലും അളന്നു കുറിക്കപ്പെട്ട ഘടന, അത് എല്ലാത്തിനും ഉണ്ട്. എന്റെ ചിന്തകൾക്കുപോലും. കാത്തിരിക്കാം, പ്രകൃതിയുടെ നിയമം ലംഘിക്കാൻ ഞാൻ ആര്?

ഇരുണ്ട ഇടനാഴികളിലൂടെ കോൺമുറിയുടെ വാതിൽക്കലോളം ദിവസവും സമയം കണ്ടെത്തി ഞാൻ പോകും. അടഞ്ഞ വാതിലിനു മുന്നിൽ നിർന്നിമേഷനായി നോക്കിനിൽക്കും. കോൺമുറിക്കുള്ളിലെ ശബ്ദമെങ്കിലും കേൾക്കാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ, എല്ലാം നിശ്ചലം. അവിടെ എത്തുമ്പോൾ നിഗൂഢതയെ ഓർമ്മിപ്പിച്ച് പ്രകൃതി പോലും നിശ്ചലമാണെന്ന് തോന്നും. സുബോധ മലാകർ എന്നെ തടഞ്ഞില്ല. അതെന്റെ അവകാശമാണെന്ന് അവളും അംഗീകരിച്ചു. ബീബിമാതായുടെ കാര്യങ്ങളിൽ അവൾ പതിവിൽ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. കോൺമുറിയിലുള്ള വിശേഷങ്ങൾ അവൾ എന്നോടു പറയും. അവൾക്കും എനിക്കുമിടയിൽ ഇപ്പോൾ മറകളില്ല. ഭാര്യാഭർതൃ ബന്ധത്തിന്റെ സ്പന്ദനംപോലെ അഗതിമന്ദിരത്തിലെ എല്ലാവരും അത് അംഗീകരിച്ചു തുടങ്ങി. അജ്മൽ നാസർ അവളുടെ ഉത്തരവാദിത്വം എന്നെ ഏല്പിച്ചതുപോലെ പെരുമാറി. ഒരിക്കൽ അദ്ദേഹം പറയുകയുണ്ടായി. "തീർച്ചയായും അള്ളാഹു മനസ്സുകളിലുള്ളതിനെ അറിയുന്നവനാകുന്നു. നീ അവൾക്ക് വിധിച്ചത് അള്ളാഹുവിന്റെ നിയമം. നിങ്ങളെ അങ്ങനെ തന്നെ ന്യായീകരിച്ചിരിക്കുന്നു." അജ്മൽ നാസർ എന്റെ സഹോദരൻ, ജീവിച്ചിരിക്കുന്ന എന്റെ പിതൃസ്ഥാനിയൻ. അദ്ദേഹത്തിന്റെ നിശ്ചയം പിതൃഹിതം തന്നെ. അവൾ എന്റേതുതന്നെ. എന്നും അങ്ങനെയായി

രിക്കും. ശരീരബന്ധത്തിനപ്പുറം മനസ്സിൽ കോർത്തിണക്കിയ ആത്മബന്ധം. അവൾ എന്റെ അരുകിൽ വരുമ്പോൾ ഞാൻ ഒരു പുരുഷനാണെന്ന തോന്നൽ. ഇത്രയുംകാലം ഞാൻ ജീവിച്ചത് നിർവികാരനായി. ഇന്ന് ഏതോ വികാരം എന്നെ കീഴ്പ്പെടുത്തുന്നതുപോലെ.

അഗതിമന്ദിരത്തിനു പുറത്തുള്ള ലോകം സുബോധയ്ക്ക് അന്യമായിക്കൊണ്ടിരുന്നു. ഗരിയ ക്ഷേത്രത്തിലേക്കുള്ള യാത്രയും കുറഞ്ഞു. അഗതിമന്ദിരവും ഞാനും ബീബിമാതായും മാത്രമായി അവളുടെ ലോകം. ചില ദിവസങ്ങൾ എന്റെ മുറിയിൽ അവൾ അന്തിയുറങ്ങി. പുരുഷസാന്നിധ്യത്തിന്റെ വൈകാരികത അവൾ പ്രകടിപ്പിച്ചില്ല. പക്ഷേ, എനിക്ക് അങ്ങനെയാകാൻ കഴിഞ്ഞില്ല. ലോകം ഭ്രമിക്കുന്ന ഒരു മാംസശരീരമായി ഒരു നിമിഷം ഞാൻ അവളെ സങ്കല്പിച്ചു. എന്നെ സ്നേഹത്തോടെ തടഞ്ഞുകൊണ്ടവൾ പറഞ്ഞു, "അങ്ങയുടെ യാത്ര ഈ ഗരിയ ഗ്രാമത്തിൽ അവസാനിക്കുന്നില്ല. ഞാൻ ഇവിടെ അവശേഷിക്കും. ഞാൻ നെയ്തുണ്ടാക്കിയ സങ്കല്പത്തിന്റെ പരിപാവനതയിലാണ് അങ്ങ് എന്നിൽ കുടികൊള്ളുന്നത്. അത് അങ്ങനെതന്നെ നിൽക്കട്ടെ. അങ്ങേക്കു ശേഷവും എനിക്ക് ജീവിക്കാൻ അത് കരുത്ത് തരും. എന്നും അങ്ങ് മാത്രമാണെന്റെ പ്രിയപ്പെട്ടവൻ. എന്റെ രക്ഷയും ഊർജ്ജവും. ഗരിയ ക്ഷേത്രകവാടത്തിലെ സുരക്ഷയും ഭക്തിയും ഇപ്പോൾ ഞാൻ അങ്ങയിൽ അനുഭവിക്കുന്നു. ആ പുഷ്പങ്ങൾ ഇപ്പോൾ അങ്ങയിൽ സ്നേഹദളങ്ങളായി സമർപ്പിക്കുന്നു. എന്നെ ആശീർവദിച്ചാലും. അങ്ങയുടെ ആലിംഗനത്തേക്കാൾ ഞാൻ ആഗ്രഹിക്കുന്നത് അതാണ്." അവൾ ലൈംഗികതയുടെ ശരിയായ വീക്ഷണം എന്നെ പഠിപ്പിച്ചു. വളരെ പതുക്കെ എന്റെ കരങ്ങളെ തലോടി. പ്രകൃതിമാതാവിന്റെ ആത്മീയ സ്പർശം ഞാൻ അനുഭവിച്ചു. ദീർഘദർശിയെന്നപോലെ സുബോധ സംസാരിക്കുന്നു. ബോധിരമൻ പറഞ്ഞത് ഞാൻ ഓർത്തു. 'വാസനാക്ഷയത്തിനായി ഞാൻ പുനർജനിക്കും. ഞാൻ നൽകിയതും നീ ആർജിച്ചതുമായ ജ്ഞാനം നീ എനിക്കായി കരുതിവെക്കണം. നിന്റെ കുറിപ്പുകൾ യഥാകാലം എന്നിലെത്തും." ബോധിരമനും വാസനയിൽ കുടുങ്ങി പുനർജന്മത്തിന് ഹേതുവായി. സുബോധ മലാകർ ഉറക്കത്തിന്റെ നിഗൂഢതയിൽ ലയിച്ചുകഴിഞ്ഞു. എന്റെ മനസ്സ് ബോധിരമനിൽ ചൂഴ്ന്നുനിന്നു. ഒരു നിയോഗം അവസാനിക്കുന്ന ഘട്ടത്തിൽ പുതിയ നിയോഗത്തിന്റെ ഓർമ്മപ്പെടുത്തലുമായി പ്രകൃതി നമ്മെ പിന്തുടരും. സുബോധ മലാകർ ആ കർത്തവ്യം നിർവഹിച്ചിരിക്കുന്നു. ഞാൻ ഗരിയ ഗ്രാമം വിട്ടു പോകുന്നവൻ എന്ന ദീർഘവീക്ഷണം അവൾ എന്നെ ഓർമ്മപ്പെടുത്തി. എന്നെ അദ്ഭുതപ്പെടുത്തിയ സ്ത്രീപ്രകൃതിയെ ഞാൻ ഭക്തിയോടെ നോക്കിനിന്നു. ചിത്തം ചെന്നു പറ്റുന്നിടത്ത് വികാരം സ്ഥിരപ്പെടുത്തിയാൽ അവൻ അതിൽ അവസാനിക്കും. പോട്ടിൽ അഗ്നിയുള്ള വൃക്ഷം

എങ്ങനെ തഴച്ചുവളരാനാണ്? സുബോധ മലാകർ എന്റെ ലൈംഗിക തീക്ഷ്ണതയെ തുടച്ചുമാറ്റി. ജീവിതവിജയത്തിലെ പ്രധാന തടസ്സം ബോധ്യപ്പെടുത്തി.

എന്നിൽ ഒരു ചോദ്യം അവശേഷിച്ചു. സുബോധ മലാകർ എന്നെ എങ്ങനെ തിരിച്ചറിഞ്ഞു? അനീഭബീബി എന്റെ മാതാവാണെന്ന് എങ്ങനെ സ്ഥിരീകരിച്ചു? ഒരു ത്രികാലജ്ഞാനിയെപ്പോലെ എന്റെ ലക്ഷ്യം എങ്ങനെ അവൾ മനസ്സിലാക്കി? ഞാൻ സുബോധയോടുതന്നെ ചോദിച്ചു. അവളുടെ ചിന്തകളും പ്രവർത്തികളും ജീവിതരീതികളും എന്നെ പലതും പഠിപ്പിക്കുകയായിരുന്നു. എന്റെ ചോദ്യത്തിന് വളരെ ലാഘവത്തോടെ സുബോധ പ്രതികരിച്ചു.

"ബീബിമാതാ എന്റെ ജീവന്റെ താളമാണ്. കുഞ്ഞിലെ തുടങ്ങിയ ബന്ധം ഇപ്പോഴും ബീബിമാതായിൽ സുദൃഢമാണ്. കോൺമുറിയിൽ അമ്മയുടെ വിശേഷപ്പെട്ട ഒരു നിധിയുണ്ട്. സ്വന്തം ഭർത്താവ് ഹുസൈൻ താപ്പയുടെ ഛായാചിത്രം. മാനസികമായി സുഖം തോന്നുന്ന അവസ്ഥയിൽ ആ ഛായാചിത്രം ബീബിമാതാ താലോലിക്കും. ചിലപ്പോൾ അതിൽ നോക്കി ദീർഘനേരം കരയും. ചിലപ്പോൾ മാറോടു ചേർത്ത് പൊട്ടിച്ചിരിക്കും. മന്ദഹസിക്കും. ആരും കണ്ടിട്ടില്ലാത്ത നിധിതന്നെയാണ് ബീബിമാതായ്ക്ക് ആ ചിത്രം. അജ്മൽ നാസറിനുപോലും അറിയില്ല ആ ഛായാചിത്രത്തിലൂടെ ഹുസൈൻ താപ്പ ബീബിമാതായിൽ ഇപ്പോഴും ജീവിക്കുന്നു എന്നത്. മറ്റുള്ളവർ കണ്ടാൽ ഹുസൈൻ താപ്പയെ കൊല്ലുമെന്ന് ബീബിമാതാ വിശ്വസിക്കുന്നു. ഞാൻ ഒഴികെ മറ്റെല്ലാവരുമാണ് ബീബിമാതായുടെ ഈ അവസ്ഥയ്ക്ക് കാരണം എന്ന് കരുതുന്നു. അതുകൊണ്ടായിരിക്കാം എല്ലാവരേയും ഭയമാണ്. വെളിച്ചത്തെയും എന്തിന് ശബ്ദത്തെപോലും ഭയമാണ്. ലഹളയിൽ തന്റെ ഭർത്താവിനെ കിരാതന്മാർ ചുട്ടെരിക്കുമ്പോൾ തന്റെ കൈക്കുഞ്ഞ് അമീനെയും കൊണ്ട് പ്രാണരക്ഷാർത്ഥം ഓടിയ കഥ. കത്തിക്കരിഞ്ഞ ഹുസൈൻ താപ്പയുടെ ശരീരം കണ്ട നിമിഷം മുതൽ അവർക്ക് സംഭവിച്ച മാനസിക വിഭ്രാന്തി. പിന്നങ്ങോട്ട് വർഷങ്ങളോളം ബീബിമാതാ ഒരു മാനസികരോഗി. അജ്മൽ നാസറിന്റെ പിതാവിന്റെ സ്നേഹവായ്പിൽ ബീബിമാതാ ജീവിതത്തിലേക്ക് തിരിച്ചുവരാൻ തുടങ്ങി. ഞാൻ അതിനൊരു ഉപകരണവുമായി. ഇന്ന് ഞാൻ ബീബിമാതായുടെ പ്രിയപ്പെട്ടവൾ. അങ്ങേക്ക് ലഭിക്കാനുള്ള മാതാവിന്റെ ലാളന ബീബിമാതാ എനിക്കു നൽകി. ബീബിമാതാ ആഗ്രഹിച്ചിരുന്നു, പുലഭ്യം പറഞ്ഞിരുന്നു അമീൻ തിരിച്ചുവരുമെന്ന്. ചിലപ്പോൾ 'അമീൻ' എന്ന് ഉറക്കെ വിളിച്ച് കരയും. അത് ദിവസങ്ങളോളം തുടരും. ഛായാചിത്രം താലോലിക്കും. അമീൻ എന്ന് ഉറക്കെ വിളിച്ച് കരയുക. ഈ രണ്ടവസ്ഥയും ബീബിമാതാ സ്വാഭാവിക മാനസികനിലയിലേക്ക് തിരിച്ചുവരുന്നതിന്റെ ലക്ഷണമായി ഞാൻ മനസ്സിലാക്കി.

ആ കരച്ചിൽ കുറച്ചുനാൾ നീണ്ടുനിൽക്കും. ശേഷം ബീബിമാതാ സ്വാഭാവികമായി തന്റെ മനസ്സിനെ പാകപ്പെടുത്തും. പിന്നെ കുറച്ചുനാൾ കോൺമുറിക്കുള്ളിൽതന്നെ സാധാരണ ജീവിതമായിരിക്കും. ഞാൻ എപ്പോഴും കൂടെയുണ്ടാകണം. അതാണ് നിബന്ധന. ഈ കാലയളവിൽ അജ്മൽ നാസറും അഗതിമന്ദിരത്തിലെ കാര്യസ്ഥനും മാത്രം കോൺ മുറിയിൽ വരും. അവരോട് മിതമായി സംസാരിക്കും. എന്നോട് വാചാല യാകും. ബീബിമാതായ്ക്ക് മനസ്സ് നിറച്ച് സ്നേഹമാണ് എല്ലാവരോടും. പക്ഷേ, ഏതവസ്ഥയിലും ബീബിമാതായിൽ ദുഃഖം വിട്ടുമാറാറില്ല

അങ്ങ് 'അമീൻ' എന്ന് തിരിച്ചറിയാൻ എനിക്ക് ഛായാചിത്രത്തിലെ ഹുസൈൻ താപ്പയുടെ രൂപം മാത്രംമതി. പിതാവിന്റെ തനിസ്വരൂപമാണ് അങ്ങ്. ബീബിമാതായെപോലെ ഞാനും ആഗ്രഹിച്ചു അമീനിന്റെ തിരിച്ചു വരവ്. ഗരിയ ക്ഷേത്രത്തിൽ ആദ്യമായി അങ്ങയെ കണ്ടപ്പോൾതന്നെ ഞാൻ തിരിച്ചറിഞ്ഞു. എന്റെ അച്ഛന്റെ മുഖം എനിക്കറിയില്ല. അതു കൊണ്ടായിരിക്കാം ഹുസൈൻ താപ്പയുടെ രൂപം എന്നിൽ ആഴത്തിൽ പതിഞ്ഞത്. 'അമീൻ' മടങ്ങിയെത്തിയത് ബീബിമാതായോട് ഉറക്കെ വിളിച്ചുപറയണമെന്നുണ്ടായിരുന്നു. പക്ഷേ, മാനസികവിഭ്രാന്തിയുടെ മൂർദ്ധന്യത്തിലായിരുന്നു അപ്പോൾ ബീബിമാതാ. ഇപ്പോഴും അതേ അവസ്ഥ തുടരുന്നു. ബീബിമാതാ അങ്ങയെ സ്വയം തിരിച്ചറിയുന്നതു വരെ ആ രഹസ്യം എന്നിലൊതുക്കാൻ തീരുമാനിച്ചു. അജ്മൽ അനുഭവി ക്കുന്ന സ്വത്തിന്റെ പരിധിയില്ലാത്ത അവകാശി അങ്ങ് മാത്രമാണ്. ഹുസൈൻ താപ്പയുടെ പൂർവ്വികസ്വത്തും ഇതിൽ ഉൾപ്പെടും. അതിനാൽ അങ്ങയെക്കുറിച്ച് അജ്മൽ നാസറിനോടും വെളിപ്പെടുത്തിയില്ല. ആദർശ ങ്ങൾ ധനത്തിനുവേണ്ടി വഴിമാറിയതാണ് ചരിത്രത്തിലെ ദുർമരണ കഥകൾ. നിയോഗംപോലെ അങ്ങ് ഇവിടെ എത്തി. 'അമീൻ' നിയോഗം പൂർത്തീകരിക്കാതിരിക്കില്ല എന്നെനിക്ക് ഉറപ്പുണ്ടായിരുന്നു. അത്ര യ്ക്കുണ്ട് ബീബിമാതായ്ക്ക് പുത്രനോടുള്ള സ്നേഹം. ഒരു വലിയ ചരിത്രം നിസ്സാരമായ ശൈലിയിൽ സുബോധ പറഞ്ഞുനിർത്തി. ഒരു സാധാരണ ഗ്രാമീണ പെൺകൊടി അറിവിന്റെ തലങ്ങളിൽനിന്നു മാത്രം സംസാരിക്കുന്നത് ഞാൻ കേട്ടു.

എന്റെ ജന്മചരിത്രം ഞാൻ കേട്ടറിഞ്ഞു. ഒരു മതത്തിൽ ജനിച്ചു മറ്റൊരു മതത്തിൽ വളർന്നു. പക്ഷേ, ഇതു രണ്ടും ഒന്നാണ് എന്നു ചിന്തിക്കാനേ എനിക്കു കഴിഞ്ഞുള്ളൂ. അവ വ്യത്യസ്ത മാർഗങ്ങൾ അവലംബിക്കുന്നു എന്നുമാത്രം. പ്രവാചകനായ മുഹമ്മദ് നബിക്ക് ദൈവ ത്തോടും മനുഷ്യനോടും അത്യഗാധമായ പ്രേമം ഉണ്ടായിരുന്നു. ആ പ്രേമം വിശുദ്ധ ഖുർ-ആനിലൂടെ ജനതയ്ക്ക് നൽകി. ഹൈന്ദവതയിൽ മനുഷ്യന് ദൈവത്തോടുള്ള പ്രേമം സർവചരാചരങ്ങളിലൂടെ ആ ഈശ്വരീയ പ്രേമം പ്രകടമാക്കുന്നു. വിശുദ്ധന്മാരും പരിഷ്കർത്താക്കളു

മടങ്ങുന്ന സമൂഹം സകലതും വികലമാക്കി ഒന്നിലെ രണ്ടിനെ അവർ രണ്ടായിതന്നെ വിധിയെഴുതി. അക്ഷരങ്ങളിൽ മാത്രം മുറുകെ പിടിക്കുന്ന മതങ്ങൾക്ക് നഷ്ടപ്പെടുന്നത് മതത്തിന്റെ തന്നെ സത്തയാണെന്ന് ആരും മനസ്സിലാക്കുന്നില്ല. എന്റെ വഴി നിശ്ചയിക്കാൻ ഞാൻ ആളല്ല. ഇതുവരെ അങ്ങനെയായിരുന്നു ഇനിയും അങ്ങനെതന്നെ പോകും. അനീഭബീബി യിൽ നിന്നും എന്നെ അന്യമാക്കിയത് ഒരു മതവിഭാഗത്തിന്റെ തെറ്റായ നിർവചനം. പക്ഷേ, അതേ മതത്തിന്റെ ആത്മീയസത്ത എന്നെ ഏറ്റു വാങ്ങി, വളർത്തി, ചിന്തിക്കാൻ പ്രാപ്തനാക്കി. രണ്ട് മതത്തോടും ഞാൻ കടപ്പെട്ടിരിക്കുന്നു. കാരണം ഞാൻ എന്ന ഒന്നിലെ രണ്ടാണ്. രണ്ടു മതങ്ങളും ഒരു നാണയത്തിൽ രണ്ട് തലങ്ങൾ അവിഭാജ്യമെന്നപോലെ.

## പതിനൊന്ന്

**സു**ബോധ മലാകർ അന്ന് ഓടിക്കിതച്ച് എന്റെ അരികിലെത്തി. സന്തോഷം കൊണ്ട് അവളുടെ വാക്കുകൾ വിതുമ്പി. 'ബീബിമാതാ ബോധാവസ്ഥയിലേക്ക് തിരികെ വരുന്നു. ഹുസൈൻ താപ്പയുടെ ഛായാ ചിത്രം നോക്കി പൊട്ടിക്കരയുന്നു. അമീൻ എന്ന് ഉറക്കെ പറയുന്നു. മനോരോഗം മൂർച്ഛിക്കുമ്പോൾ ബീബിമാതാ ഛായാചിത്രത്തെയും മകനെയും മറക്കും. ഭീകരരാത്രിയിലെ തീവ്രാനുഭവങ്ങൾ പരസ്പര വിരുദ്ധമായി സംസാരിക്കും. എന്നിട്ട് നിശ്ശബ്ദയാകും. ചിലപ്പോൾ എല്ലാ വരെയും കൊന്നുതള്ളുന്നതായി അഭിനയിക്കും. ശേഷം ആർത്തു ചിരിക്കും. തളർന്ന് ഉറങ്ങുവോളം പരസ്പരവിരുദ്ധമായി സംസാരിച്ചു കൊണ്ടേയിരിക്കും. ഇപ്പോൾ ബീബിമാതാ ഛായാചിത്രത്തെ കുറിച്ച് ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. മകനെക്കുറിച്ചു പറഞ്ഞു തുടങ്ങിയിരിക്കുന്നു. എന്റെ അനുഭവത്തിൽ ബീബിമാതാ സാധാരണ നിലയിലേക്കുള്ള മടങ്ങിവരവിലാണ്, അങ്ങ് അല്പംകൂടി ക്ഷമിക്കൂ. ആ മാതൃത്വം അങ്ങേക്ക് അനുഭവിക്കാം." അസുലഭമായ ആ കൂടിച്ചേരലിൽ സാക്ഷിയാകാൻ അവളുടെ മനസ്സ് വെമ്പുന്നത് ഞാൻ അറിഞ്ഞു. സുബോധ എന്നെ കോൺമുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. വാതിൽ അടഞ്ഞു കിടക്കുന്നു. കോൺമുറിക്കുള്ളിൽ നിന്നും ബീബിമാതായുടെ ഉച്ചത്തിലുള്ള വിളി 'അമീൻ... അമീൻ...' എന്റെ കർണപുടം കോരിത്തരിച്ചു. എനിക്കു ജന്മം നൽകിയ മാതാവിന്റെ സ്വരം ഞാൻ ആദ്യമായി കേൾക്കുന്നു. കൊച്ചുകുട്ടിയെപ്പോലെ തുള്ളിച്ചാടാൻ തോന്നി. എന്റെ പേര് നിർത്താതെ മുറിക്കുള്ളിൽ മുഴങ്ങുന്നു. ഉറക്കെ വിളികേൾക്കാൻ എന്റെ മനസ്സുണർന്നു. പക്ഷേ സുബോധ മലാകർ എന്റെ കൈകൾ മുറുകെ പിടിച്ച് വിലക്കി. ഏതൊരു മനഃശാസ്ത്രജ്ഞയെയും വെല്ലുന്ന നൈപുണ്യത്തോടെ.

"ബോധത്തിലേക്കുള്ള അതിർവരമ്പിലാണ് ബീബിമാതാ. ഇപ്പോൾ അങ്ങയെ കണ്ടാൽ ഒരുപക്ഷേ തിരിച്ചറിയുമായിരിക്കാം. അതിന്റെ ആഘാതത്തിൽ അതിർവരമ്പിൽ നിൽക്കുന്ന ബോധത്തിന്റെ വ്യതിയാനം എങ്ങോട്ടാണെന്ന് നിശ്ചയിക്കാൻ സാധ്യമല്ല." എന്റെ ചുണ്ടുകൾ അവളുടെ കൈകൾകൊണ്ട് അമർത്തിപ്പിടിച്ചു പറഞ്ഞു. ആനന്ദത്തിന്റെ

കണ്ണുനീർ എന്നിലൊഴുകി അവളുടെ കൈത്തലം ഭേദിച്ച് ഭൂമിയിൽ പതിച്ചു. അവളുടെ കണ്ണുകളിലും ആനന്ദാശ്രുക്കൾ. അവളിൽ അത് തേങ്ങലായി. ഇടനാഴിയിലൂടെ എന്നെ അവൾ പുറകോട്ടു തള്ളിനീക്കി. എന്റെ മാതാവിന്റെ സ്വരം നേർത്ത് ഇല്ലാതായി.

അമീൻ എന്ന ഞാൻ ജന്മം നൽകിയ മാതാവിന്റെ ശബ്ദം കേട്ടിരിക്കുന്നു. ബീബിമാതാ - ഇതാണെന്റെ മാതാവ്, ഞങ്ങൾ തമ്മിൽ ഒച്ചപ്പാടിന്റെ ദൂരം മാത്രം. സ്നേഹിക്കാൻ, ശാസിക്കാൻ, അനുസരിക്കാൻ എനിക്ക് ആളുകൾ ഉണ്ടായിരിക്കുന്നു. എന്റെ ഉള്ളറയിൽ ആ ശബ്ദം പ്രതിധ്വനിക്കുന്നു. എന്റെ മാതാവിന്റെ സ്നേഹത്തിൽ ചാലിച്ച, വ്യഗ്രതയിൽ ജനിച്ച ആ സ്വരം എന്നെ പിന്തുടരുന്നു. ആ സ്വരസ്പന്ദനത്തിൽ ഞാൻ ആടിയുലയുന്നതുപോലെ. എവിടെയോ നിന്ന് ഞാൻ ഇവിടെയെത്തി. മാതൃത്വത്തിന്റെ മനോതരംഗങ്ങളുടെ ശക്തിപ്രഭാവം എന്നെ അദ്ഭുതപ്പെടുത്തി. കാലദേശവ്യവസ്ഥകൾക്ക് അതീതമാണ് ഇച്ഛാപ്രേരിതമായ മനസ്സ്. അത് പ്രകൃതിയുടെ നിഗൂഢതയേയും ചൂഴ്ന്നുനിൽക്കും. അതിന്റെ തെളിവാണ് ഞാൻ ഇപ്പോൾ ഇവിടെ... ‘ഇന്നലെ’ എന്നത് എന്നിൽ നഷ്ടപ്പെട്ടിരിക്കുന്നു. എന്നിൽ ഇന്ന്, നാളെ എന്ന രണ്ട് തലങ്ങൾ മാത്രം അവശേഷിക്കുന്നു. ‘നാളെ’ എന്ന തലവും ഞാനറിയാതെ എന്നിൽ അപ്രസക്തമാകും. പരിവർത്തനത്തിന്റെ അന്ത്യത്തിൽ ‘ഇപ്പോൾ’ എന്ന തലവും ഇല്ലാതാകും. അപ്പോൾ സർവം ഏകബോധത്തിൽ വീക്ഷിക്കപ്പെടും. “നിന്റെ ലക്ഷ്യയാത്രയിൽ മാർഗതലത്തിലെ മൂന്ന് അവസ്ഥകൾ ഒന്നായി മാറും” ബോധിരമൻ അന്ന് അത് പറയുമ്പോൾ വാക്കുകളിലെ അർത്ഥം ചികയുകയായിരുന്നു ഞാൻ.

അന്ന് സുബോധ മലാകറിനെ കണ്ടില്ല. രാത്രിയിൽ അവളെയും പ്രതീക്ഷിച്ചു ഞാൻ ഇരുന്നു. ബീബിമാതായുടെ വിശേഷങ്ങൾ അറിയാൻ എന്റെ മനസ്സ് തുടിച്ചു. ചൂരൽകുഴിയിലെ ഹ്രസ്വരൂപി കാര്യസ്ഥൻ ഉത്തരം നൽകി. “അവളെ ഇനി കിട്ടില്ല. അനീഭബീബിയുടെ മുറിക്കുള്ളിലായിരിക്കും ഇനി അവൾ. അനീഭബീബി അവളെ ഇനി വിടില്ല.” ഇതു പറയുമ്പോൾ ഹ്രസ്വരൂപിയിൽ ഒരു ലാസ്യത്തിന്റെ ചിരിയുണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ മുഖം കൂടുതൽ വികൃതമാക്കി. എന്റെ മാതാവ് ജീവിതത്തിലേക്ക് തിരിച്ചുവരുന്നു. വളരെ ധൃതിയിൽ അത് സംഭവിക്കുന്നു. സുബോധ മലാകർ എല്ലാം കൈകാര്യം ചെയ്യുന്നു. പിന്നീടുള്ള ദിവസങ്ങളിൽ പലപ്പോഴും സുബോധയെ കണ്ടു. എന്റെ കാര്യങ്ങൾ നിഷ്ഠയായി ചെയ്തുതീർത്ത് അവൾ കോൺമുറിയിൽ പ്രവേശിക്കും. ഞാൻ ഒന്നും ചോദിച്ചില്ല. അവളുടെ പ്രസന്നതയിൽ എനിക്ക് വായിച്ചെടുക്കാവുന്നതേയുള്ളൂ എല്ലാം.

അജ്മൽ നാസർ പലപ്പോഴായി വന്നു കോൺമുറിയിൽ ദീർഘനേരം ഇരുന്നു. ഹ്രസ്വരൂപിയോട് കുശലം പറഞ്ഞും എന്നോട് വിശേഷങ്ങൾ

ചോദിച്ചും മടങ്ങുക പതിവായി. അന്നൊരു ദിവസം സുബോധ മലാകർ പറഞ്ഞു, “അനീഭബീബി ഇപ്പോൾ വളരെ സന്തോഷവതിയാണ്. വസ്തുക്കൾ തിരിച്ചറിയുന്നു, വസ്തുതകൾ നിർവചിക്കുന്നു, ആഹാരം ആവശ്യപ്പെടുന്നു. രുചിവ്യത്യാസത്തിൽ പ്രതികരിക്കുന്നു, ശുചിത്വ ത്തിനായി നിർബന്ധം പിടിക്കുന്നു, പിണക്കം പ്രകടിപ്പിക്കുന്നു, വെളിച്ചത്തെ ഭയക്കുന്നില്ല.” എന്ത് മനോഹരമായി സുബോധ മലാകർ മനസ്സിനെ വിശകലനം ചെയ്തിരിക്കുന്നു. അനീഭബീബി സുരക്ഷിത മായ ബോധാവസ്ഥയിലാണെന്ന് അവൾ വ്യക്തമായി തിരിച്ചറിഞ്ഞിരി ക്കുന്നു.

## പന്ത്രണ്ട്

**രാ**ത്രിയുടെ ഏത് യാമമാണെന്നു എനിക്കറിയില്ല. വിദ്യുത് സ്ഫുലിംഗം പ്രവഹിക്കുന്ന തലോടലിൽ ഞാൻ ഞെട്ടിയുണർന്നു. നോക്കുമ്പോൾ പ്രകാശമാനമായ മുറി കൂടുതൽ പ്രകാശിക്കുന്നതായി തോന്നി. എന്റെ കിടക്കയ്ക്കരികിൽ എന്റെ പ്രിയമാതാവ് ഇരിക്കുന്നു. എന്റെ നെറ്റിത്തടങ്ങളെ കാന്തികസ്പർശമുള്ള കൈത്തലംകൊണ്ട് തലോടുന്നു. മാതാവിന്റെ വാർന്നൊഴുകുന്ന കണ്ണുനീർ എന്റെ മുഖത്തിറ്റുവീഴുന്നു. വളരെ നേർത്ത 'അമീൻ' എന്ന ശബ്ദം എന്റെ കർണപുടത്തിൽ പ്രതിധ്വനിച്ചു. എന്റെ മാതാവ് എന്നെ കണ്ടെത്തിയിരിക്കുന്നു. ഈ ജന്മത്തിന്റെ നിയോഗം പൂർത്തിയാക്കിയ സംതൃപ്തി ആ കണ്ണുകളിൽ പ്രസരിച്ചിരുന്നു. അമീൻ എന്ന വിളിയിൽ ആ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. തികച്ചും ശാന്തമായ കൂടിക്കാഴ്ച. ആവേശം ഉള്ളിലൊതുക്കിയ കൂടിക്കാഴ്ച. പ്രകടനങ്ങൾ നിഷ്പ്രഭമായ നിമിഷം. ഞാൻ എന്റെ മാതാവിനെ ആദ്യമായി കണ്ടു. കരുതിവച്ച ആവേശത്തിന്റെ അണപൊട്ടൽ സംഭവിച്ചില്ല. സ്നേഹത്തിന്റെ, മാതൃത്വത്തിന്റെ, പ്രപഞ്ചശക്തിയുടെ ഉറവിടം എനിക്കരികിൽ ഞാൻ അനുഭവിച്ചു. മനസ്സ് ശാന്തമായി, നിർവികാരമായി. യോഗതത്ത്വത്തിലെ നിർവികല്പസമാധി അനുഭവിച്ചതുപോലെ. കിടക്കയിൽനിന്നും എഴുന്നേൽക്കാൻ എനിക്കു കഴിഞ്ഞില്ല. എല്ലാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. പക്ഷേ, ചലനം സാധ്യമാകുന്നില്ല. നര ബാധിച്ച ബീബിമാതായുടെ മുടിയിഴകൾ എന്റെ കണ്ണുകളിലെ കണ്ണുനീർ തുടച്ചുമാറ്റി. എല്ലാത്തിനും സാക്ഷിയായി സുബോധ മലാകർ എന്റെ തലയ്ക്കരികിൽ നിൽക്കുന്നു. നിറഞ്ഞ പുഞ്ചിരിയോടെ കർത്തവ്യം പൂർത്തീകരിച്ച സംതൃപ്തിയിൽ.

അനീഭബീബി, എന്റെ മാതാവ് എന്റേതായിരിക്കുന്നു. അതിനുള്ള അവകാശം ഈ ലോകത്ത് എനിക്കു മാത്രമുള്ളതാണ്. തലോടലും ചുംബനവും ഒരു നിമിഷം ബീബിമാതാ നിർത്തി. എന്റെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി, നിമിഷനേരംകൊണ്ട് മുഖഭാവം മാറി. ഭീകരദൃശ്യം കണ്ട മുഖഭാവം ധരിച്ചു, തേങ്ങൽ അലർച്ചയായി ആ മുറിയാകെ പ്രതിധ്വനിച്ചു. ചുവരുകൾ ഭേദിച്ച് ആ കരച്ചിൽ അഗതിമന്ദിരം ആകെ പ്രതിധ്വനിച്ചു. 'ഹുസൈൻ താപ്പ' എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ആർത്തു

കരഞ്ഞു. അഗതിമന്ദിരം മുഴുവൻ ഉണർന്നു. എല്ലാവരും ഓടിക്കൂടി. കഥ യറിയാതെ അവർ പരസ്പരം നോക്കി. അപൂർവമായി മാത്രം പുറത്തു കണ്ട അനീഭബീബിയുടെ സാന്നിധ്യം എല്ലാവരെയും അമ്പരപ്പിച്ചു. അവർ അനീഭബീബിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. എങ്ങനെ പ്രതികരിക്കണ മെന്നറിയാതെ ഞാൻ നിശ്ചലനായി. സുബോധ മലാകർ പ്രതികരി ക്കാതെ മാറിനിൽക്കുന്നു. മുറിക്കുള്ളിൽ ആളുകൾ ഓടിക്കൂടി. എല്ലാ വരും അനീഭബീബി മനോരോഗത്തിന്റെ മൂർധന്യത്തിലെന്നു തെറ്റി ദ്ധരിച്ചു. ചിലർ ബീബിമാതായെ ബന്ധിക്കാൻ ശ്രമിച്ചു. മറ്റു ചിലർ ആക്ര മണഭയത്തിൽ മാറിനിന്നു. ഉത്തരത്തിനായി സുബോധയെ ഞാൻ നോക്കി. അവൾ ശാന്തമായി നിലകൊള്ളുന്നു. എനിക്കാശ്വാസമായി. ബീബിമാതായുടെ സ്പന്ദനത്തിന്റെ അളവുകോൽ സുബോധ മലാകർ. എന്നാലും ജന്മം നൽകിയ എന്റെ മാതാവ് കരയുകയാണ്. ഒരു മകനും അത് കണ്ടുനിൽക്കാൻ കഴിയില്ല. എന്റെ ചിന്തകളും വിശകലനങ്ങളും അന്യമായി. പ്രതികരണശേഷി നഷ്ടപ്പെട്ടതുപോലെ. കരങ്ങൾ ഉയർത്താൻ കഴിയുന്നില്ല. കിടക്കയിൽ നിന്നെണീക്കാൻ ശ്രമിച്ചിട്ടും സാധ്യമാകുന്നില്ല.

ഒരു നിമിഷം ചൂരൽകുഴിയിലെ ഹ്രസ്വശരീരി എല്ലാവരെയും തള്ളി മാറ്റി ഉറക്കെ പറഞ്ഞു. “അവൾ കരയട്ടെ, ഉറക്കെ കരയട്ടെ. ഞാൻ ഭയ പ്പെട്ടിരുന്നതും ഈ നിമിഷത്തെയാണ്.” അദ്ദേഹം ബീബിമാതായെ നോക്കി ഉറക്കെ അലറി പറഞ്ഞു. “അതെ... ഇവൻ തന്നെ. നീ ഇത്രയും കാലം കാത്തിരുന്ന നിന്റെ പ്രിയപുത്രൻ ‘അമീൻ’, ഇവന്റെ മുഖദർശനം ഹുസൈൻ താപ്പയുടെ ഓർമ്മ ആദ്യദിവസം തന്നെ എന്നിൽ ജനിപ്പി ച്ചിരുന്നു. നീ തേടിയത് നീ തന്നെ കണ്ടെത്തട്ടെ എന്ന് ഞാനും കരുതി. നിശ്ശബ്ദനാകൂ. ഹുസൈൻ നിനക്ക് നഷ്ടപ്പെട്ടെങ്കിലും അള്ളാഹു നിന്റെ പ്രിയപുത്രനെ നിനക്ക് തിരിച്ചു നൽകി.” ഇത്രയും ഘനഗംഭീര ശബ്ദം ഈ ഹ്രസ്വശരീരത്തിൽ, വാർധക്യാവസ്ഥയിൽ ആർക്കും സങ്കല്പിക്കാൻ കഴിയില്ല. ബീബിമാതായിൽ അടക്കിവെച്ചിരുന്ന വികാരം ആർത്തിയോടെ പുറത്തു ചാടിയതായിരുന്നു. ഹുസൈൻ താപ്പയുടെ ആത്മസുഹൃത്ത് ഹ്രസ്വശരീരിയിലൂടെ. സഭ നിശ്ശബ്ദമായി.

എല്ലാ കണ്ണുകളും എന്നിലേക്കായി. പഴമയുടെ ചെറിയ ഓർമ്മ ബാക്കിയുള്ളവർ എന്നെ നോക്കി അദ്ഭുതത്തോടെ മൂക്കിൽ വിരൽവെച്ച് നിന്നു. ഹുസൈൻ താപ്പയുടെ പ്രതിരൂപം എന്നിലൂടെ അവർ കണ്ടു. പഴമയുടെ കഥ മിന്നിമറയുന്നത് അവരുടെ മുഖഭാവങ്ങളിൽ നിന്ന് ദൃശ്യ മായി. ബീബിമാതാ ശാന്തയാകാൻ തുടങ്ങി. തേങ്ങൽ നേർത്ത് ഇല്ലാ തായി. ‘അമീൻ പൊന്നുമോനേ’ എന്നു പറഞ്ഞ് എന്റെ രണ്ടു കര ങ്ങളെയും ബീബിമാതായുടെ ചുളിവുകൾ പതിഞ്ഞ മുഖത്തോട് അടു പ്പിച്ചു. എന്റെ മനസ്സ് കൊച്ചുകുട്ടിയുടെ കുസൃതി കാണിക്കാനെന്നപോലെ ഉണരുന്നു. മനസ്സ് ലക്ഷ്യമില്ലാതെ ഓടിയൊളിക്കാൻ വെമ്പുന്നത് ഞാൻ അറിയുന്നു. ഞാൻ പതുക്കെ കിടക്കയിൽ നിന്നെഴുന്നേറ്റു. എനിക്കൊപ്പം

ബീബിമാതായും എഴുന്നേറ്റു. ബീബിമാതാ എന്നെ മൃദുവായി വാരിപ്പുണർന്നു. എന്റെ നെഞ്ചോളം എത്തുന്ന ബീബിമാതായുടെ പൊക്കം. ആ ശിരസ്സ് എന്റെ ഹൃദയഭാഗത്ത് അമർന്നു. എന്റെ ഹൃദയത്തിൽ മാതൃത്വത്തിനായുള്ള താളം തിരിച്ചറിഞ്ഞതുപോലെ രണ്ടു കൈകളും ഉയർത്തി എന്റെ ശിരസ്സും മുഖവും തഴുകി. മാതൃഭാവത്തിന്റെ അപാരമായ മാസ്മരികത ഞാൻ അനുഭവിച്ചു. ഒരു ജന്മം മുഴുവൻ കരുതിവെച്ച മാതൃസ്നേഹം ആ തലോടലിൽ വാർന്നൊഴുകി. ഒരിക്കൽകൂടി കൊച്ചുകുട്ടിയാവാൻ ഞാൻ ആഗ്രഹിച്ചു. ഒരായിരം വട്ടം കുസൃതി ചെറുക്കൻ എന്ന വിളി കേൾക്കാനും.

ഹ്രസ്വശരീരിയുടെ കണ്ണുകളിൽ കണ്ണുനീർധാര ഞാൻ ആദ്യമായി കണ്ടു. തന്റെ പ്രിയ സുഹൃത്ത്, തന്റെ എല്ലാമായിരുന്ന കളിക്കൂട്ടുകാരൻ ഹുസൈൻ താപ്പയുടെ ഓർമ്മകൾ അദ്ദേഹം എന്നിലൂടെ അയവിറക്കി. എല്ലാത്തിനും മൂകസാക്ഷിയായി നിന്ന സുബോധ മലാകറിനെ അദ്ദേഹം എനിക്കും ബീബിമാതായ്ക്കും ഇടയിലേക്ക് തള്ളിനീക്കി. എന്റെയും സുബോധയുടേയും കരങ്ങൾ ബീബിമാതാ തന്റെ മുഖത്തോടു ചേർത്തു പിടിച്ചു. അതുവരെ നിശ്ശബ്ദയായിരുന്ന സുബോധ മലാകർ വീർപ്പുമുട്ടി കരഞ്ഞു. മുഖം ബീബിമാതായുടെ തോളിലേക്ക് അമർത്തി. കൂടി നിന്നവർ കഥയറിഞ്ഞ സന്തോഷത്തിൽ കണ്ണുനീർ പൊഴിച്ചു. ബീബിമാതായുടെ തലയിൽ ഒന്നു തലോടി ഹ്രസ്വശരീരി ചുവരിൽ താങ്ങി നടന്നകന്നു. എന്റെയും സുബോധയുടെയും കരങ്ങളെ മുറുകെപ്പിടിച്ച് ലോകം കീഴടക്കിയ ലഹരിയിൽ ബീബിമാതാ എല്ലാവരെയും നോക്കി മൃദുവായി മന്ദഹസിച്ചു. ആ കാഴ്ച കണ്ട സദസ്സ് ദീർഘനിശ്വാസത്തോടെ പരസ്പരം നോക്കി.

## പതിമ്മൂന്ന്

"**പി**താവ് പുത്രനിൽനിന്നും ഗുരു ശിഷ്യനിൽ നിന്നും പരാജയം ആഗ്രഹിക്കുന്നു, എന്റെ പുത്രൻ, എന്റെ ശിഷ്യൻ എന്നെക്കാൾ മഹാനായി ഭവിക്കട്ടെ. എന്നാൽ മാതാവ് തന്റെ സ്നേഹത്തിന്റെ ഉറവിടമായി മാത്രം പുത്രനെ കാണുന്നു." ബീബിമാതായുടെ സാന്നിധ്യം ഈ തിരിച്ചറിവ് എന്നിൽ ജനിപ്പിച്ചു. സർവവും നേടിയ സംതൃപ്തിയിൽ ബീബിമാതാ എന്റെ കിടക്കയിൽ കിടന്നുറങ്ങി. ഒരുപക്ഷേ, വർഷങ്ങൾക്കുശേഷം കോൺമുറി വിട്ട് മറ്റൊരിടത്ത് അന്തിയുറങ്ങുന്നത് ഇന്നായിരിക്കാം. മുറിയുടെ ഒരു കോണിൽ സുബോധ മലാകർ നിർവൃതി അനുഭവിച്ചു. ലോകത്തെ മറന്നു. എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. എന്റെ പുതിയ ഉത്തരവാദിത്വത്തിന്റെ രണ്ട് മുഖങ്ങളെയും മാറി മാറി നോക്കി. എന്റെ സാന്നിധ്യത്തിലെ സുരക്ഷിതത്വബോധം അവരുടെ മുഖങ്ങളിൽ പ്രതിഫലിച്ചു.

അമീനിന്റെ തിരിച്ചുവരവ് ഗരിയ ഗ്രാമം അറിഞ്ഞുകഴിഞ്ഞിരുന്നു. അജ്മൽ നാസറിന്റെ മുഖമാണ് അന്ന് പ്രഭാതത്തിൽ ഞാൻ ആദ്യം കണ്ടത്. കതക് തുറന്നതും നഷ്ടസഹോദരനെ കിട്ടിയ സന്തോഷം അദ്ദേഹത്തിൽ പ്രതിഫലിച്ചിരുന്നു. "നീ എന്റെ അമീൻ ആയിരുന്നോ?" എന്നു പറഞ്ഞ് അദ്ദേഹം എന്നെ വാരിപ്പുണർന്നു. ബീബിമാതായും സുബോധ മലാകറും അപ്പോഴും ഗാഢനിദ്രയിലായിരുന്നു. ഏറ്റവും സുഖകരമായ നിദ്ര. ഓർമ്മയുടെ നേരിയ ശകലങ്ങൾ കോർത്തിണക്കി എന്റെ ബാല്യം പറയാൻ അദ്ദേഹമൊരു ശ്രമം നടത്തി. എന്റെ തിരിച്ചുവരവ് അദ്ദേഹവും പ്രതീക്ഷിച്ചിരുന്നുവത്രെ. "ഹുസൈൻ താപ്പയെ കണ്ട ഓർമ്മ എനിക്കില്ല. മുഖം തിരിച്ചറിഞ്ഞിരുന്നെങ്കിൽ എന്നേ നിന്നെ സ്വന്തമാക്കുമായിരുന്നു." ഇത് പറയുമ്പോൾ എന്റെ മേലുള്ള അവകാശം സ്ഥാപിക്കാൻ അദ്ദേഹം ശ്രമിക്കുകയായിരുന്നു.

ശബ്ദം കേട്ട് പുതിയ ലോകത്തിലേക്ക് ബീബിമാതാ ഉണർന്നു. ജനനം മുതൽ എന്റെ കൂടെയായിരുന്നു എന്ന പ്രതീതിയിൽ മുഖവുരയില്ലാതെ ബീബിമാതാ സംസാരിച്ചുതുടങ്ങി. സുബോധ മലാകർ ബഹുമാനത്തോടെ ഞങ്ങളുടെ സംഭാഷണം ആസ്വദിച്ചുനിന്നു. ഇനി ഇങ്ങനെയൊരു അലസജീവിതം സാധ്യമല്ല എന്ന രീതിയിൽ എന്റെ അനാരോഗ്യത്തെ ബീബിമാതാ ചൂണ്ടിക്കാട്ടി. എന്റെ അവസ്ഥയെക്കുറിച്ചോ ആരോഗ്യത്തെക്കുറിച്ചോ ഞാൻ ഇതുവരെ ശ്രദ്ധിച്ചിരുന്നില്ല.

എന്നാൽ ഇനി അതിനൊരവകാശി ഉണ്ടായിരിക്കുന്നു. അജ്മൽ നാസർ അദ്ദേഹത്തിന്റെ വീട്ടിലേക്ക് എന്നെ ക്ഷണിച്ചു. അവിടെയുള്ള സ്ത്രീകൾ എന്നെ കാണാൻ ധൃതികാണിക്കുന്നു എന്നദ്ദേഹം ഓർമ്മിപ്പിച്ചു. യഥാസ്ഥിതിക മുസ്ലീം സ്ത്രീകൾ വീടിന് പുറത്തുവരാറില്ല. അതിനൊരപവാദമാണ് ആ കുടുംബത്തിലെ എന്റെ മാതാവ് അനീഭബീബി. എന്റെ പിതാവ് ഹുസൈൻ താപ്പ പഴകിയ വ്യവസ്ഥിതികളെ വെല്ലുവിളിക്കാൻ ബീബിമാതായ്ക്ക് കരുത്ത് നൽകിയിരുന്നു.

ജോലിസ്ഥലത്ത് ചെന്നപ്പോൾ സുഹൃത്തുക്കൾക്ക് ബഹുമാനം. ഒറ്റ രാത്രികൊണ്ട് എല്ലാം മാറിമറിഞ്ഞിരിക്കുന്നു. തൊഴിലാളിയിൽനിന്നും മുതലാളിയിലേക്കുള്ള രംഗപ്രവേശം. ആഗ്രഹിച്ചത് ലഭിച്ചപ്പോൾ കൈയിലുണ്ടായിരുന്ന മറ്റൊന്നു നഷ്ടപ്പെട്ടു. ഇത് എനിക്ക് സഹിക്കാൻ കഴിയുന്നതിലും അപ്പുറമായി തോന്നി. ഒരു സന്തോഷം മറ്റൊരു ദുഃഖത്തിനു കാരണമായി. ഞാൻ ആഗ്രഹിച്ചത് ഇതല്ല എന്റെ മാതൃത്വം തിരിച്ചറിയണം. മറ്റൊന്നും എനിക്കാവശ്യമില്ല, അനുഭവിക്കാൻ ആഗ്രഹിക്കുന്നതുമില്ല. കണക്കുപുസ്തകത്തിന്റെ താളുകൾ മറിച്ചുതുടങ്ങിയതും അജ്മൽ നാസർ എത്തി. മറുചോദ്യമില്ല. അദ്ദേഹത്തിനൊപ്പം വരാൻ ആവശ്യപ്പെട്ടു. ജ്യേഷ്ഠസഹോദരന്റെ ആദ്യത്തെ ആജ്ഞ ലംഘിക്കാൻ മനസ്സനുവദിച്ചില്ല. കൊട്ടാരസദൃശ്യമായ അദ്ദേഹത്തിന്റെ മാളികയിൽ കൊണ്ടുപോയി. അജ്മൽ നാസറിന്റെ മാതാവ് ഒറ്റനോട്ടത്തിൽ തന്നെ എന്നെ തിരിച്ചറിഞ്ഞു. ഹുസൈൻ താപ്പയുടെ നേർപകർപ്പ് എന്നവർ വിധിയെഴുതി. എന്റെ വലത് പുരികത്തിലെ അസ്വാഭാവിക വളവ് ചൂണ്ടിക്കാട്ടി അവർ അദ്ഭുതപ്പെട്ടു. ഹുസൈൻ താപ്പയുടെ തനിസ്വരൂപം എന്ന് ഒരിക്കൽകൂടി പറഞ്ഞു ദൃഢപ്പെടുത്തി ഹുസൈൻ താപ്പയെ കണ്ടിട്ടുള്ള മറ്റാരും ആ വീട്ടിൽ ഉണ്ടായിരുന്നില്ല.

എന്റെ തിരിച്ചറിയൽ ചടങ്ങ് കഴിഞ്ഞു. ആരൊക്കെയോ എന്നെ പരിചയപ്പെട്ടു. ധനാഢ്യതയുടെയും സുഖലോലുപതയുടെയും ചേരുവകൾ അവരുടെ എല്ലാവരുടെയും രൂപത്തിലും സംഭാഷണരീതിയിലും മുഴങ്ങി നിന്നു.

കലവറ പോലുള്ള ഒരു കൊച്ചുമുറിയിൽ അജ്മൽ നാസർ കൂട്ടിക്കൊണ്ടുപോയി. ഒരു വലിയ പെട്ടി തുറന്ന് ഒരു കെട്ടുകടലാസുകൾ ഏല്പിച്ചു പറഞ്ഞു. "ഇത് അനീഭബീബിയുടെ ആസ്തിയുടെ പൂർണ അവകാശപത്രം. ഇത്രയും കാലം ഞാൻ സംരക്ഷിച്ചത് തിരിച്ചേല്പിക്കാൻ തന്നെയായിരുന്നു. എന്റെ പിതാവിന്റെ നിർദ്ദേശം അനുസരിച്ച് ഞാൻ ഇവ സംരക്ഷിച്ചു. ഇതിന്റെ അവകാശി തിരിച്ചെത്തുമെന്ന് എന്റെ പിതാവിന് പൂർണവിശ്വാസമുണ്ടായിരുന്നു. അത്രയ്ക്ക് അഗാധമായിരുന്നു അനീഭബീബിക്ക് പുത്രനോടുള്ള വാത്സല്യം. അത് സംഭവിക്കുകയും ചെയ്തു. ഇനി ഇവയുടെ അവകാശി അമ്മീൻ, നീയാണ്. ഹുസൈൻ താപ്പ സമ്പാദിച്ചതും അനിഭബീബിയുടെ പാരമ്പര്യസ്വത്തും ഇതിൽ

പ്പെടുന്നു. എനിക്കവകാശപ്പെട്ടതിൽ നിന്നും എത്രയോ ഇരട്ടിയാണ് ഈ ആസ്തിയുടെ മൂല്യം. സാമ്പത്തിക താരതമ്യപ്പെടുത്തലിൽ ഇനി ഞാൻ തൊഴിലാളിയും അമീൻ മുതലാളിയും" ഒരു നിമിഷം ഞാൻ നിശ്ശബ്ദ നായി. ഞാൻ മറ്റൊരാളായി മാറുകയാണ്. ഒരിക്കലും നിലയ്ക്കാത്ത ജന്മ ങ്ങൾ എടുക്കുന്നതും മരിക്കുന്നതും കൊണ്ടുള്ള ദുരിതത്തിന്റെ ഭീതി യിൽ ഞാൻ ആ കടലാസ് കെട്ടുകളെ ഭയത്തോടുകൂടി നോക്കി. ബോധി രമൻ പറഞ്ഞത് ഞാൻ ഓർത്തു. "വാസനാക്ഷയത്തിനായി ഞാൻ വീണ്ടും ജനിക്കും." ഇനിയൊരു ജന്മം ഞാൻ ആഗ്രഹിക്കുന്നില്ല. പ്രകൃതി യുടെ പരീക്ഷണം ഞാൻ തിരിച്ചറിയുന്നു. ഒരു രാത്രികൊണ്ട് ധനിക നായ ഞാൻ മറ്റൊരു രാത്രിയിൽ ഒരു നേരത്തെ ആഹാരത്തിനായി യാചിച്ച സന്ദർഭവും ഓർത്തു. ഇപ്പോൾ എന്റെ മുന്നോട്ടുള്ള ഒഴുക്ക് വ്യതി ചലിപ്പിക്കാനുള്ള പ്രേരണ സംജാതമാകുന്നു. നദിയുടെ പ്രവാഹത്തിന് വ്യതിയാനമില്ല. അതിനാൽ അത് ശാന്തമായി ഒഴുകുന്നു. എപ്പോൾ വ്യതി യാനത്തിന് കാരണമാകുന്നുവോ അപ്പോൾ അത് ദുരന്തത്തിന് കാരണ മാകും. ഞാൻ വ്യതിയാനമില്ലാതെ തുടർന്നും ഒഴുകട്ടെ. സ്നേഹപൂർവം ഞാൻ അജ്മൽ നാസറിനെ തടഞ്ഞു. "ഇത് അങ്ങയിൽ തന്നെ തുട രട്ടെ. താങ്കൾ എന്റെ ജ്യേഷ്ഠസഹോദരൻ, പിതൃതുല്യൻ." ഒരു നിമിഷം ഞാൻ നിശ്ശബ്ദനായി. തുടർന്നുള്ള എന്റെ വാക്കുകൾ കേൾക്കാൻ അദ്ദേഹം വെമ്പൽകൊള്ളുന്നതായി മനസ്സിലാക്കിയ ഞാൻ തുടർന്നു, "അഗതിമന്ദിരത്തിൽ മാത്രം ഒതുങ്ങാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ മാതാവിന്റെ പ്രിയപുത്രനായി. സുബോധ മലാകറിന്റെ പ്രിയപ്പെട്ടവനായി. ഇപ്പോൾ അവർക്കിടയിലാണ് എന്റെ ആനന്ദം. ഞാൻ അവകാശമായി ഒന്നും ചോദിക്കുന്നില്ല. അനുവാദത്തിനായി അപേക്ഷിക്കുന്നു. ഇനി അങ്ങേക്കിടയിൽ ഒരു ശമ്പളക്കാരനാകാൻ സമൂഹം അനുവദിക്കില്ല. അങ്ങും അനുവദിക്കില്ല എന്നെനിക്കറിയാം. ഞാൻ ആഗ്രഹിക്കുന്നു, എന്റെ മാതാവിന് നഷ്ടപ്പെട്ടത് നൽകാൻ." അജ്മൽ നാസർ നിശ്ശബ്ദ നായി കേട്ടുനിന്നു.

പടിവാതിൽ കടക്കുവോളം എന്നെ അദ്ദേഹം നോക്കിനിൽക്കുന്നത് കണ്ടു. എന്റെ തിരിച്ചുവരവും പ്രതീക്ഷിച്ച് അഗതിമന്ദിരത്തിൽ രണ്ട് ജീവൻ മത്സരിക്കുന്നുണ്ടെന്ന് എനിക്കറിയാം. ഇന്നവർ ജീവിക്കുന്നത് എന്നിലൂടെ മാത്രമാണ്. ദൂരത്തുനിന്നും ബീബിമാതാ എന്നെ കണ്ടു. വെളിച്ചത്തെ അതിക്രമിച്ച് ബീബിമാതാ വാതിൽപടിയിൽ വന്ന് എന്നെ സ്വീകരിച്ചു. ഇന്നലെവരെ ഇരുട്ടിനെ സ്നേഹിച്ച് വെളിച്ചത്തെ ശപിച്ച ബീബിമാതാ. ഇന്ന് വെളിച്ചം ആഗ്രഹിക്കുന്നു എന്റെ സാന്നിധ്യമറിയാൻ. എന്റെ സ്വരൂപം കാണാൻ. കാരണമുണ്ടായാൽ അവിടെ കാര്യവും ഉണ്ടാകും. ഇതു തടുക്കാവുന്നതല്ല – ഇത് പ്രപഞ്ചത്തിന്റെ കർമ്മനിയമം.

## പതിന്നാല്

**അ**ന്നൊരു സായാഹ്നം ഞാനും ബീബിമാതായും ഗരിയ ഗ്രാമത്തിന്റെ ആത്മാവിലൂടെ നടന്നു. ഓർമ്മകൾ അയവിറക്കി ബീബിമാതായോടൊപ്പമുള്ള യാത്ര. എന്തെന്നില്ലാതെ സുഖം. ചിരിച്ചും കരഞ്ഞും നാണിച്ചും ബീബിമാതാ പ്രകൃതിയോട് സംവദിച്ചു. ഹുസൈൻ താപ്പ, ഇഷ്ടപ്പെട്ട പരുത്തിതോട്ടത്തിലേക്ക് ബീബിമാതാ എനിക്ക് വഴികാണിച്ചു. ചുറ്റും പരുത്തി തോട്ടം തലയെടുപ്പോടെ നിൽക്കുന്നു. വെളുത്ത ആകാശം താഴെ പതിച്ചതുപോലെ പരുത്തിതോട്ടം. പഴയ കളിക്കൂട്ടുകാരിയെ കണ്ട ആനന്ദം അവിടത്തെ കാറ്റിലും പ്രതിഫലിച്ചിരുന്നു.

പരുത്തിതോട്ടത്തിന്റെ ഇടയിലൂടെയുള്ള ഒറ്റയടിപ്പാത എനിക്ക് പരിചിതമായി തോന്നി. ഇരുട്ടിന്റെ നിശ്ശബ്ദതയിൽ ഞാൻ ആദ്യമായി ഗരിയ ഗ്രാമത്തിലൂടെ നടന്നുനീങ്ങിയ അതേ പാത എന്നിലെ ഓർമ്മകളെ പിന്നോട്ടു നയിച്ചു. ദൂരത്തുവച്ചുതന്നെ ബീബിമാതാ ഒരു ചെറിയ കുടിൽ ചൂണ്ടിക്കാണിച്ചു. "ജബ്ര ഝോപടി, നിന്റെ പിതാവിന്റെ ഇഷ്ട സങ്കേതം. ഞങ്ങൾ വിവാഹനാളിൽ സല്ലപിച്ചിരുന്ന സ്ഥലം. ഞങ്ങളുടെ പരസ്പര സ്നേഹത്തിന്റെ ഇരിപ്പിടമാണിത്. ഈ ഗരിയ ഗ്രാമത്തിലെ ധനാഢ്യനായി നിന്റെ പിതാവ് മാറിയത് ഇവിടെ നിന്നാണ്. ഹുസൈൻ താപ്പ ഇപ്പോഴും ജീവിച്ചിരുന്നെങ്കിൽ ഒരുപക്ഷേ, എപ്പോഴും നമ്മൾ ഇവിടെ തന്നെയായിരിക്കും. അത്രയ്ക്ക് വൈകാരിക ബന്ധമാണ് നിന്റെ പിതാവിന് ഈ ജബ്ര ഝോപടിയോട്" ഇത് പറയുമ്പോൾ ബീബിമാതായുടെ കണ്ണുകൾ ഈറനണിയുന്നത് ഞാൻ കണ്ടു. പെട്ടെന്ന് ബീബിമാതാ ശാന്തയായി, നഷ്ടപ്പെട്ട ഊർജ്ജം ബീബിമാതാ തിരിച്ചെടുത്തു. "കരയാൻ പാടില്ല ഞാൻ, പ്രത്യേകിച്ച് ഈ ജബ്ര ഝോപടിയിൽ, നിന്റെ പിതാവ് അതൊരിക്കലും സഹിക്കില്ല. അദ്ദേഹത്തിന്റെ ആത്മസാന്നിധ്യം അവശേഷിക്കുന്നുണ്ടെങ്കിൽ ഒരുപക്ഷേ, ആ ആത്മാവ് ഇവിടെ ആയിരിക്കും. ഇവിടെ മാത്രം." ബീബിമാതാ ആത്മരോദനം പോലെ പറഞ്ഞു നിർത്തി. ഞാൻ ജബ്ര ഝോപടിയിലേക്ക് നോക്കി. വിശ്വസിക്കാൻ കഴിഞ്ഞില്ല. ഗരിയ ഗ്രാമത്തിൽ എത്തിയ ദിവസം ആദ്യമായി അന്തിയുറങ്ങിയ കുടിൽ. എനിക്ക് അവകാശപ്പെട്ട സ്ഥലത്താണ് അനുവാദത്തിനായി കാത്തുനിന്നത്. ആ ഓർമ്മകൾ എന്നിലൂടെ കടന്നുപോയി. എന്റെ പിതാവ് ഹുസൈൻ താപ്പയുടെ ആത്മാവ് ഇവിടെ കുടികൊള്ളുന്നുണ്ടായിരിക്കാം.

അദ്ദേഹത്തിന്റെ വൈകാരിക സ്പന്ദനം എനിക്കനുഭവപ്പെട്ടതുപോലെ ഞാൻ കോരിത്തരിച്ചു. ആ ആത്മസന്നിധിയിലാണ് എന്റെ ഗരിയ ഗ്രാമത്തിലെ ആദ്യരാത്രി തലചായ്ച്ചത്. ആ രാത്രിയിലെ ഊഷ്മളമായ ഉറക്കം എന്നിൽ എക്കാലത്തെയും അനുഭൂതിയായിരുന്നു. കാലം കോർത്തിണക്കുന്ന കർമ്മബന്ധിതമായ വിലാസകേളിയിൽ ഞാൻ അദ്ഭുതപ്പെട്ടു. ഏതോ ശക്തിയുടെ നിയന്ത്രണത്തിൽ ഞാൻ ഇപ്പോഴും ഒഴുകുകയാണെന്ന് എനിക്ക് ഒരിക്കൽകൂടി ബോധ്യപ്പെട്ടു. ഇന്ന് എന്റെ ലക്ഷ്യത്തിന്റെ പരിസമാപ്തിയിൽ ആശങ്കയില്ല. എന്നെ നിയന്ത്രിക്കുന്ന ശക്തിയെ വിശ്വാസത്തിലെടുത്ത് അതിന്റെ യന്ത്രമായി മാറുക മാത്രമാണ് എന്റെ കർത്തവ്യം. എന്നെ നിയന്ത്രിക്കുന്ന ആ ശക്തി, അതാണെന്റെ എല്ലാം. അതിനെ ഈശ്വരൻ എന്നു വിളിക്കാനാണെനിക്കിഷ്ടം. അവിടമാണെന്റെ അഭയകേന്ദ്രം. ഈ ആത്മാനുഭവം ബോധ്യമാകുന്നതിലേക്കായി ഞാൻ എങ്ങനെയെല്ലാമോ ജീവിച്ചു. ആർക്കെല്ലാം വേണ്ടിയോ സംസാരിച്ചു. പല നാമങ്ങളെ ആരാധിച്ചു. പല മാറ്റങ്ങൾക്ക് വിധേയനായി. ഇപ്പോൾ ഇതെല്ലാം മതിയായി. തേടിയതിനെ കണ്ടെത്തിയ ആത്മസുഖം. സത്യത്തിൽ എന്നെ ഞാൻ കണ്ടെത്തുകയായിരുന്നു. സ്വതന്ത്രനാകാനുള്ള വ്യഗ്രത ഉണരുന്നു.

ജബ്ര ഝോപടിയിൽ എത്തിയത് ഞാൻ അറിഞ്ഞില്ല. ബീബിമാതാ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. വിഭ്രാന്തിയുടെ തലത്തിലെന്നപോലെയായി ഞാൻ. എപ്പോഴോ, എങ്ങനെയോ എന്നറിയില്ല ഞാൻ കണ്ണുകൾ തുറന്നപ്പോൾ എന്റെ മുന്നിൽ ബീബിമാതാ ഏങ്ങലടിച്ചു കരയുന്നു. ഗരിയ ഗ്രാമത്തിലെ ആദ്യദിനം എനിക്ക് അന്തിയുറങ്ങാൻ അനുവാദം തന്ന അപരിചിതൻ അടുത്തിരിക്കുന്നു. അർദ്ധബോധത്തിൽ ഞാൻ എല്ലാം അറിഞ്ഞതുപോലെ ബീബിമാതാ ഭീതിയോടെ എന്റെ ശരീരം തഴുകുന്നു. അപരിചിതൻ കുടിക്കാൻ വെള്ളം തന്നു. അബോധാവസ്ഥയിൽ നിന്നും ഞാൻ ഉണർന്നു.

അന്ന് രാത്രി ഞങ്ങൾ അവിടെ അന്തിയുറങ്ങി. ഊഷ്മളതയുടെ മറ്റൊരു രാത്രികൂടി അനുഭവിച്ചതുപോലെ. ഞാനും പിതാവും ബീബിമാതായും ഒന്നിച്ച് ശയിച്ചതുപോലെ. സുബോധ മലാകർ അതിരാവിലെ ഞങ്ങളെയും തേടി ജബ്ര ഝോപടിയിൽ എത്തി. കഴിഞ്ഞ രാത്രി ഞങ്ങൾക്ക് ഉറങ്ങാൻ കഴിഞ്ഞു. എന്നാൽ സുബോധയ്ക്ക് ഉറങ്ങാൻ കഴിഞ്ഞില്ല എന്ന് അവളുടെ പ്രകൃതത്തിൽനിന്നും മനസ്സിലാക്കാം. ജബ്ര ഝോപടി എനിക്ക് വളരെ ഇഷ്ടമായി.

സ്വതന്ത്രമായി പറന്നുയരുന്ന പരുത്തിപ്പൂവുകൾ. ഈ ജന്മം മുഴുവൻ ഈ പ്രകൃതിയുടെ ഭാഗമായി ജബ്ര ഝോപടിയിൽ കഴിച്ചുകൂടാൻ ആഗ്രഹിച്ചു. എന്റെ ചിന്തയെ സ്വാഗതം ചെയ്തുകൊണ്ട് കുളിർകാറ്റ് എന്നെ തഴുകി. “ഈ പ്രകൃതിയിലെ കാറ്റിൽപോലും ഹുസൈൻ താപ്പയുടെ സാന്നിധ്യം ഞാൻ അനുഭവിക്കുന്നു. നമുക്ക് ഇവിടെ ഈ ജബ്ര ഝോപടിയിൽ കുറച്ചു ദിവസം താമസിച്ചാൽ എന്താ?” ബീബിമാതാ ഇതു പറയു

മ്പോൾ എന്റെ ചേതോവികാരം വായിച്ചതുപോലെ എനിക്കു തോന്നി. സുബോധ മലാകറിനും എതിർപ്പില്ല. ഞങ്ങളുടെ ഇംഗിതം അവളുടെ ഹിതം. അത്രതന്നെ.

ധനാഢ്യതയുടെ പ്രതാപം ഉണ്ടായിരുന്നിട്ടും എന്റെ പിതാവ് താമസിക്കാൻ തെരഞ്ഞെടുത്തത് ഈ ചെറുകുടിൽ. കാലം മാറിയിട്ടും ഇന്നും അതിനെ പഴയ തനിമയിൽ തന്നെ നിലനിർത്താൻ അജ്മൽ നാസർ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ നിർദ്ദേശവും അതുതന്നെ യായിരുന്നു. കുടുംബത്തിന്റെ ഐശ്വര്യത്തിന്റെ പ്രതീകമായി ജബ്ര ഝോപടിയെ അവർ കണ്ടു.

ജബ്ര ഝോപടിയുടെ പടവുകളിൽ ഇരുന്ന് പലപ്പോഴും ദൂരത്തേക്ക് നോക്കും. ഒറ്റയടിപ്പാത നീണ്ടുനിവർന്നു കിടക്കുന്നു. അതിന്റെ അവസാനം ഗരിയ ശിവശക്തി ക്ഷേത്രത്തിൽ, ഒരിക്കൽ ഈ ഒറ്റയടിപ്പാതയിലൂടെ അപരിചിതനെപ്പോലെ നടന്നതാണ്. ലഹളയുടെ കാലത്ത് ബീബിമാതാ എന്നെയും എടുത്ത് പ്രാണരക്ഷാർത്ഥം ഓടിയത് ഇതുവഴിയാണ്, ഗരിയ ക്ഷേത്രകവാടം വരെ. ഗരിയ ക്ഷേത്രത്തിന് സംരക്ഷണം നൽകി നില കൊണ്ട എന്റെ അച്ഛന് എന്നെ കൈമാറുമ്പോൾ എത്ര പിടഞ്ഞിട്ടു ണ്ടാകും ആ മാതൃഹൃദയം. ജബ്ര ഝോപടിയിലെ ഈ പടവുകളിൽ ചുടുചോരയുടെ ഗന്ധം ഇപ്പോഴും വമിക്കുന്നു. ഇവിടെയല്ലേ ആ നരാ ധമന്മാർ എന്റെ പിതാവിനെ - ഹുസൈൻ താപ്പയെ - അരിഞ്ഞുതള്ളി യത്? അതിനുശേഷം അധികം യാത്രക്കാർ ഇതുവഴി വരാറില്ല. ഓർക്കാൻ പാടില്ലാത്ത പലതും ഈ ഒറ്റയടിപ്പാതയും ജബ്ര ഝോപടിയും ഓർമ്മി പ്പിക്കുന്നു. ഭയം കൊണ്ടല്ല ഗ്രാമവാസികൾ ഈ ഒറ്റയടിപ്പാതയേയും ജബ്ര ഝോപടിയേയും വെറുത്തത്. ചെയ്ത തെറ്റിലുള്ള പശ്ചാത്താപ ത്തിൽ പിന്നെ.... ആ ഓർമ്മപ്പെടുത്തൽ ആഗ്രഹിക്കുന്നില്ല. പുതിയ തലമുറ പല കാല്പനിക കഥകളും ജബ്ര ഝോപടിയേയും ചേർത്ത് മെനഞ്ഞെടുത്തു. അപസർപ്പകകഥകൾ വരെ.

ഞാൻ എന്റെ അമ്മയെ അറിഞ്ഞു. സുബോധ മലാകർ എന്റേതായി. ഹുസൈൻ താപ്പ, എന്റെ പിതാവ് അദ്ഭുതപ്പെടുത്തുന്ന വ്യക്തിത്വം. ഹുസൈൻ താപ്പയുടെ മകൻ എന്ന് ലോകം അറിഞ്ഞതിനുശേഷം ഗരിയ ഗ്രാമം എനിക്കു നൽകിയ സ്വീകാര്യതയും ബഹുമാനവും ഹുസൈൻ താപ്പയോടുള്ളതാണ് എന്ന് എനിക്കു മനസ്സിലായി.

ബീബിമാതാ അച്ഛനെക്കുറിച്ച് പറയുമ്പോൾ വളരെ വാചാലയായി രുന്നു. അദ്ദേഹത്തോടുള്ള സ്നേഹവും ബഹുമാനവും വാക്കുകളിൽ നിഴലിച്ചു. 'ഹുസൈൻ' എന്ന മുഹമ്മദീയൻ 'താപ്പ' എന്ന പേര് കൂട്ടി ച്ചേർത്തത്. ഹൈന്ദവമതത്തോടുള്ള അദ്ദേഹത്തിന്റെ ആദരവാണ്. നേപ്പാളിലെ ഹിന്ദുവിശ്വാസികളിൽ ഒരു വിഭാഗത്തിന്റെ സ്ഥാനപ്പേരാണ് 'താപ്പ'. സ്വന്തം ഭാര്യയെയും മതവിശ്വാസത്തിന്റെ യാഥാസ്ഥിതികത യ്ക്കുള്ളിൽ തളച്ചിടാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാക്കുകൾക്കും ചിന്താപദ്ധതികൾക്കും പിന്തുണ ലഭിച്ചു.

ഗരിയ ഗ്രാമത്തെ ഹരിതവർണമാക്കാൻ, കൃഷി താത്പര്യം ജനങ്ങളിൽ വളർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനായി കൂട്ടായ്മകൾ സംഘ ടിപ്പിച്ചു. പൊട്ടിപ്പുറപ്പെട്ട വർഗീയ ലഹളയ്ക്ക് കാരണം ഗ്രാമവാസികളല്ല എന്ന് ആണയിട്ട് അവർ പറയുന്നു. ആസൂത്രിതമായ പദ്ധതിയുടെ ഭാഗ മായി വർഗീയ ലഹളയ്ക്ക് കൊഴുപ്പേകാൻ ആദ്യം ബലിയാടാക്കിയത് ഹുസൈൻ താപ്പയെയായിരുന്നു. ആ ലഹളക്കൂട്ടം ഏതു വിഭാഗത്തിൽ പ്പെട്ടവരാണെന്നു കൂടി കണ്ടെത്താൻ കഴിഞ്ഞില്ല. പക്ഷേ വർഗീയ ലഹളയെ ആളിപ്പടർത്താൻ ഗരിയ ഗ്രാമത്തെ കുരുതിക്കളമാക്കാൻ, ഹുസൈൻ താപ്പ വളർത്തിയെടുത്ത മതസൗഹാർദത്തെ നിർജീവ മാക്കാൻ കലാപകാരികൾക്ക് കഴിഞ്ഞു." ഹുസൈൻ താപ്പയുടെ രക്ത സാക്ഷിത്വം സംഭവിച്ച മണ്ണിൽനിന്നുകൊണ്ട് ബീബിമാതാ ഇതു പറയു മ്പോൾ ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് കരുത്തുറ്റ ഒരു സ്ത്രീയുടെ ചങ്കൂറ്റം ബീബിമാതായുടെ കണ്ണുകളിൽ സ്ഫുരിച്ചു. ഹുസൈൻ താപ്പയെക്കുറിച്ച് പറയുമ്പോൾ ബീബിമാതാ കരയാത്ത നിമിഷമായിരുന്നു അത്. അഭിമാന ത്തിന്റെ പ്രസരിപ്പ് ആ മുഖത്തെ കൂടുതൽ സുന്ദരമാക്കി. ബീബിമാതാ യുടെ അഭിമാനത്തിന്റെ ഒരു നിമിഷമായിരുന്നു ഈ വെളിപ്പെടുത്തൽ.

ഗർവ് ശമിക്കാത്ത മുഖവുമായി ബീബിമാതാ എന്നെ നോക്കി. എനിക്കും അഭിമാനിക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്റെ തലയിൽ പതുക്കെ തലോടിക്കൊണ്ട് ബീബിമാതാ പറഞ്ഞു.

"അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു സമൂഹനന്മയ്ക്കായി നിന്നെ സമർപ്പിക്കണമെന്നത്. നിന്റെ ദർശനങ്ങൾ സ്വയം തെരഞ്ഞെടുക്കാൻ അനുവദിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു."

ബീബിമാതാ പറഞ്ഞുനിർത്തി. സുബോധ മലാകറിനെ നോക്കി എന്നോടായി പറഞ്ഞു. "ഇവന്റെ വഴികളിൽ നമ്മൾ ഒരിക്കലും തടസ്സ മാകരുത്. ഈ നിമിഷം ഞാൻ എന്റെ മകനോടൊപ്പം. അതു മാത്രമായി രുന്നു എന്റെ സായൂജ്യം, സ്വപ്നം. ഇവന്റെ ചിന്തകൾക്കനുസരിച്ച് ഒഴുകട്ടെ, ഇവനെ ഞാൻ സ്വതന്ത്രനാക്കുന്നു." അതുവരെ നിൽക്കുക യായിരുന്ന സുബോധ മലാകർ എന്റെ തോളിൽ ഒരു കൈ ഊന്നി എന്റടുത്ത് ഇരുന്നു.

"ഞാൻ ഇത്രയുംകാലം ജീവിച്ചിരുന്നത് ബീബിമാതായിലൂടെ. ഇനി യുള്ള കാലം ഞാൻ ജീവിക്കുന്നത് അങ്ങയിലൂടെ. അങ്ങയിൽ അധികാരം ഒരിക്കലും ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എന്നുമുണ്ടാകും ഈ ഗരിയ ഗ്രാമത്തിൽ അമീനിന്റെ പ്രിയവധുവായി." അല്പംപോലും വികാരാധീന യാകാതെ അവൾ പറഞ്ഞു.

എന്തിനിവർ ഇപ്പോൾ ഇങ്ങനെ സംസാരിക്കുന്നു? എനിക്ക് ഒന്നും വേർതിരിച്ചറിയാൻ കഴിയാതായി. അനീഭബീബി എന്റെ പ്രിയപ്പെട്ട

മാതാവ് എന്നോട് യാത്രാമൊഴി ചൊല്ലുകയാണോ? എന്റെ ശക്തിയുടെ ഉറവിടം, സുബോധ മലാകർ എന്നിൽ നിന്നും വിരഹം ആഗ്രഹിക്കുന്നുവോ? പ്രപഞ്ചശക്തിയുടെ തിരക്കഥ പുതിയ തലത്തിൽ പരിവർത്തനം ചെയ്യുന്നതുപോലെ. നിശ്ശബ്ദതയുടെ ഏതാനും നിമിഷങ്ങൾ. നിശ്ശബ്ദത ഭഞ്ജിച്ച് സുബോധ മലാകർ പ്രതികരിച്ചു. "ലോഹത്തെ അന്യമാക്കി ആഭരണത്തിന് നിലനില്പില്ല. ഞങ്ങൾ അങ്ങയിൽനിന്നും അന്യമല്ല. പരസ്പരം അകലാനും കഴിയില്ല, അടുക്കാനും കഴിയില്ല. ഒന്നായി ഭവിച്ചിരിക്കുന്നു. വാക്കിലും പ്രവൃത്തിയിലും പ്രാപ്യമാക്കാൻ കഴിയാത്ത എന്നാൽ അതായി നിലനിൽക്കാൻ കഴിയുന്ന പ്രപഞ്ചശക്തിയിൽ ഞാൻ വിശ്വസിക്കുന്നു. വന്നവർ പോകുകതന്നെ ചെയ്യും തുടങ്ങിയിടത്തേക്ക്. ഞങ്ങൾ ഇവിടെ ഉണ്ടാകും. ജബ്ര ഝോപടിയിൽ..." സുബോധ മലാകറിന്റെ ആദർശങ്ങൾ, വിലയിരുത്തൽ എന്നെ അദ്ഭുതപ്പെടുത്തി. ഭഗനിയമ്മയിൽ നിന്നും വ്യത്യസ്തമല്ലാത്ത ആശയചാതുര്യമാണ് അവളിൽ. നിയോഗത്തിനായുള്ള ഓർമ്മപ്പെടുത്തലിനായി ഭഗനിയമ്മ അവളിൽ പ്രവർത്തിച്ചിരിക്കുന്നതുപോലെ തോന്നി. നിശ്ശബ്ദനാകാനേ എനിക്കു കഴിഞ്ഞുള്ളൂ.

"അങ്ങയുടെ നിയോഗം ഞങ്ങൾ അറിയുന്നു." സുബോധ മലാകർ എന്നെ വീണ്ടും ഓർമ്മിപ്പിച്ചു. അവിടെ ഒരു വിടവാങ്ങലിന്റെ പ്രതീതി ഘനീഭവിച്ചു. ഞാൻ ആഗ്രഹിക്കാത്ത നിമിഷത്തിൽ എന്റെ നിയോഗത്തിലേക്കുള്ള ഓർമ്മപ്പെടുത്തൽ അപ്രതീക്ഷിതമായി സംഭവിച്ചിരിക്കുന്നു. നിശ്ചലമായ പമ്പരം അടുത്ത കറക്കത്തിനായി ചാട്ടയെ അവലംബിക്കുന്നതുപോലെയാണ് പ്രപഞ്ചശക്തിയുടെ ആന്ദോളനം. ഞാനൊരു പമ്പരവും പ്രപഞ്ചശക്തിയൊരു ചാട്ടയും. അടുത്ത കറക്കത്തിനായി ചാട്ട എന്നെ നീട്ടിയെറിഞ്ഞിരിക്കുന്നു.

## പതിനഞ്ച്

**ആ**നന്ദം നൽകുന്ന സ്മരണകളായിരുന്നു ജബ്ര ഝോപടിയിലെ ദിനങ്ങൾ. പിതാവിന്റെ അദൃശ്യസാന്നിധ്യം ഞങ്ങൾ അനുഭവിച്ചു. ജബ്ര ഝോപടിൽ സ്ഥിരതാമസമാക്കിയെന്നറിഞ്ഞ അജ്മൽ നാസർ അവിടെ എത്തി. ഭവ്യതയോടുള്ള പ്രതികരണമായിരുന്നു എന്നോട്. ഞാൻ അത് ആഗ്രഹിച്ചില്ല. എന്നിട്ടും അജ്മൽ നാസർ എന്തിന് അങ്ങനെ പെരുമാറുന്നു എന്ന് ഞാൻ അദ്ഭുതപ്പെട്ടു. എന്റെ പിതാവ് സമ്പാദിച്ചതിന്റെ തണലിൽ വളർന്നതാണ് അജ്മൽ നാസറും കുടുംബവും. അദ്ദേഹം അനുഭവിക്കുന്ന ആസ്തിയുടെ കാതലായ ഭാഗത്തിന് പുതിയ അവകാശി വന്നതിന്റെ മ്ലാനതയുണ്ട് അദ്ദേഹത്തിൽ. സുബോധ മലാകർ ഒരിക്കൽ പറഞ്ഞത് ഞാൻ ചിന്തിച്ചു. 'ആദർശങ്ങൾ ധനത്തിനു മുന്നിൽ വഴിമാറിയതാണ് ചരിത്രത്തിലെ ദുർമരണ കഥകൾ.' ഒരു നിമിഷം സുബോധ മലാകറിനെ മനസ്സാൽ വണങ്ങി. അവളുടെ ദീർഘവീക്ഷണത്തിൽ ഞാൻ അദ്ഭുതപ്പെട്ടു. അജ്മൽ നാസർ ഒരു ചോദ്യത്തിന് ഉത്തരം തേടുന്നതായി എനിക്ക് വ്യക്തമായി മനസ്സിലായി. ചോദ്യം ബീബിമാതായുടെ മുന്നിൽ അവതരിപ്പിക്കാൻ അദ്ദേഹം കാണിക്കുന്ന വ്യഗ്രത ബീബിമാതാ തിരിച്ചറിഞ്ഞു. കുറുക്കുവഴികളില്ലാതെ ബീബിമാതാ ഉത്തരം നൽകി. 'എനിക്ക് അവകാശപ്പെട്ട സർവസ്വത്തിന്റെയും അവകാശി ഇവളാണ്, സുബോധ മലാകർ, എന്റെ മകൻ അമീനിന്റെ വധു. അമീൻ വന്നിടത്തേക്ക് തിരിച്ചു പോകും... സർവ അവകാശവും ഇവളിൽ നിലനിൽക്കട്ടെ, കാര്യങ്ങളുടെ നടത്തിപ്പും മേൽനോട്ടവും ഇങ്ങനെതന്നെ തുടരട്ടെ."

ഞാൻ നിശ്ശബ്ദനായി കേട്ടുനിന്നു. സുബോധ മലാകർ ആദ്യമായി ബീബിമാതായെ എതിർത്ത് സംസാരിക്കുന്നത് ഞാൻ കേട്ടു. അവളുടെ എതിർപ്പുകളെ അപ്രസക്തമാക്കി ബീബിമാതാ വീണ്ടും തീരുമാനം ഉറപ്പിച്ചു പറഞ്ഞു.

"ആരെതിർത്താലും ഇതുതന്നെ സംഭവിക്കും. എന്റെ ഭർത്താവ് ഹുസൈൻ താപ്പ സമ്പാദിച്ചത് കുടുംബത്തിനുവേണ്ടി ആയിരുന്നില്ല. എല്ലാവർക്കും വേണ്ടിയായിരുന്നു. ഓരോ വിളവെടുപ്പും എല്ലാവർക്കും ആഘോഷമായിരുന്നു. എല്ലാവർക്കുമായി അദ്ദേഹം വീതിച്ചു നൽകിയ വിത്തുകളായിരുന്നു ഈ മണ്ണിൽ നൂറുമേനി വിളഞ്ഞത്. സുബോധ,

നിനക്ക് ശേഷം എന്തെന്നുള്ളത് കാലത്തിന്റെ തീരുമാനം. ഇപ്പോൾ നീ എന്റെ മകന്റെ പ്രിയവധു. അവന്റെ അനുഭവങ്ങൾ നിനക്ക് മാത്രമുള്ളത്." സുബോധ മലാകർ നിശ്ശബ്ദയായി കേട്ടുനിന്നു. ബീബിമാതായുടെ തീരുമാനങ്ങളിലുള്ള എതിർപ്പ് അജ്മൽ നാസറിന്റെ മുഖത്ത് പ്രകടമായിരുന്നു. അജ്മൽ നാസർ കുറച്ചുനേരം എന്റെ മുഖത്തേക്കു നോക്കി. എന്റെ നിശ്ശബ്ദത ബീബിമാതായ്ക്കുള്ള പിന്തുണ എന്നദ്ദേഹം വിലയിരുത്തി. അജ്മൽ നാസർ പടവുകൾ ഇറങ്ങി നീണ്ട ഒറ്റയടിപ്പാതയിലൂടെ നടന്നകലുമ്പോഴും ഞാൻ നിശ്ശബ്ദനായിരുന്നു.

മുമ്പ് നിശ്ചയിച്ചതുപോലെ ബീബിമാതാ എല്ലാത്തിനും വിധി പറഞ്ഞിരിക്കുന്നു. എനിക്ക് യാത്രാനുവാദവും കല്പിച്ചിരിക്കുന്നു. ബീബിമാതായുടെ തീരുമാനത്തിൽ ഒരു പുരുഷന്റെ ദൃഢതയുണ്ടായിരുന്നു, ലംഘിക്കാനല്ല അനുസരിപ്പിക്കാനുള്ള പൗരുഷം ആ ശബ്ദത്തിൽ മുഴങ്ങിയിരുന്നു. സുബോധ മലാകർ ദയനീയമായി എന്നെ നോക്കി, അനുവാദം നൽകുന്ന രീതിയിൽ ഞാൻ തലയാട്ടി.

ജബ്ര ഝോപടിയിലെ ദിനങ്ങൾ വർഷങ്ങളായി പിന്നിട്ടിരിക്കുന്നു. ഈ ഭൂപ്രകൃതി ഞങ്ങൾക്ക് പുതുമയുള്ള ഓർമ്മകൾ നൽകി. സുബോധ മലാകറും ബീബിമാതായും ഇവിടവുമായി വളരെ ഇഴുകിച്ചേർന്നിരിക്കുന്നു. ചിരിയും ചിന്തയുമായി ഞങ്ങൾ കഴിച്ചുകൂട്ടി. നഷ്ടപ്പെട്ട ഗരിയ ഗ്രാമത്തിലെ ബാല്യം ഞാൻ അനുഭവിച്ചു. എപ്പോൾ മുതലാണെന്ന് അറിയില്ല, എകാന്തത ഇഷ്ടപ്പെടുന്നവനായി ഞാൻ മാറുകയായിരുന്നു.

ജബ്ര ഝോപടിയുടെ വടക്കുഭാഗത്തുള്ള പാറക്കൂട്ടത്തിനരികിൽ ചെന്നിരിക്കുന്നത് പതിവായി. രാത്രി വൈകുവോളം ഇരിക്കും. അവിടെ ഇരുന്നാൽ മുന്നിലെ അഗാധമായ താഴ്‌വരയും വിശാലമായ പരുത്തിത്തോട്ടവും കാണാം. പ്രകൃതിയുടെ സംഗീതം ആസ്വദിക്കാം. ചെറിയ ജീവികളെ കണ്ണുകളാൽ പിന്തുടരുന്നത് ഒരു രസമാണ്. എന്റെ ദൃഷ്ടിയിൽനിന്നും മറയാൻ അവ കാണിക്കുന്ന വ്യഗ്രത പുതിയ ചിന്തകൾ ഉണർത്തി. ചിലപ്പോൾ ഒറ്റയടിപ്പാതയിലൂടെ വെറുതെ നടക്കും. ചിലപ്പോൾ വഴിതെറ്റിയവനെപ്പോലെ പരുത്തിതോട്ടത്തിന്റെ ഉള്ളിലേക്ക് കയറും. പ്രകൃതിയെ നിരീക്ഷിച്ച് പ്രകൃതിയുടെ ഭാഗമായി ജീവിക്കുന്നത് തികച്ചും ആസ്വാദ്യകരമാണെന്ന് എനിക്കു തോന്നി. പാറക്കൂട്ടത്തിലെ ചെമ്പോത്ത് ആദ്യമെല്ലാം എന്നെ കണ്ടാൽ ഓടിയൊളിക്കുമായിരുന്നു. ഇപ്പോൾ എന്റെയരികിൽ വരാൻ വ്യഗ്രത കാണിക്കുന്നു. പ്രകൃതിക്ക് ഒരു താളമുണ്ട്. അതിനൊപ്പം ഇഴുകിച്ചേർന്നാൽ കാണാത്ത പലതും കാണാം. കേൾക്കാത്ത പലതും കേൾക്കാം, ഗൂഢമാക്കി വയ്ക്കപ്പെട്ടതെല്ലാം പ്രകടമാക്കപ്പെടും. ബാഹ്യപ്രകൃതിയെ എന്നിലൂടെ അറിയാൻ ശ്രമിച്ചു. അത് കൂടുതൽ അഗാധമായ സ്പന്ദനങ്ങളിലേക്ക് എന്നെ നയിച്ചു. ഭ്രാന്തിന്റെ ലക്ഷണമായി ചിലർ എന്നെ മുദ്രകുത്തി. സുബോധ മലാകറും ബീബിമാതായും എന്നിലെ മാറ്റം അറിയുന്നുണ്ടായിരുന്നു. ചിലർ മറ്റൊന്നായി വിധിയെഴുതി ബീബിമാതായുടെ ഭ്രാന്തിന്റെ പാരമ്പര്യം

എന്നിലാരോപിച്ചു. ഞാൻ ഒറ്റയ്ക്കിരുന്ന് ചിരിക്കുന്നതു കണ്ടവരുണ്ട്. ഞാൻ സ്വയം ആരോടെന്നില്ലാതെ സംസാരിക്കുന്നതു കേട്ടവരുണ്ട്, യഥാർത്ഥത്തിൽ ഞാൻ എന്നെ നോക്കി ചിരിച്ചു. എന്നോടായി സംസാരിച്ചു. പക്ഷേ, ഭാവനയുടെ മായാലോകത്തായിരുന്ന എന്നെ അവർ ഒരു മാനസികരോഗിയായി കരുതി.

സുബോധ മലാകറിനുള്ള പക്വത ഞാൻ ശ്രദ്ധിച്ചു. അജ്മൽ നാസറിനെ അനുസരിച്ചിരുന്ന സുബോധ മലാകർ നിർദ്ദേശങ്ങൾ നൽകുന്നത് ഞാൻ കണ്ടു. ലോകം എന്നെ രോഗിയായി മുദ്രകുത്തിയിട്ടും സുബോധ മലാകറും ബീബിമാതായും അങ്ങനെ വിധിയെഴുതിയില്ല. എന്റെ അവസ്ഥ അവർ തിരിച്ചറിയുന്നുണ്ടായിരുന്നു. അതിന്റെ ശരിയായ തലം അവർ ഉൾക്കൊണ്ടു. അവരുടെ ധിഷണാശക്തിയിൽ ഞാൻ പലപ്പോഴും അമ്പരന്നു. അവർ ഒരു മനസ്സുപോലെ ചിന്തിക്കുന്നു. എന്റെ സ്പന്ദനങ്ങൾക്കൊപ്പം അവർ പ്രതികരിച്ചു.

ഞാൻ വളരെ അപൂർവമായി മാത്രമേ സ്വപ്നം കാണാറുള്ളൂ. സ്വപ്നം കണ്ടതായി ഓർമ്മയില്ല എന്നു വേണമെങ്കിൽ പറയാം. “നിദ്രയ്ക്കും ഗാഢനിദ്രയ്ക്കും ഇടയ്ക്കുള്ള അവസ്ഥയിൽ ബാഹ്യപ്രേരണകളുടെ സ്വാധീനമില്ലാതെ ഉപബോധമനസ്സിൽ ഒളിഞ്ഞുകിടക്കുന്നതോ ബോധമനസ്സിൽ ആഴത്തിൽ സ്പർശിച്ചതോ ആയ വിഷയങ്ങൾ ഭീതിയുടെ ചേതനയായോ ഭാവിയുടെ സൂചകമായോ പ്രകടമാകും. അവയാണ് സ്വപ്നങ്ങൾ. വിശകലനങ്ങളിലൂടെ സ്വപ്നങ്ങൾ മാർഗദർശികളാകാറുണ്ട്.” സ്വപ്നങ്ങളെക്കുറിച്ച് ഭഗനിയമ്മയുടെ വിശദീകരണം ഇതായിരുന്നു. ഭഗനിയമ്മ സ്വപ്നങ്ങളെ ഇഷ്ടപ്പെട്ടിരുന്നു. ഉപബോധമനസ്സിന്റെ ആന്തരികചേതനകളെ ഭഗനിയമ്മ വിശകലനം ചെയ്തിരുന്നു. രോഗാവസ്ഥയുടെ നിർവ്വീകരണംപോലും ഉപബോധമനസ്സിലൂടെ സാധ്യമാകുമെന്ന് ഭഗനിയമ്മ സമർത്ഥിച്ചിരുന്നു. ഭഗനിയമ്മയുടെ സ്വപ്നവിശകലനം പലപ്പോഴും എന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. സ്വപ്നങ്ങൾ സംഭവിക്കാൻ ആ കാലത്ത് ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ അവ എന്നും അന്യമായി നിലകൊണ്ടു. ഇന്ദ്രിയനിയന്ത്രണമല്ലാത്ത ഉപബോധമനസ്സിന്റെ ബോധപൂർവമായ ഇടപെടലാണ് സ്വപ്നക്രിയ. മാനസിക പ്രതിരൂപങ്ങളെ സാമാന്യവത്കരിച്ച് ഒന്നാക്കലാണ് അതിന്റെ പ്രായോഗികതലം. സ്വപ്നത്തെകുറിച്ച് ഞാൻ ഭഗനിയമ്മയിൽ നിന്നും മനസ്സിലാക്കിയതിന്റെ രത്നചുരുക്കം ഇവയാണ്. ചില സ്വപ്നങ്ങൾ ഭാവിസൂചകമാകുമെന്ന് ഭഗനിയമ്മ പലപ്പോഴും പറയാറുണ്ട്. തന്റെ മരണത്തിന്റെ സമീപസാധ്യത ഭഗനിയമ്മ സ്വപ്നവിശകലനത്തിലൂടെയാണ് പ്രവചിച്ചത്.

ഭഗനിയമ്മയുടെ എക്കാലത്തെയും വിശ്വസ്ത ശിഷ്യ ഒരു ദിവസം താൻ കണ്ട സ്വപ്നത്തെ ഭഗനിയമ്മയോടു വിശദീകരിച്ചു.

“അത്യുഗ്രമായി ജ്വലിക്കുന്ന സൂര്യനെ ഞാൻ കാണുന്നു. സൂര്യ

പ്രകാശത്തിലെ കുളിർമ ഞാൻ അനുഭവിക്കുന്നു. കണ്ണെത്താദൂരത്തോളം ഒരേ വർഗത്തിൽപ്പെട്ട, പല വലിപ്പത്തിലുള്ള ഭീമാകാരമായ പയർമണികളെ ഞാൻ കാണുന്നു. അതിൽ ചിലത് മുളയ്ക്കാൻ വെമ്പൽ കൊള്ളുന്നവ. ഇത്രയും വിശാലമായിട്ടാണെങ്കിലും ഓരോ പയർമണിയേയും എനിക്ക് വ്യക്തമായി കാണാനും അതിൽ ആനന്ദിക്കാനും എനിക്കു കഴിയുന്നു. വളരെ പെട്ടെന്ന് സൂര്യനെ മറച്ച് ഭീമാകാരമായ ഒരു പറവ പറന്നടുക്കുന്നു. സ്ഥലകാലബോധം നോക്കാതെ ചുറ്റും ഒന്നു കണ്ണോടിക്കപോലും ചെയ്യാതെ മുഴുവൻ പയർമണികളെയും വളരെ ആർത്തിയോടെ ഭക്ഷിക്കുന്നു. ഞാൻ വാവിട്ട് കരയുകയാണ്. കരങ്ങൾ ഉയർത്താൻ ശ്രമിച്ചിട്ടും എനിക്കു കഴിയുന്നില്ല. നിസ്സംഗയായി നോക്കിനിൽക്കാനേ എനിക്കു കഴിഞ്ഞുള്ളൂ. പറവ പറന്നകന്നപ്പോൾ ചുറ്റും അന്ധകാരം മാത്രം." ഭഗനിയമ്മ സ്വപ്നം വിശദമായി കേട്ടു. അല്പനിമിഷം കണ്ണുകളടച്ചു. സ്വപ്നവിശകലനം കേൾക്കാൻ ഞങ്ങളുടെ മനസ്സുകൾ വെമ്പൽ കൊണ്ടു. കണ്ണുകൾ തുറന്നു വളരെ ശാന്തമായി ഭഗനിയമ്മ പറഞ്ഞു. "പ്രിയപ്പെട്ടവളെ, നീ എന്റെ മരണസന്ദേശവുമായി വന്നിരിക്കുന്നു." വിശകലനം കേട്ട ഞങ്ങൾ മ്ലാനചിത്തരായി. ഭഗനിയമ്മയുടെ പ്രവചനം തെറ്റായി ഭവിക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. പക്ഷേ, ആ സ്വപ്നവിശകലനത്തിന്റെ ഏഴാംനാൾ ഭഗനിയമ്മ ഓർമ്മകൾ അവശേഷിപ്പിച്ച് ശരീരം വെടിഞ്ഞു. അതിനുശേഷം സ്വപ്നങ്ങളെ ഞാനും നിരീക്ഷിക്കാൻ തുടങ്ങി - സ്വപ്നരഹിതനായ എനിക്ക് സ്വപ്നവിശകലനത്തിനുള്ള അവസരം ലഭിച്ചില്ല.

ഇന്ന് ഈ രാത്രി അത് സംഭവിച്ചു. എന്റെ ഓർമ്മയിലെ ആദ്യത്തെ സ്വപ്നം. രാത്രിയുടെ ഏത് യാമമാണെന്ന് അറിയില്ല. "ശാന്തമായ പ്രകൃതിയെ ഞാൻ കാണുന്നു. ഒരു വടവൃക്ഷത്തെ എനിക്ക് അനുഭവിക്കാൻ കഴിയുന്നു. വടവൃക്ഷത്തിലെ ഏറ്റവും ഉയരത്തിലെ ഒരു ഇലയെ ഞാൻ കാണുന്നു. ആ ഇലയിൽ ഞാൻ ഇരിക്കുകയാണ്. നേർദൃഷ്ടിയിൽ ചുറ്റും നോക്കുമ്പോൾ സർവപ്രപഞ്ചവും എന്റെ ദൃഷ്ടിക്കു മുന്നിൽ പരിചിതരും അപരിചിതരും ആയ പല മുഖങ്ങൾ പല ചേഷ്ടകൾ കാണിച്ച് എനിക്ക് മുന്നിലൂടെ നടന്നകലുന്നു. ചിലർ എന്നെ വന്ദിച്ചു കടന്നുപോകുന്നവർ. ഞാൻ മുകളിലേക്ക് നോക്കി ഈ പ്രപഞ്ചത്തിലെ സർവഗ്രഹങ്ങളും എന്റെ തലയ്ക്കുമുകളിലൂടെ ഒഴുകിനീങ്ങുന്നു. കനം പിടിച്ച വായുപ്രവാഹം ഞാൻ അനുഭവിക്കുന്നു. ഞാൻ താഴേക്ക് നോക്കി. ഞാൻ ഇരിക്കുന്ന വടവൃക്ഷം ഒഴികെ മറ്റെല്ലായിടത്തും അന്ധകാരം മാത്രം. താഴേക്കുള്ള കാഴ്ചയിൽ എന്റെ ദൃഷ്ടി പതിഞ്ഞപ്പോൾ വടവൃക്ഷം വൻകാറ്റിൽ ആടിയുലഞ്ഞു. ഞാൻ ഇരിക്കുകയായിരുന്ന ഇല ഇളകിമറിഞ്ഞു. ഞാൻ ഇപ്പോൾ അന്ധകാരത്തിലേക്കു പതിക്കുമെന്ന ഭയം തോന്നി. ജീവനും ശരീരവും വേർപെടാൻ വെമ്പൽ കൊള്ളുന്നതുപോലെ. കീഴ്ദൃഷ്ടിയിൽ ഭയാനക പ്രകൃതി. ആ ഭയാനകതയിൽ ഞാൻ ഉറക്കെ നിലവിളിച്ചു. മരണത്തിനു മുമ്പുള്ള ഒരു നിമിഷം ഞാൻ വ്യക്തമായി അറിയുന്നു. രക്ഷപ്പെടാനുള്ള അവസാന ശ്രമത്തിനായി

ഞാൻ പിടയുകയാണ്."

സ്വപ്നാവസ്ഥയിൽനിന്നും ഞാൻ ഞെട്ടിയുണർന്നു. എനിക്കു ചുറ്റും ബീബിമാതായും സുബോധ മലാകറും നിൽക്കുന്നു. വിയർത്ത് ഭയം കൊണ്ട് വിറയ്ക്കുന്ന എന്റെ ശരീരത്തെ അവർ മുറുകെ പിടിച്ചിരിക്കുന്നു. കുടിക്കാൻ ധാരാളം വെള്ളം തന്നു. ശാന്തമായി അവർ എന്നെ ആശ്വസിപ്പിച്ചു. അവരിൽ ഒരു സംഭ്രാന്തിയും ഞാൻ കണ്ടില്ല. സ്വപ്നം കണ്ട് ഭയപ്പെട്ടതാണെന്ന് ഞാൻ പറഞ്ഞു. കണ്ട സ്വപ്നം വിശദീകരിക്കാൻ ഒരു വൃഥാശ്രമം നടത്തിയെങ്കിലും കൂട്ടിയോജിപ്പിക്കാൻ അപ്പോൾ കഴിഞ്ഞില്ല. ശാന്തതയുടെ ഏറ്റവും താഴ്ന്ന തലത്തിൽ നിന്നുകൊണ്ട് ബീബിമാതാ പറഞ്ഞു. "അമീൻ, നീ എന്നെ തേടി വരുമെന്നും ശേഷം വിട്ടകലുമെന്നും എത്രയോ കാലമായി ഞാൻ സ്വപ്നം കാണുന്നു. ഞാൻ കണ്ട സ്വപ്നത്തിന്റെ പൊരുൾ നീ എന്നിൽനിന്നും അകലുന്നു എന്നതു തന്നെ. ഓരോ സ്വപ്നത്തിൽ നിന്നും ഞെട്ടിയുണരുന്നത് ഇവൾ എന്നെ ഉണർത്തുമ്പോഴാണ്. നീ ഈ ഒരു ദിവസം അനുഭവിച്ച ഭയവിഹ്വലതകൾ എത്രയോ രാത്രികളായി ഞാൻ അനുഭവിക്കുന്നു. അതിനു സാക്ഷി ഇവൾ മാത്രം... എന്റെ പ്രിയപ്പെട്ട അമീൻ, നീ എന്നിൽനിന്നുമകലും എന്ന് എന്നേ ഞങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ മനസ്സിനെ അതിനായി പാകപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ എന്നേ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു. അല്ലെങ്കിൽ നിനക്ക് നിലനില്പില്ല എന്ന് ഞങ്ങൾ മനസ്സിലാക്കി. നിനക്ക് യാത്രയാകാം. ഈ രാത്രിയെങ്കിൽ ഈ രാത്രി. എന്നെ നീ മറന്നേക്കൂ. കാലത്തിന്റെ കണക്കെഴുത്തിൽ എന്റെ കർമ്മം അവസാനിക്കാറായി. ഇവൾ എനിക്കൊപ്പമുള്ളത് നിന്റെ സാന്നിധ്യത്തിനു സമം. പണ്ടേ അങ്ങനെയായിരുന്നു. എന്റെ അവസാനം വരെ അത് അങ്ങനെ തന്നെയായിരിക്കും. നീ എന്നും എന്റരുകിലാണ്, ഇവളിലൂടെ നിന്റെ പ്രിയപ്പെട്ട വധുവിലൂടെ. നീ ഒന്നോർക്കണം, ഈ ജബ്ര ഝോപടിയിൽ ഇവൾ ഉണ്ടാകും. നീ ആത്മീയതയിലൂടെ പുതുജന്മം നൽകിയ സന്താനങ്ങൾ സുബോധ മലാകർ എന്ന അമ്മയിൽ എത്തുവോളം, ഇവളിലെ മാതൃത്വത്തെ അവർ ഏറ്റെടുക്കുവോളം. ഞാൻ നിനക്കായി കാത്തിരുന്നതുപോലെ ഒരായിരം മക്കളുടെ മാതൃത്വഭാഗ്യം ഞാൻ ഇവളിൽ കാണുന്നു. അതിനായി ഈ ജബ്ര ഝോപടിയിൽ ഇവൾ കാത്തിരിക്കും." ബീബിമാതാ ദൃഢസ്വരത്തിൽ വികാരാധീനയാകാതെ പറഞ്ഞുനിർത്തി. പ്രകൃതിമാതാവിന്റെ ലാളിത്യത്തിൽ മാതൃത്വത്തിന് പുതിയ അർത്ഥതലം നൽകാൻ സുബോധ മലാകർ എന്നോടു ചേർന്നിരുന്നു.

# പതിനാറ്

**അ**രുണോദയത്തിന്റെ വശ്യസൗന്ദര്യത്തിൽ ജ്വലിച്ചുനിൽക്കുന്ന വാരണാസി. പ്രകൃതിയുടെ സ്വകാര്യ അഹങ്കാരമായി ശോഭിക്കുന്ന വാരണാസി. ഭാരതീയ പൈതൃകത്തിന്റെ ഉറവിടമായ വാരണാസി. അമീൻ എന്ന ഞാൻ ഇവിടെ പുനർജനിച്ചിരിക്കുന്നു. നിഗൂഢതയുടെ പൊരുൾ തേടിയുള്ള യാത്രയിൽ ഞാൻ എത്തപ്പെട്ടത് ഈ ദേവനഗരി യായ വാരണാസിയിലാണ്. ആരും അവിടേക്ക് യാത്രതിരിക്കാൻ എന്നോട് ഉപദേശിച്ചില്ല. മനസ്സിന്റെ നിർദ്ദേശങ്ങൾ ഗുരുവാക്യമായി സ്വീകരിച്ച നാൾ മുതൽ വാരണാസി എന്നിൽ നിറഞ്ഞിരുന്നു. വിലപ്പെട്ട എന്തോ അവിടെ എനിക്കായി കരുതിവെച്ചിരിക്കുന്നതായി അന്തഃരംഗം മന്ത്രിച്ചിരുന്നു. പൂർണതയുടെ ഒരു പ്രഭാതം അനുഭവിച്ചതുപോലെ. നിർണയിക്കപ്പെട്ട ലക്ഷ്യത്തിനായി പ്രകൃതിയുടെ യന്ത്രമായി മാറിയ ഒരുവൻ എപ്പോഴും ഒഴുകുന്നത് ശരിയായ ദിശയിലായിരിക്കും. പ്രകൃതിശക്തിയുടെ ഒഴുക്കി നൊത്ത് ഞാൻ വാരണാസിയിൽ എത്തപ്പെട്ടിരിക്കുന്നു. ഇത് നിശ്ചയിക്ക പ്പെട്ടത് തന്നെയാണ്. അല്ലെങ്കിൽ ഗാർഹസ്ഥ്യത്തിന്റെ സുഖലോലുപത യിൽ നിന്നും എന്നെ അടർത്തിമാറ്റില്ലായിരുന്നു. മറ്റൊന്നും എനിക്ക് ചെയ്യാൻ കഴിയാത്തവിധം പ്രകൃതിശക്തിയുടെ പ്രവാഹത്തിനൊപ്പം ഒഴുകുവാൻ മാത്രമാണ് എന്റെ നിയോഗം. ലക്ഷ്യം എന്തെന്നറിയില്ല. അതിനാൽ കണക്കുകൂട്ടലുകളോ മനോക്ഷോഭങ്ങളോ ഇല്ല. പ്രകൃതി ശക്തിയുടെ ഒഴുക്കിന്റെ ഭാഗമാകാൻ കഴിയുക, ഒരുവന്റെ കർമ്മം അതിൽ എത്തപ്പെടുന്നതുവരെ മാത്രം. എത്തിയാൽ അവൻ സ്വസ്ഥചിത്തനാകും. അവനിൽ നിയുക്തമായ നിയോഗങ്ങളിലൂടെ അവൻ കടന്നുപോകും. ബുദ്ധി വിധിക്കനുസരിച്ച് പ്രവർത്തിക്കും. അവനായി ഒന്നും ചെയ്യാൻ ഇല്ല. എല്ലാം അറിയുക മാത്രം.

ഗംഗയുടെ മടിത്തട്ടിൽ ഞാൻ അന്തിയുറങ്ങി. പുണ്യംതേടി എത്തുന്ന ഭക്തസഹസ്രങ്ങൾ. അതിൽ ഉറക്കെ കരയുന്നവരുണ്ട്, ആർത്തു ചിരിക്കുന്നവരുണ്ട്, നിശ്ശബ്ദതയിൽ ആനന്ദിക്കുന്നവരുണ്ട്. എന്തിനോ വേണ്ടി വരുന്നവർ, ഒന്നിനും വേണ്ടിയല്ലാതെ എത്തുന്നവർ. ജീവിത സായാഹ്നം തീർക്കാൻ വെമ്പൽ കൊള്ളുന്നവർ. അതിനെ ദീർഘിപ്പിക്കാൻ പാടുപെടുന്നവർ. പല മുഖങ്ങൾ, ലക്ഷ്യങ്ങൾ, ആചാരങ്ങൾ, ഭാഷകൾ,

ചിന്തകൾ. അനന്തമായ വ്യത്യസ്തതകളുടെ ഒരു സമ്മേളനം. പ്രകൃതിയിൽ പോലും ആത്മീയതയുടെ മാസ്മരിക സ്പന്ദനം. വാരണാസിയിൽ ഒരു പ്രഭാതംകൊണ്ട് മുജ്ജന്മബന്ധത്തിന്റെ കൂട്ടിച്ചേർക്കൽ അനുഭവപ്പെടുന്നതുപോലെ.

വാരണാസിയിൽ എത്തിപ്പെട്ട സ്ഥലം ഏതാണെന്ന് എനിക്കറിയില്ല. നിശ്ചയിക്കപ്പെട്ടത് സംഭവിക്കും. നാളിതുവരെ അങ്ങനെ തന്നെയായിരുന്നു. അതിന്റെ ജയപരാജയങ്ങളെക്കുറിച്ച് ഞാൻ ഇതുവരെ ചിന്തിച്ചിട്ടില്ല.

പുതിയ പരിചയപ്പെടലുകൾക്കായി ചുറ്റും നോക്കി. എന്തിനും ഒരു തുടക്കം വേണം. ഒരു കാവി വസ്ത്രധാരി സ്വയം പരിചയപ്പെടുത്തി എന്നോട് സംസാരിച്ചു. ജ്ഞാനിയാണെന്ന് സ്വയം വിളംബരം ചെയ്യുന്ന ആ കാവി വസ്ത്രധാരിയെ ഞാൻ നോക്കി. എന്തോ അയാളിൽനിന്നും അകന്നുമാറാൻ മനസ്സ് വെമ്പൽ കൊണ്ടു. സന്ന്യാസിയുടെ പ്രതീതി ജനിപ്പിക്കാനാവുന്ന പ്രതീകങ്ങളെല്ലാം അയാൾ ധരിച്ചിട്ടുണ്ടായിരുന്നു. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ ആത്മീയത എന്ന പ്രകാശത്തിന്റെ ഇരുട്ട് എന്ന വിപരീതതലമാണ് ഇവരെപോലുള്ളവർ. ആത്മീയശാന്തി തേടി വരുന്നവരുടെ ദൗർബല്യങ്ങളാണ് ഇവരുടെ ജീവിതചര്യ. അയാൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. മറുചോദ്യം ഉയർത്തി ഞാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചില്ല. ശിഷ്യസമ്പത്തിനായി തെരയുന്ന മാനസികാവസ്ഥ ഞാൻ അദ്ദേഹത്തിൽ ദർശിച്ചു. നാലാൾ കൂടെ വേണം അദ്ദേഹത്തെ ഉയർത്തിക്കാട്ടാൻ. എന്നാൽ മാത്രമേ ആത്മീയത ഒരു വ്യവസായമായി അദ്ദേഹത്തിന് വളർത്താൻ കഴിയൂ.

ചിന്തയുടെ ഏതോ ഘട്ടത്തിൽ ഒരു ചോദ്യം എന്നിലുദിച്ചു. "ഞാൻ വാരണാസിയിൽ എത്തി പരിചയപ്പെട്ട ആദ്യ വ്യക്തി. ഇദ്ദേഹം ഒരു തെറ്റാണെങ്കിൽ അതിൽനിന്ന് ഞാൻ ശരിയെ കണ്ടെത്തും. വാരണാസിയിലെ ഒരു അസ്തിത്വം ഇദ്ദേഹത്തിൽനിന്നും തുടങ്ങാം." ഞാൻ അദ്ദേഹത്തോടു സംസാരിച്ചു. "ഞാൻ വാരണാസിയിൽ എത്തിയത് എന്തിനെന്നറിയില്ല. ഇനി മറ്റൊരിടത്തേക്ക് പോകാനും ഉദ്ദേശിക്കുന്നില്ല. ഇപ്പോൾ ഇവിടെ. അതുമാത്രം ഞാൻ അറിയുന്നു." അദ്ദേഹത്തിന്റെ ചിരിയിൽ ഒരു ഇരയെ കിട്ടിയ സന്തോഷം. അദ്ദേഹത്തെ പിൻതുടരുമ്പോഴും തെറ്റിന്റെ പിന്നിലെ ശരിയിൽ എത്തിപ്പെടുമെന്ന് വിശ്വസിച്ചു. ഗംഗയിൽ നിന്നും ദൂരെ ചെറിയ ഒരു വീട്ടിൽ ഞങ്ങളെത്തി. ആത്മീയ അന്തരീക്ഷമില്ലാത്ത പരിസരം. കുറച്ചു കുട്ടികൾ ഓടിക്കളിക്കുന്നു. ചില കാഷായവേഷധാരികൾ ആ വീടിന്റെ ഉമ്മറപ്പടിയിൽ ഇരിക്കുന്നു. ചിലർ സമൃദ്ധമായ ഉച്ചയൂണിന്റെ ലാസ്യത്തിൽ ഉറങ്ങുന്നു. ഇവരും ആത്മീയതയുടെ മറ്റൊരപവാദം. ബോധിരമൻ പറഞ്ഞത് ഞാൻ ഓർത്തു.

"സാധനനിഷ്ഠയില്ലാത്തവർ ദാനം സ്വീകരിക്കാൻ പാടില്ല. അവർ സ്വയം ജീവിതവ്രതത്തിന് കളങ്കം ചാർത്തുകയാണ്. പൂർണസാധനയിൽ

മുഴുകിയിരിക്കുന്ന സന്ന്യാസിമാർക്ക് അവരുടെ നിഷ്ഠയ്ക്ക് ഭംഗം വരാതിരിക്കാൻ ഗൃഹസ്ഥൻ ദാനം നൽകാറുണ്ട്. അങ്ങനെ ചെയ്യുന്ന ഗൃഹസ്ഥർ യോഗിയുടെ ആത്മീയശക്തിയിൽ ഒരംശത്തിന് അവകാശി യായിത്തീരുന്നു." ഞാൻ ചിന്തിച്ചു. ഇപ്പോൾ ഞാനും ഇവരിൽനിന്നും വ്യത്യസ്തനല്ലല്ലോ? പല സ്ഥലങ്ങളിൽനിന്നും വന്നെത്തുന്ന ഭക്തർ. പുണ്യം പ്രതീക്ഷിക്കുന്നവർ. അന്നദാനം ഇവിടെ പതിവാണ്. ഒരു തൊഴിൽ കണ്ടെത്തി ഇവിടെ ജീവിക്കണം. വാരണാസിയുടെ ആത്മീയത അനുഭവിക്കണം. ചിന്തകൾ കാടുകയറി. കാരണം മറ്റൊന്നുമല്ല, ഒരു പുതിയ ലക്ഷ്യം എന്നിൽ ജനിച്ചിരിക്കുന്നു. അതിനായുള്ള വ്യഗ്രത കൂടി യിരിക്കുന്നു. ഒരു തൊഴിൽ കണ്ടെത്തണം. ചിന്തയുടെ പലതലങ്ങളിൽ ഞാൻ എന്നെ തുലനം ചെയ്തു. എനിക്കു കഴിയുന്ന തൊഴിൽ എന്ത്? ചോദ്യം ലക്ഷ്യം കാണാതെ അവശേഷിച്ചു, അത് എവിടെയോ പോയി മറഞ്ഞു. അപ്പോഴും കാവിവസ്ത്രധാരിയെ പിന്തുടരുകയായിരുന്നു.

കാവിവസ്ത്രധാരി എന്നെ ആ വീട്ടിലെ ഒരു ചെറിയ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. കാഷായ വേഷധാരിയായ സന്ന്യാസി എന്നു തോന്നിപ്പിക്കുന്ന ഒരാൾ കെട്ടിയൊരുക്കി അലങ്കരിച്ച, സിംഹാസന പ്രതീതി ജനിപ്പിക്കുന്ന കസേരയിൽ ഇരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് വിനീതനായി നിന്നു. തറയിൽ വിരിച്ചിട്ട പുൽപ്പായയിൽ ഇരി ക്കാൻ ആംഗ്യം കാണിച്ചു. അലങ്കാരത്തിന്റെ പ്രകടമായ ചേരുവകൾ ആ മുറിയുടെ അഭംഗിയായി തോന്നി. എവിടെന്നു വരുന്നു എന്നദ്ദേഹം ചോദിച്ചപ്പോൾ ഞാൻ ഉത്തരത്തിനായി ഒന്നു പരതി. ഗരിയ ഗ്രാമ മാണോ അതോ എന്നെ വളർത്തിയ കൊച്ചു ഗ്രാമത്തെയാണോ പറയേ ണ്ടത്? എന്നാൽ എന്റെ ഉത്തരത്തിനായി അദ്ദേഹം കാത്തുനിന്നില്ല. അദ്ദേഹം സ്വയം പറഞ്ഞു, "ഞാൻ നിന്നെക്കുറിച്ച് എല്ലാം അറിയുന്നു." ഞാൻ സ്തബ്ധനായി! ത്രികാലജ്ഞാനിയാണോ എന്റെ മുന്നിൽ ഇരി ക്കുന്നത്? ഭക്തിയും എളിമയും എന്നിൽ പെട്ടെന്ന് ഉണർന്നു. അദ്ദേഹം തുടർന്നു: "ഞാൻ നിർവ്വികല്പ സമാധിയിലാണ്." ഞാൻ സംശയ ത്തോടെ അദ്ദേഹത്തെ നോക്കി. നിർവ്വികല്പസമാധി, ബോധിരമൻ അങ്ങ നെയൊരവസ്ഥയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. "പ്രഥമദൃഷ്ടിയിൽ അയാൾ ഈ പ്രപഞ്ചത്തിൽ ഇരിക്കുന്നതുപോലെ തോന്നിയേക്കാം. എന്നാൽ യഥാർത്ഥത്തിൽ അയാൾക്ക് ലോകബന്ധമില്ല. ഈ ശരീരത്തിൽ വർത്തി ക്കുമ്പോൾ തന്നെ ലൗകികമുക്തനായിരിക്കും. ദേവതോപാധികളെയും ഗുണങ്ങളെയും പരിത്യജിച്ച് ഒന്നിലും ഭേദം കാണാതെ നിത്യശാന്തി നേടിയവൻ."

നിർവികല്പസമാധി പ്രാപിച്ച വ്യക്തി ഈ ലോകത്തിൽ മൂകസാക്ഷി യാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. പ്രസ്തുത വ്യക്തിപോലും അറിയുന്നില്ല തന്റെ ലോകത്തിലെ ഇപ്പോഴുള്ള അസ്തിത്വത്തെക്കുറിച്ച്. ഇതാ ഇപ്പോൾ ഇദ്ദേഹം അവകാശപ്പെടുകയാണ് അയാൾ നിർവ്വികല്പസമാധിയി ലാണെന്ന്. ഞാൻ അറിയുന്ന ലക്ഷണങ്ങളിൽ അയാളെ യോജിപ്പിച്ചു.

ഇദ്ദേഹത്തെ അംഗീകരിക്കാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല. അദ്ദേഹം തുടർച്ചയായി സംസാരിച്ചുകൊണ്ടേയിരുന്നു. താൻ നേടിയ സിദ്ധികളെ കുറിച്ച്, തന്റെ ത്രികാലജ്ഞാന കഴിവിനെകുറിച്ച്. നിശ്ശബ്ദനായി ഞാൻ എല്ലാം കേട്ടിരുന്നു. "ഇത് നീ ലോകത്തോടു പറയണം. വാരണാസി ആത്മീയത തേടി വരുന്നവരുടെ പറുദീസയാകുന്നു. നീ എനിക്കുവേണ്ടി സംസാരിക്കണം. എന്റെ സംഭാവനകൾ ലോകത്തിനായി ഇനിയും ബാക്കിനിൽക്കുന്നു. അതിനായി ധനം വേണം, ആൾക്കൂട്ടം വേണം, നീ എനിക്കായി പ്രവർത്തിക്കൂ. എന്റെ പാരമ്പര്യത്തിന്റെ തുല്യ അവകാശം നിനക്കും നൽകാം." അദ്ദേഹം പറഞ്ഞുനിർത്തി. ആത്മീയതയുടെ പറുദീസയിൽ ആത്മീയ വ്യവസായത്തിന്റെ വ്യത്യസ്തമായ ഒരു മുഖം. കച്ചവടം ഉറപ്പിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു ആത്മീയ വ്യാപാരിയുടെ തീക്ഷ്ണത ആ കണ്ണുകളിൽ കണ്ടു. ഇതുപോലുള്ള പൊയ്മുഖങ്ങൾ ഇനിയുമുണ്ടാകാം. നേർമുഖം തിരിച്ചറിയാൻ എനിക്ക് കഴിയുമോ എന്നു ഞാൻ ശങ്കിച്ചു. പ്രായത്തെ ബഹുമാനിച്ച് ആ പാദങ്ങളിൽ ഞാൻ വണങ്ങി. "പൂജയ്ക്ക് കൂടണം" എന്ന അദ്ദേഹത്തിന്റെ ആജ്ഞ അതിഥിയുടെ മര്യാദയായി ഞാൻ സ്വീകരിച്ചു.

വാതിലുകൾ അടയ്ക്കപ്പെട്ട ഒരു മുറിക്കു മുന്നിൽ എന്നെ ഒരാൾ കൊണ്ടുനിർത്തി. വിരലിലെണ്ണാവുന്ന ഭക്തർ മാത്രം. അവരോടൊപ്പം കൂടിനിന്നപ്പോൾ തെറ്റു ചെയ്യുന്നു എന്ന ബോധം മനസ്സിൽ നുരഞ്ഞു. ഞാൻ അന്വേഷിക്കുന്നിടം ഇവിടമല്ല എന്നു തീർച്ചപ്പെടുത്താൻ കഴിഞ്ഞു പോയ ഏതാനും മണിക്കൂറുകൾ മതി. അതുവരെ അടഞ്ഞു കിടന്ന മുറി തുറക്കപ്പെട്ടു. ഒരു ദേവതാബിംബം അല്ലെങ്കിൽ ശൂന്യത സങ്കല്പം പ്രതീക്ഷിച്ചിരുന്ന ഞാൻ കണ്ടത് തൊട്ടുമുമ്പ് എന്നോടു സംസാരിച്ച വൃദ്ധനായ കാഷായവേഷധാരി ഒരു പീഠത്തിൽ ഇരിക്കുന്നതാണ്. ഒരു പെൺകുട്ടി അദ്ദേഹത്തിന്റെ പാദത്തിൽ പുഷ്പം അർപ്പിക്കുന്നു. ആരതി ഉഴിയുന്നു. മന്ത്രങ്ങളാൽ സ്തുതിക്കുന്നു. അന്തരീക്ഷം മണിനാദ മുഖരിതമായി. ആ സ്വയം പ്രഖ്യാപിത മനുഷ്യദൈവത്തോട് എനിക്ക് അവജ്ഞയാണ് തോന്നിയത്. ആദർശങ്ങളിലൂടെ മഹത്‌വ്യക്തികളാകാം, ഈശ്വര ചൈതന്യം സ്വയം ഉണർത്താം, അതായി മാറാം. അങ്ങനെയുള്ളവർ പ്രശംസ ആഗ്രഹിക്കുന്നില്ല. സ്വന്തം അസ്തിത്വം പോലും അവർ അറിയുന്നില്ല. ഞാൻ ഒരു നിമിഷം സ്തബ്ധനായി. പതുക്കെ പടികൾ ഇറങ്ങി. എന്നന്നേക്കുമായി. തിരിച്ചു നടക്കുമ്പോൾ ഞാൻ ചിന്തിച്ചു. ഞാൻ എന്തിന് ഇവിടെ എത്തിപ്പെട്ടു? എന്റെ ഇതുവരെയുള്ള നിയോഗങ്ങളിൽ നിന്നും പരസ്പരബന്ധമില്ലാതെ എന്തുകൊണ്ട് ഇത് സംഭവിച്ചു? എന്റെ മനസ്സ് ശക്തിയാർജിച്ച് മന്ത്രിച്ചു. "അന്യമായി ഒന്നുമില്ല, എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു." ഒരുപക്ഷേ ആത്മീയതയുടെ വ്യാപാരം എനിക്കു കാട്ടിത്തന്നതായിരിക്കാം. സ്വീകാര്യനല്ലെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ ചികഞ്ഞു നോക്കി. അതിൽ എനിക്കായി എന്തെങ്കിലും ഒളിഞ്ഞിരിപ്പുണ്ടോ? "ഇത് നീ ലോകത്തോടു പറയണം, വാരണാസി

ആത്മീയത തേടി വരുന്നവരുടെ പറുദീസയാണ്. നീ എനിക്കുവേണ്ടി സംസാരിക്കണം.” അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഞാൻ പലപ്രാവശ്യം ചൂഴ്ന്നുനോക്കി. ഞാൻ തേടിയ തൊഴിൽമേഖല കണ്ടെത്തിയിരിക്കുന്നു. വാരണാസിയിലെ വഴികാട്ടിയാണ് ഞാൻ. വാരണാസിയിൽ ആത്മീയത തേടിവരുന്നവർക്കായി വാരണാസിയിലെ ക്ഷേത്രനഗരങ്ങളെക്കുറിച്ച് സത്യമറിഞ്ഞ മഹത്തുക്കളെക്കുറിച്ച് തീർത്ഥാടകരോട് ഞാൻ സംസാരിക്കും. അതിനു ലഭിക്കുന്ന പ്രതിഫലം മതി വാരണാസിയിൽ എനിക്ക് നിലനിൽക്കാൻ. ഇന്നു മുതൽ വാരണാസിയിലെ തീർത്ഥാടകർക്ക് ഞാൻ വഴികാട്ടിയാണ്. പക്ഷേ വാരണാസിയെകുറിച്ച് എനിക്ക് ആദ്യം അറിയണം. അനുഭവിക്കണം. എന്നാൽ മാത്രമേ തെരഞ്ഞെടുത്ത തൊഴിലിൽ ആത്മാർത്ഥത പുലർത്താൻ കഴിയൂ. ഇനിയുള്ള ദിവസങ്ങൾ അതിനുള്ളതാണ്. പുതിയ തൊഴിലിന്റെ പഠനകാലം ഇന്നു മുതൽ ആരംഭിച്ചു, വാരണാസിയിലെ വഴികാട്ടിയാകാൻ...

## പതിനേഴ്

**പ**രാജയം കർമ്മനിരതനുള്ളതാണ്. അതാണ് വിജയത്തിന്റെ ലക്ഷണം. പരാജയത്തിന്റെ മുൾപാതയിലൂടെയാണ് വിജയങ്ങൾ യാഥാർത്ഥ്യമാകുന്നത്. ക്ലേശമില്ലാത്ത ജയം നൈമിഷികമായിരിക്കും. വാരണാസിയിലെ വഴികാട്ടിയാകാനുള്ള പഠനപാതയിൽ മനസ്സ് പലപ്പോഴും വിതുമ്പി. പുതിയ സാഹചര്യങ്ങൾ, ഭൂപ്രദേശം, ആചാരം, കപടമുഖങ്ങളെ വകഞ്ഞു മാറ്റി സത്യം കണ്ടെത്താനുള്ള തീവ്രശ്രമം. വാരണാസിയിലെ ഓരോ പുണ്യസ്ഥലത്തും ഞാൻ അലഞ്ഞു. പൊയ്മുഖങ്ങളെ തിരിച്ചറിയാനുള്ള വ്യഗ്രതയുണ്ടായി. പവിത്രസംഭരണിയായ ഗംഗയുടെ തീരങ്ങൾ അലച്ചിലിൽ ആശ്വാസമേകി. അസിഘട്ട്, കേദാർഘട്ട്, ഹരിചന്ദ്രഘട്ട്, ലളിതാഘട്ട്, മണികർണിക ഘട്ട് എന്നിവ ഏറെ ആകർഷിച്ചു. ഗംഗയുടെ കൽപടവുകളിൽ ഞാൻ ആത്മീയതയുടെ പ്രകൃതിപാഠങ്ങൾ പഠിച്ചു. എന്നെ ഏറ്റവും ആകർഷിച്ചത് 'മണികർണിക' ഘട്ടായിരുന്നു. ജീവിത മോഹം നശിച്ചവർ മാത്രമേ അവിടെ എത്താറുള്ളൂ. മറ്റൊരുതരത്തിൽ പറഞ്ഞാൽ മരണത്തെ സ്വീകരിക്കാൻ തയ്യാറായി എത്തുന്നവർ മാത്രം വിശ്രമിക്കുന്ന സ്ഥലം. അവിടത്തെ നിശ്ശബ്ദത എന്നെ ആകർഷിച്ചു. ഗംഗയുടെ ഹൃദയത്തിലേക്ക് തിരിച്ചുവരാതെ നടന്നകലുന്നവരെ പലപ്പോഴും ഞാൻ കണ്ടു. മരണത്തിനു മുമ്പുള്ള ഭീതി അവരിൽ ദർശിച്ചില്ല. സ്വതസിദ്ധമായ പ്രസന്നതയോടെ ഗംഗയിൽ ലയിച്ചുചേരാൻ വെമ്പൽ കൊള്ളുന്ന മുഖങ്ങൾ അവരിൽ ഞാൻ കണ്ടു. എത്ര പരിചയസമ്പന്നനെയും ചുറ്റിക്കുന്ന ഊടുവഴികൾ. കാശിനാഥനു ചുറ്റും സർവരെയും ചുറ്റിക്കുന്ന ഊടുവഴികൾ എന്നിൽ അദ്ഭുതം ജനിപ്പിച്ചു. ഗംഗയിലെ ആരതിയിൽ ലൗകികസുഖത്തിന്റെ പുതിയ നേട്ടങ്ങൾക്കായുള്ള പ്രാർത്ഥനയും മണികർണികഘട്ടിലെ ആത്മീയപര്യവസാനത്തിന്റെ നിശ്ശബ്ദതയും ഞാൻ കണ്ടു. ഈ വൈരുധ്യം എന്നെ സ്പർശിച്ചു.

മണികർണികഘട്ടിലെ കൽപടവുകളിൽ പല രാത്രികളിലും ഞാൻ അന്തിയുറങ്ങി. ആത്മീയതയുടെ പൊയ്മുഖമില്ലാത്ത യോഗിവര്യന്മാരെ ഞാനവിടെ കണ്ടെത്തി. അറിവിന്റെ അഗാധതയിലേക്ക് എന്നെ അവർ നയിച്ചു. എന്റെ അറിവില്ലായ്മ അവർ കൂടുതൽ ബോധ്യപ്പെടുത്തി. കൽപ്പടവുകളിൽ ധ്യാനനിരതരായ യോഗിവര്യന്മാരുടെ ആത്മീയ

പ്രകാശം ഞാനറിഞ്ഞു. അവർ ആത്മീയതലത്തിൽ എന്നെ ചിന്തിപ്പിച്ചു. മരണം മറന്ന ഭാരതീയ ജനുസ്സുകൾ, ഗംഗയിലേക്ക് നടന്നടുത്തവരെ അവർ തടഞ്ഞില്ല. ഗംഗ അവരെ സ്വീകരിക്കുമ്പോഴും രക്ഷിക്കണമെന്ന് അവർ ആഗ്രഹിച്ചില്ല. അത് ആത്മീയതയുടെ ക്രൂരതയാണോ പുണ്യ മാണോ എന്ന് വേർതിരിച്ചറിയാൻ എനിക്കു കഴിഞ്ഞില്ല. അവരെ തടയാൻ എന്റെ മനസ്സ് വെമ്പൽ കൊണ്ടു. പക്ഷേ നിശ്ശബ്ദത അവ ലംബിക്കാനേ എനിക്കു കഴിഞ്ഞുള്ളൂ.

വാരണാസി എനിക്ക് സുപരിചിതമാകാൻ തുടങ്ങിയിരിക്കുന്നു. സംസ്കാരങ്ങളും വ്യത്യസ്തതകളും ഓരോ ക്ഷേത്രത്തിന്റെയും നിയമ ങ്ങളും ചരിത്രവും മാഹാത്മ്യങ്ങളും ഞാൻ മനസ്സിലാക്കി. ഉഗ്രതാണ്ഡവ മാടിയ സൂര്യപ്രഭയിൽ ഞാൻ കീഴടങ്ങിയില്ല. കാൽനടയായി പലവട്ടം ചുറ്റിക്കറങ്ങി കഴിവതും മനസ്സിലാക്കി. ലളിതാഘട്ടിൽ അന്തിയുറങ്ങാൻ ശ്രമിച്ചു. യാത്രയുടെ ദൂരത്തിൽ തിരിച്ചെത്താൻ കഴിഞ്ഞില്ലെങ്കിൽ ആ മഹാനഗരത്തിന്റെ ഏതെങ്കിലും കോണിൽ രാത്രി കഴിച്ചുകൂട്ടി. തീർത്ഥാട കരിലും ക്ഷേത്രങ്ങളിലും ഞാൻ ആത്മീയതയിലെ ആഡംബരവും ലാളിത്യവും അടുത്തറിഞ്ഞു. എനിക്ക് എന്നെ അല്ലാതെ മറ്റൊന്നും നേടാൻ കഴിയില്ല എന്ന് മനസ്സിലാക്കി. മഴയുള്ള രാത്രികളിൽ ലളിതാ ഘട്ടിന് സൗന്ദര്യം നുകർന്ന് ഗംഗയുടെ നേർമുകളിൽ നിലകൊള്ളുന്ന കത്‌വാല പശുപതി ക്ഷേത്രത്തിൽ ശരണം പ്രാപിച്ചു.

വാരണാസിയിലെ വഴികാട്ടിയാകാൻ ഞാൻ യോഗ്യനായി എന്ന് മനസ്സ് പറഞ്ഞു. പുതിയ തൊഴിലിൽ കരുത്തു കാട്ടാൻ മനസ്സ് വെമ്പി. ലൗകികത യുടെ ശീതളിമയുള്ള ഗരിയ ഗ്രാമത്തെ ഇപ്പോഴും ആസ്വദിക്കേണ്ട ധനാഢ്യനായ ഞാൻ ഇപ്പോൾ ഇവിടെ, ഇങ്ങനെ എന്തിന്, ഈ ചോദ്യം എന്നിൽ ജനിക്കാതിരുന്നില്ല. പക്ഷേ ഗരിയ ഗ്രാമത്തിൽ തുടർന്നാൽ ഞാൻ എന്നെന്നേക്കുമായി ഇല്ലാതാകുമെന്ന് ബീബിമാതായും സുബോധാ മലാകറും വിധിയെഴുതി. മറിച്ചു ചിന്തിക്കാൻ ആന്തരികബോധം എന്നെ അനുവദിച്ചില്ല. അതുകൊണ്ട് ഇപ്പോൾ ഇവിടെ ഇങ്ങനെ!

നിയോഗംപോലെ ഒരു തീർത്ഥാടന സംഘം എന്നെ സമീപിച്ചു. വാരണാസിയിലെ ആത്മീയതയുടെ ഹൃദയത്തിലേക്ക് അവരെ ഞാൻ പിച്ചവെച്ചു നടത്തി. പ്രതിഫലം എത്രയെന്ന് ചോദിച്ചപ്പോൾ "നിങ്ങൾക്ക് സന്തോഷം നൽകുന്ന എന്തായാലും" എന്ന് പറയാനേ തോന്നിയുള്ളൂ. തീർത്ഥാടകരോടൊപ്പം ഒരു പുതിയ ലോകം ഞാൻ നെയ്തെടുത്തു. ഭാരതത്തിലുടനീളം പടർന്നു പന്തലിച്ച വ്യത്യസ്തമായ സംസ്കാരം, ഭാഷ എന്നിവയിലൂടെ യാത്രചെയ്യാൻ എനിക്കു കഴിഞ്ഞു. വിരലിലെണ്ണാ വുന്നവരെ മാത്രമേ ആത്മീയതയുടെ പൊരുൾ തേടി എത്തിയവരായി ഞാൻ കണ്ടെത്തിയുള്ളൂ. ബഹുഭൂരിപക്ഷവും സഞ്ചാരത്തിന്റെ ആഹ്ലാദം നുകരാൻ എത്തിയവർ. വഴിയാത്രയ്ക്കിടയിൽ ആരാധനാലയത്തിൽ എത്തിനോക്കിയവർ. ഭക്തിയുടെ പ്രകടനങ്ങളെയും അതിൽ ആനന്ദി

ക്കുന്നവരെയും കണ്ടു. വിശന്നു വലയുന്നവനെപ്പോലെ ഈശ്വരപ്രേമ ത്തിനായി കേഴുന്നവരെയും അടുത്തറിഞ്ഞു. പല മതസ്ഥരാണെങ്കിലും ഈശ്വരപ്രേമം എന്ന ഒരു ചിന്തയിൽ അവരെയെല്ലാം ഒന്നായി കാണാനേ സാധിച്ചുള്ളൂ. അത്തരക്കാരുടെ സഹവർത്തിത്വം എനിക്ക് മനോബലം നൽകി. അവരോട് ആദരവ് തോന്നി. ഏകമായ ഈശ്വരനെ വ്യത്യസ്ത നാമത്തിൽ അഭിസംബോധന ചെയ്യുന്നത് കേട്ടു. വ്യത്യസ്തനാമ മാണെങ്കിലും ഭക്തിയുടെ വികാരം അവരിലെല്ലാം ഒന്നായിരുന്നു.

ഒരു വൃദ്ധതീർത്ഥാടകനോട് ഒരിക്കൽ ഞാൻ ചോദിച്ചു. "സർവവ്യാപി യായ ഈശ്വരനെ തേടി താങ്കൾ എന്തിന് ഇവിടെ വന്നു?" എന്റെ അപ്രതീക്ഷിതമായ ചോദ്യത്തിൽ അദ്ദേഹം അല്പമൊന്നു അമ്പരന്നു. കൂട്ടത്തിൽ പണ്ഡിതൻ എന്ന് മുദ്രകുത്തപ്പെട്ടതിനാൽ എന്റെ ചോദ്യ ത്തിൽനിന്നും അദ്ദേഹത്തിന് ഒഴിഞ്ഞു മാറാൻ കഴിഞ്ഞില്ല. മറുപടിക്കായി എല്ലാവരും ആഗ്രഹിച്ചു. അദ്ദേഹം എന്നോടായി പറഞ്ഞു. "ഇത് എന്റെ ദേഹം സഞ്ചരിക്കുന്ന വഴികൾ. ലക്ഷ്യത്തോളം ഇങ്ങനെ സഞ്ചരിച്ചു കൊണ്ടേയിരിക്കും. അതിനായി ഇനിയും പല ദേഹങ്ങൾ സ്വീകരി ച്ചെന്നുവരാം. എന്റെ കണ്ടെത്തലുകൾ ബാഹ്യമല്ല, ആന്തരികമാണ്. എനിക്കുള്ളിൽ, താങ്കളുടെ ഉള്ളിൽ, സർവചരാചരങ്ങളിലെയും ഏകമായ ചൈതന്യത്തെ ഞാൻ തിരയുന്നു. എന്നിൽനിന്നും വ്യത്യസ്തമായ ചൈതന്യത്തെ ഞാൻ ആരോപിച്ചു. ദ്വൈതഭാവം എന്നിൽ നില നിൽക്കുന്നു എന്നർത്ഥം. ശബ്ദ, സ്പർശ, രൂപ, രസ, ഗന്ധം ഗുണാതീത മായ ഒന്നിന്റെ കണ്ടെത്തലിന്റെ നിയോഗത്തിലാണ് ഞാൻ. ആ കണ്ടെ ത്തൽ ഒരു അനുഭവം മാത്രമാണെന്നെനിക്കറിയാം. ആ അനുഭവം സാധ്യ മായാൽ അതിനെ പ്രകടിപ്പിക്കാൻ പരിമിതമായ എന്റെ ഭാഷയ്ക്ക് കഴി യില്ല. ഈ ദേഹം ഞാൻ അറിയുന്നു. അത് എന്റെ 'ബോധം' എന്ന അവസ്ഥയുടെ പ്രതീകമാണ്. ബോധരഹിതമായ എന്നിൽ ഞാനില്ല, സുഖമില്ല, ദുഃഖമില്ല. ഈ പ്രപഞ്ചംപോലുമില്ല. ഏകബോധാവസ്ഥയിൽ എല്ലാ പ്രവർത്തികളും എന്നോട് തന്നെയായിരിക്കും. ഈശ്വരപ്രതീക ങ്ങൾ പോലും. ദേഹബോധം എന്നിലുണ്ട്. അതിനാൽ ഞാൻ നിന്നോട് സംസാരിക്കുന്നു. ഏകബോധം അഥവാ അദ്വൈതത്തിൽ എത്താൻ എനിക്കു കഴിയുന്നില്ല. ഒരുപക്ഷേ, അതിൽ ഞാൻ എത്തുമ്പോൾ ഈ ദേഹവും നാമവും അസ്തമിക്കുമായിരിക്കും. അതറിഞ്ഞവർ അനുഭവം വിളംബരം ചെയ്യാതെ കടന്നുപോയി.

എനിക്കറിയില്ല എന്നു മാത്രമാണ് താങ്കളുടെ ചോദ്യത്തിന് ഉത്തരം." അതേ, വൃദ്ധതീർത്ഥാടകൻ പറഞ്ഞതു ശരിയാണ്. എന്റെ ചോദ്യത്തിന് ഉത്തരമുണ്ട്. 'എനിക്കറിയില്ല' എന്നു മാത്രമാണ് അതിന്റെ ബോധതല ത്തിലെ എക്കാലത്തെയും ഉത്തരം. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഈ തീർത്ഥാടകസംഘത്തിലെ ഓരോരുത്തരെയും കുറിച്ചുള്ള തിരിച്ചറിവും ബോധത്തിന്റെ കണ്ടെത്തലുകളാണ്. ഭേദചിന്ത ഒഴിഞ്ഞവർ നിശ്ശബ്ദ രാകും. തന്നിൽനിന്നും അന്യമായതിനോടല്ലേ സംവാദവും സംവേദവും.

എനിക്ക് ആ വൃദ്ധതീർത്ഥാടകനോട് ആദരവ് തോന്നി. തന്റെ അറിവിനെ പ്രകടിപ്പിക്കാനല്ല അറിവില്ലായ്മയെ സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അറിവിൽനിന്നും അറിവില്ലായ്മയിലേക്കുള്ള യാത്ര യാണ് ആത്മീയത അനുഭവത്തിലൂടെ യുക്തിരഹിത അവസ്ഥയിൽ എത്തിപ്പെടും. "ബോധത്താൽ കല്പനചെയ്ത ഈ ജഗത്തിൽ നിന്നു കൊണ്ടല്ലേ ഞാൻ നിന്നോടു സംസാരിക്കുന്നത്' എന്നദ്ദേഹം പറയു മ്പോൾ ജ്ഞാനത്തിന്റെ പർവതാകാരം കടുകുമണിയിലൊതുക്കി എന്നെ ഏല്പിച്ചതുപോലെ തോന്നി. ഞാൻ പിന്തുടരാൻ ആഗ്രഹിച്ച ആ മനുഷ്യൻ അന്നു വൈകുന്നേരം യാത്രപറഞ്ഞ് പിരിയുമ്പോൾ മുള പൊട്ടാൻ പാകമായ ഒരു ബീജത്തെ അദ്ദേഹം വാരണാസിയിൽ ഉപേ ക്ഷിക്കുകയായിരുന്നു. ചിലർ ഇങ്ങനെയാണ്, നിമിഷനേരംകൊണ്ട് അപരനെ ഊർജ്ജസ്വലനാക്കും. ചിലർ വർഷങ്ങളോളം സഹവസിച്ചാലും നമ്മിൽ ഒരു മാറ്റവും വരുത്തില്ല.

ഞാൻ മനസ്സിലാക്കിയിട്ടുണ്ട് ശക്തിചൈതന്യം സ്വായത്തമാക്കിയ മഹത്തുക്കളെക്കുറിച്ച്. അവർ പ്രകൃതിശക്തിയിൽ സ്പന്ദനലയം പ്രാപിച്ച് കരുത്തരായവർ. അവരുടെ സാമീപ്യം മതി ഒരാൾ ജ്ഞാനപൂർണ നാകാൻ. പ്രവാചകൻ മുഹമ്മദ് നബിയും യേശുക്രിസ്തുവും ബുദ്ധനും കൃഷ്ണനും ഗുരുനാനാക്കും ശങ്കരാചാര്യരും സാഹചര്യങ്ങളെ സ്വയം ചിട്ടപ്പെടുത്തിയവർ, നടന്നകന്ന വഴികളിൽ കരുത്ത് കാണിച്ചവർ, ഒരു മിന്നൽപ്രഭയിൽ ലോകത്തിന് വെളിച്ചം നൽകിയവർ, സൂക്ഷ്മചലന ങ്ങളെ അവയുടെ മൂലസ്ഥാനത്ത് തൊട്ടറിഞ്ഞവർ, ദൈവികതയുടെ കളിപ്പാവയാകാതെ പ്രപഞ്ചശക്തിയെ തന്റേതായി കൂട്ടുചേർത്തവർ. പ്രകൃതിയുടെ സാധാരണഗതിയിൽ വന്നുചേരുന്ന പുരോഗതിയേ വേണ്ടൂ എന്നു തീർപ്പുകല്പിക്കാതെ മുന്നോട്ടു നടന്നവർ. ഇപ്പോഴും ഉണ്ടാകാം ശക്തിസ്പന്ദനമായി മാത്രം നിലകൊള്ളുന്ന മഹാപ്രതിഭകൾ.

അന്നു ഞാൻ അന്തിയുറങ്ങിയത് കത്വാല പശുപതി ക്ഷേത്രത്തിലാ യിരുന്നു. തികഞ്ഞ ശാന്തത അനുഭവപ്പെട്ട ക്ഷേത്രം. നേപ്പാൾ വാസ്തു ശില്പം ഭാരതത്തിന് നൽകിയ സംഭാവനയാണ് കത്വാല പശുപതി ക്ഷേത്രം. ആ ക്ഷേത്രത്തിന്റെ പടവുകൾ അവസാനിക്കുന്നത് ഗംഗയുടെ മടിത്തട്ടിൽ. ആ മടിത്തട്ടിൽ ചിന്താമഗ്നനായി ഇരുന്നു. പുതിയ ചോദ്യ ങ്ങളും അവയുടെ ഉത്തരങ്ങളും എന്നിൽ ഉയർന്നുവന്നു. മഹത്തുക്കളായ ആചാര്യന്മാരെ സ്മരിച്ചു. ഉറക്കത്തിന്റെ നിഗൂഢതയിൽ ചോദ്യവും ഞാനും പ്രപഞ്ചവും ഇല്ലാതായി. നാളത്തെ ഉണർവിനായി ബോധം എപ്പോഴോ അസ്തമിച്ചു.

## പതിനെട്ട്

**അ**ന്വേഷിച്ചറിയാനുള്ള വസ്തുവിനെ തന്നിൽ ആരോപിച്ചാൽ അത് ലഭ്യമായി എന്നുറപ്പിക്കാം. വൃദ്ധതീർത്ഥാടകൻ അന്വേഷിക്കാൻ ഒരു ചോദ്യം നൽകിയിട്ട് യാത്രയായി, അത് എന്നിലുള്ളതാണ്. അതിനുള്ള ഉത്തരം, ഞാൻ അനുഭവിച്ച് കണ്ടെത്തേണ്ടതാണെന്നും മനസ്സിലാക്കുന്നു. സഞ്ചാരികളായ തീർത്ഥാടകരിൽ ആത്മീയജ്ഞാനികളെ ഞാൻ തിരയാൻ തുടങ്ങി. വാരണാസിയിലെ വഴികാട്ടിയെന്നത് എന്റെ നിയോഗത്തിന്റെ കണ്ടെത്തലുകൾക്കായുള്ള വാതായനമായി ഞാൻ കണ്ടു. ദീർഘദൂര യാത്രയിൽ തളർന്ന് ഉറങ്ങുമ്പോഴും എന്റെ മനസ്സ് പ്രവർത്തന നിരതമാണെന്ന് അറിയാൻ കഴിഞ്ഞു. സങ്കല്പിക്കാൻ ഒരു പുഷ്പമുണ്ടെങ്കിലേ യാഥാർത്ഥ്യത്തിൽ അത് പുഷ്പിക്കൂ. ചോദ്യങ്ങൾ എന്നിൽ ധൃതി പിടിക്കുന്നു. അത് സ്വപ്നങ്ങളായി മാറിയിരിക്കുന്നു. ഒരു വിജയി ഉറക്കത്തിലും ഉണർവിലും ലക്ഷ്യത്തിന്റെ കണ്ടെത്തലുകളിലൂടെ ആയിരിക്കും.

ശരീരം വിശ്രമത്തിലായാലും പ്രതിഭകളുടെ മനസ്സ് പ്രവർത്തിച്ചു കൊണ്ടേയിരിക്കും. ലക്ഷ്യത്തിലേക്കുള്ള ഭാവനയുടെ ലോകത്താണവർ. ഉറക്കത്തിന്റെ മൂർദ്ധന്യതയിലും മനസ്സ് നിഗൂഢതയുടെ ഏതോ തലങ്ങളിൽ വിഹരിക്കുന്നതായി എനിക്ക് ബോധ്യപ്പെട്ടു. വിജയി ബാഹ്യലോകത്തിലെ നിരീക്ഷകരല്ല. നിശ്ശബ്ദമനസ്സിലൂടെ കാര്യങ്ങൾ വിശകലനം ചെയ്യണം. ഒരിക്കൽ ആധാരമായ വിഷയത്തിൽ നിശ്ശബ്ദ മനസ്സ് പ്രവർത്തനക്ഷമമായാൽ ഉത്തരത്തോളം അഥവാ പൂർണതയോളം അത് പ്രവർത്തനനിരതമായിക്കൊണ്ടേയിരിക്കും. ഗരിയ ഗ്രാമത്തിൽ ബീബി മാതാ എന്നെക്കുറിച്ചു ചിന്തിച്ചു. ആ ചിന്തകൾ കേന്ദ്രീകൃത ഊർജ്ജ സ്പന്ദനങ്ങളായി. ആ സ്പന്ദനങ്ങൾ എന്നെ സ്വാധീനിച്ചു. വിദൂരതയുടെ അറിയപ്പെടാത്ത മറ്റൊരു ഭൂപ്രദേശത്തുനിന്ന് ആ ചിന്താകേന്ദ്രത്തിൽ ഞാൻ എത്തിപ്പെട്ടു. ആ ചിന്താതരംഗം പ്രതിരോധിക്കാൻ കഴിയാത്തതും കാരണങ്ങൾക്ക് ഹേതുവാകാൻ കഴിയുന്നതുമായ മഹാഊർജ്ജപ്രവാഹമാണെന്ന് ഞാൻ അന്നേ വിലയിരുത്തിയിരുന്നു. അത് ശരിവയ്ക്കുന്നതാണ് എന്റെ കഴിഞ്ഞുപോയ അനുഭവങ്ങൾ. സർവഥാ പ്രവർത്തനക്ഷമമായി നിഗൂഢതയിൽ വർത്തിച്ചുകൊണ്ട് കാരണങ്ങളിൽനിന്നും കാര്യങ്ങളിലേക്കുള്ള ശക്തിസ്പന്ദനങ്ങളുടെ കേളീരംഗമാണ് ഈ പ്രപഞ്ചമെന്ന് ഇന്ന് ഞാൻ കണ്ടെത്തി. ശക്തിസാധനയുടെ ഈ പ്രാഥമികതലം എന്നിൽ ആരും ഉണർത്തിയതല്ല. എന്നിൽ അറിവായി

രൂപം കൊള്ളുകയായിരുന്നു.

ചില തീർത്ഥാടകരുടെ സാന്നിധ്യം ശാന്തത പകർന്നു. ചിലരുടെ സാന്നിധ്യം വീർപ്പുമുട്ടലുണ്ടാക്കി. എന്നിലെയും അവരിലെയും ഊർജ്ജ സങ്കലനത്തിലെ സമാനതകളും വ്യതിയാനങ്ങളും എനിക്ക് തിരിച്ചറി യാൻ കഴിയുന്നുണ്ട്. ഞാൻ സൂക്ഷ്മതയെ നിരീക്ഷിക്കാൻ തുടങ്ങി. ഏകാഗ്രമായ ഒന്നിനെക്കുറിച്ചുള്ള സൂക്ഷ്മചിന്ത ആന്തരികബോധ ത്തിന്റെ ചലനാത്മകതയ്ക്ക് കാരണമാകുന്നു. അതിനു കീഴടക്കാൻ കഴി യാത്തതായി ഒന്നും ഈ പ്രപഞ്ചത്തിലില്ല. തന്നിലെ ഊർജ്ജത്തെ അഥവാ ശക്തിയെ ലക്ഷ്യത്തിലേക്ക് കേന്ദ്രീകരിക്കാൻ കഴിയുന്നതാണ് ശക്തിസാധന. എനിക്ക് എന്നിലെ ഊർജ്ജത്തെ ഗരിയ ഗ്രാമത്തിൽ കേന്ദ്രീകരിക്കാൻ കഴിയുന്നു - "ഗരിയ ഗ്രാമത്തിൽ ബീബിമാതായും സുബോധ മലാകറും ഇപ്പോഴും ജബ്ര ഝോപടിയിൽ തന്നെയാണ് താമസം. അത് എനിക്ക് അറിയാൻ കഴിയുന്നു, അനുഭവിക്കാൻ കഴി യുന്നു. വിദൂരതയിലാണെങ്കിലും അവരുടെ സാന്നിധ്യം ഞാൻ തിരിച്ചറി യുന്നു. അവർ സന്തോഷവതികളാണെന്നും ഞാൻ അറിയുന്നു."

തീർത്ഥാടകർക്കിടയിൽ പുതിയ വ്യക്തികളെയും ആശയങ്ങളെയും ഞാൻ തേടാൻ തുടങ്ങി. എന്നന്നേക്കും എന്റേതുമാത്രമായി ആരോ ഒരാൾ എനിക്കായി വരാനുണ്ടെന്നു മനസ്സ് ഓർമ്മപ്പെടുത്തിക്കൊണ്ടേ യിരുന്നു. യാത്രയ്ക്കിടയിൽ ഞാൻ കണ്ട പല മുഖങ്ങളും സങ്കല്പിച്ചു. പക്ഷേ, ഒന്നും പൊരുത്തപ്പെടുന്നില്ല. പഴയതുപോലെ തീർത്ഥാടന വർണനകൾക്കോ ആകർഷണപ്രസംഗങ്ങൾക്കോ എനിക്ക് കഴിയു ന്നില്ല. വാക്ചാതുര്യം നഷ്ടപ്പെട്ടതുപോലെ, ബാഹ്യേന്ദ്രിയങ്ങൾ തളയ്ക്ക പ്പെട്ടതുപോലെ. മാനസിക സംഘർഷമല്ല അനുഭവപ്പെട്ടത്, ശാന്തത യാണ്.

കേദാർഘട്ടിലൂടെ ചില തീർത്ഥാടകരുമായി കടന്നുപോകുമ്പോഴാണ് പരിഷ്കാര വസ്ത്രധാരിയായ ഒരു വ്യക്തിയെ കണ്ടത്. കാഴ്ചയിൽ തന്നെ ഉദ്യോഗത്തിൽ ഉന്നതപദവി വഹിക്കുന്ന ആളാണെന്നു തോന്നി. അദ്ദേഹത്തിന്റെ വേഷങ്ങളിലെ സൂക്ഷ്മതയും വാക്കിലെ സ്ഫുടതയും ഇംഗ്ലീഷ് ഭാഷയും അദ്ദേഹത്തിന്റെ പദവിയിലെ ഉന്നതിയും സംഭാഷണ ത്തിലെ സ്വീകാര്യതയും എടുത്തുകാണിക്കുന്നു. ഞാൻ അന്വേഷിക്കുന്ന മുഖം ഇതല്ല എന്നെനിക്കുറപ്പായിരിക്കുന്നു. എന്നാലും എന്നിൽ എന്തോ നിയോഗം ഇദ്ദേഹത്തിലൂടെ നിലനിൽക്കുന്നു എന്നെനിക്ക് മനസ്സിലായി. അല്ലെങ്കിൽ ഇത്രയും പ്രാധാന്യത്തോടെ ഇദ്ദേഹത്തെ ഞാൻ തിരിച്ചറി യില്ലായിരുന്നു. ഒരു സംഘം ആളുകൾ അദ്ദേഹത്തിനു ചുറ്റുമുണ്ട്. അദ്ദേഹത്തിന്റെ സംഭാഷണം കുറിച്ചെടുക്കാൻ ചിലർ ശ്രമിക്കുന്നു. എല്ലാ വരും ആദരവോടെ അദ്ദേഹത്തെ സമീപിക്കുന്നു, വണങ്ങുന്നു. പല ചോദ്യങ്ങളും കേൾവിക്കാരിൽനിന്നും ഉയരുന്നു. തൃപ്തികരമായി എല്ലാ വർക്കും മറുപടി നൽകാൻ അദ്ദേഹത്തിനു കഴിയുന്നു. ചിലരുടെ ചോദ്യ ങ്ങൾക്ക് ഇംഗ്ലീഷിൽ അദ്ദേഹം മറുപടി നൽകി. ഇംഗ്ലീഷ് ഭാഷയുടെ

പോരായ്മയെ ഞാൻ ശപിച്ച ആദ്യദിവസം. ഇംഗ്ലീഷ് ഭാഷയിലൂടെ ശാസ്ത്രസൂത്രവാക്യങ്ങളും കണ്ടെത്തലുകളും വിശദീകരിക്കുകയാണെന്ന് എനിക്കു മനസ്സിലായി. കൂടിനിൽക്കുന്നവരെല്ലാം ആധുനികർ തന്നെ. അദ്ദേഹം പറയുന്നത് കുറിച്ചെടുക്കാനുള്ള ശ്രോതാക്കളുടെ ജിജ്ഞാസ എന്നെ അദ്ദേഹത്തിലേക്ക് ആകർഷിക്കാൻ കാരണമായി. എന്റെ തീർത്ഥാടകസംഘത്തിൽപെട്ട പലരും അദ്ദേഹത്തെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ അടുത്തേക്കു പോകാൻ തിടുക്കം കാണിച്ചു. അദ്ദേഹം ആരാണെന്ന് അവരോടു ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ആധുനികശാസ്ത്രത്തിൽ എനിക്കുള്ള അറിവില്ലായ്മ മറച്ചുപിടിക്കാനാണ് എന്നിലെ മനസ്സ് നിർദ്ദേശിച്ചത്.

ശ്രോതാക്കളോടൊപ്പം ഞാനും കൂടി. ആത്മീയതയുടെ നിഗൂഢതകൾ ആധുനികശാസ്ത്രത്തിന്റെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുകയാണെന്ന് ഭാഗികമായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്റെ പരിമിതികളും അറിവില്ലായ്മയും ബോധ്യപ്പെട്ട ദിവസം. അനുചിതമാണോ എന്നൊന്നും നോക്കിയില്ല. ചോദ്യം അറിയാതെ പുറത്തുചാടി. “ആത്മീയതയെ ഊർജ്ജമായി ഞാൻ ഭാവന ചെയ്യുന്നു.”

ശബ്ദം കേട്ട ദിക്കിലേക്ക് അദ്ദേഹം മുഖംതിരിച്ചു. കുറച്ചുനേരം നിശ്ശബ്ദനായി എന്നെ നോക്കിയിരുന്നു. എന്റെ വേഷവിധാനത്തിൽ എനിക്കു ജാള്യത തോന്നി. ജീവിതത്തിൽ ആദ്യമായി ഒരു തെറ്റുപറഞ്ഞു എന്നെനിക്കു തോന്നി. കൂടിനിന്നവരുടെ കുറിപ്പെഴുത്ത് നിശ്ചലമായി. അദ്ദേഹത്തിന്റെ വാക്ധോരണിയിൽ തടസ്സം സൃഷ്ടിച്ചുകൊണ്ടുള്ള എന്റെ ശബ്ദം അവരെ കുപിതനാക്കിയെന്നു തോന്നുന്നു. നിശ്ശബ്ദനായി എന്നെ നോക്കിയിരുന്ന അദ്ദേഹം അരികിലേക്ക് വിളിച്ചു. ശിക്ഷ ഏറ്റുവാങ്ങാൻ പോകുന്ന ഒരു കൊച്ചുകുട്ടിയെപോലെ അടുത്തുചെന്നു. എന്റെ വലതുകൈ മുറുകെപിടിച്ച് അദ്ദേഹം എന്റെ അറിവിന്റെ തലത്തിലേക്ക് താഴ്ന്നിറങ്ങി പറഞ്ഞുതുടങ്ങി.

“വാരണാസിയിൽ ഞാൻ എത്തി. എനിക്ക് സമാനമായ ഊർജ്ജതരംഗമുള്ളവരാണ് ഈ തീർത്ഥാടകരിൽ ബഹുഭൂരിപക്ഷവും. ഒരേ ദിശയിൽ ഒരേ തരംഗദൈർഘ്യത്തിൽ അവർക്കൊപ്പം ഒഴുകാം, ഗംഗാജലപ്രവാഹത്തെ അനുഗമിക്കുന്ന ഒരു പുഷ്പംപോലെ, എതിർപ്രവാഹങ്ങളില്ല, സ്പന്ദനവൈരുധ്യമില്ല. അതുകൊണ്ടുതന്നെ പ്രതിരോധമില്ലാത്ത ഒഴുക്ക് ഞാൻ അനുഭവിക്കുന്നു. സർവചരാചരങ്ങളിലും ഊർജസ്പന്ദനങ്ങൾ മാത്രം. ഊർജത്താൽ ധ്രുവീകരിക്കപ്പെട്ട ഘടനാവൈഭവം ആകാരമായി ദൃശ്യമാകുന്നു. കല്ലിൽ കൊത്തിയ ബിംബത്തെയല്ല അതിൽ സ്പന്ദിക്കുന്ന ശക്തിയെ. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ധ്രുവീകൃത ഊർജ്ജത്തെയാണ് അനുഭവിക്കേണ്ടത്. ആ ഊർജസ്പന്ദനത്തിന് സമാനമാകാൻ കഴിഞ്ഞാൽ ഉപാസനയായി. സർവ ഊർജസ്പന്ദനത്തിലും സമാനമായി ഇഴുകിച്ചേരാൻ കഴിഞ്ഞാൽ അദ്വൈതഭാവമായി. ഊർജതന്ത്രം പരമകണികയിലെ ബോധതലത്തിൽ നമ്മെ എത്തിക്കുന്നു.

അവിടം മുതൽ ആത്മീയത തുടങ്ങുന്നു. നീ ഒരാളെ ചിന്തിക്കുന്നുണ്ടെങ്കിൽ നിന്റെ ഊർജസ്പന്ദനം അവനിലേക്ക് സംവേദനം ചെയ്യപ്പെടും. ആ നിമിഷം നിന്റെ ഓർമ്മപ്പെടുത്തൽ അവനിൽ ജനിച്ചെന്നുവരാം - മറ്റൊരു ജഡവസ്തുവിനെക്കുറിച്ചുള്ള ചിന്ത നിന്നിൽനിന്നും ഊർജനഷ്ടത്തിന് കാരണമാകും. അതുകൊണ്ട് ഞാൻ പറയുന്നത് തന്നിൽനിന്നും അന്യമെന്ന സങ്കല്പത്തിൽ ഒന്നിനെയും ചിന്തിക്കരുത്. പ്രപഞ്ചശക്തിയെക്കുറിച്ചുള്ള നിന്റെ ചിന്ത അഥവാ സ്പന്ദനം മിനുസപ്രതലത്തിലെ പ്രതിഫലനംപോലെ നിന്നിൽ തന്നെ കൂടുതൽ കരുത്തായി മാറും. ഇതാണ് ഈശ്വരസങ്കല്പത്തിന്റെ ഔന്നത്യം. ആത്മീയതലത്തിൽ പറഞ്ഞാൽ ഊർജകേന്ദ്രത്തെ ചലനാത്മകമാക്കി അതിലൂടെ നിന്നിലെ സൂക്ഷ്മതയെ അടുത്തറിയും. ശക്തികേന്ദ്രത്തെ സൂക്ഷ്മവിചാരം ചെയ്യൂ. അതിനായി ശ്വാസത്തെ ബുദ്ധിയാൽ ചലിപ്പിക്കൂ.

ഇങ്ങനെ സംഭവിക്കും എന്നു പറഞ്ഞിരുന്ന ശാസ്ത്രം ഇങ്ങനെ സംഭവിക്കാം എന്ന് സംശയം പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അതുകൊണ്ടായിരിക്കാം ശാസ്ത്രം ഇന്ന് ആത്മീയതയുടെ പൊരുൾ തേടുന്നത്. ഈ പ്രപഞ്ചമെന്ന ഒന്നിനെ സമവാക്യത്തിൽ തുലനം ചെയ്യാൻ ഗണിതക്രിയകൾ അനവരതം തുടരുകതന്നെ ചെയ്യും. അതിലെ ഓരോ സംഖ്യാശകലങ്ങൾ ആകുന്നു ഞാനും നീയും സർവചരാചരങ്ങളും. ഈ പ്രപഞ്ചമെന്ന ഏക ഊർജസ്രോതസ്സിനുള്ളിൽ നമ്മെ ചിന്തിച്ചുനോക്കൂ. ആ ഒന്നിന്റെ പിണ്ഡവ്യത്യാസമില്ലാത്ത ഊർജവ്യതിയാനങ്ങൾ മാത്രമാണ് സർവവും. ഈശ്വരനും ഊർജവും ശക്തിയും ഒന്നാണെന്നറിയൂ. ഊർജതന്ത്രത്തിന്റെ ഭാവനാതലത്തിലെ പൂർത്തീകരണമാകുന്നു ആത്മീയത. പ്രിയപ്പെട്ടവനേ, നിനക്കായി പുതിയ സങ്കേതം തരുന്നു. വളരെ നിസ്സാരമായ ശ്രമങ്ങൾ മാത്രം മതി നിന്റെ കണ്ടെത്തലുകൾക്ക് - ആത്മീയതയിൽ ഊർജഭാവന കണ്ട നിനക്ക് കണ്ടെത്തലിലേക്കുള്ള ദൂരം വിദൂരമല്ല എന്ന് ഞാൻ അറിയുന്നു. നിനക്കായുള്ള എന്റെ സങ്കേതം കേട്ടുകൊൾക - മനസ്സിലെ വിഷയങ്ങൾ പ്രകൃതിശക്തിയിൽനിന്നും വിഭിന്നമല്ല. വിഷയത്തിന്റെ ശക്തിസ്രോതസ്സിലെ സ്പന്ദനവ്യതിയാനങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞാൻ നിന്റെ നിയോഗങ്ങളുടെ അധികാരി നീ തന്നെയാകും. നീ തന്നെയാണ് നിന്റെ ഗുരുവും ഈശ്വരനും."

അദ്ദേഹം ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞുനിർത്തി. പുതിയ ചോദ്യങ്ങളുമായി ആളുകൾ അദ്ദേഹത്തെ പിൻതുടർന്നു. പ്രതിഭ തെളിയിച്ച ഒരു ശാസ്ത്രജ്ഞനാണ് എന്നോട് ഇതുവരെ സംസാരിച്ചത് എന്ന് തീർത്ഥാടകസംഘത്തിലെ ഒരാൾ ഓർമ്മിപ്പിക്കുന്നതിനു മുമ്പ് തന്നെ ആചാര്യസ്ഥാനത്ത് ഈ മഹാശാസ്ത്രജ്ഞനെയും ഞാൻ പ്രതിഷ്ഠിച്ചു.

## പത്തൊൻപത്

**ക**ത്വാല പശുപതി ക്ഷേത്രത്തിൽ ഞാൻ ഒരു അന്തേവാസിയായി മാറി. അപരിചിതർക്ക് നിയന്ത്രണമുള്ള ക്ഷേത്രം പക്ഷേ, എനിക്കായി തുറന്നുതന്നു. ഗംഗയുടെ നേർമുകളിൽ നിർമ്മിക്കപ്പെട്ട ക്ഷേത്രം. ക്ഷേത്രപടവുകൾ ചെന്നവസാനിക്കുന്നത് ഗംഗയുടെ മാറിൽ. കത്വാല ക്ഷേത്രത്തിൽ എനിക്ക് സുഹൃദ് ബന്ധങ്ങൾ വർധിച്ചു. എന്നെ കാണാൻ വേണ്ടി മാത്രം വരുന്ന സന്ദർശകരുടെ എണ്ണം കൂടി. എന്നാൽ ഞാൻ അവരിൽനിന്നും അകന്നു നിൽക്കാൻ ആഗ്രഹിച്ചു. ചിലർ എന്നോടു പറയാറുണ്ട്. എന്റെ സാന്നിധ്യം അവർക്ക് മനോധൈര്യം പകരുന്നു, നിശ്ശബ്ദനായി എന്റെ അരികിൽ ഇരുന്നാൽ ചിന്തകൾ ഇല്ലാത്ത ശാന്തത അനുഭവിക്കുന്നു. ഞാൻ എന്നെത്തന്നെ നിരീക്ഷിച്ചു. ലക്ഷ്യമില്ലാത്ത ഈ ജീവിതത്തിൽ ഞാൻ എന്തോ നേടി എന്നവർ പറയുന്നു, അത് അവരുടെ വീക്ഷണം പക്ഷേ എനിക്ക് നേടാനോ നഷ്ടപ്പെടാനോ ഒന്നുമില്ല എന്ന സത്യം ഞാൻ മനസ്സിലാക്കുന്നു. മനോരോഗിയെന്നും ഭ്രാന്തനെന്നും എന്നെ വിലയിരുത്തിയവരുമുണ്ട്.

സൂക്ഷ്മമായി ആലോചിച്ചാൽ എന്റെ ദേഹത്തെ ബാഹ്യപ്രകൃതിയുമായി യോജിപ്പിക്കാൻ കഴിയുന്നു. ഒരു നിമിഷത്തെ ശ്രമം മതി എന്റെ ദേഹബോധം മറക്കാൻ, പ്രകൃതിയുടെ ഭാഗമാകാൻ. അതിലെപ്പോഴോ ഞാനും പ്രകൃതിയും ഇല്ലാതാകുന്നു. പലപ്പോഴും പ്രിയസുഹൃത്തുക്കളോ തീർത്ഥാടകരോ തൊട്ടുണർത്തുമ്പോൾ മാത്രമാണ് ഞാൻ എന്നെ അറിയുന്നത്. ആ നിമിഷം ഞാനും പ്രകൃതിയും ഉണരുന്നു.

മഹാനായ ശാസ്ത്രജ്ഞൻ എന്നിലെ ശക്തിബോധത്തെ ഉണർത്തിയിട്ട് ഇപ്പോൾ കാലം ഏറെ പിന്നിട്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞത് ശരിയാണ്. "എന്നിലെ നിയോഗങ്ങളുടെ അധികാരി ഞാൻ തന്നെയാകുന്നു. ഞാൻ തന്നെയാണ് എന്റെ ഗുരുവും ഈശ്വരനും." പഴയ കാര്യങ്ങൾ പലതും മറന്നു. പലതും ഓർക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ബീബി മാതായും സുബോധ മലാകറും ഓർമ്മയായി പലപ്പോഴും എന്നിലുണരാറുണ്ട്. കാലത്തിന്റെ ഏതോ അവസ്ഥ മുതൽ ബീബിമാതായിലേക്ക് എനിക്ക് എത്താൻ കഴിയുന്നില്ല. സന്തോഷവതിയായ സുബോധ മലാകർ മാത്രം ചിത്തത്തിൽ തെളിയുന്നു.

ഒരിക്കൽ ഒരു തീർത്ഥാടകൻ തട്ടിയുണർത്തി എന്നോടു പറഞ്ഞത് ഞാൻ ഓർക്കുന്നു. "ഈ ശരീരവും ഇതിൽ സംബന്ധമായിരിക്കുന്ന പ്രകൃതിയും നശിക്കും എന്ന് നിനക്കറിയാം. എങ്കിൽ എന്തിന് നീ അതിനെ ഗൗനിക്കണം? നാശമില്ലാത്ത, സർവവ്യാപിയായ ശക്തിയെ അവലംബിക്കൂ, അതിൽ ലയം പ്രാപിക്കൂ." ശരിയാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഈ ശരീരം ശുഷ്കിച്ചു തുടങ്ങിയിരിക്കുന്നു. വാരണാസിയിലെ വഴികാട്ടിയാകാൻ ശരീരം വഴങ്ങുന്നില്ല. പക്ഷേ എന്നിൽ നിറഞ്ഞിരിക്കുന്ന ശക്തിയെ ഞാൻ അറിയുന്നു, അനുഭവിക്കുന്നു.

ശാസ്ത്രവീക്ഷണത്തിൽ 'ഊർജവും' ആത്മീയവീക്ഷണത്തിൽ 'ശക്തിയും' ഒന്നുതന്നെ. ചിലർ എന്റെ അരികിൽനിന്നും പോകുമ്പോൾ എന്നിൽനിന്നും എന്തോ നഷ്ടപ്പെട്ടതുപോലെ. എന്നിലെ ശക്തിയുടെ ഒഴുക്ക് അവരിലേക്ക് സംഭവിച്ചതുപോലെ, ഉയർച്ചയിൽനിന്നും താഴ്ച യിലേക്കുള്ള പ്രവാഹം പ്രകൃതിനിയമം.

ഇനിയും എന്നിൽ എന്തെല്ലാമോ പൂർണമാക്കേണ്ടതുണ്ട്. പുതിയ ഒരു ചുവടുവയ്പിനായി ഒരു ഗുരുവിനെ പ്രതീക്ഷിക്കുന്ന പ്രതീതി. പലമുഖങ്ങളും ഉള്ളിൽ തെളിഞ്ഞു, പല ദർശനങ്ങളെയും ചികഞ്ഞു. ഒന്നും പൊരുത്തപ്പെടുന്നില്ല. പക്ഷേ എന്നെ സ്വാധീനിക്കാൻ ഒരു ഗുരു എത്തും എന്ന് ചിത്തം പറയുന്നു, ഉറപ്പിക്കുന്നു.

ഗുരുവിന്റെ കണ്ടെത്തലുകൾക്ക് മാത്രമായി ചിന്തകൾ വഴങ്ങി. എല്ലാ സ്വപ്നങ്ങളിലും ഗുരുസന്നിഹിതനായിരുന്നു. ഓരോ സ്വപ്നത്തിലും പല മുഖങ്ങളിലും പല പ്രതീകങ്ങൾ. ഗുരുവിനുവേണ്ടിയുള്ള അതിയായ ആഗ്രഹം എന്നിൽ സ്പന്ദിച്ചു. "ശിഷ്യൻ പാകമായാൽ ഗുരു എത്തുക തന്നെ ചെയ്യും.", "നീ തന്നെയാണ് നിന്റെ ഗുരുവും ഈശ്വരനും" - ഈ രണ്ട് ആശയങ്ങളിൽ വൈരുധ്യം നിഴലിക്കുന്നതായി തോന്നി. എന്നിലെ ഗുരുവിനെയാണോ, അതോ ഒരിക്കലും ഇല്ലാത്ത ഗുരുവിനെയാണോ, അതോ എന്നിലേക്ക് എത്താനുള്ള ഗുരുവിനെയാണോ ഏതിനെയാണ് ഞാൻ കണ്ടെത്തേണ്ടത്? ചിന്തകൾ എന്നെ നിഷ്ക്രിയനാക്കുന്നു. ഞാൻ ഇതുവരെ നേടിയ അറിവുകളും അനുഭവങ്ങളും നിഷ്ഫലമായതു പോലെ. ബോധിരമൻ പറഞ്ഞതുപോലെ അറിവിൽനിന്നും അറിവില്ലായ്മ യിൽ എത്തപ്പെടുന്നതാണ് ആത്മീയയാത്ര. എത്തിപ്പെട്ടാൽ യുക്തിരഹിത മായ ഒരവസ്ഥ അനുഭവിക്കും. അതുവരെ കരുതിവെച്ചിരുന്ന ജ്ഞാനം മുഴുവൻ നിഷ്ഫലമായി എന്നു ബോധ്യപ്പെടും. പരസഹായത്തിനായി വെമ്പുന്ന ദാഹാവസ്ഥ. ബോധിരമൻ പറഞ്ഞത് ശരിയാണ്. എനിക്കിനി യൊന്നും ചെയ്യാനില്ല. ബോധവും ഉപബോധവും എന്നെ കൈയൊഴി ഞ്ഞിരിക്കുന്നു. പരസഹായത്തിനായുള്ള അടങ്ങാത്ത വെമ്പൽ. പര സഹായം എനിക്ക് അനിവാര്യമായി ഭവിച്ചിരിക്കുന്നു. പുതിയതിലേക്കുള്ള ഒരു തള്ളൽ സംഭവിച്ചില്ലെങ്കിൽ ഈ വീർപ്പുമുട്ടൽ സഹിക്കാവുന്നതിനു മപ്പുറമാകും. ഇപ്പോൾതന്നെ എന്റെ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ നിയന്ത്രണം മറ്റാർക്കോ കൈമാറുന്നതിനിടയ്ക്കുള്ള അവസ്ഥ യാണോ ഈ വീർപ്പുമുട്ടൽ? എന്റെ നിയന്ത്രണം മറ്റെന്തിലേക്കോ കൈമാറുകയാണ്. അങ്ങനെ വിശ്വസിക്കാനേ എനിക്കു കഴിഞ്ഞുള്ളൂ. ഇതുവരെ എന്റെ നിയോഗത്തിന്റെ അധികാരി ഞാൻ തന്നെയായിരുന്നു. ഇനി മുതൽ അത് അങ്ങനെയല്ലാതാകുന്നു.

എന്റെ വിശകലനം യഥാർത്ഥത്തിൽ ഭവിച്ചു. എനിക്കായി ഒരു ഗുരു എത്തപ്പെട്ടിരിക്കുന്നു. മനസ്സിന്റെ ഭാവനാസൃഷ്ടി നിഷ്ഫലമാകില്ലെന്നു ഒരിക്കൽ കൂടി ഞാൻ തീർപ്പുകല്പിച്ചു.

ലളിതാഘട്ടിലെ ഗംഗയിലേക്കുള്ള പടവുകളിൽ അദ്ദേഹം ഇരിക്കുകയായിരുന്നു. ഏതോ ജീവബന്ധം എന്നെ അദ്ദേഹവുമായി ബന്ധിപ്പിച്ചു. വിട്ടുമാറാൻ കഴിയാത്ത ഒരു ആകർഷണത്തിൽ ഞാൻ അകപ്പെട്ടതു പോലെ. ഒരു യാചകന്റെ മനോവികാരത്തോടെ ഞാൻ അദ്ദേഹത്തെ നോക്കി. എന്നാൽ ഗംഗയുടെ ജലതാളത്തെ ആസ്വദിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ ആ മരവിപ്പിക്കുന്ന തണുപ്പിൽ ഉപേക്ഷിച്ചു പോകാൻ മനസ്സനുവദിച്ചില്ല. കത്‌വാല ക്ഷേത്രത്തിലെ എനിക്കുള്ള ഗുഹാമുറിയിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചു. അഗ്നി സ്ഫുരിക്കുന്ന കണ്ണുകളോടെ അദ്ദേഹം എന്നെ നോക്കി. ക്ഷണനേരംകൊണ്ട് ഒരു നിഷേധിയെപ്പോലെ പുറംകൈവീശി അകന്നുപോകാൻ ആജ്ഞാപിച്ചതായി എനിക്കു തോന്നി. ശരീരം തണുപ്പറിയുന്നില്ലെന്ന് ആ മുഖഭാവത്തിൽ നിന്നും മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ആജ്ഞ അനുസരിക്കാനേ എനിക്കു കഴിഞ്ഞുള്ളൂ. അദ്ദേഹത്തെ അവിടെ ഉപേക്ഷിച്ചുപോകാൻ മനസ്സ് അനുവദിച്ചില്ല. അങ്ങനെ ചെയ്താൽ ഞാൻ ഇതുവരെ ചെയ്തതെല്ലാം നിഷ്ഫലം.

വാരിമൂടിയ പുതപ്പുകൾക്കിടയിൽ അനുസരണയോടെ അദ്ദേഹത്തിൽനിന്നും അകലം പാലിച്ച് പടവുകളിൽ ഇരുന്നു. അദ്ദേഹത്തിന്റെ അടുത്തിരിക്കാനുള്ള യോഗ്യത എന്നിലില്ലായിരിക്കാം. മധ്യയാമത്തോളം ഞാൻ അദ്ദേഹത്തെ ശ്രദ്ധിച്ചിരുന്നു. അപ്പോഴെല്ലാം അദ്ദേഹം അവിടെ തന്നെ ഉണ്ടായിരുന്നു. രാത്രിയിൽ ഏതോ യാമത്തിൽ തണുപ്പിന് കീഴടങ്ങി ഉറങ്ങിപ്പോയി. മധ്യാഹ്നം പിന്നിട്ടിരിക്കുന്നു. ഇത്രയും ദീർഘമായ ഉറക്കത്തിലായിരുന്നു എന്നെനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷേ, അതുതന്നെയായിരുന്നു സത്യം. തീർത്ഥാടകർ ധാരാളം. ആരോ എന്നെ ഒരു കമ്പിളിപ്പുതപ്പ് പുതപ്പിച്ചിരിക്കുന്നു. കൊടുംതണുപ്പിലെ എന്റെ ദയനീയത കണ്ട ഏതെങ്കിലും തീർത്ഥാടകർ പുതപ്പിച്ചതായിരിക്കാം. അതോ? പടവുകളിൽ ഞാൻ നോക്കി. അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. ഗംഗയുടെ നിഗൂഢതയിലേക്ക് അദ്ദേഹവും നടന്നകന്നോ? സംശയങ്ങൾ അവിടെ നിൽക്കട്ടെ. ജനിച്ച അന്നു മുതൽ ഇന്നുവരെ ഞാൻ അനുഭവിച്ചിട്ടില്ലാത്ത സുഷുപ്തി. ലയം പ്രാപിച്ച ഒരു ഉറക്കം കഴിഞ്ഞ രാത്രിയിൽ ഞാൻ അനുഭവിച്ചു എന്നത് സത്യമാണ്. അതിന്റെ ലഹരിയും നിർവൃതിയും എന്നെ മത്തുപിടിപ്പിക്കുന്നതുപോലെ തോന്നി. കാലവും ദിനവും തിയതിയും ലൗകികനാണാവശ്യം. ഏതെങ്കിലും ഒന്നിനെ അവലംബമാകേണ്ടതല്ലേ സമയം. ഒന്നിനെയും അവലംബിക്കാത്ത ഞാൻ എന്തിന് സമയത്തെ കുറിച്ചറിയണം?

ഒരു ദിവസത്തെമാത്രം ഉറക്കമായിരുന്നു എന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. എന്റെ ഓരോ ശരീരകോശത്തിലെയും ശക്തിസ്പന്ദനം കൂടുതലായി വർധിച്ചു. ഉന്മേഷം എന്നിൽ സംജാതമായതായി ഞാൻ അറിയുന്നു. നിലാവെളിച്ചത്തിൽ കണ്ട അദ്ദേഹത്തിന്റെ രൂപം സൂര്യപ്രഭപോലെ സ്പഷ്ടമായി മനോമുകുരത്തിൽ പ്രതിഫലിക്കുന്നു. ഒരു

ജ്യോതിസ് എന്നിൽ പുതുതായി ധ്രുവീകരിക്കപ്പെട്ടതുപോലെ. അദ്ദേഹം ഗംഗയിലേക്ക് നടന്നകന്നിട്ടില്ല. എന്റെ ഗുരു ഇവിടെ വരും. പുതുജന്മം നൽകിയ സ്വന്തം കുഞ്ഞിനെ പോറ്റിവളർത്താൻ വെമ്പൽകൊള്ളുന്ന മാതാവിനെപോലെ. ഇത് എന്റെ മനസ്സിന്റെ മന്ത്രണമായിരുന്നില്ല, നിശ്ചയ മായിരുന്നു. അനിശ്ചിതത്വം ചിന്തിച്ചിരുന്ന ഞാൻ സുനിശ്ചിതത്വം കല്പിച്ചുതുടങ്ങിയിരിക്കുന്നു. സുനിശ്ചിതത്വം എന്നത് ആത്മീയതയിൽ എത്തിപ്പെട്ടതിന്റെ ലക്ഷണമാകുന്നു.

ബീബിമാതാ എന്നെ തേടിയിരുന്ന അതേ മാനസികസ്പന്ദനം ഞാൻ അനുഭവിച്ചു. എന്റെ മാനസികനിലയുടെ വ്യതിയാനം പ്രിയപ്പെട്ടവരെ ദുഃഖിതരാക്കി. ഈ ലോകത്തിന്റെ ഏത് കോണിലാണെങ്കിലും എന്റെ വികാര തരംഗത്തിന്റെ പിടിയിൽനിന്നും ഗുരുവിന് വഴുതി മാറാൻ കഴിയില്ല. അനീഭബീബിയുടെ ജീവിതവിജയം എനിക്കു ധൈര്യം നൽകി.

പഴുതുകൾ ഇല്ലാതെ വിശ്വാസം വർധിച്ചുകൊണ്ടേയിരുന്നു. പുരാണ ങ്ങൾ ഘോഷിക്കുന്ന ദേവതകളെ പ്രത്യക്ഷപ്പെടുത്താൻ യോഗികളുടെ തപസ്സുപോലെ. ഗംഗാജലം കുടിച്ച് ഞാൻ ദാഹവും വിശപ്പും അകറ്റി. വിശപ്പ് അധികരിക്കുന്നു എന്ന അവസ്ഥയിൽ ഞാൻ ആവശ്യപ്പെടാതെ തന്നെ തീർത്ഥാടകരിൽ ആരെങ്കിലും അന്നം വച്ചുനീട്ടും. എന്റെ പ്രതീ ക്ഷയുടെ തീവ്രത കൂടുന്നതനുസരിച്ച് എന്റെ ശരീരത്തിൽ ചുട്ടുപൊ ള്ളുന്ന ചൂട് പ്രവഹിക്കാൻ തുടങ്ങി. ചൂട് കഠിനമെന്നു തോന്നുമ്പോൾ ഗംഗയിൽ മുങ്ങി നിന്നു ശരീരം ശാന്തമാക്കി. എന്റെ ശരീരത്തിലും അന്ത രംഗത്തിലും എന്തെല്ലാമോ മാറ്റങ്ങൾ സംഭവിക്കുന്നു. അത് എന്റെ പ്രതീ ക്ഷയുടെ തീവ്രതയ്ക്ക് കൂടുതൽ കരുത്ത് പകർന്നു.

എന്ന് എപ്പോൾ അത് സംഭവിച്ചു എന്നെനിക്കറിയില്ല. ഞാൻ ഉണരു മ്പോൾ ഗുരുവിന്റെ മടിത്തട്ടിൽ എന്റെ ശിരസ്സ്. നെറ്റിത്തടം ഗുരു തഴുകു ന്നുണ്ടായിരുന്നു. തപസ്സിൽ പ്രത്യക്ഷനായ ദേവനെ കണ്ട പ്രതീതി. എന്റെ കണ്ണുകൾ സൂര്യതേജസ്സുപോലെ ജ്വലിച്ചുനിൽക്കുന്ന അദ്ദേഹ ത്തിന്റെ പുരികമധ്യത്തിൽ തറയ്ക്കപ്പെട്ടു. ഗുരുവിന്റെ പവിത്രമായ മടിയിൽ ലോകാവസാനം വരെ അങ്ങനെതന്നെ കിടക്കാൻ മനസ്സാ ഗ്രഹിച്ചു. അമ്മയുടെ ഗർഭപാത്രത്തിലെ സുരക്ഷിതത്വം ഗർഭസ്ഥശിശു ശുവിന്റെ നിഷ്കളങ്കത്വം ഞാൻ അനുഭവിച്ചു. രണ്ട് കൈകൾകൊണ്ട് ആചാര്യൻ എന്നെ വാരിയെടുത്ത് എഴുന്നേൽപ്പിക്കാൻ ശ്രമിച്ചപ്പോൾ 'അരുത്' എന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞതുപോലെ തോന്നി. എന്നാൽ ശബ്ദം പുറത്തേക്ക് വന്നില്ല.

രണ്ടു കൈകളുംകൊണ്ട് ഗുരു എന്നെ വാരിയെടുത്ത് മാറോടു ചേർത്തു. എന്റെ കാതിൽ മന്ത്രിച്ചു. "നിന്റെ സൃഷ്ടി തന്നെയാകുന്നു ഞാൻ."

## ഇരുപത്

മണികർണികാഘട്ടിൽ എരിഞ്ഞടങ്ങുന്ന ചിതകളെ ചൂണ്ടി ഗുരു പറഞ്ഞു. "നീ തുടങ്ങേണ്ടത് ഇവിടെനിന്നാണ്. അഗ്നി എല്ലാം ദഹിപ്പിച്ച് എന്നും ശുദ്ധമായി നിലകൊള്ളുന്നു." തീക്ഷ്ണവും ചലനരഹിതവുമായ കണ്ണുകളാൽ ഗുരു വിദൂരതയിൽ നോക്കിനിന്നു. ചിതയിൽ താണ്ഡവ മാടുന്ന അഗ്നിജ്വാലയിൽ ഗുരുവിന്റെ മുഖം അഗ്നിതുല്യമായി ജ്വലിച്ചു നിന്നു. പെട്ടെന്നുള്ള ഗുരുവിന്റെ നിശ്ശബ്ദതയിൽ ഞാൻ അമ്പരന്നു. കണ്ണുനീർ ധാരയായി ഗുരുവിന്റെ കണ്ണുകളിൽ നിന്ന് ഒഴുകുന്നതു ഞാൻ കണ്ടു. പൂർവ്വസ്മരണയുടെ ദുഃഖനിമിഷം എന്ന എന്റെ ചിന്തയെ തിരുത്തി ക്കൊണ്ട് ഗുരുവിന്റെ മുഖത്ത് ഉദയസൂര്യനെപോലെ പുഞ്ചിരി വിടരുന്നത് കണ്ടു. വികസിച്ച് മാസ്മരികത പടർത്തി ആ പുഞ്ചിരി ഗൗരവഭാവത്തിൽ അസ്തമിച്ചു. എന്നെ മാറോടു ചേർത്ത് നെറ്റിത്തടത്തിൽ ചുംബിച്ചു. മാതൃ ത്വത്തിന്റെ സുഷുപ്തിയിൽ ഞാൻ ലയിച്ചു. എന്റെ കൈകൾ മുറുകെ പിടിച്ച് മണികർണിക ഘട്ടിലെ എരിഞ്ഞടങ്ങുന്ന ചിതാഗ്നിക്കു സമീപം കൊണ്ടുനിർത്തി. അനേകം മൃതശരീരങ്ങൾ എരിഞ്ഞടങ്ങുന്നു. അഗ്നിയിൽ ലയിച്ച് പഞ്ചഭൂതഭാഗമാകാൻ അനേകം മൃതശരീരങ്ങൾ തയ്യാറാക്കി വച്ചിരിക്കുന്നു. തന്റെ പ്രിയപ്പെട്ടവരുടെ ശരീരം അഗ്നിക്കു നൽകാൻ ധൃതികൂട്ടുന്ന ബന്ധുമിത്രാദികൾ. ഇത്രയും ശരീരം ഒന്നിച്ച് കത്തിയമർന്നിട്ടും എരിഞ്ഞടങ്ങുന്ന ഗന്ധം അവിടെ അനുഭവപ്പെട്ടില്ല.

ചിതാഗ്നിയുടെ വളരെ അടുത്തുനിന്നിട്ടും തീവ്രമായ ചൂട് ഗുരുവിൽ പ്രതിഫലിച്ചില്ല. ഞാൻ എന്റെ ശരീരത്തെ സ്നേഹിച്ചതുകൊണ്ടായി രിക്കാം തീവ്രതയാർന്ന അഗ്നിജ്വാലയിൽനിന്നും രക്ഷപ്പെടാൻ എന്റെ കാലുകളെ പിന്നോട്ടു വലിച്ചു, പക്ഷേ, ഗുരുവിന്റെ കരവലയത്തിൽ നിന്നും രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല. ശരിയാണ്, ഞാൻ എന്നെ വളരെ സ്നേഹിക്കുന്നു, എന്തിനേക്കാളും ഉപരി എനിക്ക് ഞാൻ തന്നെ യാണ് പ്രധാനം. അതുകൊണ്ടായിരിക്കാം ഇത്രയുംനാൾ വാരണാസി യിലെ വഴികാട്ടിയായി നടന്നിട്ടും ഈ കത്തുന്ന ചിതയ്ക്കരികിൽ ഒരി ക്കൽ പോലും വരാതിരുന്നത്. ദൂരെനിന്നു പലപ്പോഴും മണികർണിക ഘട്ടിനെയും എരിഞ്ഞടങ്ങുന്ന ചിതയേയും കണ്ടിട്ടുണ്ട്, പറന്നുയരുന്ന ചിതാഭസ്മം ആരുടെയൊക്കെയോ ശേഷിക്കുന്ന ആഗ്രഹങ്ങൾ എന്നു

തോന്നി. മാറ്റപ്പെടാൻ കഴിയാത്ത മരണം ഉപബോധമനസ്സ് ചിന്തിപ്പിക്കില്ല. ചിതയ്ക്കരികിൽ നിൽക്കുന്ന ബന്ധുമിത്രാദികൾ നാളെ എന്റെയും അവസ്ഥ ഇതുതന്നെയെന്നു ഭയപ്പെടുന്നു. പക്ഷേ, അതിന് പ്രാധാന്യം നൽകി ചിന്തിക്കാറില്ല. ഉപബോധമനസ്സിന്റെ നിയന്ത്രണത്തിൽപെടാത്തത് മരണം.

അഗ്നിജ്വാലകൾക്ക് വളരെ അരുകിലായി ഗുരു അപ്പോഴും നിൽക്കുകയായിരുന്നു. എന്റെ ശരീരം വെന്തുരുകുന്നത് എനിക്ക് അസഹനീയമായി. ചുടലഭസ്മം അന്തരീക്ഷത്തിൽ ഉയർന്നുപൊങ്ങി. എല്ലാം ശമിപ്പിച്ച് അതിനു താഴെ ഗംഗ ശാന്തമായി ഒഴുകുന്നു. ഗംഗയുടെ ശാന്തതയും കുളിർമയും ഓർത്തപ്പോൾ അഗ്നിജ്വാലയ്ക്കരികിലാണെങ്കിലും ചൂടിന്റെ തീവ്രത പെട്ടെന്നു കുറഞ്ഞതുപോലെ. കത്തുന്ന ചിതയ്ക്കരികിൽ കുറച്ചുകൂടി അടുത്തുപോകാം എന്ന വിചാരം. ഗംഗ എനിക്ക് അവലംബമാകുന്നു. ഗുരു എനിക്ക് കാരണവുമാകുന്നു. സാധനയിൽ ഒരു അവലംബത്തിന്റെ ആവശ്യകത ആദ്യമായി ബോധ്യപ്പെട്ടു. ഗംഗയെ അവലംബമാക്കിയപ്പോൾ അഗ്നിഭയം ജനിക്കുന്നില്ല. എന്നിലെ ശക്തി ചൈതന്യത്തെ അവലംബമാക്കുമ്പോൾ ശരീരബോധം ഇല്ലാതാകുന്നു. ഒരു വലിയ ആശയം ഗുരു പഠിപ്പിക്കുകയായിരുന്നു. ചോദ്യത്തിനുള്ള ഉത്തരമായല്ല ഗുരു പറഞ്ഞുതന്നത് ക്രിയയിലൂടെയുള്ള അനുഭവമാണ്.

ഗംഗയുടെ കുളിർമയെ അവലംബമാക്കി തീവ്രതയാർന്ന ചിതാഗ്നിയെ വിസമരിച്ച് ഞാനും ഗുരുവും ചിതകൾക്ക് നടുവിൽ എത്രനേരം നിന്നുവെന്നറിയില്ല. ശരീരം മുഴുവൻ ചുടലഭസ്മംകൊണ്ട് പൂരിതമായി. എന്റെ ശരീരവും അഗ്നിക്ക് നൽകാൻ വെമ്പൽകൊണ്ടു. എന്നിൽ ദേഹബോധം എവിടെ ഒളിച്ചെന്ന് എനിക്കറിയില്ല. യുക്തി എന്നിൽ അസ്തമിച്ചിരിക്കുന്നു. ശക്തി എന്നിൽ കരുത്താർജ്ജിച്ചിരിക്കുന്നു.

ഭഗനിയമ്മ പറഞ്ഞ ഒരു കഥ എനിക്ക് ഓർമ്മവന്നു. ഭക്തനും പൂജാരിയും നിഷ്ഠ തെറ്റാതെ എത്താറുള്ള ഭക്തന് അന്ന് ക്ഷേത്രത്തിൽ എത്താൻ കഴിഞ്ഞില്ല. പൂജാരിക്ക് വിഷമമായി. പൂജയ്ക്കിടയിലും പൂജാരി ദൂരത്തേക്ക് നോക്കി, വളരെ വൈകി ധൃതിയിൽ ഭക്തൻ വരുന്നതുകണ്ട പൂജാരി ക്ഷേത്രദേവനോട് നന്ദി പറഞ്ഞു, വൈകാനുള്ള കാരണം ഭക്തനോടു ചോദിച്ചു. "വരുന്നവഴിയുള്ള പുഴ കരകവിഞ്ഞൊഴുകി. എനിക്ക് പുഴ കടക്കാൻ കഴിഞ്ഞില്ല." എന്നായിരുന്നു ഭക്തന്റെ മറുപടി. "പിന്നെയെങ്ങനെ ഇപ്പോൾ നീ ഇവിടെ എത്തി?" പൂജാരിയുടെ ആകാംക്ഷയായിരുന്നു ആ ചോദ്യം.

"ഞാൻ ക്ഷേത്രദേവനെ മനസ്സിൽ ധ്യാനിച്ചു. ഇന്ന് ക്ഷേത്രത്തിൽ എത്താൻ കഴിയാത്തതിൽ വേദന തോന്നി. എന്റെ കണ്ണുകൾ നിറഞ്ഞു. ഏതുവിധേനയും പുഴ കടത്തിത്തരണമെന്ന് ക്ഷേത്രദേവനോടു പ്രാർത്ഥിച്ചു. അദ്ഭുതമെന്നു പറയട്ടെ ക്ഷേത്രദേവൻ എന്നിൽ പ്രസാദിച്ചു. ഒഴുകിവരികയായിരുന്ന ഒരു ചങ്ങാടം എന്റെയരികിൽലണഞ്ഞു. ഞാൻ

അതിൽ കയറിയതും മറുകരയെ ലക്ഷ്യമാക്കി കാറ്റ് ആഞ്ഞടിച്ചു. ചങ്ങാടം എന്നെ മറുകരയിൽ എത്തിച്ചു." ഇതു പറയുമ്പോൾ ഭക്തനിൽ ദേവനോടുള്ള വിശ്വാസം. എന്നാൽ ഒരു നിഷേധിയെപോലെ പൂജാരി ഭക്തന്റെ അനുഭവത്തെ പുച്ഛിച്ചു. ഭക്തൻ പൂജാരിയെ തിരുത്തിയില്ല, വിശ്വസിപ്പിക്കാനും ശ്രമിച്ചില്ല. ഭക്തൻ ക്ഷേത്രദേവനെ നോക്കി ചിന്തിച്ചു. "ഈ ജന്മം മുഴുവനും പൂജാരി ഈ ദേവനെ പൂജിക്കുന്നു, അതീന്ദ്രിയനും കാരുണ്യമൂർത്തിയുമായി ഈ ക്ഷേത്രദേവനെ കരുതുന്നു; എന്നെയുൾപ്പെടെ പലരെയും ഈശ്വരവിശ്വാസത്തിൽ എത്തിച്ചു. എന്നിട്ടും പൂജാരിക്ക് സംശയം, താൻ പൂജിക്കുന്ന ദേവൻ ഒരു ഭക്തനുവേണ്ടി ഇങ്ങനെയൊക്കെ പ്രവർത്തിക്കുമോ എന്ന്."

കാലങ്ങൾക്ക് ശേഷം ഭഗനിയമ്മയെ ഓർത്തതിൽ വല്ലാത്ത ശാന്തത. ആ കഥ ഇപ്പോഴത്തെ എന്റെ മാനസികതലവുമായി യോജിപ്പിക്കാനുള്ള വ്യഗ്രതയുണ്ടാക്കി. പാണ്ഡിത്യത്തിന്റെ വെളിച്ചത്തിൽ പൂജാരി ദേവനെ സമീപിച്ചതും ഭക്തിയുടെ മാത്രം തലത്തിൽ നിന്നുകൊണ്ട് ഭക്തൻ ദേവനെ ഉൾക്കൊണ്ടതും കാരണം ഭക്തൻ ദേവനിൽ എത്തപ്പെട്ടു. പൂജാരിയാകട്ടെ യുക്തിയിൽ ദേവനെ അകറ്റിനിർത്തി.

യുക്തി എന്നിൽ ഇല്ലാതായിരിക്കുന്നു. 'അമീൻ' എന്ന ഞാൻ എന്റെ ചിദാകാശത്തിൽ ലയിച്ചിരിക്കുന്നു, ചിതകൾക്ക് ഭയപ്പെടുത്താൻ കഴിയാത്തവിധം. ഈ ശരീരം എനിക്ക് ഒരു യന്ത്രം മാത്രം. 'ഞാൻ' എന്ന പദം ഒരു പ്രതീകം മാത്രം.

# ഇരുപത്തിയൊന്ന്

കാത്വാല പശുപതിക്ഷേത്രത്തിൽ ഗംഗയെ ചുംബിച്ചുനിൽക്കുന്ന വന്മര ചുവട്ടിൽ ഞാൻ ഗുരുവിൽ നിന്നും സാധനയുടെ തലങ്ങൾ, പ്രയോജന ങ്ങൾ, ശോകത്തിനും ഹർഷത്തിനും അടിമപ്പെടില്ല എന്ന സത്യങ്ങൾ പഠിച്ചു. ഗുരു പലപ്പോഴും ഇമകൾ പൂട്ടാതെ വിദൂരതയിലേക്ക് ദൃഷ്ടി യൂന്നി, മനസിന്റെ ശക്തികളെ ഏകീകരിക്കുന്നതായി എനിക്കനുഭവപ്പെ ട്ടു. അത് നോക്കിനിൽക്കുന്നതുപോലും എനിക്ക് സുഖം നൽകി.

സാധനയുടെ ആദ്യപടവുകളിൽ ഗുരു എന്നെ കൈപിടിച്ചുകയറ്റി. പ്രയത്നം കൂടാതെ മറ്റെല്ലാത്തിനെയും പ്രകാശിപ്പിക്കുന്ന ചൈതന്യ മുണ്ട്, അതിനെയാണ് ധ്യാനിക്കേണ്ടത് എന്ന് ഗുരു പറഞ്ഞു. ആ ചൈതന്യത്തെ തിരിച്ചറിവിനു മാത്രമായി. 'ശക്തി' എന്ന് പേരിട്ടു. കാല ത്തിനു ചേർന്ന ഉചിതമായ അറിവ് സ്വയം വന്നുചേരും എന്നു പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചു. കൂടുതൽ അറിയാനുള്ള വ്യഗ്രത എന്നിൽ കുറയു കയും അറിഞ്ഞതിനെ പരീക്ഷിക്കാനുള്ള തൃഷ്ണ കൂടുകയും ചെയ്തു. "വിളക്കിന്റെ കാര്യം പറഞ്ഞാൽ ഇരുട്ട് അകലുകയില്ല, അന്ധകാരം മാറാൻ ദീപപ്രഭ ചൊരിയുന്ന വിളക്ക് തന്നെ വേണം." എന്നിലെ അന്ധ കാരം മാറ്റാൻ എന്നിലെ ശക്തിയെ ചലനാത്മകമാക്കണം എന്ന് ഗുരു നിർദ്ദേശിച്ചപ്പോൾ ആത്മീയതയുടെ പ്രായോഗികതലത്തിൽ ഞാൻ പ്രവേ ശിക്കുകയായിരുന്നു.

പകൽ വെളിച്ചത്തിൽ ഞാനും ഗുരുവും വന്മരചുവട്ടിൽ ഇരിക്കും. അവിടെ ഇരുന്നാൽ വിശാലമായ ഗംഗയെ കാണാം. കാറ്റിന്റെ സംഗീതം കേൾക്കാം. ഗംഗയിൽനിന്ന് ഒഴുകിവരുന്ന ആരതിദീപം കാണാം. സന്ധ്യ യാകുവോളം ആരതി ദീപത്തിന്റെ ചൈതന്യം കാണാൻ എന്നും ഞങ്ങൾ അവിടെ ഇരിക്കും. ഇത്രയുംകാലം ഞാൻ ഗുരുവിനെ പിൻതുടരുകയായി രുന്നു. ഇപ്പോൾ ഗുരു എന്നെ പിൻതുടരുന്നു. പിച്ചവയ്ക്കുന്ന കൊച്ചു കുട്ടിക്ക് ചുറ്റും  മാതാവ് വലയം ചെയ്യുന്നതുപോലെ. വന്മരച്ചുവട്ടിൽ പലപ്പോഴും ഗുരു അന്തർരാമിയായിരിക്കും. എത്ര ശുദ്ധാനുഭാവാവസ്ഥ യായിരുന്നലും എന്റെ ചലനങ്ങൾക്കനുസരിച്ച് ഗുരുവും പ്രതികരിച്ചു. നിശ്ശ ബ്ദത ഞങ്ങൾക്കിടയിലെ ഒരു ഭാഗമായി മാറിക്കഴിഞ്ഞിരുന്നു. വന്മരച്ചു വടും ഗുഹാമുറിയും. ഇതുവിട്ട് ഞങ്ങൾ മറ്റൊരു സ്ഥലം തേടിയില്ല, ആഗ്ര ഹിച്ചതുമില്ല.

ഗുരു എന്നെ മാത്രം സംബന്ധിക്കുന്ന പ്രതീകം. അതിൽ മറ്റാർക്കും അവകാശമില്ല. ഇത് എന്റെ എക്കാലത്തെയും സ്വാർത്ഥത. അത് അങ്ങനെതന്നെ നിലനിൽക്കുകയും എന്നിലൂടെ അവസാനിക്കുകയും ചെയ്യും. രാത്രിയിൽ ഞങ്ങൾ ഗുഹാമുറിയിൽ ചേക്കേറും. ഗുരു എന്നെ അനുഗമിക്കും. എന്റെ ഇച്ഛയ്ക്കനുസരിച്ച് ഗുരുവും പ്രവർത്തിച്ചു. എന്റെ ചിന്തകൾ ഗുരു മുൻകൂട്ടി അറിയുന്നതിൽ ഞാൻ അദ്ഭുതപ്പെട്ടു. ഏതോ ലക്ഷ്യത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോകാനുള്ള ഗുരുവിന്റെ ധൃതി ഞാൻ തിരിച്ചറിഞ്ഞു. പല ചോദ്യങ്ങളും ഗുരുവിനായി ഞാൻ കരുതിവച്ചു. ചോദ്യങ്ങൾ എന്നെ ശല്യപ്പെടുത്തി.

ഗുഹാമുറിക്കുള്ളിൽ ഒരു ദിവസം രാത്രിയുടെ ഏതോ യാമത്തിൽ ഗുരു സംസാരിച്ചു. കാഴ്ചയിൽ ഗുരു അവധൂതാവസ്ഥയിൽ ആയിരുന്നു. ദേഹബോധം മറന്ന് തുറന്നിരുന്ന കണ്ണുകൾ എന്റെ പുരികമധ്യത്തിൽ തറച്ച അവസ്ഥ, ആ അവസ്ഥയിലും ഗുരുവിന്റെ മാനസികസ്പന്ദനം എനിക്കനുഭവിക്കാൻ, വിശകലനം ചെയ്യാൻ കഴിയുന്നു. സ്പന്ദനങ്ങൾ മാത്രമായിരുന്നു ഞങ്ങളുടെ ആശയവിനിമയ മാധ്യമം.

"പ്രിയപ്പെട്ടവനേ, ഞാൻ നിന്റെ വഴികാട്ടി, നിന്റെതന്നെ സൃഷ്ടി. സർവചരാചരങ്ങളും ഈ പ്രപഞ്ചവും നിന്റെ ബോധതലത്തിലെ ഭിന്നതകൾ മാത്രമാണ്. നിന്നിൽ നിന്നും ഭിന്നമായി ഞാൻ നിന്നെ അഭിസംബോധന ചെയ്യുന്നു. എന്റെ സാധന രീതി, യുക്തിവിരുദ്ധമല്ല, യുക്തിക്കതീതമായ തലം, ഭാവനയിലൂടെ ശക്തിസാധനയിൽ എത്തിക്കുന്ന തലം സൂക്ഷ്മശക്തികേന്ദ്രത്തെ സ്പർശിക്കുന്ന ഭാവന. ശക്തിസ്ഥാനത്ത് മനസ്സിനെ നിശ്ചലമാക്കി ബാഹ്യാഭ്യന്തര ബോധം നിശ്ചലമാക്കുന്ന സാധന രീതി" ആചാര്യന്റെ ദിവ്യത്വത്തിൽ നിന്നും ഞാൻ വായിച്ചെടുത്ത ഈ സാധനാബീജം പരീക്ഷണത്തിനായി എന്നിൽ എവിടെയോ നിക്ഷേപിച്ചു, പരിപോഷിപ്പിച്ചു.

ഏതൊന്നു സ്പന്ദനാവസ്ഥയിലാണോ അതുതന്നെയാണ് 'ശക്തി'. 'ശക്തി' തന്നെയാണ് സർവചേതനയ്ക്കും ആധാരം." ഗുരു എന്നെ ഓർമ്മപ്പെടുത്തുകയായിരുന്നു "ശക്തി'യെ ആഗ്രഹിക്കൂ. ഓരോ കോശത്തിലും ഭാവനയിൽ 'ശക്തി'യെ വ്യാപിപ്പിക്കൂ. 'ശക്തി'യിൽ നിന്നും വ്യത്യസ്തനല്ല എന്ന അനുഭവത്തിൽ എത്തപ്പെടും."

ഗുരുവിന്റെ സാധനാതത്ത്വം എന്നിൽ ആഴത്തിൽ സ്വാധീനിക്കുന്നു. എന്റെ ചിന്തകളെ എന്റെയുള്ളിലെ ശക്തിസ്ഥാനത്ത് സ്ഥിരപ്പെടുത്താൻ എനിക്കു കഴിയുന്നു. പലതിൽ ചിന്തിച്ച എന്നെ ഒന്നിൽ കേന്ദ്രീകൃതമാക്കാൻ സാധനയ്ക്ക് കഴിഞ്ഞിരിക്കുന്നു. ഏതൊന്ന് അറിഞ്ഞാൽ ഇനി ഒന്നും അറിയാനില്ല എന്ന അവസ്ഥയിൽ എത്തപ്പെടുന്നുവോ അതാണ് 'യാഥാർത്ഥ്യമായ വിദ്യ'.

ഏതൊരു ശരീരരൂപന്റെ സന്നിധിയിൽ ആത്മീയദാഹം ശമിച്ച് സ്വയം

അറിയുന്നതിലേക്ക് ബുദ്ധിതിരിയുന്ന പ്രസ്തുത ശരീരരൂപനാണ് 'ആചാര്യൻ'.

സത്യത്തിലേക്കുള്ള മാർഗം ഏതുമാകട്ടെ തന്നിൽ വിശ്വാസം ജനിപ്പിച്ച മാർഗം. അതാണ് സ്വന്തം 'സാധനാരീതി'.

പ്രപഞ്ചം മുഴുവൻ വ്യാപിച്ചിരിക്കുന്ന മഹാശക്തി തന്നെയാണ് 'ഗുരു'.

ഗുരുവിന്റെ ആകർഷണീയമായ മിഴികളിലേക്ക് നോക്കിയപ്പോൾ സാധനയുടെ ലക്ഷണങ്ങളെല്ലാം സമ്മേളിച്ചിരിക്കുന്നതായി ഞാൻ കണ്ടു. അനുഭവിച്ചു.

## ഇരുപത്തിരണ്ട്

ഗുരു മൗനിയായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങൾ എന്നിലേക്ക് സംക്രമിക്കുന്നുണ്ടായിരുന്നു ഒരുപക്ഷേ ഞാൻ പോലുമറിയാതെ. സംശയങ്ങളുടെ വീർപ്പുമുട്ടലിലായിരുന്നു ഞാൻ. മഹാസാഗരത്തിലെ തുഴച്ചിൽക്കാരനെപ്പോലെ. എന്നാൽ കരയിലേക്കുള്ള ദിക്കേത് എന്നതു മാത്രം അറിയുന്നില്ല.

ഗുഹാമുറിയിൽ ഞാനും ഗുരുവും മാത്രം. എന്റെ ഇഷ്ടവും അതായിരുന്നു. ഗുഹാമുറിയുടെ പുറത്തുള്ള പടവുകൾ അവസാനിക്കുന്നത് ഗംഗയുടെ ആൾത്തിരക്കില്ലാത്ത ജലപ്പരപ്പിൽ. ഗംഗയിലെ ജലനിരപ്പിന്റെ നേരിയ വ്യതിയാനം പടവുകളിൽ നോക്കിയാൽ മനസ്സിലാകും. ഗംഗയിലെ വർധിച്ച ജലപ്രവാഹം പലപ്പോഴും പടവുകളെ വിഴുങ്ങുന്നതു കാണാം. ഞാൻ എന്തൊക്കെയോ ഗുരുവിനോട് സംസാരിച്ചു. മൗനം മാത്രമായിരുന്നു പ്രതികരണം.

ഗുരു നിർദ്ദേശിച്ച സാധനാസമ്പ്രദായങ്ങൾ ഗുരുവിന്റെ സാന്നിധ്യത്തിൽ പരിശീലിച്ചു. പരിവർത്തനങ്ങൾക്ക് ശരീരവും മനസ്സും വിധേയമാകുന്നതായി എനിക്കനുഭവപ്പെട്ടു. എന്റെ അനുഭവങ്ങൾ ഗുരുവുമായി പങ്കുവച്ചു.

സാധനയുടെ പുതിയ അർത്ഥതലങ്ങളിലൂടെ ഞങ്ങൾ യാത്രയാവുകയായിരുന്നു. മൗനിയായ ഗുരുവിന്റെ മുഖഭാഷ്യംപോലും എനിക്കറിയാനായി.

സ്വയം പറക്കാൻ വെമ്പൽ കൊള്ളുന്ന പറവക്കുഞ്ഞിന്റെ ചേതോവികാരം എന്നിൽ ഉണർന്നിരിക്കുന്നു. യാഥാർത്ഥ്യത്തിലുള്ള വിദ്യ ഒരിക്കൽ അറിഞ്ഞുകഴിഞ്ഞാൽ കൂടുതൽ അനുഭവിക്കാനുള്ള വേഗത കൂടും. ബാഹ്യപ്രകൃതി ശിക്ഷണത്തിനായി കളമൊരുക്കും. ബാഹ്യാന്തര പ്രകൃതിയുടെ ഒത്തുചേരലിനുള്ള ത്വരയായിരിക്കും പിന്നീടങ്ങോട്ട്...

ശരീരമനസ്സിന് തനതായ തീരുമാനങ്ങളോ അഭിപ്രായങ്ങളോ ഇല്ല, സൂക്ഷ്മമനസ്സിന്റെ പ്രതികരണമാണ് അതിന് അവലംബം. സൂക്ഷ്മമനസ്സ് ശക്തികേന്ദ്രത്തിൽനിന്നും ഉത്തരം കണ്ടെത്തും. ശരീര-സൂക്ഷ്മ-ശക്തിബന്ധം സചേതനമാകുമ്പോൾ 'ഉൾപ്രേരണ' എന്ന സംജ്ഞ അന്വർത്ഥമാക്കുന്ന തലം നമ്മിൽ സംജാതമാകും. എന്റെ ഉത്തരങ്ങൾ

ഉൾപ്രേരണയിൽ പൂർത്തീകരിക്കപ്പെടും. ഗുരുവിന്റെ മൗനം ഉൾപ്രേരണ എന്നിൽ സംജാതമാക്കാൻ കാരണമായി. നീന്തൽകല സ്വായത്തമാക്കാൻ പരിശീലകൻ നമ്മെ വെള്ളത്തിൽ ഉപേക്ഷിക്കുകതന്നെ വേണം.

കത്‌വാല പശുപതിക്ഷേത്രത്തിലെ തീർത്ഥാടകർ പലരും ഗുരുവിനെക്കുറിച്ച് അറിയാൻ തുടങ്ങി. 'മൗനിബാബ' എന്നവർ അദ്ദേഹത്തെ വിളിച്ചു. പക്ഷേ, അദ്ദേഹത്തെ പുറത്തുകാണാത്തവർ ഞാനാണ് മൗനിബാബ എന്നു കരുതി. പലരും ഗുഹാമുറിക്ക് പുറത്തുനിന്ന് ഗുരുവിനെ നമസ്കരിക്കുമെങ്കിലും പലപ്പോഴും അവർ നോക്കുന്നത് എന്നെയാണെന്ന് ഞാനറിഞ്ഞു. സിദ്ധനും മുൻകോപിയും ആണെന്ന് ആരൊക്കെയോ പറഞ്ഞു ധരിപ്പിച്ചിരുന്നു. അത് എനിക്കനുഗ്രഹമായി. ഗുഹാമുറിയുടെ പടിവാതിൽക്കൽ നിന്ന് ഏതെങ്കിലും കോണിൽ നോക്കി അവർ നമസ്കരിക്കും. ഗുരുവാണെന്നു കരുതി പ്രാർത്ഥനകളും അപേക്ഷകളും സമർപ്പിക്കും.

ഗുഹാമുറിക്കുള്ളിൽ ഞാൻ കൊളുത്തിവച്ച വിളക്കിന്റെ അരണ്ട പ്രകാശം മാത്രം പുറത്തു കാണാം. അതുപോലും ഗുരുവിന് വേണ്ടതായിരുന്നില്ല. എന്റെ മാത്രം ആവശ്യമായിരുന്നു. ഗുഹാമുറിയിലെ കൈയെഴുത്ത് ലിഖിതങ്ങൾ ഗുരുവിന് മാത്രം കേൾക്കാവുന്ന രീതിയിൽ ഞാൻ വായിച്ചു. അവ ഭാരതീയ സംസ്കാരത്തിന്റെ പൗരാണിക ശേഖരങ്ങളായിരുന്നു. ഗുരു ഉപദേശിച്ച സാധനാക്രമങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. പ്രകൃതി എനിക്കായി അതും എന്റെയരികിൽ കരുതിവെച്ചവയായിരുന്നുവോ?

ഗുഹാമുറിക്കു പുറത്ത് തീർത്ഥാടകരുടെ എണ്ണം കൂടി. മൗനിബാബയെക്കുറിച്ചുള്ള അദ്ഭുതപ്പെടുത്തുന്ന കഥകൾ പ്രചരിക്കാൻ തുടങ്ങി. പല സ്ഥലത്തും മൗനിബാബയെ കണ്ടു എന്ന് സാക്ഷ്യം പറയുന്നവരും അതിലുൾപ്പെടും. മൗനിബാബ ജന്മനാൽ മൂകനാണെന്ന് സമർത്ഥിച്ചവരുമുണ്ട്. അവരെ ഞാൻ പഴിച്ചില്ല. ഗുരുവിന്റെ ശബ്ദം അവരാരും കേൾക്കാത്തതിനാൽ അപ്രകാരം വിലയിരുത്താൻ അവർക്ക് അവകാശമുണ്ട്. ഗുരു എനിക്കുവേണ്ടി മാത്രമായിരുന്നു സംസാരിച്ചത്. അതെന്റെ സ്വകാര്യ അനുഭവം. ഊഹാപോഹങ്ങൾക്ക് ഞാൻ ചെവികൊടുത്തില്ല, അത് അവരുടെ ഇപ്പോഴത്തെ ശരി.

അക്ഷരങ്ങൾക്ക്, വാക്കുകൾക്ക്, ശബ്ദങ്ങൾക്ക് അപ്പുറമായിരുന്നു ഗുരുവിന്റെയും എന്റെയും അവസ്ഥ. കത്‌വാല പശുപതിക്ഷേത്രത്തിലെ മൗനിയായ ബാബയെ ലോകം അറിഞ്ഞുതുടങ്ങിയിരുന്നുവെങ്കിലും ഗുരു പ്രശസ്തി ആഗ്രഹിച്ചിരുന്നില്ല. ശബ്ദഭാഷ്യം മറന്നിരുന്നുവെങ്കിലും ആശയവിനിമയം സചേതനമായിരുന്നു എന്നതാണ് സത്യം.

## ഇരുപത്തിമൂന്ന്

**ആ**ന്തരിക, ബാഹ്യപ്രകൃതികളുടെ പൊരുത്തമില്ലായ്മയാണ് ജീവിത യാത്ര. എന്റെ യാത്ര അവസാനിച്ചതുപോലെ. എന്നിലെ ആന്തരിക പ്രകൃതിയും ഗുരുവിന്റെ സാന്നിധ്യമുള്ള ബാഹ്യപ്രകൃതിയും പൊരുത്ത പ്പെട്ടിരിക്കുന്നു. ലക്ഷ്യത്തിലെ നിത്യവിശ്രാന്തിയുടെ അനുഭവം.

ഗുരുസാന്നിധ്യം എന്റെ കൂടെ എപ്പോഴും ഉണ്ടാകണമെന്ന് ഇപ്പോഴും ഞാൻ ആഗ്രഹിക്കുന്നു. ഇതും ഒരു മോഹമല്ലേ? ഇതിൽ 'എന്റെ' എന്നൊരു തലമില്ലേ? ഈ ചിന്തകൾ എന്നെ അലട്ടി. 'ഉൾപ്രേരണ' സംശയനിവാരണത്തിനായി പല ഉപാധികൾ അവലംബിക്കും. ബാഹ്യ പ്രകൃതിയിലെ ഏതെങ്കിലും ചലനങ്ങളിലൂടെ, മഹത്വ്യക്തികളുടെ വചനങ്ങളിലൂടെ, ചിലപ്പോൾ സൗഹൃദസംഭാഷണത്തിലെ ഏതെങ്കിലും വാചകങ്ങളിൽ, അല്ലെങ്കിൽ മറിച്ചുനോക്കുന്ന ഗ്രന്ഥക്കെട്ടിലെ താളു കളിൽനിന്ന് ഇങ്ങനെ ഉപാധികൾ പലവിധം. നിരീക്ഷകന്റെ വിശകലന പാടവമാണ് നമ്മൾ വളർത്തേണ്ടത്. ഗുരുസ്മരണയോടെ ഗ്രന്ഥക്കെട്ടിലെ ഒരു താള് ഞാൻ എടുത്തു വായിച്ചു.

"മോഹത്തിൽ നിന്നാണ് മനസ്സ് ഉണ്ടാകുന്നത്. അസ്ഥിരതയാണ് മനസ്സിന്റെ സ്വഭാവം. മനസ്സിന്റെ അസ്തിത്വം മോഹം തന്നെ. അതിന്റെ സന്തതികളാണ് ഇന്ദ്രിയങ്ങൾ. ശരീരത്തെയും മനസ്സിനെയും ഇന്ദ്രിയ ത്തെയും ഏകാഗ്രമാക്കി പുറംലോകവുമായുള്ള ബന്ധം വേറിട്ട നിലയിലാക്കൂ. ഏകാഗ്രതയുടെ സംസ്കാരരൂപമായ ആന്തരികശക്തിയെ പുറത്തേക്ക് പ്രവഹിക്കാൻ സജ്ജമാക്കൂ. ബാഹ്യപ്രകൃതി സ്വയം നിയ ന്ത്രണത്തിൽ എത്തപ്പെടും." ഈ വരികൾ ഞാൻ വായിച്ചു. ഇത്രയും കാലം സാധനയിൽ മനോനിഗ്രഹത്തിനായി ഞാൻ ശ്രമിച്ചു എന്ന വിശ്വാസം തെറ്റാണെന്ന് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുന്നു. ഗുരുവിന്റെ സാമീപ്യം ഇപ്പോഴും ആഗ്രഹിക്കുന്നതിലൂടെ മനസ്സിന്റെ സാന്നിധ്യം സ്പഷ്ടമാകുന്നു. വിദ്യ കരസ്ഥമാക്കിയാൽ ഗ്രന്ഥം ഉപേക്ഷിക്കണം. പിച്ചവയ്ക്കാൻ പിടിച്ച കരങ്ങൾ അന്യമായാലേ സ്വയം നടക്കാൻ പഠിക്കൂ. ഗുരുവിൽനിന്നും ഞാൻ അന്യമാകേണ്ട സമയമായി."

പുതിയ ചിന്തകൾ, വികാരങ്ങൾ എന്നിൽ ജനിച്ചു. ഗുരുവിൽ മാത്രം ഒതുങ്ങിനിന്ന ഞാൻ ഏകനാകാൻ തുടങ്ങിയിരിക്കുന്നു. ഞാൻ ഗുരുവിനെ

പൂർണമായി സ്വതന്ത്രനാക്കി.

ഗുരു പൂർണമായി ഉള്ളതായ ഏകസത്യത്തിൽ ലയിച്ചിരിക്കുന്നു. ഇപ്പോൾ ഞങ്ങൾ പരസ്പരം ശ്രദ്ധിക്കാതായി. ഞാനും പലപ്പോഴും ജഡ സങ്കൽപ്പത്തെ അറിയുന്നു, എന്റെ ഈ അവസ്ഥയെ ചൂണ്ടിക്കാണിച്ചു തരാൻ ആരുമില്ല. സാഹചര്യതെളിവുകൾ മാത്രമായിരുന്നു അളവുകോൽ. വിളക്കിൽ എണ്ണ നിറച്ച് ജ്വലിപ്പിച്ചിട്ടാണ് ഞാൻ പലപ്പോഴും സാധന ആരം ഭിക്കുന്നത്. സാധനയിൽ നിന്നും ഞാൻ ഉണരുമ്പോൾ എണ്ണ തീർന്ന് ദീപം അണഞ്ഞിട്ടുണ്ടാകും.

വിസ്മൃതിയുടെ കാലത്തിലൂടെ ഞാൻ കടന്നുപോയി. ഞാൻ ഗുരു വിനെ അറിയുന്നില്ല, ഗുരു എന്നെ അറിയുന്നുണ്ടായിരിക്കാം. ഗുഹാ മുറിക്ക് വെളിയിൽ ഭക്തജനതിരക്ക് കൂടിവരുന്നത് ഞാൻ അറിയുന്നു. ജഡബോധമില്ലാതെ ഗുരു സ്ഥിരപ്രതിഷ്ഠനായിട്ട് ദിവസങ്ങളായി. ഗുരു വിന്റെ ഈ അവസ്ഥ എന്നെ അദ്ഭുതപ്പെടുത്തി, അതിലുപരി ഭയ പ്പെടുത്തി. ഗുരുവിന് എന്തു സംഭവിച്ചു എന്നറിയാൻ ഉണർത്തിയാലോ എന്ന് ഞാൻ ചിന്തിച്ചു, അതിനായി മുതിരുകയും ചെയ്തു. പക്ഷേ, എന്റെ ഉൾപ്രേരണ ശക്തമായി താക്കീതു കല്പിച്ചു. ശരീരബോധം ഗുരുവിന് പൂർണമായി നഷ്ടപ്പെട്ടിരിക്കുന്നു. ദീർഘനേരത്തിനിടയിൽ എപ്പോഴോ സംഭവിക്കുന്ന നെഞ്ചിലെ ചെറുചലനത്തിൽനിന്നാണ് ജീവൻ നിലനിൽക്കുന്നുണ്ട് എന്ന് ബോധിപ്പിച്ചത്.

എവിടെയൊക്കെയോ കാലവർഷം രൗദ്രത പ്രാപിച്ചിരിക്കുന്നു. അതിന്റെ പ്രതിധ്വനി ഗംഗയിൽ പ്രകടമായി. മിന്നൽ വെളിച്ചം ഗുഹാ മുറിക്കുള്ളിലും പ്രകടമായിക്കൊണ്ടിരുന്നു. ഗംഗയിൽ ജലപ്രവാഹം വർധി ച്ചിരിക്കുന്നു. ഗുഹാമുറിയുടെ പടവുകളിൽ ജലം അതിക്രമിച്ചിരിക്കുന്നു. ഗുഹാമുറിയിലേക്കുള്ള ജലപ്രവാഹത്തിന്റെ കടന്നുകയറ്റം ഞാൻ ഭയ പ്പെട്ടില്ല. ആദിദൈവികദോഷം. അത് തടുക്കാൻ ആർക്കു കഴിയും?

കാലവർഷക്കെടുതി അതിന്റെ മൂർധന്യതയിലാണ് എന്ന് ഗംഗയുടെ ജലപ്രവാഹം സാക്ഷ്യപ്പെടുത്തുന്നു. പുറംലോകവുമായുള്ള എന്റെ ബന്ധം ഏതാണ്ട് അന്യമായിരിക്കുന്നു. ഞാൻ വിദൂരതയിലേക്ക് നോക്കി. ഭൂമിയെ ശുദ്ധീകരിച്ച് ഗംഗ ഒഴുകുന്നു. പരിധിയില്ലാത്ത ജലപ്രവാഹ ത്തിന്റെ ഇരമ്പൽ ഗുഹാമുറിയിൽ പ്രതിബിംബിക്കുന്നു. ചുഴികൾ ജലോ പരിതലത്തിൽ കറുത്തു കാണിക്കുന്നു. സർവതിനെയും ആവാഹി ക്കാനുള്ള വെമ്പൽ അതിൽ ദൃശ്യമായിരുന്നു. കാലഗതിക്ക് പാകമായ മരങ്ങൾ ഗംഗ പിഴുതെടുത്തു. ജലോപരിതലത്തിൽ ദ്വീപുകൾ ഒഴുകുന്ന പ്രതീതി ജനിപ്പിച്ച് വന്മരങ്ങൾ ഒഴുകി അകലുന്നു. പ്രകൃതിയുടെ താണ്ഡവം ഇന്നോളം ഞാൻ കണ്ടതിൽ നിന്നും ഭയാനകമായിരുന്നു.

ഞാൻ ഗുരുവിനെ നോക്കി. സ്പന്ദനമുണ്ട് എന്ന തോന്നൽ ജനിപ്പിച്ചു

കൊണ്ട് അദ്ദേഹം അഖണ്ഡബോധരൂപമായ ശക്തിയിൽ തുടരുന്നു. ആ മുഖത്തിന്റെ പ്രസരിപ്പ് എന്നിൽ ആവേശം ജനിപ്പിച്ചു. പ്രപഞ്ചശക്തി മുഴുവനും ആ മുഖത്ത് കേന്ദ്രീകരിക്കപ്പെട്ടതുപോലെ. രണ്ട് ശ്വാസങ്ങൾ തമ്മിലുള്ള ദൈർഘ്യം വളരെ കൂടുന്നതായി ഞാൻ കണ്ടു. ഗുരുവിന് ചുറ്റും മാസ്മരികശക്തി ഘനീഭവിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. വല്ലാത്ത തണുപ്പ് എന്നെയും വലയം ചെയ്തു. ഒരു ശ്രമവും കൂടാതെ ഞാൻ ധ്യാനത്തിന്റെ നിഗൂഢതയിൽ വീഴുന്നത് അറിയുന്നു.

ഗംഗയുടെ ജലനിരപ്പ് ഉയരുകയാണ്. ഗുഹാമുറിയുടെ പടവുകളിൽ മേൽതട്ടോളം അത് ഉയർന്നിരിക്കുന്നു. ഞാനും ഗുരുവും ഗുഹാമുറിയിൽ ഒറ്റപ്പെട്ടിരിക്കുന്നു. ഗംഗ ഞങ്ങളെ ഏതുനിമിഷവും ഏറ്റെടുക്കും. ഞാൻ കൂടുതൽ സന്തോഷവാനായി. ഗുരുവിന്റെ അരുകിൽ ജീവന്റെ സുരക്ഷിതത്വം ഞാൻ ആഗ്രഹിച്ചിരുന്നില്ല. ഗുരുവിനോടൊപ്പം ലയം പ്രാപിക്കാം. അസുലഭ ലഭ്യത, എന്റെ സാധനയുടെ പരമപുണ്യം ആഗതമായിരിക്കുന്നു. ഗംഗ ഞങ്ങളെ സ്വയം ഏറ്റെടുക്കും. പലരും ഗുഹാമുറിയിലെ അപകടാവസ്ഥ എന്നെ ബോധിപ്പിക്കാൻ ശ്രമിച്ചു. സ്നേഹത്തിന്റെ ഭാഷയിൽ അവർ ബഹളമുണ്ടാക്കി. അവരുടെ ശബ്ദം ഗുഹാമുറിക്കുള്ളിൽ എനിക്കു കേൾക്കാം. ഗംഗയുടെ പരിധി ഗുഹാമുറിയിൽ വ്യാപിക്കുന്നതിനുമുമ്പ് പുറത്തുവരാൻ അവർ നിർബന്ധിച്ചു. ആത്മഹത്യാപരമായ പ്രവൃത്തിയെന്ന് പലരും ശഠിച്ചു. ഇവിടെ ഗുരുവിനോടൊപ്പം നിയോഗത്താൽ ഈ പവിത്രഗംഗയിൽ എനിക്കും പങ്കാളിയാകാം. അതിൽപരം ഭാഗ്യം മറ്റെന്താണ്?

ഗംഗയിൽ ഒഴുക്കിയ ആരതിദീപങ്ങൾ ഗുഹാമുറിക്കുള്ളിൽ ഒഴുകിയെത്തി. ഗംഗയുടെ ഒഴുക്ക് ഗുഹാമുറിക്കുള്ളിലേക്കാണ് എന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. ഗുഹാമുറി ദീപപ്രഭയിൽ പ്രകാശപൂരിതമായി. എന്റെ സാധനക്രമം പൂർണമായി നിലച്ചിരിക്കുന്നു. എന്റെ ജ്ഞാനവും അജ്ഞാനവും എവിടെ പോയിമറഞ്ഞു എന്നെനിക്കറിയില്ല. ഗംഗാനദി കടലായി രൂപം പ്രാപിച്ചിരിക്കുന്നു. തിരമാലയില്ലാത്ത കടൽ. വിദൂരതയിൽ ഞാൻ ഗംഗാതലത്തെ വീക്ഷിച്ചു. അങ്ങേതലയ്ക്കലെ മറുകര കാണാനില്ല. ഒരു പ്രളയം പലതിനെയും മറച്ചു. പുതിയ പ്രകൃതിയെ കാണിച്ചുതരുന്നു. എന്തിനോവേണ്ടിയുള്ള പ്രകൃതിയുടെ തയ്യാറെടുപ്പ് എന്ന് ഞാൻ അനുമാനിച്ചു. നിയോഗം പൂർത്തിയാകുവോളം അത് തുടരും.

ഗുരു ഇപ്പോഴും അന്തർരാമിയായി തന്നെ നിലകൊള്ളുന്നു. ആരതിദീപങ്ങളെ വെല്ലുന്ന ചൈതന്യം ആ മുഖത്ത് തുടിച്ചുനിൽക്കുന്നു. നശ്വരമായ ശരീരത്തിൽ അകപ്പെട്ട ജീവാത്മാവിന്റെ വെപ്രാളം ഞാനും അനുഭവിക്കുന്നു. ഗുരുവും ഞാനും ഒന്നാണെന്ന് ശ്വാസഗതിക്കു ശേഷമുള്ള നിശ്ശബ്ദത സ്പഷ്ടമാക്കുന്നു. ഗംഗയുടെ ഓളങ്ങളുടെ സൂക്ഷ്മശബ്ദം ഇപ്പോൾ എനിക്ക് കേൾക്കാം. "സർവപ്രപഞ്ചങ്ങൾക്കും ആദികാരണവും

ആദിമധ്യാന്തമില്ലാത്തതും അദ്വൈതവും നിത്യവും ശുദ്ധവും ദേശം, കാലം, മതം ഇവകളിൽപെടാത്തതും അഖണ്ഡവുമായ ചിത്ശക്തിയാണ് ആ പരമപദം" ഗംഗാനദി താളാത്മകമായി ഈ പരമസത്യം ഉദ്ബോധിപ്പിക്കുന്നു. താളാർത്ഥം ഗ്രഹിച്ചവർ ഗംഗാനദിക്ക് 'പവിത്രഗംഗ' എന്ന പദവി നൽകി. ഗംഗയിൽ ചേരുന്ന ഓരോ ജലകണികയും ഈ താളാത്മക സംഗീതം ഏറ്റുപാടി പവിത്രത കൈവരിക്കുന്നു.

ഗംഗാനദി എന്നെയും തഴുകി തുടങ്ങിയിരിക്കുന്നു. പതിവില്ലാത്ത ലാളന ആ തലോടലിൽ ഞാൻ അനുഭവിച്ചു. ശക്തിയിലേക്കുള്ള ലീനാവസ്ഥ അതിൽനിന്നും ബഹിർഗമിക്കുന്ന ചൈതന്യം അന്തരീക്ഷത്തിൽ ഘനീഭവിക്കുന്നു. വിറങ്ങലിക്കുന്ന തണുപ്പ് എന്നിൽ അദ്ഭുതമുളവാക്കി. എന്നാൽ ആ തണുപ്പ് എനിക്ക് വിരുദ്ധമായി തോന്നിയില്ല. എന്തോ അനുഭൂതി ചൊരിയുന്നതായി അനുഭവപ്പെട്ടു. ഈ അവസ്ഥ എന്നും നിലനിൽക്കണേ എന്ന് ആഗ്രഹിക്കുന്നതായി ഞാൻ അറിയുന്നു. എന്റെ അനുഭവത്തിന്റെ മാസ്മരികത വിവരണാതീതം, എന്റെ ശരീരം അതിനായി വല്ലാതെ ആഗ്രഹിക്കുന്നു എന്നു മാത്രം പറയാനേ കഴിയൂ.

പ്രപഞ്ചശക്തിയുമായുള്ള ലയനം ഏത് നിമിഷവും സംഭവിക്കും എന്ന് ഞാൻ അറിയുന്നു. അത് എപ്പോൾ സംഭവിക്കും എന്നെനിക്കറിയില്ല. തുടക്കം എങ്ങനെ ആയിരിക്കും എന്നും എനിക്കറിയില്ല. പ്രപഞ്ചശക്തിയുടെ കുറിമാനം അനുവദിക്കാത്തിടത്തോളം തിരിച്ചറിയാൻ ഇപ്പോഴും ഞാൻ അശക്തൻ. വിശകലനത്തിനു ഞാൻ മുതിരുന്നില്ല. അതിനു കഴിയുകയുമില്ല. അനുഭൂതിയുടെ ഈ സ്വർഗീയാവസ്ഥയിൽ എന്റെ പ്രകൃതി മാറിയിരിക്കും.

# നിയോഗം

**നി**യോഗം പോലെ ആചാര്യന്റെ ആത്മകഥ സമർപ്പിച്ചിരിക്കുന്നു. തെയ്യത്തിന്റെ നാട്ടിലുള്ള ആശ്രമാന്തരീക്ഷത്തിൽ ഞാൻ കണ്ടുമുട്ടിയ ബംഗാളി വൃദ്ധസന്ന്യാസിയെ നന്ദിപുരസ്സരം സ്മരിക്കുന്നു. അദ്ദേഹം എന്നിൽ നിക്ഷേപിച്ച ഗരിയ ഗ്രാമത്തിലെ 'അമീൻ' എന്ന സത്യാന്വേഷി യുടെ കഥാബീജം യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുത്താവുന്ന കഥാപശ്ചാത്തലമായി എന്നിലൂടെ പരിണമിച്ചതിൽ ഇന്നെനിക്കത്ഭുത മില്ല. പ്രായത്തിന്റെ യൗവ്വനാവസ്ഥയിൽ ആൽമരച്ചുവട്ടിൽ കണ്ട ആ മഹത്വ്യക്തി എന്റെ ആചാര്യനാണെന്ന് വൃദ്ധസന്ന്യാസി, എന്നെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു. കാലത്തിന്റെ നിയോഗം പോലെ ഞാനും, ആചാര്യന്റെ ആത്മകഥയുടെ ഭാഗമായി. ബോധിരമനിൽ ഈ ലിഖിതങ്ങൾ എത്തപ്പെടട്ടെ അല്ലെങ്കിൽ ബോധിരമന്മാർ ഉണ്ടാകട്ടെ.

ഇപ്പോൾ ഞാൻ സ്വസ്ഥചിത്തൻ, മാനസിക പിരിമുറുക്കമില്ല, മറ്റൊരു ശക്തിയുടെയും സന്നിവേശം അനുഭവിക്കുന്നില്ല. ഞാൻ ചിന്തിക്കുന്നത് എഴുതാൻ കഴിയുന്നുണ്ട്. ആത്മകഥാ രചനാ വേളയിലെ ധൃതിയും വാക്ധാരണിയും എന്നെ ഇപ്പോൾ അത്ഭുതപ്പെടുത്തുന്നു. പ്രസ്തുത ഘട്ടത്തിൽ അടുത്ത വാചകം എന്തായിരിക്കണം എന്ന ചിന്തയുണ്ടായി രുന്നില്ല, അടുത്ത വാചകം എന്തായിരിക്കും എന്ന ജിജ്ഞാസയാണ് എന്നിൽ ത്രസിച്ച് നിന്നത്. എന്നിൽ ബോധിരമനെ വീക്ഷിക്കാൻ ശ്രമി ച്ചു. ബിന്ദുവിൽ ആരംഭിച്ച് അതിൽതന്നെ അവസാനിക്കുന്ന എന്റെ സാധനാ സമ്പ്രദായത്തിൽ ശക്തിസാധന പൊരുത്തപ്പെടുന്നത് കണ്ടു. ബിന്ദു പ്രപഞ്ചശക്തിയായി വളരുന്നതും എന്നിലെ ആത്മശക്തിയായി ചുരുങ്ങുന്നതും ഏകം എന്ന തത്ത്വത്തെ ഉദ്ബോധിപ്പിക്കുന്നു. ബിന്ദു വിൽ അവസാനിച്ചുവെന്നു തോന്നിച്ച് അവസാനിക്കാതെ പടരുന്ന ശക്തി ഏകം തന്നെയാണ്. ശക്തികേന്ദ്രീകൃത ബിന്ദു ഒഴിച്ചുകൂടാൻ കഴിയാത്ത കാല്പനികത എന്ന് തിരിച്ചറിഞ്ഞു.

ബൈബിളിൽ മത്തായിയുടെ സുവിശേഷത്തിൽ "നീ നിന്റെ ഭവന

ത്തിലെ വാതിലുകൾ അടച്ച് ഉള്ളിലെ ദൈവത്തോട് പ്രാർത്ഥിക്കുക" എന്ന സുവിശേഷത്തിന്റെ വ്യാഖ്യാനം ബാഹ്യേന്ദ്രിയങ്ങളെ ബന്ധിപ്പിച്ച് അല്ലെങ്കിൽ വരുതിയിൽ വരുത്തി ഉള്ളിൽ നിലകൊള്ളുന്ന ആത്മ ശക്തിയെ ഉദ്ദീപിപ്പിക്കുക എന്ന തലത്തിൽ അറിയാൻ കഴിഞ്ഞു.

യെശയ്യായുടെ വചനത്തിൽ "മൂക്കിലൂടെ ശ്വസിക്കുന്ന പരമമായ അവസ്ഥയെ പ്രസ്താവിക്കുന്നു. ധ്യാനത്തിന്റെ, പ്രാർത്ഥനയുടെ, ഭക്തി യുടെ മൂർദ്ധന്യതയിൽ ബാഹ്യശ്വാസം സ്വയം നിശ്ചലമാകും. അന്തർ പ്രാണായാമം അവനറിയാതെ സംഭവിക്കും." അനുഭവത്തിന്റെ വെളിച്ച ത്തിൽ യെശയ്യാ ഈ പരമതത്ത്വം പറഞ്ഞു ധരിപ്പിക്കുന്നു. മത്തായി യുടെ സുവിശേഷവും യെശയ്യായുടെ വചനവും കൂട്ടിവായിക്കാനാണ് എനിക്കിഷ്ടം. മത്തായിയുടെ സുവിശേഷം ധ്യാനത്തിന്റെ കാലാവസ്ഥ സൃഷ്ടിക്കുന്നു. യെശയ്യായുടെ വചനം അത് അനുഭവത്തിൽ വരുത്തുന്നു.

ഏക ദൈവവിശ്വാസത്തെ അടിവരയിട്ടു പറയുന്ന വിശുദ്ധ ഖുർ-ആൻ വചനങ്ങളും ഇതിൽനിന്നും വ്യത്യസ്തമല്ല ചന്ദ്രാവസ്ഥയിലെ റംസാൻ പിറ കൂട്ടിയോജിപ്പിക്കാവുന്ന 'ഏകം' എന്ന തത്ത്വത്തിലേക്ക് നയിക്കുന്നു. താന്ത്രികസാധനാ സമ്പ്രദായത്തിലെ ഗൂഢപ്രതീകങ്ങളായി ചന്ദ്രൻ എന്നതിന്റെ പതിനാറ് കലകളും ഒളിഞ്ഞു കിടക്കുന്നു.

ആചാര്യന്റെ ആത്മകഥ അവ്യക്തമാണെന്ന് പലപ്പോഴും മനസ്സ് മന്ത്രി ച്ചു. അതിൽ എനിക്ക് കൂട്ടിച്ചേർക്കാൻ എന്തോ ഉണ്ട്, എന്ന ചിന്ത പല പ്പോഴായി ഉണർന്നു. ആചാര്യൻ നിർത്തിവെച്ച അവ്യക്തതയെ വ്യക്ത മാക്കേണ്ട ഉത്തരവാദിത്ത്വം എന്നിൽ അധിഷ്ഠിതമാണെന്നെനിക്കറിയാം. ആചാര്യന്റെ ലിഖിതങ്ങളിലെ കഥയും കഥാപാത്രങ്ങളും കഥാപശ്ചാ ത്തലവുമായി ഞാൻ ദിനങ്ങൾ കഴിച്ചുകൂട്ടി.

അനേകം സന്തതികളെ സ്വപ്നം കണ്ട ഗരിയ ഗ്രാമത്തിൽ ജബ്ര ഝോപടിയിലെ സുബോധ മലാകർ എന്ന പ്രപഞ്ചമാതാവിന്റെ സന്തതി ഞാൻ എന്നുറപ്പിച്ചു. പിന്നങ്ങോട്ട് ആചാര്യനോടും ആചാര്യന്റെ ആത്മീയ ഗുരുവിനോടും ഗുഹാമുറിയോടും ബീബിമാതായോടും സുബോധ മലാകറിനോടും അടങ്ങാത്ത ആവേശമായിരുന്നു. ആചാര്യൻ പറഞ്ഞതു പോലെ വിധി അതിന്റെ മാർഗത്തിലാണെങ്കിൽ നമ്മൾ നടന്നടുക്കുക തന്നെ ചെയ്യും.

ഔദ്യോഗിക ആവശ്യത്തിനായി നാഗ്പൂരിൽ എന്നെ നിയോഗിക്കു മ്പോൾ അതിനുള്ള സാധ്യത ഞാൻ കണ്ടില്ല. പക്ഷേ, ആ നിയോഗം എന്നിലാണ് എത്തിപ്പെട്ടത്. ആചാര്യന്റെ ചരിത്രകഥയിലെ അവസാന താൾ എഴുതിക്കഴിഞ്ഞ് ഏതാനും ദിവസത്തിനുള്ളിൽ ലഭ്യമായ ഈ യാത്രയിൽ ഒരു നിയോഗം കാണാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് എന്റെ സഹയാത്രികൻ എന്റെ മനസ്സ് വായിച്ചതുപോലെ പ്രതികരിച്ചു. "നാഗ്പൂർ വരെ പോകുന്ന നമുക്ക്

വാരണാസിയിൽകൂടി പോയാലെന്താ? ഗംഗയിൽ കുളിച്ച് കാശിനാഥ നെയും കാണാം.” സത്യത്തിൽ സ്തംഭിച്ചു നിന്ന നിമിഷം. ആചാര്യന്റെ ലിഖിതങ്ങൾക്ക് വിധികല്പിച്ച ദിവസം, എനിക്കായി വാരണാസിയിൽ എന്തോ കരുതിവെച്ചിരിക്കുന്നു. അതിനായി എന്നെ കൊണ്ടുപോകുന്നു. നാളിതുവരെ വാരണാസി ആചാര്യന്റെ ലിഖിതങ്ങളിലെ സങ്കല്പങ്ങളും വായിച്ചറിഞ്ഞ അറിവുകളും മാത്രമായിരുന്നു. പിന്നെ എനിക്ക് ആവേശ മായിരുന്നു. തടസ്സങ്ങൾ ഒഴിഞ്ഞുള്ള യാത്ര, എന്റെ ജീവിതയാത്രയിൽ ഇത്രയും തടസ്സരഹിതമായ ഒരവസ്ഥ അനുഭവിച്ചിട്ടില്ല. എല്ലാം മുൻവിധി പോലെ ആരോ തയ്യാറാക്കിയ പ്രകാരം സംഭവിക്കുന്നു എന്ന് ഞാനും സഹയാത്രികനും ഒരേ സ്വരത്തിൽ പലവട്ടം പറഞ്ഞുപോയി.

ആരതിയിൽ സൗന്ദര്യം തുടിച്ചുനിൽക്കുന്ന ഗംഗയാണ് ഞങ്ങളെ ആദ്യം വരവേറ്റത്. മണികർണികാഘട്ടിലെ കാഴ്ചകൾ ശാസ്ത്രത്തിനും ആത്മീയതലത്തിലും പുതിയ ചോദ്യങ്ങൾ ഇട്ടുതന്നു. വാരണാസി അതിന്റെ തനതു സംസ്കാരത്തിൽ ഞങ്ങൾക്ക് ആസ്വദിക്കാൻ കഴിഞ്ഞു. എന്റെ മനസ്സ് കത്‌വാല പശുപതി ക്ഷേത്രത്തിൽ എത്താൻ വെമ്പൽ കൊണ്ടു. എന്റെ നിയോഗം അവിടേക്കാണ്. കത്‌വാല പശുപതി ക്ഷേത്ര ത്തിലെ ഗുഹാമുറിയും ആചാര്യനും ആചാര്യന്റെ ആത്മീയഗുരുവും എന്റെ കാല്പനികത മാത്രമാണോ എന്നറിയാൻ മനസ്സ് സ്പന്ദിക്കുന്നത് എനിക്ക് അനുഭവിക്കാൻ കഴിയുന്നു. കത്‌വാല പശുപതി ക്ഷേത്രത്തിൽ ഞങ്ങൾ പ്രവേശിച്ചതും ആചാരവിശേഷംപോലെ മണികൾ മുഴങ്ങി. നേപ്പാൾ വാസ്തുകലയുടെ തനതു സ്വരൂപത്തിൽ നിർമ്മിക്കപ്പെട്ട പശു പതിക്ഷേത്രം. ഗംഗാജലപ്രവാഹത്തിന്റെ നേർമുകളിൽ നിർമ്മിക്കപ്പെട്ടി രിക്കുന്നു. ക്ഷേത്രദർശനം കഴിഞ്ഞ് ഗുഹാമുറിക്കായി ഞാൻ പരതി. ക്ഷേത്രത്തിൽ രണ്ട് സമുച്ചയം അല്ലാതെ മറ്റൊന്നും എനിക്കു കാണാൻ കഴിഞ്ഞില്ല. ഗംഗയെ വീക്ഷിച്ച് നിരാശനായി നിൽക്കാനേ എനിക്കു കഴി ഞ്ഞുള്ളൂ. ശക്തിസാധനയും നിയോഗവും എല്ലാം ഒരു നിമിഷംകൊണ്ട് ഞാൻ തിരസ്കരിച്ചു. എന്നിലെ മ്ലാനത സുഹൃത്തും ശ്രദ്ധിക്കാതിരുന്നില്ല. ആചാര്യനെക്കുറിച്ചും ആചാര്യന്റെ ലിഖിതങ്ങളെ കുറിച്ചും സുഹൃത്തി നോട് പറയാത്തത് ഭാഗ്യമായിരുന്നു എന്ന് അപ്പോൾ തോന്നി. അല്ലെ ങ്കിൽ സുഹൃത്തിന്റെ പരിഹാസത്തിന് ഞാൻ പാത്രീഭവിച്ചേനെ. പക്ഷേ, ക്ഷേത്രത്തിലെ ശാന്തതയും ധ്യാനാന്തരീക്ഷവും എന്നെ വളരെ ആകർഷിച്ചു. ഗംഗയെ ചുംബിച്ചുനിൽക്കുന്ന വന്മരം എന്നിൽ അദ്ഭുതം ജനിപ്പിച്ചു. ആ വന്മരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ വെറുതെ സങ്കല്പിച്ചു. ഇവിടെ ഇരുന്നാണല്ലോ ആചാര്യൻ ശക്തിസാധയുടെ പരമ ജ്ഞാനം തന്റെ ആത്മീയഗുരുവിൽനിന്നും നേടിയത്. ലിഖിതങ്ങൾ വെറും കഥകളായിരിക്കാം, എന്നാലും പശ്ചാത്തലം ഇതാണല്ലോ.

ആ വന്മരച്ചുവട്ടിലിരുന്നാൽ ഗംഗയുടെ അനന്തവിസ്തൃതി കാണാം.

സന്ധ്യയുടെ മനോഹാരിതയിൽ വെളിച്ചം നൽകി ഭക്തർ ഒഴുക്കിവിടുന്ന ആരതി ഒഴുകിവരുന്നത് വളരെ മനോഹരമായി തോന്നി. ചിലത് ലക്ഷ്യ ത്തിൽ എത്തുംമുമ്പ് കെട്ടണഞ്ഞു, ചിലത് വർദ്ധിച്ച ശോഭയിൽ അനന്ത തയിലേക്ക് ഒഴുകി. ആചാര്യന്റെ ലിഖിതങ്ങളിലെ ഗംഗാവർണ്ണന ഓരോന്നും ഓർത്തു. എല്ലാം പൊരുത്തപ്പെടുന്നു, പക്ഷേ, ഗുഹാമുറി കണ്ടെത്താൻ കഴിയുന്നില്ല.

കത്വാല പശുപതി ക്ഷേത്രത്തിന്റെ പടിവാതിലിൽ നിന്നും പുറത്ത് ഇറങ്ങുമ്പോൾ എന്റെ യാത്രാലക്ഷ്യം നിരാശയിൽ അസ്തമിച്ചിരുന്നു. ഇത്രയുംകാലം ഞാൻ കാത്തുസൂക്ഷിച്ച വിധിപകർപ്പ് വെറും കാല്പ നികസൃഷ്ടി മാത്രമായിരുന്നുവെന്ന് മനസ്സിൽ പരിതപിച്ചു. പശുപതി ക്ഷേത്രത്തിലെ പുറത്തുള്ള ഇടവഴി അവസാനിക്കുന്നത് ലളിതാഘട്ടിൽ. ഗംഗസ്നാനം കഴിഞ്ഞ് ലളിതാഘട്ടിൽ ഇരിക്കുമ്പോൾ ആചാര്യൻ ഇവിടെ വച്ച് പരമഗുരുവിനെ കണ്ട രംഗങ്ങൾ അയവിറക്കി.

"നാളെയും പശുപതിക്ഷേത്രത്തിൽ വരണം, അവിടത്തെ ശാന്തത എന്നെ വളരെ ആകർഷിക്കുന്നു' എന്റെ സുഹൃത്തിന്റെ ശബ്ദം കേട്ട് ഞാൻ പരിസരബോധത്തിൽ എത്തി. എത്രയോ നേരമായി ഞാൻ മറ്റെ വിടെയോ ആയിരുന്നുവെന്ന് സുഹൃത്ത് എന്നെ ഓർമ്മിപ്പിച്ചു. എന്റെ മോഹഭംഗത്തിന്റെ ഉറവിടമായ കത്വാല പശുപതിക്ഷേത്രത്തിൽ വീണ്ടും വരേണ്ടതില്ല എന്ന് സുഹൃത്തിനോട് പ്രതികരിക്കണമെന്ന് എനിക്കു തോന്നി. പക്ഷേ, ലളിതാഘട്ടിലെ ഗംഗയുടെ ശാന്തത എന്നെയും ശാന്ത നാക്കി. എന്റെ മനസ്സ് വീണ്ടും മന്ത്രിച്ചു. "ഇവിടെയാണല്ലോ എന്റെ ആചാര്യൻ ആത്മീയഗുരുവിനെ ദർശിച്ചത്." വീണ്ടും ഞാൻ വിശകലനം ചെയ്തു. എല്ലാം പൊരുത്തപ്പെടുന്നു, പിന്നെ എന്താണ് പിഴച്ചത്? എല്ലാം മനസ്സിലൊതുക്കി. കഥയോ, കാല്പനികതയോ എന്തുമാകട്ടെ അദ്ദേഹം തന്നെയാണ് എന്റെ ആചാര്യൻ. ഇത്രയും കാലം ഞാൻ ജീവിച്ചതും അതിനുള്ള ഓജസ്സും ആത്മബലം നൽകിയതും അദ്ദേഹം തന്നെ, ഇനിയും അങ്ങനെതന്നെയായിരിക്കും.

വാരണാസിയിലെ ഓരോ ആത്മീയകേന്ദ്രത്തിലും ഞങ്ങൾ അലഞ്ഞു ഒരു ഭിക്ഷാംദേഹിയെപോലെ. ആചാര്യൻ പറഞ്ഞതുപോലെ ആത്മീയ തയുടെ വ്യാപാരവും ആത്മീയതയുടെ അനുഭൂതിയും അറിഞ്ഞു. വാരണാസിയിലെ വഴികാട്ടിയായി ആചാര്യൻ കൂടെ ഉണ്ട് എന്ന് ഓർമ്മി പ്പിക്കുന്ന പല അനുഭവങ്ങളും ഉണ്ടായി. ആചാര്യൻ പറയുന്നതുപോലെ, അത് എന്റെ സ്വകാര്യരഹസ്യമായി എന്നിൽ ഒതുങ്ങട്ടെ. പിറ്റേദിവസം സുഹൃത്തിന്റെ ഇംഗിതത്തിന് വഴങ്ങി കത്വാല ക്ഷേത്രത്തിൽ ഒരിക്കൽകൂടി ദർശിച്ച് വാരണാസി തീർത്ഥാടനം അവസാനിപ്പിക്കാം എന്നു തീരുമാനിച്ചു.

വീണ്ടും കത്വാല പശുപതിക്ഷേത്രത്തിലേക്കുള്ള യാത്ര. ശരിയും തെറ്റും ചോദ്യമായി എന്നിൽ ജനിച്ചു. കത്വാല പശുപതി ക്ഷേത്ര ത്തിന്റെ വാതിൽ ഒരിക്കൽ കൂടി ഞാൻ കടന്നുവന്നിരിക്കുന്നു. നേരിയ ഭക്തജനതിരക്ക്. വന്മരചുവട്ടിൽ ഗംഗയേയും വീക്ഷിച്ച് ഞങ്ങൾ ഇരുന്നു. ഗംഗയുടെ താളാത്മക സംഗീതം ഏറ്റുവാങ്ങിയ കുളിർകാറ്റ് ഞങ്ങളെയും തഴുകി പവിത്രതയിൽ എത്തിച്ചു. പെട്ടെന്ന് എന്റെ ശ്രദ്ധയിൽ ഒരു ചെറിയ കൽപടവ് ഗംഗയിലേക്ക് നീളുന്നത് ഞാൻ കണ്ടു. ഇന്നലെ എന്തുകൊണ്ടോ അത് ശ്രദ്ധിക്കാതെ പോയി. ആ കൽപടവുകളിലൂടെ ഒരു സന്ന്യാസി മുകളിലേക്ക് കയറിവരുന്നത് കണ്ടതുകൊണ്ടായിരിക്കാം ഇന്ന് അത് ശ്രദ്ധയിൽപ്പെട്ടത്. പിന്നെ ഒരാവേശമായിരുന്നു. ധൃതിയിൽ ഇറങ്ങി. ഞാൻ സ്വപ്നം കണ്ട എന്റെ ആചാര്യസ്ഥാനമായ 'ഗുഹാമുറി'. ക്ഷേത്രത്തിൽനിന്നും നോക്കിയാൽ ദൃശ്യമാകാത്ത വിധത്തിലുള്ള നിർമ്മാണരീതി. ഇന്നലെ ഞങ്ങൾ ഇരുന്നതും ഗംഗയെ വീക്ഷിച്ചതും ഈ ഗുഹാമുറിക്ക് മുകളിൽ ഇരുന്നായിരുന്നു. പക്ഷേ, ഇന്നാണ് അതിന്റെ ദർശനത്തിനുള്ള വിധി ആചാര്യൻ അനുവദിച്ചത്. ഒരുപക്ഷേ, ഇന്നലെ ഗുഹാമുറി കണ്ടിരുന്നെങ്കിൽ എന്റെ തീർത്ഥാടനം ഇവിടം മാത്രമായി ഒതുങ്ങുമായിരുന്നു, അത് ആചാര്യൻ ആഗ്രഹിച്ചില്ലായിരിക്കാം. വാര ണാസിയുടെ വഴികാട്ടിയായ ആചാര്യൻ വാരണാസി മുഴുവൻ കാണിച്ചു തന്നു. അവസാനം ആചാര്യസ്ഥാനമായ ഗുഹാമുറിയും.

ഗുഹാമുറി കണ്ടപ്പോൾ എനിക്ക് ഉണ്ടായ വികാരവും ധൃതിയും സുഹൃത്തിൽ ഭയവും അദ്ഭുതവും ജനിപ്പിച്ചു. ഗുഹാമുറിക്ക് സമീപ മുള്ള സമാധി കണ്ടപ്പോൾ ഞാൻ അദ്ഭുതപ്പെട്ടുപോയി. നിശ്ചലാവസ്ഥ യിൽ എന്റെ ഓർമ്മകളെ പിന്നോട്ടു തള്ളി. വർഷങ്ങൾക്കുമുമ്പ് ആൽമരച്ചുവട്ടിൽ ഞാൻ കണ്ട ആചാര്യന്റെതന്നെ രൂപത്തോടുകൂടിയ സമാധി. ഒരു നിമിഷം ഞാൻ സ്തബ്ധനായി. ഒന്നും മനസ്സിലാകുന്നില്ല. "അങ്ങനെയെങ്കിൽ ആചാര്യന്റെ ആത്മീയഗുരു എവിടെ?" കൂട്ടി യോജിപ്പിക്കാനുള്ള എന്റെ വെമ്പൽ സുഹൃത്തിൽ ഭയം ജനിപ്പിച്ചു. എന്റെ സുഹൃത്തിനോടായി ഞാൻ പറഞ്ഞു, "എനിക്ക് ഒന്നും മനസ്സിലാകു ന്നില്ല!" സുഹൃത്ത് സ്തബ്ധനായി പകച്ചുനിൽക്കുന്നു ഒന്നും മനസ്സി ലാകാതെ.

സമാധിക്കരുകിൽ ഇരുന്ന ഒരു വൃദ്ധസന്ന്യാസിയോട് ഞാൻ ചോദിച്ചു:

"ഇത് ആരുടെ സമാധി?" അദ്ദേഹത്തിന്റെ മറുപടി വളരെ പെട്ടെ ന്നായിരുന്നു.

"മൗനിബാബ എന്ന് ഞങ്ങൾ വിളിക്കുന്നു. എവിടത്തുകാരനാ ണെന്നും ഏത് ഭാഷക്കാരനാണെന്നും ആർക്കും അറിയില്ല. സമാധി യായിട്ട് ഇരുപത്തഞ്ചു വർഷത്തിൽ കൂടുതലായി, ഗംഗയിൽ സമാധി

ഇരുത്തി. ആർക്കും ഉപദേശവും സന്ദേശങ്ങളും പകർന്നിട്ടില്ല. പക്ഷേ, എല്ലാവരും ആചാര്യസ്ഥാനത്ത് ഇദ്ദേഹത്തെ കാണുന്നു."

വർഷങ്ങൾ കൂട്ടിയോജിപ്പിച്ചു. ഞാൻ ആചാര്യനെ ദർശിച്ച ദിവസവും ആചാര്യൻ ഇവിടെ കത്വാല പശുപതി ക്ഷേത്രത്തിലെ ഗുഹാമുറിയിൽ സമാധിയായ ദിവസവും പൊരുത്തപ്പെടുന്നു. സമാധിസമയത്തെ ഗംഗയുടെ കാലവർഷ വ്യതിയാനവും പ്രകൃതിയുടെ താണ്ഡവവും ആൽമരച്ചുവട്ടിൽവെച്ച് ഞാൻ അനുഭവിച്ചതാണ്.

ആചാര്യന്റെ ആത്മീയഗുരുവിനെക്കുറിച്ച് അറിയാൻ എന്നിൽ വ്യഗ്രത കൂടി.

"മൗനിബാബയ്ക്ക് ഒരു ആത്മീയഗുരു ഉണ്ടായിരുന്നില്ല." എന്ന് വൃദ്ധ സന്ന്യാസി പറഞ്ഞുനിർത്തുമ്പോൾ ദുരൂഹതയുടെ പുതിയ തലത്തിലേക്ക് എന്റെ ബുദ്ധി എറിയപ്പെടുകയായിരുന്നു. കൂട്ടിയോജിപ്പിക്കാൻ കഴിയാത്ത സമസ്യകൾ. ചിലപ്പോൾ ഇങ്ങനെയാണ്, പ്രപഞ്ചനാടകം പരസ്പരബന്ധമില്ലാതെ അരങ്ങേറും. കൂട്ടിയോജിപ്പിക്കാൻ കഴിയാത്തതിനെ കൂട്ടിയോജിപ്പിച്ച് കാണിക്കും. 'മായ' എന്ന ആത്മീയതയിൽ വിഹരിക്കുന്ന തലം. മനുഷ്യന്റെ യുക്തിയിൽ ചോദ്യങ്ങൾ ഉണ്ടാകും, ഉത്തരം കണ്ടെത്താൻ കഴിയാതെ ന്യായങ്ങൾ നിരത്തി രക്ഷപ്പെടാൻ മാത്രമേ ബുദ്ധിക്കു കഴിയൂ.

ആചാര്യന്റെ ജീവിതം എനിക്കു മുന്നിൽ പുതുജീവിതയാത്രയ്ക്കു വേണ്ടിയുള്ള പാഥേയമായിത്തീരട്ടേയെന്ന ചിന്ത മാത്രം ബാക്കിയാകുന്നു.അവ്യക്തത മാറ്റാൻ, ആചാര്യന്റെ ആത്മകഥയിൽ എനിക്കായി കൂട്ടിച്ചേർക്കാനുള്ളത്, നിയോഗം പോലെ ഞാൻ കൂട്ടിച്ചേർക്കുന്നു.

അഗ്നിക്ക് ചൂടും പ്രകാശവും എന്നതുപോലെ ജീവിതയാത്രയിൽ നാം തന്നെയാണ് നമ്മുടെ ഗുരുവും ഈശ്വരനും. തന്നിൽനിന്ന് അന്യമായിട്ട് ഒരു ഗുരുവില്ല.

"അസ്മാൻ പരതരോ ഗുരു"

(തന്നിൽ നിന്ന് വേറിട്ടൊരു ഗുരുവില്ല)